മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

# അധികാരം ജനങ്ങളിലേക്ക്

## ജനകീയ ആസൂത്രണ പരിപാടി



# മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്



138-7

# മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്



അധികാരം ജനങ്ങളിലേക്ക്



## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| പഞ്ചായത്തു പ്രസിഡണ്ട് | : | ശ്രീ. ടി.വി.ജോസഫ് |
| ജനകീയാസൂത്രണസമിതി DRP കൺവീനർ | : | അലക്സാണ്ടർ കളത്തിൽ |
| ചീഫ് എഡിറ്റർ | : | മാത്യു. പി. സി. |
| | | കെ. എൻ. സുബ്രമണ്യൻ |
| | | എം.യു.മത്തായി |
| | | പി.ആർ.അജയകുമാർ |
| | | എം.എം.ടോമി, |
| | | വി.എസ്.ചാക്കോ |
| | | ടി.ജെ.ലൂക്കോസ് |
| | | എം.ടി.ദേവസ്യാ |
| | | ജി.ബാബുരാജ് |
| | | എ.സി.ഉണ്ണികൃഷ്ണൻ |
| | | തോമസ് തറയിൽ |
| | | പി.ടി.മോഹനൻ |
| കവർ ഡിസൈനിംഗ് | : | ജസ്റ്റസ് തോമസ് |
| ഡി.ടി.പി & പ്രിന്റിംഗ് | : | സാൻ ജോർജിയ ഓഫ്സെറ്റ് പ്രിന്റേഴ്സ്, സുൽത്താൻ ബത്തേരി. ഫോൺ&ഫാക്സ്: 20179 |

## ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക-സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതിയും സവിശേഷതകളും
5. കൃഷിയും ജലസേചനവും
6. മൃഗസംരക്ഷണവും മത്സ്യബന്ധനവും
7. വിദ്യാഭ്യാസം
8. കുടിവെള്ളവും പൊതുജനാരോഗ്യവും
9. വ്യവസായം
10. ഗതാഗതവും ഊർജ്ജവും
11. പാർപ്പിടവും സാമൂഹ്യക്ഷേമവും
12. സംസ്ക്കാരം
13. വനിത
14. സഹകരണ മേഖല
15. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
16. വിഭവസമാഹരണം

# ആമുഖം

കേരളത്തിൽ ഒരു പുത്തൻ വികസന സംസ്ക്കാരത്തിന് രൂപംകൊടുത്തുകൊണ്ട് ഒൻപതാം പദ്ധതി ജനകീയമായി രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ജനകീയ പങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്ന് ആസൂത്രണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള ജനകീയ ആസൂത്രണ പരിപാടി കേരളത്തിന്റെ കാർഷിക, വ്യാവസായിക, സാമൂഹ്യ മണ്ഡലങ്ങളിൽ വമ്പിച്ച മാറ്റത്തിനും, കുതിച്ചു ചാട്ടത്തിനും കാരണമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. കേരളത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 35-40% പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള സർക്കാർ തീരുമാനം നമ്മുടെ പ്രതീക്ഷകളെ കൂടുതൽ തിളക്കമുള്ളതാക്കുന്നു. എട്ടുപഞ്ചവത്സര പദ്ധതികൾ കടന്നുപോയെങ്കിലും കേരളത്തിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളും ഇന്നും പരിഹാരം കാണാതെ നിലനിൽക്കുന്നു. കേരളം കാർഷികമേഖലയുടെ മുരടിപ്പും വ്യാവസായിക മേഖലയുടെ തളർച്ചയും തൊഴിലില്ലായ്മയും തുടങ്ങി നിരവധി സാമ്പത്തിക വികസന പ്രതിസന്ധികളിലൂടെയും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ വികസന പ്രതിസന്ധി മുറിച്ചു കടക്കുന്നതിനുള്ള പോംവഴികളിലൊന്നായി ജനകീയ ആസൂത്രണപരിപാടിയെ നമുക്കുകാണുവാൻ കഴിയും. നമ്മുടെ ഗ്രാമങ്ങളുടേയും പഞ്ചായത്തുകളുടേയും പ്രശ്നങ്ങളേയും സാദ്ധ്യതകളേയും അതാത് പ്രദേശത്തെ ജനങ്ങൾ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ കൂട്ടായി രൂപപ്പെടുത്തുകയും ചെയ്യുന്നതിനുള്ള അവസരം ഒരുങ്ങുന്നതിലൂടെ കേരള ജനതയുടെ ജനാധിപത്യ സങ്കല്പങ്ങൾക്ക് തന്നെ പുതിയ മാനം കൈവന്നിരിക്കുകയാണ്.

കാലങ്ങളായി നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളെ നിർന്നിമേഷരായി അന്യതാബോധത്തോടുകൂടി വീക്ഷിച്ചുകൊണ്ട് പ്രതിഷേധങ്ങളും ആവശ്യങ്ങളും മനസ്സിലൊതുക്കി കഴിഞ്ഞിരുന്ന വലിയ ഒരു ജനത വളരെ ആവേശത്തോടുകൂടി വികസനപ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും വേണ്ടി കടന്നു വന്നിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പഞ്ചായത്തിലും വികസന സെമിനാറിന് അരങ്ങൊരുങ്ങിയിരിക്കുന്നത്. ആദിവാസികളും മറ്റ് പിന്നോക്ക ദുർബ്ബല ജനവിഭാഗങ്ങളും അധിവസിക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിലും വികസനകാര്യത്തിൽ വളരെ പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശം എന്ന നിലയിലും ആസൂത്രണ പരിപാടിയുടെ പ്രാധാന്യം നമ്മുടെ പഞ്ചായത്തിൽ വളരെ പ്രസക്തമാണ്. വികസന സെമിനാർ വരെയുള്ള ജനകീയ ആസൂത്രണ പ്രവർത്തനങ്ങളേയും സവിശേഷതകളേയും കുറിച്ച് ചുവടെ ചേർക്കുന്നു.

5.9.96ന് പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ വച്ചു ചേർന്ന വിവിധ രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരുടെ യോഗത്തിലൂടെയാണ് മുള്ളൻകൊല്ലി

ഗ്രാമപഞ്ചായത്തിലെ പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ജില്ലാടിസ്ഥാനത്തിൽ നടത്തിയ ആസൂത്രണ പരിശീലന ക്യാമ്പിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 8പേർ പങ്കെടുത്തു. പിന്നീട് ഈ പരിശീലനം ലഭിച്ചവരുടെ നേതൃത്വത്തിൽ 12-10-96ന് പഞ്ചായത്ത് തല പരിശീലന പരിപാടി നടന്നു. 38 പ്രതിനിധികൾ പങ്കെടുത്തു. 23.9.96 മുതൽ 8.10.96 വരെയുള്ള ദിവസങ്ങളിലായി പരിപാടിയുടെ ഒന്നാം ഘട്ടമായ വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. പൊതുവെ മോശമല്ലാത്ത ജനപങ്കാളിത്തവും ചർച്ചയും നടന്നിട്ടുണ്ടെന്ന് വിലയിരുത്തപ്പെട്ടു. ആറ് വിഷയ ഗ്രൂപ്പുകളിലായി സഭയിൽ പങ്കെടുത്ത അംഗങ്ങൾ ചർച്ചകൾ നടത്തുകയും അഭിപ്രായ രൂപീകരണം നടത്തി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഓരോ ഗ്രൂപ്പിൽ നിന്നും രണ്ടുപേർ വീതം പഞ്ചായത്ത് വികസന സെമിനാറിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1249 ആളുകൾ നമ്മുടെ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകളുടെ ശരാശരി പങ്കാളിത്തം 104 ആണ്. ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തത് ഒന്നാം വാർഡിലെ ഗ്രാമസഭയിലാണ്. പഞ്ചായത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗ്രാമസഭകൾ ഗൗരവമായി ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ എന്ന നിലയിൽ ജില്ലാ തലത്തിൽ നടത്തിയ D.R.P പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും നാലുപേർ പങ്കെടുത്തു അവരുടെ നേതൃത്വത്തിൽ എൽ.ആർ.പി മാർക്കുള്ള പരിശീലനം പഞ്ചായത്ത് തലത്തിൽ 2.11.96ന് നടന്നു. 64 പേർ പങ്കെടുത്തു. കേരളപിറവി ദിനമായ നവംബർ ഒന്ന് നമ്മുടെ പഞ്ചായത്തിൽ പുനരർപ്പണദിനമായി ആചരിക്കുകയും മുള്ളൻകൊല്ലി–പാടിച്ചിറ–മരക്കടവ് റോഡ് ശ്രമദാനമായി നന്നാക്കുകയും ചെയ്തു. വികസനപരിപാടികളിൽ ജനപങ്കാളിത്തത്തിന് കുറവു വന്നിട്ടില്ല എന്ന് ഈ പരിപാടി വ്യക്തമാക്കി.

രണ്ടാംഘട്ട എൽ.ആർ.പി പരിശീലനത്തിനു ശേഷം ചരിത്രമടക്കം 13 വിഷയ ഗ്രൂപ്പുകളായി തിരിച്ച് വികസന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കുന്നതിനുള്ള സബ് കമ്മിറ്റികൾ രൂപീകരിച്ചു. ജനകീയ ആസൂത്രണ പരിപാടി വിജയിപ്പിക്കുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി വിവിധ ഓഫീസുകളിൽ നിന്നും ദ്വിതീയ വിവരങ്ങൾ ശേഖരിച്ചു. വാർഡുതലത്തിൽ ഒരു ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വീടുകൾ കയറിയിറങ്ങി. പ്രാദേശിക വിവരശേഖരണവും നടത്തുകയുണ്ടായി.

7.11.96ന് പഞ്ചായത്തിന്റെ പൊതുസ്ഥിതിഗതികൾ മനസ്സിലാക്കുന്നതിന് പഠനപര്യടനം നടന്നു. 16 അംഗങ്ങൾ പങ്കെടുത്തു പഠനപര്യടനം തെക്ക് താഴെ ചെറ്റപ്പാലത്തുനിന്നും ആരംഭിച്ച് പഞ്ചായത്തിന്റെ ഉൾഗ്രാമങ്ങളിലൂടെ സഞ്ചരിച്ച് വടക്ക് പടിഞ്ഞാറ് പെരിക്കല്ലൂർ തേന്മാവിൻ കടവിൽ അവസാനിച്ചു. പഞ്ചായത്തിനെ സംബന്ധിച്ച ഒട്ടേറെ കാര്യങ്ങൾ കണ്ടെത്തുന്നതിനും പൊതു സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനും പഠനപര്യടനത്തിലൂടെ സാധിച്ചു. വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച ദ്വിതീയ വിവരങ്ങളും ഗ്രാമസഭാ ചർച്ചകളിലൂടെ ഉയർന്നുവന്ന പ്രശ്ന–നിർദ്ദേശങ്ങളും പൊതു നിർദ്ദേശങ്ങളും കൂട്ടിച്ചേർത്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**പൊതു സ്ഥിതിവിവരം**

മുള്ളൻകൊല്ലി പഞ്ചായത്തിലെ 1,2 വാർഡുകൾ പൂർണമായും 3,4 വാർഡുകൾ ഭാഗികമായും പുൽപ്പള്ളി വില്ലേജിലും മറ്റ് വാർഡുകൾ പൂർണമായും പാടിച്ചിറ വില്ലേജിലുമാണ് ഉൾപ്പെടുന്നത്. 1962ൽ രൂപംകൊണ്ട പുൽപ്പള്ളി പഞ്ചായത്തിന്റെ ഭാഗമായിരുന്നു 1977വരെ മുള്ളൻകൊല്ലി. 1977ൽ

മുള്ളൻകൊല്ലി പഞ്ചായത്ത് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് നിലവിൽ വന്നതിനുശേഷമുള്ള, നാലാമത്തെ ഭരണസമിതിയാണ് ഇപ്പോഴുള്ളത്. പഞ്ചായത്ത് രൂപംകൊള്ളുമ്പോൾ ഒൻപത് വാർഡുകളും, ഇപ്പോൾ 12 വാർഡുകളുമാണുള്ളത്. കൃഷിഭവൻ വില്ലേജ് ഓഫീസ്, ആദിവാസി വികസന ഓഫീസ്, പ്രൈമറി ഹെൽത്ത് സെന്റർ, 6 കുടുംബക്ഷേമകേന്ദ്രങ്ങൾ, ആയുർവേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പെൻസറി, മൃഗാശുപത്രി, രണ്ടു ഗ്രാമവികസന ഓഫീസുകൾ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ധനകാര്യസ്ഥാപനങ്ങളും സർക്കാർ, സ്വകാര്യമേഖലയിലുള്ള മറ്റ് സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. തികച്ചും കാർഷിക പ്രാധാന്യമുള്ള പ്രദേശമാണ് മുള്ളൻകൊല്ലി. കേരളത്തിന്റെ അതിർത്തി പഞ്ചായത്തുകളിലൊന്നാണിത്. വലിയൊരുഭാഗം കർണാടകയുമായി ബന്ധപ്പെട്ടുകിടക്കുന്നു. സാംസ്ക്കാരികമായും കാലാവസ്ഥയുടെ കാര്യത്തിലും ഭൂപ്രകൃതിയുടെ കാര്യത്തിലും കർണാടകയുമായി പല സാമ്യങ്ങളും ഈ പഞ്ചായത്തിൽ കാണുന്നുണ്ട്. ആദിവാസികളും പിന്നോക്ക ദുർബ്ബല ജനവിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശമാണിത്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരും വിവിധ സംസ്ക്കാരങ്ങൾ പുലർത്തുന്നവരുമായ ഒരു ജനത ഇഴുകി ചേർന്ന് ജീവിക്കുന്നത് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയാണ്.

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ 35-40% വരെ പദ്ധതിവിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം നടത്തുന്നത് ജനസംഖ്യാനുപാദത്തിൽ മാത്രമാകുന്നത് കാർഷിക ജില്ലയായ വയനാടിനും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിനും വികസനത്തിന് വിഘാതമായിത്തീരും.

കർണാടക അതിർത്തിയോട് ചേർന്നുകിടക്കുന്ന ഈ പ്രദേശത്തിന് P.W.D യുടെ നിയമങ്ങൾ പാലിച്ച് റോഡുനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് അതിർത്തി പഞ്ചായത്തായ മുള്ളൻകൊല്ലിക്ക് പ്രത്യേക വികസന ഫണ്ട് അനുവദിക്കണം.

വാർത്താവിനിമയ ഭൂപടത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് ഇനിയും സ്ഥാനം പിടിക്കേണ്ടിയിരിക്കുന്നു. ഏഴ് ED പോസ്റ്റ് ഓഫീസുകളാണ് ഈ ആവശ്യം നിർവഹിക്കുന്നത്. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു സബ്പോസ്റ്റോഫീസ് സ്ഥാപിക്കണം. നിർദ്ദിഷ്ട ടെലഫോൺ എക്സ്ചേഞ്ചിന്റെ ലൈൻശേഷി വർദ്ധിപ്പിച്ച് എത്രയും വേഗം പ്രവർത്തനക്ഷമമാക്കണം.

# ജില്ലാ-ബ്ലോക്ക് പ്രതിനിധികൾ



കെ.സി.ജോസഫ് (പ്രസിഡന്റ്)
ബ്ലോക്ക് പഞ്ചായത്ത്
സുൽത്താൻ ബത്തേരി



ശ്രീമതി. ബ്രിജിത്ത് സെബാസ്റ്റ്യൻ
ബത്തേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



കെ.കെ.എബ്രഹാം
ജില്ലാ പഞ്ചായത്ത്
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

## പഞ്ചായത്ത് ഭരണ സമിതി



ടി.വി.ജോസഫ്
പ്രസിഡന്റ്



എം.എം.മത്തച്ചൻ
വൈസ് പ്രസിഡന്റ്



കെ.വി.സണ്ണി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



എ.കെ.ഖാദർ



ദേവസ്യ വേമ്പേനി



സിസിലി ചെറിയാൻ



വിലാസിനി രാജൻ



രാമചന്ദ്രൻ



ടോം തോമസ്



ഗ്രേസി ജോസഫ്



കുട്ടികൃഷ്ണൻ



മേരി ചെറിയാൻ



പി.എൻ.രാമദാസ് (സെക്രട്ടറി)

# പൊതുവിവരണം

1. എം.പി.
   **ശ്രീ. എം.പി.വീരേന്ദ്രകുമാർ**
2. എം.എൽ.എ.
   **ശ്രീ. പി.വി.വർഗ്ഗീസ് വൈദ്യർ**
3. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്.
   **ശ്രീ.എൻ.ഡി.അപ്പച്ചൻ**
4. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്
   **ശ്രീ.കെ.സി.ജോസഫ്**
5. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്:
   **ശ്രീ.ടി.വി.ജോസഫ്**
6. ജില്ലാ പഞ്ചായത്ത് മെമ്പർ.
   **ശ്രീ.കെ.കെ.അബ്രഹാം**

   **(ജില്ലാ വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ**
7. ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട്
   **ശ്രീ.എം.എം.മത്തച്ചൻ**
8. ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
   **ശ്രീ.കെ.വി.സണ്ണി**
9. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ:
   **ശ്രീമതി. ബ്രിജിത്ത് സബാസ്റ്റ്യൻ**
10. ഗ്രാമപഞ്ചായത്ത് മെമ്പർമാർ:
    **ശ്രീ. എ.കെ.ഖാദർ**

    **ശ്രീ. ദേവസ്യ വേമ്പേനി**

    **ശ്രീമതി. സിസിലി ചെറിയാൻ**

    **ശ്രീമതി. വിലാസിനി രാജൻ**

    **ശ്രീ. രാമചന്ദ്രൻ മ്യാലി പുത്തൻപുര**

    **ശ്രീ. ടോംതോമസ്**

    **ശ്രീമതി. ഗ്രേസി ജോസഫ്**

    **ശ്രീ. കുട്ടികൃഷ്ണൻ ചാമൻ**

    **ശ്രീമതി. മേരി ചെറിയാൻ**

പഞ്ചായത്തിന്റെ പേര്:
**മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ പേര്:
**സുൽത്താൻ ബത്തേരി**

താലൂക്ക്:
**സുൽത്താൻ ബത്തേരി**

ഉൾപ്പെടുന്ന വില്ലേജുകൾ :
**പാടിച്ചിറ, പുല്പള്ളി**

ജില്ലാ പഞ്ചായത്ത് ഡിവിഷൻ :
**മുള്ളൻകൊല്ലി**

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ:
**1. പാടിച്ചിറ 2.മുള്ളൻകൊല്ലി,**

അസംബ്ലി നിയോജകമണ്ഡലം :
**സുൽത്താൻ ബത്തേരി**

ലോകസഭാമണ്ഡലം :
**കോഴിക്കോട്**

ജില്ല :
**വയനാട്**

വിസ്തീർണ്ണം :
**71.58 ചതുരശ്ര കിലോമീറ്റർ**

അതിരുകൾ:
**വടക്ക് കബനി നദി**

**കിഴക്ക് കന്നാരംപുഴ**

**പടിഞ്ഞാറ്:**
**റിസർവ്വ് ഫോറസ്റ്റ് –**
**പുല്പള്ളി ഗ്രാമപഞ്ചായത്ത്.**

**തെക്ക്**
**പുല്പള്ളി ഗ്രാമപഞ്ചായത്ത്.**

ജനസംഖ്യ
28871 (1991 സെൻസസ്)
പുരുഷന്മാർ : 15534
സ്ത്രീകൾ : 13337
വാർഡുകൾ : 12

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

മഞ്ഞണിഞ്ഞ മലനിരകളാൽ നിറഞ്ഞുകിടക്കുന്ന വയനാടിന് പ്രകൃതി ഹരിതനിറം നല്കി, പച്ചപ്പട്ടുടുപ്പിച്ച് എത്രയോ മനോഹരമാക്കി. അദ്ധ്വാനിക്കുന്ന കർഷകന്റെ "സ്വർഗ്ഗഭൂമിയായ വയനാട്'' കേരളത്തിന്റെ സൗന്ദര്യറാണിയാണ്. മനോഹരങ്ങളായ നിബിഢ വനങ്ങളും പുഴകളും, കൊച്ചരുവികളും മറ്റനേകം നീർച്ചാലുകളും കൊണ്ട് പ്രകൃതി അതിന്റെ ശിൽപകലാവൈഭവം കാഴ്ചവച്ച വയനാട് കേരളത്തിന്റെ കാശ്മീരാണെന്ന കാര്യത്തിൽ തർക്കമില്ല. ഇതിഹാസങ്ങളും പുരാണകഥകളും കൂടികലർന്നു കിടക്കുന്ന വയനാട് നിരവധി ചരിത്രവസ്തുതകളുടെ സംഗമഭൂമിയാണ്. വനങ്ങളാൽ നിറഞ്ഞ് ഹിമസാഗരമായി കിടന്ന "വനനാട്' പിൽക്കാലത്ത് തേയ്മാനം സംഭവിച്ചുണ്ടായതാണ് വയനാടെന്ന് വിശ്വസിക്കുന്നു. എങ്കിലും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു നമ്മുടെ വനങ്ങൾ.

ഭരണരംഗത്ത് അതിനിപുണന്മാരായിരുന്ന കോട്ടയം രാജാക്കന്മാർ വയനാടിനെ ആക്രമിച്ചു കീഴടക്കി. ഭരണസൗകര്യത്തിനായി വയനാടിനെ പല നാടുകളായി വിഭജിച്ചു. 1.മുത്തേർനാട്, 2. എള്ളൂർ നാട്, 3.വയനാട് 4. പൊരുന്നൂർ, 5.നല്ലൂർനാട്, 6. കുറുമ്പാലനാട്, 7. എടനാട് ശക്കൂർ, 8. തൊണ്ടാർ നാട്, 9.പാക്കം സ്വരൂപം, 10. വേലിയമ്പം

ഇതിൽ മൂന്നാമത്തെ നാടായ വയനാട് കോട്ടയത്തെ മൂന്നാമത്തെ രാജാവിന്റെ കീഴിലായിരുന്നു. കുപ്പത്തോട്, പുറക്കാടി, അഞ്ചുകുന്ന് അംശങ്ങളാണ് വയനാട്ടിൽ ഉൾപ്പെട്ടിരുന്നത്. കുപ്പത്തോട് നായർ തൊണ്ടാർനമ്പ്യാർ, പുല്പാടിനായർ, ചീക്കല്ലൂർ നായർ എന്നിവരായിരുന്നു വയനാട് നാടുവാഴികൾ. മുകളിൽ പ്രസ്താവിച്ച പത്തു നാടുകളിൽ മൂന്നാമത്തെ നാടായ വയനാട്ടിൽ പെടുന്നു ഇന്നത്തെ ചരിത്രപ്രസിദ്ധമായ പുല്പള്ളിയും സീതാദേവി ക്ഷേത്രവും.

വയനാട് താലൂക്ക് പുല്പ്പള്ളി അംശം ദേശത്ത് ശ്രീ.പുല്പള്ളി ദേവസ്വത്തിനുവേണ്ടി മേല്പ്പടി ദേശം ഊരാളൻ, വയനാട് താലൂക്ക് പൊങ്ങിനിച്ചിക്കല്ലൂർ അംശം ദേശത്ത് ചെറിയമ്മ അക്കമ്മ മകൻ നായര് ജന്മി ഭാരതീവിലാസത്തിൽ ഇരിക്കും, ഗോപാലൻ എന്ന കുപ്പത്തോട് മൂപ്പിൽ നായർക്ക് എഴുതി രജിസ്ത്രാക്കിക്കൊടുത്ത മറുപാട്ടപ്രകാരമാണ് ഈ ഭൂമി കുപ്പത്തോട് നായർ തറവാട്ടിന് ലഭിച്ചത്. അങ്ങനെ 14998 ഏക്കർ 8 സെന്റ് ഭൂസ്വത്തിന്റെയും അതിൽ ഉൾപ്പെടുന്ന സീതാദേവി ക്ഷേത്രത്തിന്റേയും അധികാരവും നടത്തിപ്പും നാടുവാഴികളെന്നറിയപ്പെടുന്ന കുപ്പത്തോട് നായർ തറവാടിനു ലഭിച്ചു. കുടിയേറ്റ കാലത്ത് ശ്രീ.ഗോപാലൻ മൂപ്പിൽ നായർ ഊരാളനും മരുമകൻ ശ്രീ.കുപ്പത്തോട് മാധവൻ കുട്ടിനായർ ദേവസ്വം മാനേജരുമായിരുന്നു.

ചരിത്രരചനകളാരംഭിക്കുന്നതിന് അപ്പുറമുള്ള, ഇതിഹാസങ്ങളിലേക്ക് വെളിച്ചം വീശുന്ന നിത്യസ്മാരകമായ സീതാദേവിക്ഷേത്രത്തിന്റെ യഥാർത്ഥ ചരിത്രംസംബന്ധിച്ച് തൃപ്തികരമായ രേഖകളില്ല.

വയനാടിന്റെ ഗർജ്ജിക്കുന്ന സിംഹമായിരുന്ന പഴശ്ശിരാജാവിന്റെയും, സാമ്രാജ്യത്വ ശക്തിയായിരുന്ന ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെയും സൈന്യങ്ങൾ തമ്മിൽ പുല്പള്ളി കാടുകളിൽ വച്ചുനടന്ന പോരാട്ടങ്ങളിൽ പിടഞ്ഞുവീണ ദേശാഭിമാനികളായ പോരാളികളുടെ രക്തത്തിൽ ചാലിച്ച ചരിത്രവിവരങ്ങൾ പുത്തൻ തലമുറക്ക് ആവേശം പകരുന്നു.

ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന നാട്ടുരാജാക്കന്മാർ ബ്രിട്ടീഷുകാരുടെ കുഴലൂത്തുകാരായി ചേരിതിരിഞ്ഞപ്പോൾ, ഈ വൈദേശിക മേധാവിത്വത്തിനെതിരെ ആയുധമെടുത്ത് പോരാടി സുദീർഘമായ 9 വർഷക്കാലം അവരെ ഈ പുല്പള്ളി കാട്ടിൽ തളച്ചിട്ട പഴശ്ശി തമ്പുരാന്റെ ജീവിതവുമായി നമ്മുടെ നാടിന് സുദൃഢമായ ബന്ധമുണ്ട്.

പഴയ മൈസൂർ രാജ്യത്തിന്റെ അധിപനായിരുന്ന ഹൈദരാലിയുടെയും അദ്ദേഹത്തിന്റെ പുത്രൻ വീരശൂരപരാക്രമിയായ ടിപ്പുസുൽത്താന്റേയും പടയോട്ടങ്ങൾക്ക് മൂകസാക്ഷിയായി നിന്നനാട്, ബ്രിട്ടീഷ് പട്ടാളത്തിന്റെ ഇരമ്പലും പീരങ്കികളിൽ നിന്ന് ഉതിരുന്ന ഗർജ്ജനവും കേട്ട് ഞെട്ടിയുണർന്ന നാട്, ആയിരങ്ങളുട അഭയകേന്ദ്രവും, പുണ്യവതിയുമായ, സീതാദേവിയുടെ തിരുസാന്നിധ്യംകൊണ്ട് പവിത്രീകരിക്കപ്പെട്ട ഭൂമി. ആർഷഭാരതചരിത്രത്തിന്റെ അവിഭാജ്യഭാഗമായി മാറിയ വാൽമീകി മാമുനി തപസ്സിരുന്നതായി പറയപ്പെടുന്ന ഭൂമി. ലവകുശന്മാരുടെ ബാല്യകാലം കഴിച്ചുകൂട്ടിയ അവരുടെ കളിത്തൊട്ടിലെന്ന് വിശേഷിപ്പിച്ച ഈ കറുത്ത മണ്ണ്. അതേ; പുല്പള്ളി –മുള്ളൻകൊല്ലിയുടെ ചരിത്രത്തിലേക്ക് ആഴ്ന്നിറങ്ങി പരിശോധിച്ചാൽ ലഭിക്കുന്ന അറിവുകളുടെ മുത്തുകളാണിവ. തീ തുപ്പുന്ന വൈദേശിക പീരങ്കിപ്പടയ്ക്കെതിരെ ആദിമനിവാസികളായ കുറുമൻമാരേയും കുറിച്ച്യന്മാരേയും സംഘടിപ്പിച്ച് അവരുടെ കൈയിൽ അമ്പും വില്ലും കൊടുത്ത് ഗറില്ലാ മോഡൽ യുദ്ധം സംഘടിപ്പിച്ച് 9 വർഷം ധീരമായി പോരാടി കർണ്ണാടകത്തിനും കേരള ത്തിനുമിടയിൽ അതിരുകൾ നിശ്ചയിച്ചൊഴുകുന്ന കന്നാരംപുഴയുടെ കൈവഴിയായ മാവിലാം തോടിന്റെ സമീപം 1805ൽ ജീവത്യാഗം ചെയ്ത പഴശ്ശിരാജാവിന്റെ രക്തത്തിൽ കുതിർന്ന ചരിത്രമാണ് പുല്പള്ളിക്കുള്ളത്.

സീതാദേവിക്ഷേത്രാങ്കണത്തിൽ വിരിഞ്ഞ് പന്തലിച്ചുനില്ക്കുന്ന ആൽമരത്തിന്റെ ശീതളഛായയിൽ ആശ്വസിച്ച് ദേവിയുടെ അതിരുകളില്ലാത്ത അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി നാടിനെ രക്ഷിക്കുന്നതിനുവേണ്ടി ശത്രുക്കളുടെ മുമ്പിലേക്ക് കുതിച്ചുചാടിയ പഴശ്ശിത്തമ്പുരാന്റെ വീരസ്മരണകൾ ഇന്നും ഒരഗ്നിജ്വാലയായി നിലനില്ക്കുന്നു.

വയനാടിന്റെ അധികാരാവകാശങ്ങളെച്ചൊല്ലി ടിപ്പുസുൽത്താനും കോട്ടയം രാജകുടുംബാംഗമായ കേരളവർമ്മ പഴശ്ശി രാജാവും തമ്മിൽ നില നിന്നിരുന്ന തർക്കങ്ങളായിരുന്നു, ടിപ്പു–പഴശ്ശിപ്പോരാട്ടത്തിന്റെ മുഖ്യ ഉറവിടം. 1798 സെപ്റ്റംബർ മാസത്തിൽ വയനാടിന്റെ നിയമപ്രകാരമുള്ള അവകാശി ടിപ്പുസുൽത്താനാണെന്ന് ബ്രിട്ടീഷ് ഗവർണർ ജനറൽ മോർണിങ്ടൺ പ്രഭു പ്രഖ്യാപിച്ചു. പഴശ്ശിയും ബ്രിട്ടീഷ് കമ്പനിയും തമ്മിലുള്ള തുറന്ന പോരാട്ടത്തിന് ഇത് കാരണമായി. എന്നാൽ മൈസൂറിന്റെ അധികാരപരിധിയിൽപ്പെടുന്ന വയനാട്ടിലെ വനാന്തരങ്ങളിലൂടെ ബ്രിട്ടീഷുകാർ പട്ടാളത്തെ മാർച്ച് ചെയ്യിച്ചത് ടിപ്പുവിന് ഇഷ്ടപ്പെട്ടില്ല. ആയതുകൊണ്ട് ബ്രിട്ടീഷുകാർക്കെതിരെയുള്ള യുദ്ധത്തിൽ 60000 പട്ടാളക്കാരേയും ആവശ്യമായ വെടിക്കോപ്പുകളും നൽകി ടിപ്പു പഴശ്ശിയെ സഹായിച്ചു. അങ്ങനെ 1797ൽ ബ്രിട്ടീഷ് പട്ടാളത്തെ താൽക്കാലികമായിതുരത്താൻ പഴശ്ശിക്കു കഴിഞ്ഞു.

പഴശ്ശിത്തമ്പുരാനെ അനുഗ്രഹ വർഷം കൊണ്ട് മൂടിയ സീതാദേവിക്ഷേത്രം, പേരും പ്രശസ്തിയും കൊണ്ടും ചക്രവാളങ്ങൾക്കപ്പുറം ആകാശം മുട്ടുമാറ് ഇന്നും തലയുയർത്തി നില്ക്കുന്നു. പുല്പള്ളിക്കാരുടെ കുടിയേറ്റത്തിന്റേയും പോരാട്ടങ്ങളുടെയും, കരളലിയിക്കുന്ന കദനകഥകൾ പറയുന്ന ഈ ക്ഷേത്രം നമ്മുടെ അഭിമാനത്തിന്റെയും സംസ്ക്കാരത്തിന്റേയും മതമൈത്രിയുടെയും ശ്രീകോവിലാണ്.

ജാതിമതവർഗ്ഗവ്യത്യാസമില്ലാതെ ഉത്സവകാലങ്ങളിൽ അമ്പലപ്പറമ്പിലെ വിശാലമായ മൈതാനിയിലേക്കുള്ള ജനങ്ങളുടെ ഒഴുക്ക് ഒരു പെരുമഴവെള്ളപ്പൊക്കമായി മാറി, ഏഴു ദിവസത്തോളം പരന്ന് ഒഴുകുന്നു. ഉത്സവപ്പറമ്പിലെ ജനക്കൂട്ടം, കച്ചവട സ്ഥാപനങ്ങൾ, വൈവിധ്യമാർന്ന കലാപരിപാടികൾ ഇതെല്ലാം കണ്ട് അപ്രതീക്ഷിതമായി തിരുവിതാംകൂറിൽ നിന്ന് വന്ന ഒരു കുടിയേറ്റ കർഷകൻ ഇങ്ങനെ പറയുകയുണ്ടായി. "ഇത്രയും വലിയ പട്ടണം കോട്ടയത്തുപോലുമില്ല' 5 ദിവസം കഴിഞ്ഞ് ആളൊഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന് അന്നത്തെ പുല്പള്ളി പട്ടണത്തിന്റെ വലിപ്പം മനസ്സിലായത്. ആകെ ഒരു ചായക്കടമാത്രം.!!

ഒരു വർഷത്തേയ്ക്കുള്ള മുഴുവൻ സാധനങ്ങളും വാങ്ങിക്കൂട്ടാൻ അരിച്ചുപെറുക്കി സൂക്ഷിച്ചുവയ്ക്കുന്ന മുഴുവൻ നാണയത്തുട്ടുകളും ഉത്സവവേളകളിൽ ചെലവിടുന്നു. കുപ്പിവളകൾ, മാലകൾ, ചേലകൾ , കുട്ടിയുടുപ്പുകൾ പാദരക്ഷകൾ, കമ്പിളികൾ, ഷാളുകൾ തുടങ്ങി ഉപ്പുതൊട്ടു കർപ്പൂരംവരെയുള്ള സാധനങ്ങൾ വാങ്ങാൻ ഉള്ള വലിയവിപണി ഈ ദിവസങ്ങളിൽ രൂപം കൊള്ളുന്നു. ഉണങ്ങിയ ചുള്ളിക്കമ്പുകൾ കൂട്ടിവച്ച് തീകത്തിച്ച് അതിനുചുറ്റും വിരിച്ച വൈക്കോലിൽ കാലും നീട്ടിയിരിന്ന് തീയും കാഞ്ഞ് മുറുക്കിത്തുപ്പി സൊറപറഞ്ഞിരിക്കുന്ന ആദിമനിവാസികൾക്ക് ഇതൊരു മഹോത്സവമാണ്.

ഈ ഉത്സവത്തോടനുബന്ധിച്ച് നല്ലൊരു ചായക്കട നടത്തി അത്യാവശ്യം പണം സമ്പാദി

ക്കാൻവേണ്ടി 1947ൽ പുല്പള്ളി ക്ഷേത്രപരിസര ത്തെത്തിയ പനച്ചിക്കൽ മത്തായിയാണ് പുല്പള്ളിമ ണ്ണിൽ കുടിയേറ്റക്കാരന്റെ ആദ്യകൂടാരം പണിതത്. 1949 ഡിസംബർ മാസത്തിലാണ് തിരുവിതാംകൂറിന്റെ വിവിധ മേഖലകളിൽ നിന്നും കുടിയേറ്റത്തിന്റെ പ്രവാഹം ആരം ഭിച്ചത്. മാനന്തവാടി, ബൈരക്കുപ്പ, പെരിക്കല്ലൂർ വഴി യാണ് കുടിയേറ്റക്കാർ എത്തിച്ചേർന്നത്. അവർ ആദ്യമായി കേന്ദ്രീകരിച്ച സ്ഥലങ്ങൾ മരകാവ്, മുള്ളൻകൊല്ലി, മരക്കടവ് എന്നിവയായിരുന്നു. മരകാവിൽ പനച്ചിക്കൽ മത്തായി, ഐക്കരക്കാനായിൽ ജോസഫ്, തൊട്ടി യിൽ വർക്കി ജോസഫ്, കരിമ്പടക്കുഴിയിൽ ഉലഹന്നൻ, പാറുള്ളി കുര്യാക്കോസ് എന്നിവരും മുള്ളൻകൊല്ലി യിൽ തറപ്പത്ത് ഉലഹന്നാൻ, മഠത്തിൽമത്തായി, മഠ ത്തിൽ തോമസ്സ്, തളികപ്പറമ്പിൽ മത്തായി, പുല്ലാന്താ നിയിൽ ഔസേഫ് വെള്ളിലാം തടത്തിൽ പൈലി എന്നിവരും മരക്കടവിൽ പഴയ തോട്ടത്തിൽ വർക്കി, ഞൊണ്ടൻ മാക്കൽ തോമസ്, നീറനാനിക്കൽ വർക്കി, ചേലാട്ട് മാർക്കോസ്, തോലാനി കുന്നേൽ മാർക്കോസ് എന്നിവരുമാണ് പുല്പള്ളിയുടെ വിവിധ മേഖലകളിൽ താമസമുറപ്പിച്ച ആദ്യകുടിയേറ്റക്കാർ.

ഈ കുടിയേറ്റക്കാർ ദേവസ്വത്തിന് മാനുഷം കൊടുത്ത് പാട്ടത്തിനു വാങ്ങിയ ഭൂമിയിൽ കാടുവെട്ടി ത്തെളിച്ച് വിയർപ്പുതുള്ളികൾകൊണ്ട് നനച്ചു കൃഷി ചെയ്ത് ആദ്യമായി പുല്പള്ളി മണ്ണിൽ നിന്ന് സമൃദ്ധി കൊയ്തെടുത്തു. ചരിത്രസംഭവങ്ങൾ വിശ്രമിക്കുന്ന ഈ പ്രദേശത്തിന്റെ പുരോഗതിയിലേക്കുള്ള കുതിച്ചുചാട്ടം ഓരോ നിമിഷവും തുടർന്നു കൊണ്ടിരിക്കുന്നു. കാട് നാടായി കതിരണിഞ്ഞ് നില്ക്കുന്ന നെൽച്ചെടികൾ കരയിലും വയലിലും കാറ്റിന്റെ താളത്തിനൊത്ത് നൃത്തം ചെയ്തു.

ഒളിപ്പോർ പരിശീലിച്ച യോദ്ധാവിനെപ്പോലെ മരച്ചില്ലകളിൽ മാടംകെട്ടി ആന, കാട്ടുപോത്ത്, പന്നി, കടുവ, കരടി എന്നീ ശത്രുക്കൾക്കെതിരെ രാവും പകലും പോരാടി. പ്രകൃതി നല്കിയ വേഷവിധാനങ്ങൾ അഴിച്ചുമാറ്റി കർഷകർ കാർഷിക വിളകളാൽ അലം കൃതമായ പച്ചച്ചേലയുടുപ്പിച്ച് സുന്ദരിയാക്കി, ഈ പുല്പ ള്ളിയെ. തളിർത്തും പൂത്തുലഞ്ഞും നിന്ന ആ കാന നഭംഗി ഇനി നമ്മുടെ സ്മരണകളിൽ മാത്രം ഒതുങ്ങും. പാറമേൽത്തല്ലിച്ചിതറിപ്പതഞ്ഞൊഴുകിയ കാട്ടരുവികളും നീർച്ചാലുകളും ഇന്നൊരു കലാകാരന്റെ നിറം പിടി പ്പിച്ച ഭാവനയിൽ മാത്രം ഒതുങ്ങുന്നു.

1949 കാലഘട്ടങ്ങളിൽ മുള്ളൻകൊല്ലിയിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന പണിയന്മാരും നായ്ക്കന്മാരും, ചെട്ടിമാർക്കും കുറുമന്മാർക്കും അടി മപ്പണി ചെയ്തു ജീവിച്ചു. കുറെപ്പേർ വേട്ടയാടലും കിഴ ങ്ങുമാന്തലും പുറ്റുതേൻ ശേഖരിക്കലും തൊഴിലായി സ്വീകരിച്ചു. മേലാളന്മാരുടെ കാലിനോട്ടവും മറ്റൊരു ഉപജീവനമാർഗ്ഗമായിരുന്നു. മഴക്കാലം മാറിയാൽ കുടും ബസമേതം വനങ്ങളിലേക്കു പോകും. പൊന്തക്കാടു കളിൽച്ചെന്ന് അവരുടെ കൊച്ചുകുട്ടികളെ തുണിവിരിച്ച് നിലത്തു കിടത്തും. നായ്ക്കളേയും മുതിർന്ന കുട്ടിക ളേയും കൂട്ടിനിരുത്തും. പിന്നീട് കിഴങ്ങു മാന്തൽ പുറ്റു തേൻ ശേഖരണം എന്നിവ നടത്തുന്നു. കൂരൻ, കാട്ടാട്, മുയൽ, മലയണ്ണാൻ, മാൻ ഇവകളെ പിടിച്ച് ചുട്ടുതിന്നുന്നു. ആദിമനിവാസികൾക്ക് മേലാളന്മാർ കൊടു ത്തിരുന്ന കൂലി നെല്ലു മാത്രമായിരുന്നു. "വല്ലി' എന്നാണ് ഇത്തരത്തിലുള്ള കൂലിയുടെ പേര്. നെല്ല് കൊയ്ത്ത് കഴിയുമ്പോൾ 5 പൊതി നെല്ലും (25പറ) കൊടുത്തി രുന്നു. ഇതിന് കുണ്ടൽ എന്നാണ് പറഞ്ഞിരുന്നത്. ഉത്സവത്തിന് ആറുമുഴം നീളമുള്ള ഒരു വലിയ മുണ്ട് (കാരയ്ക്കൻ എന്നാണ് പറയുന്നത്) ഓരോ പുരുഷത്തൊ ഴിലാളിക്കും കൊടുത്തിരുന്നു. കൂടാതെ ഓരോ വലിയ മുറുക്കാൻ പൊതിയും സൗജന്യമായി കൊടുത്തിരുന്നു.

ആദിവാസികളെല്ലാവരും തന്നെ ദൈവവിശ്വാ സികളായിരുന്നു. ദൈവം കാണൽ ആദിവാസികളുടെ ഒരു പ്രധാനപ്പെട്ട ചടങ്ങായിരുന്നു. മുറ്റത്തിന്റെ നടുക്ക് മരമുട്ടികൾ കൂട്ടിയിട്ട് തീകത്തിക്കുന്നു. അതിന്റെ സമീ പത്തായി മുണ്ടുവിരിച്ച് മുണ്ടിൽ വലിയ വാഴയില വെക്കുന്നു. അവല്, തേങ്ങ, വെല്ലം, സാമ്പ്രാണിത്തിരി, മുറുക്കാൻ എന്നിവയും വയ്ക്കുന്നു. അതിന്റെ മുമ്പിൽ നിന്ന് വലിയൊരു വാൾ കൈയിൽ പിടിച്ച് അരക്കുചുറ്റും ചെമന്ന തുണികെട്ടി തീയ്ക്കുവട്ടംകറങ്ങി, ആർത്ത് അട്ടഹസിച്ച് ഉറഞ്ഞുതുള്ളുന്നു. മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ ആദിവാസികൾക്കു നേരിടാൻ പോകുന്ന രോഗങ്ങളും കഷ്ടപ്പാടുകളും പ്രവചിക്കുന്നു. അതിന് ചികിത്സാവി ധിയും നിർദ്ദേശിക്കുന്നു.

കൊയ്ത്തുകാലം കഴിഞ്ഞാൽ വയലുകളിൽ ആദിവാസികളുടെ പ്രത്യേകതരം കലാപരിപാടികൾ അരങ്ങുതകർക്കുന്നു. ഒറാട്ട നാടകം, കുറത്തിനാ ടകം, കുറത്തി ഡാൻസ്, തുടികൊട്ട്, കുഴലൂത്ത് ഇവ യെല്ലാം ഇവരുടെ കലാപരിപാടികളാണ്.

വിഷുക്കളിയാണ് നായ്ക്കന്മാർ വിഭാഗത്തിന്റെ മറ്റൊരു കലാരൂപം. കരിയും ചായവും ശരീരത്തു പൂശി കരികൊണ്ട് കണ്ണെഴുതി കൊന്നപ്പൂക്കൾ കൂമ്പൻ തൊപ്പി രൂപത്തിൽ തലയിൽ കെട്ടി കൈകളിൽ മുളവടികളും പിടിച്ച് നാലുമഞ്ചും പേരടങ്ങുന്ന ഗ്രൂപ്പുകൾ വീട് സന്ദർശിച്ച് അവരുടെ കലകൾ അവതരിപ്പിക്കുന്നു. താളത്തിനൊത്ത ചുവടുവയ്പുകളും അതിനനുസരിച്ചുള്ള നാടൻ പാട്ടുകളും ഉണ്ടായിരിക്കും.

ഉദാ: അപ്പനു മക്കളും തംസോസ കൂരാന

മക്കളുമറികളും തംസോസ കൂരാന

(എല്ലാവർക്കും മംഗളം നേരുന്നു എന്നാണതിനർത്ഥം)

ഒരു കാലത്ത് കുഴലൂത്തും, തുടികൊട്ടും കൊണ്ട് ശ്രവണസുന്ദരമായിരുന്ന ഗ്രാമഭംഗി ഇന്ന് ഗതകാലസ്വപ്നം മാത്രമായിരിക്കുന്നു. കുടിയേറ്റക്കാരുടെ സ്വാധീനം ആദിമവാസികളുടെ ജീവിതത്തെ ആകെ സ്വാധീനിച്ചു.

1950കളിൽ ഒരേക്കർ കരഭൂമിയുടെ വില 25 രൂപയും 1954ൽ 50 രൂപയും 60കളിൽ 100 രൂപയുമായിരുന്നു. കുടിയേറ്റകർഷകൻ ആദ്യമായി കരയ്ക്ക് നെല്ലു വിതക്കുകയാണ് ചെയ്തത്. പൂതകാളി, കറുത്തൻ, പൊന്നരിമാല ഇതെല്ലാമായിരുന്നു നെൽവിത്തുകൾ. വയലിൽ പാൽത്തൊണ്ടി, മരത്തൊണ്ടി, ചേറ്റുവെളിയൻ, ഗന്ധകശാല എന്നിവ കൃഷി ചെയ്തു. നെൽകൃഷികൊണ്ടും കപ്പകൃഷികൊണ്ടും ജീവിതഭാരം താങ്ങാതെ വന്നപ്പോൾ 1952 ൽ ആദ്യമായി പുൽത്തൈലക്കൃഷി ആരംഭിച്ചു. മുള്ളൻകൊല്ലിയിലെ ജനതയുടെ താങ്ങും തണലുമായി പുൽക്കൃഷി വളരെക്കാലം നിലനിന്നു. മരങ്ങളെല്ലാം വിറകാക്കിത്തീർക്കുകയും പുറമേനിന്ന് വിറക് കിട്ടാതെ വരികയും ചെയ്ത സാഹചര്യത്തിൽ പുൽകൃഷി ഉപേക്ഷിച്ച് സ്ഥായിയായ തോട്ടവിളകളിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചു. കേരളത്തിന്റെ കറുത്തപൊന്ന് എന്ന് വിശേഷിപ്പിക്കുന്ന കുരുമുളകു കൃഷിയിലേക്കുള്ള നമ്മുടെ ചുവടുമാറ്റം പെട്ടെന്ന് തന്നെ മുള്ളൻകൊല്ലി ജനതയെ ആകെ സമ്പൽസമൃദ്ധിയിലെത്തിച്ചു. ഈ മേഖലയിൽ ഇവിടെ ഹരിതവിപ്ലവം തന്നെ നടന്നു. പക്ഷേ നമ്മുടെ സാമ്പത്തിക മേഖലയിൽപ്പതിഞ്ഞ കാർമേഘപടലങ്ങളായി കരുതാം കുരുമുളകു ചെടിയ്ക്കു ബാധിച്ച രോഗം. ഇത് തികച്ചും കൃഷിക്കാരന്റെ സാമ്പത്തിക നട്ടെല്ലിന് ക്ഷതമേല്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ വീണ്ടും മുള്ളൻകൊല്ലിയിലെ ജനങ്ങൾ വിവിധങ്ങളായ ഇടക്കാല വിളകളിലേക്ക് തിരിഞ്ഞിരിക്കുന്നു.

പുൽപ്പള്ളി–മുള്ളൻകൊല്ലി മേഖലയിൽ 1980കളുടെ ആരംഭം വരെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. ഒരു കോളേജ് സ്ഥാപിക്കുന്നതിനായുള്ള സ്ഥലം നല്കാൻ ദേവസ്വം മാനേജർ ശ്രീ.കുപ്പത്തോട് മാധവൻനായർ വാക്കാൽ സമ്മതിച്ചു. ക്ഷേത്രത്തിന് സമീപം തരിശായിക്കിടന്ന 26 ഏക്കർ സ്ഥലമായിരുന്നു അത്. എന്നാൽ ഈ ഭൂമിയെ സംബന്ധിച്ച അവകാശതർക്കങ്ങൾ പുൽപ്പള്ളിയിൽ പോലീസ് വെടിവെപ്പിനും മറ്റു മർദ്ദനങ്ങൾക്കും കാരണമായി. നിരവധി ജനങ്ങൾ മർദ്ദനമേറ്റ് കുഴഞ്ഞുവീണു. മൂന്നു വ്യക്തികൾ വെടിവെയ്പ്പിൽ മരിക്കുകയും ചെയ്തു. ശ്രീ.പൗലോസ് പുത്തൻ പുരക്കൽ ശ്രീ.ജോർജ്ജ്, ശ്രീ.വർഗ്ഗീസ് എന്നിവരാണ് മരിച്ചുവീണത്. 1983 ജൂലായി 6ന് ആയിരുന്നു ഈ ദാരുണസംഭവം.

ഈ സംഭവവുമായി ബന്ധപ്പെട്ട് ഇതേ സമയം മുള്ളൻകൊല്ലിയിൽ നടന്ന പോലീസ് വെടിവെപ്പിൽ നിരവധി പേർക്ക് പരിക്കേൽക്കുകയും മുള്ളൻകൊല്ലി സെന്റ് മേരീസ് ഹൈസ്കൂളിലും പരിസര പ്രദേശങ്ങളിലും നടന്ന ലാത്തിച്ചാർജിൽ വിദ്യാർത്ഥികളും അദ്ധ്യാപകരുമടക്കം നിരവധി ആളുകൾക്ക് പരിക്കേല്ക്കുകയും ചെയ്തു. ഇത് കുടിയിറക്ക് ഭീഷണിക്ക് ശേഷം ഈ പ്രദേശത്തെ ജനങ്ങളെ നടുക്കിയ മറ്റൊരു സംഭവമായിരുന്നു.

മുള്ളൻകൊല്ലിയുടെ വളർച്ചയിൽ മുള്ളൻകൊല്ലി സെന്റ് മേരീസ് ദേവാലയത്തിന്റെ സംഭാവന അതുല്യമാണ്. 1955 ൽ സ്ഥാപിച്ച ഈ ദേവാലയം അന്നുമുതൽ ഇന്നുവരെ ജാതിമതഭേദമെന്യേ മുള്ളൻകൊല്ലിയുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് നേതൃത്വം നല്കുന്നു.

ഈ ദേവാലയത്തിലെ വാർഷികം എല്ലാ മതവിഭാഗക്കാരും ചേർന്നു സഹകരിച്ചു ഒരു മഹോത്സവമാക്കി മാറ്റുന്നു. ഈ പള്ളിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട (1976-77 കാലഘട്ടം) സെന്റ് മേരീസ് ഹൈസ്കൂൾ ഇന്ന് ഒരു ഹയർസെക്കണ്ടറി സ്കൂളായി വളർന്ന് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ആഗ്രഹിക്കുന്ന കുട്ടികൾക്ക് അഭയകേന്ദ്രമായി മാറിയിരിക്കുന്നു. 1953 നവംബർ മാസം 38 കുട്ടികളോടുകൂടി ശ്രീ.തറപ്പത്ത് ഉലഹന്നാന്റെ പറമ്പിൽ താല്ക്കാലികമായി കെട്ടിയുണ്ടാക്കിയ ഷെഡിൽ പ്രവർത്തനമാരംഭിച്ച വിദ്യാല

യമാണ് സെന്റ് തോമസ് യു.പി.സ്കൂൾ എന്ന പേരിൽ തല ഉയർത്തി നില്ക്കുന്നത്. ഈ സ്ഥാപന ത്തിന്റെ സ്ഥാപക മാനേജർ ശ്രീ.പി.സി.തോമസ്സ് മാസ്റ്ററായിരുന്നു. മരക്കടവ് ഗവണ്മെന്റ് എൽ.പി.സ്കൂൾ കാപ്പിസെറ്റ് ഗവ. യു.പി.സ്കൂൾ, ശശിമല ഗവ.യു.പി. സ്കൂൾ, സീതാമൗണ്ട് ഗവ.എൽ.പി.സ്കൂൾ, പെരിക്ക ല്ലൂർ ഗവ. ഹൈസ്കൂൾ, പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് യു.പി.സ്കൂൾ, കബനി ഗിരിനിർമ്മലാ ഹൈസ്കൂൾ, സെന്റ് മേരീസ് യു.പി.സ്കൂൾ, കബനിഗിരി തുടങ്ങിയ സ്ഥാപനങ്ങളെല്ലാം മുള്ളൻകൊല്ലി പഞ്ചായത്തിന്റെ വിദ്യാഭ്യാസ സാംസ്ക്കാരിക മേഖലകളിൽ നിസ്തുല സേവനങ്ങ ളാണ് നല്കിവരുന്നത്.

1957 ൽ തിരുവിതാംകൂറിൽ നിന്നും മറ്റു മേഖല കളിൽ നിന്നും വന്ന മുസ്ലിം ജനങ്ങൾ മറ്റുള്ളവരോ ടൊപ്പം മുള്ളൻകൊല്ലിയിലേക്കു കുടിയേറി ബ്രിട്ടീഷുകാരുടെ കാലത്ത് കർണ്ണാടകയിലെ സയിദ് സിറാജുദീൻ സാഹിബിന് 500 ഏക്ര സ്ഥലം ജന്മാവ കാശമായി ലഭിച്ചിരുന്നു. ഇദ്ദേഹമൊരു പട്ടാണിവിഭാ ഗത്തിൽപ്പെടുന്ന ആളായിരുന്നതുകൊണ്ട് ഈ സ്ഥല ത്തിന് പട്ടാണിക്കൂപ്പ് എന്നു പേരു കിട്ടി. ഇതാണ് ഇന്നത്തെ പട്ടാണിക്കൂപ്പ്. അദ്ദേഹം ഒരു മനുഷ്യസ്നേ ഹിയായിരുന്നു. സാധുക്കളായ മുസ്ലിം ജനവിഭാഗത്തിന് വീടുവയ്ക്കാനുള്ള സ്ഥലം സൗജന്യമായി നല്കി. 1972ൽ താല്ക്കാലികമായി മദ്രസ്സ ആരംഭിച്ചു. 1979ൽ പള്ളി യുടെ പുനർനിർമ്മാണം ആരംഭിച്ചു. 1984 മാർച്ച് 28ന് പുതിയ പള്ളിയുടെ ഉദ്ഘാടനം മുസ്ലിങ്ങളുടെ ആദ്ധ്യാത്മിക നേതാവ് ജനാബ് പാണക്കാട് സൈദ് മുഹമ്മദലി ശിഹാബ് തങ്ങൾ നിർവഹിച്ചു. മതമൈ ത്രിയുടെ പ്രതീകമായി ഈ ദേവാലയം തല ഉയർത്തി നില്ക്കുന്നു. ഇതിന്റെ നിർമ്മാണത്തിന് മത വ്യത്യാസം കൂടാതെ എല്ലാവരുടെയും സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ട്.

1952ൽ പുല്പള്ളി യുവജന കലാസമിതിയുടെ രൂപീകരണം നടന്നു. പിന്നീട് ശ്രീ.മാത്യു ടി.തെക്കിനാട്ടിന്റെ നേതൃത്വത്തിൽ നവോദയ ആർട്സ് ക്ലബ് രൂപീകരിച്ചു. മുള്ളൻകൊല്ലി മേഖലയിലുള്ള സാംസ്ക്കാരിക വളർച്ചയ്ക്ക് ഈ സ്ഥാപനത്തിന്റെ സംഭാവന പ്രശംസനീയമാണ്. 1954 ഡിസമ്പർ 11-ാം തീയതി ശനിയാഴ്ച രാത്രി ചൈന്ത ക്കാടിന്റെ മദ്ധ്യത്തിൽ ആദിവാസികൾ മുത്താറി വിതച്ച് മൈതാനമായിക്കിടന്ന സ്ഥലത്ത് യുവജന കലാ സമിതിയുടെ നേതൃത്വത്തിൽ ആദ്യമായി ഒരു നാടകം അരങ്ങേറി, പൊൻകുന്നം വർക്കിയുടെ പൂജ എന്ന നാടകമായിരുന്നു അത്. ശ്രീ.മാത്യു ടി.തെക്കിനാട്ട് അതു ല്യനായ ഒരു സാഹിത്യകലാപ്രേമിയായിരുന്നു. 'ഇതാണോ നീതി' എന്ന നാടകം എഴുതി അവതരിപ്പി ച്ചത് അദ്ദേഹത്തിന്റെ സഹോദരനായ ജോസ് തോമസ് തെക്കിനാട്ട് ആയിരുന്നു. ഈ കാലയളവിലാണ് അന്നത്തെ കുടിയേറ്റക്കാർ ആദ്യമായി ഉച്ചഭാഷിണിയുടെ ശബ്ദം ഇവിടെവച്ച് ശ്രവിച്ചത്. മാത്യു തെക്കിനാട്ടിന്റെ നേതൃത്വത്തിൽ ഒരു നാടകഗ്രൂപ്പ് രൂപംകൊള്ളുകയും പ്രശസ്തമായൊരു നാടകം ബത്തേരിയിൽ അവതരി പ്പിക്കുകയും ചെയ്തു. ഇത് ഉദ്ഘാടനം ചെയ്തത് പ്രശസ്ത സാഹിത്യകാരനും ജ്ഞാനപീഠ അവാർഡു ജേതാവു മായിത്തീർന്ന എസ്.കെ.പൊറ്റക്കാട് ആയിരുന്നു. ഒരു കാലത്ത് നാടൻ കലകളെക്കൊണ്ട് സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് പുളകച്ചാർത്തണിഞ്ഞിരുന്ന മുള്ളൻകൊല്ലി ഗ്രാമം ഇന്നിന്റെ മുന്നേറ്റത്തിന്റെ മുമ്പിൽ സിനിമാശാലകളുടെയും ടിവിയുടെയും മുമ്പിൽ പതറിനില്ക്കുകയാണ്. കാലം വരുത്തുന്ന മാറ്റങ്ങൾ എത്ര വിസ്മയനീയം.!

1950 കാലഘട്ടങ്ങളിൽ മുള്ളൻകൊല്ലി ഗതാ ഗത സൗകര്യങ്ങളുടെ കാര്യത്തിൽ തികച്ചും ഇരുണ്ട യുഗത്തിലായിരുന്നു. കാട്ടാനകളുടെ സഞ്ചാര മാർഗ്ഗമാണ് ആദ്യമായി ഇവിടത്തെ കുടിയേറ്റക്കാർ സഞ്ചാരപാതയായി തിരഞ്ഞെടുത്തത്. ആ കാലഘട്ട ത്തിൽ പട്ടാണിക്കൂപ്പ് ഭാഗങ്ങളിൽ നിന്ന് മരം കൊണ്ടു പോകുന്നതിലേക്ക് കെ.പി.ചോയി, സി.സി തുടങ്ങിയ മുതലാളിമാരുടെ ലോറികൾ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. ഈ മാർഗ്ഗമാണ് പിന്നീട് പെരി ക്കല്ലൂർ-മുള്ളൻകൊല്ലി-ഷെഡ്-ബത്തേരി റോഡായി മാറിയത്. മുള്ളൻകൊല്ലിയിലെ ആദ്യകാല റോഡായി രുന്നു ഇതെന്ന് അന്നുള്ളവർ പറയുന്നു. 1956ൽ മുള്ളൻകൊല്ലിയിൽ നിന്നും നാട്ടുകാരുടെ സഹായത്തോ ടുകൂടി പുല്പള്ളിയിലേക്ക് റോഡു വെട്ടുകയുണ്ടായി. ഇതാണ് ഇന്നത്തെ മുള്ളൻകൊല്ലി-പുൽപ്പള്ളി റോഡ് ആയി പരിണമിച്ചത്. 1960-65 കാലഘട്ടങ്ങളിലായി മുള്ളൻകൊല്ലിയിലെ വിവിധഭാഗങ്ങളിലേക്ക് നാട്ടുകാർ കൂട്ടംകൂട്ടമായി നിന്ന് റോഡുവെട്ടുകയുണ്ടായി.ആയി രക്കണക്കിനാളുകൾ അർപ്പണബുദ്ധിയോടുകൂടി ഈ മേഖലയിൽ അവരുടെ സഹകരണം കാഴ്ചവച്ചതുകൊ ണ്ടാണ് ഇന്ന് മുള്ളൻകൊല്ലിയിൽ അറിയപ്പെടുന്ന എല്ലാ റോഡുകളും രൂപം കൊണ്ടത്. പോത്തിനെ കശാപ്പുചെയ്ത് വൻ സദ്യയൊരുക്കി ആർഭാടപൂർവ്വം

നടത്തിയ റോഡുനിർമ്മാണം ഇന്നും എല്ലാവരേയും ആവേശം കൊള്ളിക്കുന്നതാണ്.

1962ലാണ് പുല്പള്ളി പഞ്ചായത്ത് രൂപംകൊണ്ടത് ഈ കാലഘട്ടത്തിൽ മുള്ളൻകൊല്ലിയെ പ്രതിനിധീകരിച്ചത് പാതിരി ഗുരുമല്ലപ്പഗൗഡ, പി.ഡി.മൈക്കിൾ മാസ്റ്റർ, തെക്കിനാട്ട് തോമസ് എന്നിവരായിരുന്നു. പുൽപ്പള്ളിയിലെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഗുരുമല്ലപ്പ ഗൗഡരായിരുന്നു. എന്നാൽ അദ്ദേഹം ഒരു മാസത്തിനകം സ്വയം രാജിവെച്ചൊഴിഞ്ഞു. പിന്നീട് മുള്ളൻകൊല്ലിക്കാരനായ പി.ഡി.മൈക്കിൾ മാസ്റ്റർ രണ്ടാമത്തെ പ്രസിഡണ്ടായി. സാങ്കേതികമായ ചില കാരണങ്ങളാൽ ആറുമാസത്തിനുശേഷം അദ്ദേഹവും രാജിവെച്ചൊഴിഞ്ഞു. പിന്നീട് ശ്രീ.കെ.യു.മത്തായി പഞ്ചായത്തു പ്രസിഡണ്ടായി.

പുൽപള്ളി-മുള്ളൻകൊല്ലി പ്രദേശങ്ങൾ പുരോഗതിയിലേക്ക് കൊച്ചടികൾ വച്ചുനീങ്ങിയ പാതയിൽ ഒരു മലയിടിഞ്ഞുവീണ പ്രതീതിയായിരുന്നു. 1965 67 കാലഘട്ടത്തിൽ നിലനിന്ന കുടിയിറക്കു ഭീഷണി ഇത് അവഗണിച്ചുകൊണ്ട് ദേവസ്വം ഭൂമിയിൽ വ്യാപകമായി കയ്യേറ്റം നടന്നു. ഈ കാലഘട്ടത്തിൽ ഭൂമി സംരക്ഷിക്കുന്നതിന് നിരവധി സമരങ്ങൾ ഉയർന്നു. എന്നാൽ ദേവസ്വം അധികാരികൾ പോലീസുകാരെ ഉപയോഗിച്ച് വീടുകൾ തീവച്ച് നശിപ്പിക്കുകയും വീട്ടുകാരെ മർദ്ദിക്കുകയും ചെയ്തു. വെറും മനുഷ്യക്കോലങ്ങൾ മാത്രമായ മാറിയ മാതാപിതാക്കൾ കുഞ്ഞുങ്ങളെയും ഒക്കത്തുവച്ച് മഞ്ഞും മഴയും സഹിച്ച് ദിവസങ്ങളോളം മരച്ചുവട്ടിൽ കഴിഞ്ഞ ജീവിതകഥ- ഇന്നു കേൾക്കുന്നവരുടെ മനസ്സിൽ ദുഖത്തിന്റെ നിലക്കാത്ത അലമാലകളായിരിക്കും സൃഷ്ടിക്കുക! ഇതിനെതിരെ 1967ൽ ഒരു കർഷക പൗരസമിതി രൂപീകരിച്ചു. പ്രസിഡണ്ട് ശ്രീ.കെ.യു.മത്തായി വൈസ് പ്രസിഡണ്ട് ശ്രീ.കിസ്സാൻ തൊമ്മൻ, സെക്രട്ടറിമാർ ശ്രീ.ടി.യു.ജേക്കബ്, ശ്രീ.ജോസഫ് വടാനാ എന്നിവരായിരുന്നു. ശ്രീ. കെ.സി.ജോസഫ് കടുപ്പിൽ കുടിയിറക്കിനെതിരെ പോരാടിയ സന്നദ്ധസേനയുടെ ക്യാപ്റ്റനായിരുന്നു. ഫാദർ ജോസഫ് നെച്ചിക്കാട്ട് , ശ്രീ.ജോസഫ് പുത്തൻപുര , ജനാബ് പി.സി.അഹമ്മദ്, ശ്രീ എം.പി.വീരേന്ദ്രകുമാർ, ശ്രീ. എൻ.വാസുദേവൻ, ശ്രീ. വർഗ്ഗീസ് വൈദ്യർ എം.എൽ.എ. ശ്രീ രാമുണ്ണി മുൻ എം.എൽ.എ. ശ്രീ. കെ. കെ. അബു എന്നിവരെ ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. 1970 ജനുവരി 1ന് ഭൂപരിഷ്ക്കരണ നിയമത്തിന് അംഗീകാരം കിട്ടിയതോടെയാണ് കൃഷിക്കാർക്ക് ആശ്വാസം ലഭിച്ചത്.

1968 നവംബർ മാസം 24-ാം തീയതി പുൽപ്പള്ളി നിവാസിയായ കിസാൻ തൊമ്മൻ അടക്കം ഉള്ള ഇരുസംഘം നക്സൽ ബാരികൾ അജിതയുടെ നേതൃത്വത്തിൽ പുൽപ്പള്ളി എം. എസ്. പി. ക്യാമ്പ് ആക്രമിക്കുകയും ഹവിൽദാർ കുഞ്ഞികൃഷ്ണൻ നായരെ നിഷ്ഠൂരം വധിക്കുകയും, ചില കോൺസ്റ്റബിൾമാരെ ആക്രമിച്ച് പരിക്കേല്പിച്ച് ആയുധങ്ങൾ കൊള്ളയടിക്കുകയും ചെയ്തു. അന്നു തന്നെ ചില സമ്പന്ന കർഷകരുടെ വീടുകൾ ആക്രമിച്ച് അവരെ കൊള്ളയടിക്കുകയും ചെയ്തു. ഈ സംഭവത്തോടു കൂടി പുല്പള്ളിയുടെ പേർ പുറം ലോകത്ത് ശ്രദ്ധിക്കപ്പെട്ടു.

1976-77 വർഷത്തിലാണ് മുള്ളൻകൊല്ലി ഒരു പ്രത്യേക പഞ്ചായത്തായി പുല്പള്ളിയിൽ നിന്നും വിഭജിക്കപ്പെട്ടത്. ഇതോടുകൂടി മുള്ളൻകൊല്ലിയുടെ വികസന കാര്യങ്ങൾ ശ്രദ്ധിക്കാനുള്ള അധികാരം ഇവിടുത്തെ ജനങ്ങൾക്കു ലഭിച്ചു.

ശ്രീ.കെ.സി.ജോസഫ് കടുപ്പിൽ മുള്ളൻകൊല്ലി പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റായി ഗവർമെന്റ് നോമിനേറ്റു ചെയ്തു. എ.കെ.ഖാദർ, പൊക്കൻമൂപ്പൻ, റ്റി.എ.തോമസ്, കെ.കെ.ജോർജ് അന്നക്കുട്ടി എബ്രഹാം, കെ.ഐ.ബേബി റ്റി. എം. ആന്റണി തുടങ്ങിയവരായിരുന്നു പഞ്ചായത്തുകമ്മിറ്റി അംഗങ്ങൾ.

1979ൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ശ്രീ.എം.റ്റി. ദേവസ്യമാസ്റ്റർ മുള്ളൻകൊല്ലി പഞ്ചായത്തിന്റെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി അധികാരത്തിൽ വന്നു. വൈസ്.പ്രസിഡന്റ് ശ്രീ.റ്റി.എം.ആന്റണി, ശ്രീ.കെ.എൻ.സുബ്രഹ്മണ്യൻ, ടി. വി. ജോസഫ്, ടി. ഒ. ജോസഫ് കെ. എസ്. കുട്ടപ്പൻ, കെ. സി. ജോസഫ്, എൻ. ജെ. വർക്കി, ശ്രീമതി, എം.പി.ചെല്ലമ്മ, എന്നിവർ പഞ്ചായത്തു ബോർഡ് അംഗങ്ങളും ആയിരുന്നു. കാലാവധി കഴിഞ്ഞ് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ.എ.കെ.ഇമ്മാനുവൽ പഞ്ചായത്തു പ്രസിഡന്റായും ശ്രീ. വയലിൽ ജോയി വൈസ്പ്രസിഡന്റായും സർവശ്രീ ഐ.പി.ജോസ്, ചിന്നമ്മ ചാക്കോ, റോസമ്മാ ജോസഫ് പി.വി.സെബാസ്റ്റ്യൻ, വി. റ്റി. തോമസ്, തോമസ്. പി.സി,പുരുഷോത്തമൻ വി.എസ്, മാധവൻ.എം.എൻ, വി.സി.രാജപ്പൻ എന്നിവർ അംഗങ്ങളായിരുന്നു. കാലാവധി കഴിഞ്ഞ്

1995ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ.ജോസഫ് തച്ചുപുര പഞ്ചായത്തു പ്രസിഡന്റായും ശ്രീ.എം.എം. മത്തച്ചൻ, വൈസ് പ്രസിഡന്റായും കെ.വി.സണ്ണി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും അധികാമേറ്റു . ശ്രീമാൻമാർ എ.കെ.ഖാദർ, ദേവസ്യ വേമ്പേനി, കുട്ടികൃഷ്ണൻ ചാമൻ, റ്റോം തോമസ്, രാമചന്ദ്രൻ മ്യാലിൽ പുത്തൻപുര, ഗ്രേസി ജോസഫ്, സിസിലി ചെറിയാൻ, മേരി ചെറിയാൻ, വിലാസിനി രാജൻ എന്നിവരാണ് മെമ്പർമാർ.

ശ്രീ.കെ.സി.ജോസഫ് കടുപ്പിൽ ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റായും മുള്ളൻകൊല്ലി ഡിവിഷൻ അംഗമായ കെ.കെ.എബ്രഹാം ജില്ലാ പഞ്ചായത്തു വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും ബ്രിജിത്താ സെബാസ്റ്റ്യൻ ബ്ലോക്കു പഞ്ചായത്തു മെമ്പറായും പ്രവർത്തിക്കുന്നു. ഇവരിൽ ശ്രീ.കെ.സി. ജോസഫ്, ബ്രിജിത്ത സെബാസ്റ്റ്യൻ എന്നിവർ ഈ പഞ്ചായത്ത് നിവാസികളാണ്.

മുള്ളൻകൊല്ലി പഞ്ചായത്തിന്റെ ആകെ വിസ്തൃതി 71.58 ച.കി.മി ആണ്. ഈ പഞ്ചായത്തിൽ മൊത്തം ജനസംഖ്യ, 28871 ആണ്.

1949ന് മുമ്പ് ഇവിടെ ക്രിസ്ത്യാനികളോ മുസ്ലിംകളോ ഇല്ലായി രുന്നു. ഹൈന്ദവ വിഭാഗത്തിൽപ്പെട്ട ചെട്ടിമാരും, ജൈനമതിവിശ്വാസികളായ ഗൗഡന്മാരും ആദിവനിവാസികളായ പണിയർ, നായ്ക്കന്മാർ, കുണ്ടുവാടിയന്മാർ കൂടാതെ മുള്ളക്കുറുമർ എന്നിവരായിരുന്നു. ഇവിടത്തെ താമസക്കാർ.

"ഉടയോനും കുടിയാനും" അഥവാ "ജന്മിയും കുടിയാനും" എന്ന ഫ്യൂഡലിസത്തിന്റെ ചെറിയൊരു പതിപ്പാണ് ഇവിടെ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥ. ഈ മേഖലയിൽ കുടിയേറ്റത്തിന്റെ കാറ്റുവീശിയതോടുകൂടിയാണ് മൊത്തത്തിലുള്ള ജീവിതവ്യവസ്ഥയിൽ മാറ്റങ്ങളുണ്ടായത്.

കുറുമന്മാർ പലവിഭാഗത്തിൽപ്പെടുന്നു. മുള്ളുകുറുമർ, ഊരാളിക്കുറുമർ, വേട്ടുകുറുമർ, തേൻ കുറുമർ (ഇപ്പോഴത്തെ നായ്ക്കന്മാർ) ചെട്ടിമാരുടെയും കുറുമന്മാരുടെയും പ്രധാന തൊഴിൽ കൃഷിയായിരുന്നു. വയലിൽ നെൽക്യഷിമാത്രം ചെയ്തുപോന്നു. കരയിൽ മുത്താറി, ചാമ, തെന എന്നിവ കൃഷിചെയ്തിരുന്നു. കുറുമന്മാരിൽ മൂപ്പൻ ഇരുപ്പൂടുണ്ടായിരുന്ന കരിയൻ മൂപ്പനായിരുന്നു. ചെട്ടിമാരിൽ മൂപ്പൻ ഇടമല തിമ്മപ്പൻ ചെട്ടിയായിരുന്നു.

ആരോഗ്യരംഗത്ത് നമ്മുടെ ചികിത്സാ സൗകര്യം പരമദയനീയമായിരുന്നു. മുള്ളൻകൊല്ലിയിലെ പാപ്പച്ചൻ വൈദ്യരുടെ സ്തുത്യർഹമായ സേവനം എടുത്തുപറയേണ്ടതാണ്. അദ്ദേഹം നല്കിയ പച്ചമരുന്നിലൂടെ രോഗശാന്തി നേടി സംതൃപ്തിയടഞ്ഞ രോഗികളുടെ എണ്ണം നിസ്സീമമാണ്. ഗൗരവതരങ്ങളായ രോഗങ്ങൾക്ക് നാം അഭയം പ്രാപിച്ചത് മാനന്തവാടിയിലുള്ള മനുഷ്യസ്നേഹിയായിരുന്ന ശ്രീ. രാഘവൻ കമ്പൗണ്ടറെയാണ്. പാവപ്പെട്ടവരായ രോഗികളുടെ തീരാദു:ഖം കണ്ട് മനസ്സലിഞ്ഞ നാട്ടുകാരുടെ ഡോക്ടർ സൗജന്യമായി മരുന്നും ഒപ്പം യാത്രക്കൂലിയും കൊടുത്തു സഹായിച്ചിരുന്നുവെന്ന വസ്തുത ഇന്നും ആത്മസംതൃപ്തിയോടെ മുള്ളൻകൊല്ലിയിലെ ജനത ഓർമ്മിക്കുന്നു. രണ്ടു മുളവടികളിൽ കെട്ടിവെച്ച ചാരുകസേരയിൽ ഇരുത്തി രോഗികളെ നാലാൾ കൂടി മുള്ളൻകൊല്ലിയിൽ നിന്ന് മാനന്തവാടിയിലേക്ക് എടുത്തുകൊണ്ടുപോയ രംഗങ്ങൾ ഇന്നും തേങ്ങലോടെ മനുഷ്യമനസ്സിൽപച്ചപിടിച്ചു നില്ക്കുന്നു. പനമരത്ത് ചികിത്സാസ്ഥാപനം നടത്തിയിരുന്ന ഡോക്ടർ വി. കെ. ജി നമ്പ്യാരുടെ സേവനവും പുൽപ്പള്ളിക്കാർക്ക് വളരെ അനുഗ്രഹമായിരുന്നു.

1972ൽ പുൽപ്പള്ളി പ്രദേശത്ത് കുട്ടികൾക്ക് വ്യാപകമായി ഗ്യാസ്ടോ എൻറൈറ്റിസ് രോഗം പടർന്നു പിടിക്കുകയും വിദഗ്ദ്ധ ചികിത്സ ലഭിക്കാതെ കുട്ടികൾ മരിക്കാനിടയാവുകയും ചെയ്തു. ഈ അവസരത്തിൽ പുൽപ്പള്ളിയിൽ സ്വകാര്യ ആശുപത്രി നടത്തിയിരുന്ന ഈ പ്രദേശത്ത് സേവനം നടത്തിയ ആദ്യത്തെ എം. ബി. ബി. എസുകാരനായ ഡോക്ടർ എൽദോയുടെ പ്രവർത്തനം സ്തുത്യർഹമായിരുന്നു. ആദ്യകാലത്ത് നിത്യോപയോഗ സാധനങ്ങൾക്കായി തലച്ചാപ്പയാണ് ആശ്രയിച്ചിരുന്നത്. തലച്ചാപ്പയെന്നാൽ കുട്ടകളിൽ നിത്യോപയോഗ സാധനങ്ങൾ നിറച്ച് വീടുകളിൽ കൊണ്ടുപോയി വില്ക്കുക എന്നതായിരുന്നു. കാട്ടുമൃഗങ്ങൾ വിഹരിച്ചിരുന്ന ഘോരവനങ്ങളിലൂടെ സഞ്ചരിച്ച് മാനന്തവാടി, പനമരം മീനങ്ങാടി തുടങ്ങിയ മേഖലകളിൽ നിന്നും ആളുകൾ സാധനങ്ങൾ വാങ്ങിയിരുന്നു.

ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ പുല്പള്ളി മുള്ളൻകൊല്ലി മേഖലകളിലെ പുതിയ തലമുറയ്ക്ക് കഠിനാദ്ധ്വാനത്തിന്റെ സുന്ദരകാവ്യം ചൊല്ലിക്കേൾപ്പിച്ച ആദിമ കുടിയേറ്റക്കാർക്ക് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ സമർപ്പിച്ചുകൊണ്ട് ഈ ചരിത്രപഠനം താല്ക്കാലികമായി ഉപസംഹരിക്കട്ടെ.

# ഭൂപ്രകൃതിയും സവിശേഷതകളും

**പൊ**തുവെ മുള്ളൻകൊല്ലി പഞ്ചായത്തിലെ ഭൂരി ഭാഗം പ്രദേശങ്ങളും തെക്കുനിന്നു വടക്കോട്ട് ചെരിഞ്ഞാണ് കിടക്കുന്നത്. ചിലഭാഗങ്ങളിൽ ഭൂമിയുടെ ചരിവ് കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ് ഉള്ളത്. ഈപഞ്ചായത്തിന്റെ മദ്ധ്യപൂർവ്വ ഭാഗം ഒരു മലനിരയാണ്. ശശിമലക്കുന്ന് സേവ്യംകൊല്ലിക്കുന്ന്, പാടിച്ചിറക്കുന്ന് തുടങ്ങിയ കുന്നുകൾ ഉൾപ്പെട്ട പ്രദേശമാണിത്.ഈ പഞ്ചായത്തിലെ വടക്കുപടിഞ്ഞാറ് ഭാഗത്ത് പട്ടാണിക്കൂപ്പ് കുന്ന് ഒറ്റപ്പെട്ട് സ്ഥിതിചെയ്യുന്നു. എന്നിരുന്നാലും കൊച്ചുകൊച്ചു കുന്നുകളും താഴ്‌വരകളും നീർച്ചാലുകളും ഉൾപ്പെടുന്നതാണ് മൊത്തത്തിൽ ഈ ഭൂപ്രദേശം. കബനിപ്പുഴയുടെയും കന്നാരം പുഴയുടെയും തീരത്തു പെരിക്കല്ലൂർ മുതൽ പാറക്കടവ് വരെ സാമാന്യം വിശാലമായ വയലുകളുണ്ട്. താഴ്‌വാരത്ത് ഒറ്റപ്പെട്ട ചെറിയ വയൽ പ്രദേശങ്ങളും ഉണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് ഗവ.നിക്ഷിപ്ത വന പ്രദേശവും നാമമാത്രമായുണ്ട്.

### കാലാവസ്ഥ.

പൊതുവെ വയനാട് ജില്ലയുടെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മഴയുടെ തോത് വളരെ കുറവുള്ള പ്രദേശമാണിത്. ചിലകാലം ശക്തമായ വരൾച്ച അനുഭവപ്പെടാറുണ്ട്. തൊട്ട് അയൽസംസ്ഥാനമായ കർണ്ണാടകയുടെ കാലാവസ്ഥയുമായി ഏറെ സാമ്യമുള്ളതാണ് നമ്മുടെ പഞ്ചായത്തിലെ കാലാവസ്ഥ. നവംബർ മാസം മുതൽ ഫെബ്രുവരി മാസം വരെ അതികഠിനമായ ശൈത്യം അനുഭവപ്പെട്ടിരുന്ന ഈ പ്രദേശത്ത് ശൈത്യകാലം ഡിസംബർ ജനുവരി മാസങ്ങളിലേക്ക് ചുരുങ്ങിയിരിക്കുകയാണ്.നിബിഡ വനപ്രദേശമായിരുന്ന ഇവിടം കാടുവെട്ടിത്തെളിച്ച് ജനവാസയോഗ്യമാക്കിയത് ഈ കാലാവസ്ഥ മാറ്റത്തിന് കാരണമായി. ഇതിന്റെ ഫലമായി ഉഷ്ണത്തിന്റെ കാഠിന്യമേറുകയും കാലദൈർഘ്യം ഏറുകയും ചെയ്തു. സാധാരണയായി ജൂൺ ആരംഭം മുതൽ സെപ്റ്റംബർ വരെ കാല വർഷവും ഒക്ടോബർ-നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കാറുണ്ട്. ചില വർഷങ്ങളിൽ ഡിസംബർ ജനുവരി മാസങ്ങളിൽ ഒറ്റപ്പെട്ട മഴകൾ ലഭിക്കാറുണ്ട്.

### ജലലഭ്യത

മഴയുടെ ഏറ്റക്കുറച്ചിൽ അനുഭവപ്പെടുന്ന പ്രദേശങ്ങൾ എന്ന നിലയിൽ ചില മേഖലകളിൽ ജല ദൗർലഭ്യം അനുഭവപ്പെടാറുണ്ട്. പൊതുവെ വളരെ രൂക്ഷമായ കുടിവെള്ളക്ഷാമം ഈ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ അനുഭവപ്പെടാറുണ്ട്. നമ്മുടെ പഞ്ചായത്തിൽ സ്വാഭാവികമായി ഉണ്ടായിരുന്ന തോടുകൾ നശിപ്പിച്ചുകൊണ്ട് നെൽവയലുകളാക്കി മാറ്റുകയും അടുത്തകാലത്തായി നെൽവയലുകളെ നാണ്യവിളകളുടെ കൃഷിഭൂമികളാക്കി മാറ്റുകയും ചെയ്തിരിക്കുകയാണ്.

ഈ പ്രവണത സ്വാഭാവികജലസ്രോതസ്സുകളെ ദുർബലപ്പെടുത്തുന്നു. ഭൂഗർഭ ജലസമ്പത്തും ഇവിടെ ദുർലഭമാണെന്നാണ് പൊതുവെ മനുസ്സിലാക്കുവാൻ കഴിയുന്നത്.

### മണ്ണ്

കറുത്ത ഫലഭൂയിഷ്ഠമായ വനമണ്ണാണ് ഈ പ്രദേശത്ത് കൂടുതലായിട്ടുള്ളത്. പുഴത്തീരങ്ങളിൽ മണൽമണ്ണും പശിമമണ്ണും, കളിമണ്ണും കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിൽ ചരൽമണ്ണും ചില പ്രദേശങ്ങളിൽ ചെമ്മണ്ണും ഈ പഞ്ചായത്തിലുണ്ട്.

### ഭൂവിനിയോഗം

ആകെ ഭൂവിസ്തൃതിയുടെ 90%ത്തിൽ അധികവും കാർഷിക ആവശ്യങ്ങൾക്കാണ് വിനിയോഗി

# ഭൂപ്രകൃതിയും സവിശേഷതകളും (പഠന പര്യടനം)



| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി സമതലം ചെറിയ ചെരിവ് | കുന്നിൻ പ്രദേശം | ചെറിയ ചെരിവ് | സമതല പ്രദേശം | ചെറിയ കുന്നിൻ പ്രദേശം | ഉയർന്ന സമതല പ്രദേശം | താഴ്ന്ന വയൽ പ്രദേശം | ചെറിയകുന്ന് | ചെറിയ കുന്നിൻ പ്രദേശം | താഴ്ന്ന വയൽ പ്രദേശം | ചെറിയ കുന്നിൻ പ്രദേശം | താഴ്ന്ന വയൽ പ്രദേശം | കുന്നിൻ മണ്ട കുത്തനെ കയറ്റം | ചരിവു പ്രദേശം | വയൽ പ്രദേശം |
| മൺതരം വയൽമണ്ണ് | പശിമയുള്ള മണ്ണ്. ചരൽമണ്ണ് | ചരൽ മണ്ണ് | നേരിയ ചുവന്ന മണ്ണ് | കറുത്ത വനമണ്ണ് | വയൽ മണ്ണ് | ചളി മണ്ണ് | ചരൽ മണ്ണ് | കറുത്ത വന മണ്ണ് | ചളി മണ്ണ് | നേരിയ ചുവന്ന മണ്ണ് | കറുത്ത മണ്ണ് | ചരൽമണ്ണ് ഇളക്കു കല്ല് | കറുത്ത മണ്ണ് | വയൽ മണ്ണ് |
| സസ്യാവരണം നെല്ല്,കമുക് തെങ്ങ് ഇടവിള | കുരുമുളക് തെങ്ങ്,കാപ്പി ഇടവിള | റബ്ബർ കുരുമുളക് ഇടവിള | നെല്ല് കമുക് ഇട വിള | കുരുമുളക് കാപ്പി,റബ്ബർ ഇടവിളകൾ | തെങ്ങ് കുരുമുളക് കാപ്പി, ഇടവിളകൾ | നെല്ല് ഇ ഞ്ചി | കുരുമുളക്, നെല്ല് കാപ്പി ഇടവിളകൾ | കുരുമുളക് തെങ്ങ് കാപ്പി ഇടവിളകൾ | നെല്ല് കമുങ്ങ് | കുരുമുളക് കാപ്പി റബ്ബർ ഇടവിളകൾ | നെല്ല് തെങ്ങ് കമുക് | കുരുമുളക് റബ്ബർ കാപ്പി | കമുക് തെങ്ങ് | നെല്ല് |
| ജലസ്രോതസ്സ് ജലലഭ്യത ഉണ്ട് | വേനലിൽ ജലലഭ്യത ഇല്ല | പഞ്ചായത്ത് കുളം. വേനലിൽ ജല ദൗർലഭ്യം | സാമാന്യം ജല ലഭ്യത | ജലലഭ്യത വളരെ കുറവ് | സാമാന്യ ജല ലഭ്യത | ജല ലഭ്യ ത ഉണ്ട് | ജലലഭ്യത പരിമിതം | ജലലഭ്യത കുറവ് | നീർച്ചാൽ | | കടമാൻ തോട് | ജലലഭ്യത ഇല്ല | കനാൽ ജലം | പുഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ മുട്ടള്ളിവീതി കുന്നിടിക്കുന്നു വയൽ മറ്റ് കൃഷി | മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ല | | വയൽ നാണ്യ വിള | ജല സംരക്ഷണ പ്രവർത്തനം ഇല്ല | | നീർച്ചാൽ സംരക്ഷണം ഇല്ല | മണ്ണ് സംരക്ഷണ ജോലികൾ ഇല്ല | | | | കടമാൻ തോട് പാർശ്വം സംരക്ഷിക്കണം അനധികൃത മണൽ വാരൽ | മണ്ണൊലിപ്പുള്ള പ്രദേശം | വയൽ മറ്റ് കൃഷിക്ക് ഉപയോഗിക്കുന്നു | പുഴതീരം മണൽവാരൽ തുരുത്തുകളുടെ നാശം |

ക്കുന്നത്. ബാക്കി 10% റോഡുകൾക്കും, കളിസ്ഥലങ്ങൾ., കെട്ടിടങ്ങൾ എന്നിവക്കായി ഉപയോഗിക്കുന്നു. പ്രധാനകൃഷി കുരുമുളകു തന്നെയാണ്. കൂടാതെ നാണ്യ വിളകളായ കാപ്പി, റബ്ബർ, തെങ്ങ്, കമുക് എന്നിവയും കൃഷി ചെയ്തുവരുന്നു. കൂടാതെ വയൽ പ്രദേശങ്ങളിൽ നെല്ലും, തോട്ടങ്ങളിൽ ഇടവിളയായി, ഇഞ്ചി, ചേന, വാഴ, മരച്ചീനി എന്നീ കൃഷികളും ധാരാളമായുണ്ട്.

## ജൈവസമ്പത്ത്

നല്ലയിനം പശുക്കൾ ധാരാളമുള്ള ഒരു പഞ്ചായത്താണ് ഇത്. പാലുല്പാദനം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ വളരെക്കൂടുതലാണ്. കൂടാതെ പന്നി, ആട്, കോഴികൾ, എന്നിവയെയും വളർത്തുന്നുണ്ട്. അപൂർവ്വ പക്ഷിമൃഗാദികളോ, സസ്യജാലങ്ങളോ ഈ പ്രദേശത്ത് ഇല്ലെന്നു തന്നെ പറയാം. എന്നാൽ ഫലവൃക്ഷങ്ങൾ സമൃദ്ധിയായി വളരുന്ന പ്രദേശമാണിത്. വൈവിധ്യമാർന്ന കുരുമുളക് ചെടികളുടെ ഒരു കൃഷി മേഖലയാണ് ഈ പ്രദേശം.

## മനുഷ്യ വിഭവം

നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ കിഴിയുന്ന കായികശേഷിയുള്ള ഒരു ജനസമൂഹമുള്ള പഞ്ചായത്താണ് ഇത്. ആദിവാസികളടക്കം, വിവിധ വിഭാഗത്തിൽപ്പെടുന്ന അദ്ധ്വാനശീലരായ ജനസമൂഹമാണ് ഇവിടുള്ളത്. ആദിവാസികളൊഴിച്ച് വിദ്യാസമ്പന്നരായ ജനതയാണ് ഈ പഞ്ചായത്തിലുള്ളത്. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി ആദിവാസികൾ അടക്കമുള്ള നിരക്ഷരരായ മുഴുവൻ ജനങ്ങളെയും സമ്പൂർണ്ണ സാക്ഷരതയിൽ എത്തിക്കുവാൻ കഴിഞ്ഞെങ്കിലും ആദിവാസികളിൽ ഭൂരിപക്ഷവും വീണ്ടും നിരക്ഷരരായി മാറിയിരിക്കുകയാണ്. ഈ മേഖലയിലെ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. സർവ്വീസ് മേഖലയിൽ തൊഴിൽ പങ്കാളിത്തം വളരെ പരിമിതമാണ്. ജനനമരണനിരക്ക് വലിയ ഏറ്റകുറച്ചിലുകളില്ലാതെ നിലനിൽക്കുന്ന പഞ്ചായത്താണിത്. തൊഴിലില്ലായ്മ അത്ര രൂക്ഷമല്ലാത്ത ഒരു പഞ്ചായത്തുകൂടിയാണ് ഇത്. കർഷകത്തൊഴിലാളികളുടെ ക്ഷാമം ഭാഗികമായി അനുഭവപ്പെടാറുണ്ട്.

# കൃഷിയും ജലസേചനവും

പഞ്ചായത്ത് തികച്ചും ഒരു കാർഷികമേഖലയാണ്. ഭൂരിപക്ഷപ്രദേശങ്ങളിലും കൃഷി ആരംഭിച്ചിട്ട് 30 വർഷത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ. ഉയരം കൂടിയ ശശിമലയും ചെറുകുന്നുകളും, ചെരുവുകളും, താഴ്വരകളും ഉള്ള പ്രദേശമാണിത്. ഭൂരിപക്ഷം പ്രദേശങ്ങളിലും വനമണ്ണാണ് കൂടാതെ ചരലും കല്ലും കൂടിയ മണ്ണ്, ചെമ്മണ്ണ് ചെളിമണ്ണ്, പശമണ്ണ്, മണൽമണ്ണ് എന്നിവയുമുണ്ട്. മരക്കടവ്, കൊളവള്ളി പ്രദേശങ്ങളിൽ പശിമയോടുകൂടിയ ചെളിമണ്ണും ചിലയിടങ്ങളിൽ മണൽ മണ്ണും ആണ്. മറ്റിടങ്ങളിൽ കറുത്ത വനമണ്ണും ചില ഭാഗങ്ങളിൽ ചുവന്ന മണ്ണും കാണപ്പെടുന്നു. വേനൽക്കാലത്ത് മണ്ണ് വിണ്ടുകീറുന്ന സ്വഭാവം പരക്കെ കാണുന്നു. അമ്ല സ്വഭാവമുള്ള മണ്ണാണ് പൊതുവിൽ.

കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളിൽ ഒന്നായ കബനി ഈ പഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്ന് പോകുന്നു. ഈ പഞ്ചായത്തിലെ രണ്ടു പ്രധാനതോടുകളാണ് കടമാൻതോടും മുദ്ദള്ളി തോടും. ഈ തോടുകളിൽ വേണ്ടത്ര നീരൊഴുക്കില്ല. ചെറിയ ചെറിയ നീർച്ചാലുകൾ ചിലയിടങ്ങളിൽ ഉണ്ട്.

കർണ്ണാടക സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന പ്രദേശമായതുകൊണ്ട് മൈസൂർ കാലാവസ്ഥയോടു സാമ്യം ഉള്ളതാണ് ഇവിടുത്തെ കാലാവസ്ഥ. കുടിയേറ്റത്തിനുശേഷം കപ്പയും നെല്ലുമായിരുന്നു ഈ പ്രദേശത്തെ പ്രധാന കൃഷികൾ.

പിന്നീട് തെരുവ (പുൽതൈലം) കൃഷി ആരംഭിച്ചു. പുൽതൈലത്തിന് വില കുറയുകയും വിറക് കുറഞ്ഞുവരികയും ചെയ്തപ്പോൾ 1970 ഓടുകൂടി നാണ്യവിളകളിലേക്ക് മാറുകയാണുണ്ടായത്. പ്രധാനമായും കുരുമുളക് കൃഷിയായിരുന്നു. ചില മേഖലകളിൽ തെങ്ങ് കാപ്പി, റബ്ബർ, എന്നിവയും ഇടവിളയായി ചേന ഇഞ്ചി, മഞ്ഞൾ, കപ്പ, ചേമ്പ്, കാച്ചിൽ , മുത്താറി, വാഴ വിവിധ ഇനം പച്ചക്കറികൾ ഇവയും കൃഷിചെയ്തുവരുന്നു. മിക്കവാറും എല്ലാ കൃഷികൾക്കും അനുയോജ്യമായ മണ്ണാണ് ഈ പ്രദേശത്തുള്ളത്.

മൊത്തം 4958 ഹെക്ടർ ഭൂമിയാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 4564 ഹെക്ടർ കരഭൂമിയും 394 ഹെക്ടർ നിലവുമാണ്. കരഭൂമിയിൽ 80%ശതമാനവും ഇവിടുത്തെ പ്രധാന കൃഷിയായ കുരുമുളക് ആയിരുന്നു. ആദ്യഘട്ടം ഒരു ഹെക്ടറിൽ നിന്നും ശരാശരി 2000കി.ഗ്രാം വരെ ഉല്പാദനം ഉണ്ടായിരുന്നു. കറുത്തപൊന്ന് ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന മേഖല എന്നുള്ള നിലയിൽ ഈ പ്രദേശം ഏറ്റവും കൂടുതൽ പ്രശസ്തി ആർജ്ജിച്ചിരുന്നു. ദേശീയതലത്തിൽ നോക്കുമ്പോൾ ആളോഹരിവരുമാനം ഈ മേഖലയിൽ ഉയർന്നതായിരുന്നു. ഇവിടുത്തെ പുരോഗതിക്ക് ഈ കൃഷി കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

കുരുമുളക് കൃഷിക്ക് 1988ഓടുകൂടി ആരംഭിച്ച ദ്രുതവാട്ടം, സാവധാനവാട്ടം, ഇല ചെറുതാകൽ (ലിറ്റിൽ ലീഫ്) തുടങ്ങിയ രോഗങ്ങൾ ഈ കൃഷിയെ നാശോന്മുഖമാക്കിക്കൊണ്ടിരിക്കുകയാണ്. രോഗകാരണങ്ങളെക്കുറിച്ച് കാര്യമായ ഗവേഷണം നടത്തി പ്രതിവിധികൾ കണ്ടെത്തുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല. രോഗം മൂലം നശിച്ച മേഖലകളിൽ തന്നെ വീണ്ടും കൃഷി പുനരുദ്ധരിക്കുന്നതിന് ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. പൊതുവെ ഈർപ്പം കൂടുതലുള്ള മണ്ണിലാണ് രോഗം കൂടുതലായി കണ്ടുവരുന്നത്. ഈ കൃഷി പുനരുദ്ധരിക്കണമെങ്കിൽ മണ്ണ് പരിശോധനയും ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളും അവലംബിക്കേണ്ടിയിരിക്കുന്നു.

തെങ്ങ് കൃഷി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. താഴ്ന്ന പ്രദേശങ്ങളിലും സമതലങ്ങളിലുമാണ് പ്രധാനമായും ഈ കൃഷിയുള്ളത്. ജലസേചന സൗകര്യം ഉള്ള മേഖലകളിൽ മാത്രമാണ് തെങ്ങ് നന്നായി വളരു

ന്നതും ഉല്പാദനം കൂടുതലുള്ളതും മറ്റിടങ്ങളിൽ തെങ്ങിന്റെ വളർച്ചയും ഉല്പാദനവും വളരെ കുറവാണ്. കൃഷിഭവനിൽക്കൂടിയും സ്വകാര്യ ഏജൻസികളിൽ കൂടിയും നല്കുന്ന തൈകളാണ് അധികവും കൃഷിചെയ്യുന്നത്. 600 ഹെക്ടറിൽപരം ഭൂമിയിൽ തെങ്ങ് കൃഷി ഉണ്ട്. പലവിധത്തിലുള്ള രോഗങ്ങൾ ഈ കൃഷിക്കും ഭീഷണി ഉയർത്തുന്നു.

മറ്റു ജില്ലകളിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും തെങ്ങുകൃഷിക്ക് ഉണ്ടാകുന്ന ശ്രദ്ധയും സഹായവും ഈ മേഖലക്ക് ഇല്ല. ഈ മേഖലയിൽ തെങ്ങ് കൃഷിക്ക് നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്രശ്നം ജലസേചനത്തിന്റെ അപര്യാപ്തതയാണ്.

പൊതുവെ വയനാടിന്റെ മറ്റ് മേഖലകളെ അപേക്ഷിച്ച് നെൽകൃഷി കുറവുള്ള പ്രദേശമാണിത്. ഇതിന് പ്രധാനകാരണം ജലസേചനത്തിന്റെ കുറവും നെൽകൃഷി ആദായകരമല്ല എന്നതുമാണ്. ഉള്ള വയലുകൾ പോലും നാണ്യവിളകളിലേക്കും മറ്റു കൃഷിയിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി നമ്മുടെ ഭക്ഷ്യ ഉല്പാദനത്തെ കാര്യമായി ബാധിക്കും. 394 ഹെക്ടർ വയലിൽ 60%ത്തിൽ മാത്രമേ നെൽകൃഷിയുള്ളു. ഇരുപ്പൂ കൃഷിചെയ്യാവുന്ന നിലം 200 ഹെക്ടറിൽ താഴെയാണ്. ഇതിൽ തന്നെ കൃഷിക്ക് ആവശ്യമായിട്ടുള്ള ജലം പൂർണ്ണമായും ലഭ്യമല്ല.

ഒരു ഘട്ടത്തിൽ റബ്ബർ കൃഷിയോടു കൂടുതൽ താല്പര്യം ഉണ്ടായിവന്നിരുന്നു. ഈ കാലഘട്ടത്തിൽ ആണ് കുരുമുളകിന് ഏറ്റവും കൂടുതൽ വില വർദ്ധിച്ചത്. കൂടുതൽ ആദായകരമായ കൃഷി കുരുമുളക് എന്ന നിലയിൽ കൃഷിക്കാർ ചിന്തിക്കുകയും റബ്ബർ മരങ്ങൾ അധികവും വെട്ടി കുരുമുളക് കൃഷി ആരംഭിക്കുകയും ചെയ്തു. ഇതിൽ പലയിടത്തും റബ്ബറും കുരുമുളകും, ഇല്ലാത്ത സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. ഇവിടുത്തെ കാലാവസ്ഥക്ക് ഉണ്ടായിട്ടുള്ള മാറ്റം അനുസരിച്ച് റബ്ബർ ഉല്പാദനത്തിലും മാറ്റം ഉണ്ടാവുന്നുണ്ട്. കുന്നിൻ പ്രദേശങ്ങളിൽ റബ്ബർ കൃഷി കൂടുതൽ ചെയ്യാൻ കഴിയും. സർക്കാർ ഏജൻസികളുടെ പ്രവർത്തനം ഈ മേഖലയിലെ കൃഷിക്കാർ അധികവും അറിയാറില്ല. ഇപ്പോൾ റബ്ബർ കൃഷി വ്യാപകമായികൊണ്ടിരിക്കുകയാണ്.

ചുരുക്കം പ്രദേശങ്ങളിൽ മാത്രമേ കാപ്പികൃഷി നിലവിലുള്ളൂ. മുൻപുണ്ടായിരുന്ന കാപ്പിയിൽ അധികവും പറിച്ച് മാറ്റി കുരുമുളക് കൃഷി നടത്തിയിരുന്നു.

ഇപ്പോൾ കാപ്പി കൃഷി നടത്തുന്നതിന് കൃഷിക്കാരിൽ കൂടുതൽ താല്പര്യം വളർന്നുവന്നിട്ടുണ്ട്. കാപ്പി പ്രധാന കൃഷിയായി നടത്താൻ കഴിയുന്ന മേഖലയാണ് ഇത്. എന്നാൽ ജലസേചന സൗകര്യം സാധ്യമാക്കേണ്ടതുണ്ട്.

കവുങ്ങ് കൃഷി താഴ്ന്ന മേഖലകളിൽ ചുരുക്കം പ്രദേശത്തുണ്ട്. ഈ കൃഷി കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കാൻ താല്പര്യം വളർന്നുവരും.

ഇടവിളയായി ഇഞ്ചി ഏറ്റവും നന്നായി കൃഷി ചെയ്തുകൊണ്ടിരിക്കുന്നു. 20 ശതമാനത്തോളം ഭൂമിയിൽ ഈ കൃഷി നടത്തുന്നുണ്ട്. ഈ കൃഷിക്കു മഹാളി, മൂടുചീയൽ തുടങ്ങിയ രോഗങ്ങൾ ഭീഷണി ആകുന്നുണ്ട്. ഇടത്തട്ടുകാരുടെ ചൂഷണം ഏറ്റവും കൂടുതൽ ഉണ്ടാവുന്നത് ഇഞ്ചികൃഷി മേഖലയിലാണ്. ഇടവിളയായി കപ്പ, വാഴ, ചേമ്പ്, ചേന, കാച്ചിൽ, മഞ്ഞൾ, മറ്റു പച്ചക്കറികൾ എന്നിവ വാണിജ്യാടിസ്ഥാനത്തിലും കൃഷി ചെയ്യുന്നുണ്ട്. ഇത്തരം പച്ചക്കറികൾ, പലതും ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ഇവിടെ ദൈനംദിനാവശ്യത്തിനുള്ള പച്ചക്കറികൾ കൃഷി നടത്താറില്ല. (ഭൂവിനിയോഗം പട്ടിക ഒന്നിലും രണ്ടിലുമായി ചേർത്തിരിക്കുന്നു.)

പട്ടിക 1

| ഭൂവിസ്തീർണ്ണം | |
|---|---|
| ആകെ–കൃഷിയിടം | – 4958 ഹെ |
| ആകെ പുരയിടം | – 4564 ഹെ |
| നിലം | – 394 ഹെ |

(അവലംബം: കൃഷിഭവൻ രേഖകൾ)

പട്ടിക 2

| കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണം | |
|---|---|
| ഒരു ഹെക്ടറിൽ താഴെ | 3500 |
| ഒന്നുമുതൽ രണ്ടുവരെ ഹെക്ടർ | 2265 |
| 2 മുതൽ 4 ഹെക്ടർവരെ | 125 |
| 4 മുതൽ 10 ഹെക്ടർ വരെ | 50 |

ഭൂരിപക്ഷ ഭൂമികളിലും മിശ്രവിളയായിട്ടാണ് പല കൃഷികളും ചെയ്യുന്നത്. ഇങ്ങനെ കൃഷി ചെയ്യുന്നത് കൃഷിവിദഗ്ദരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടല്ല. താല്ക്കാ

ലിക നിലനിൽപ്പിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കൃഷിരീതി അവലംബിക്കുന്നത്. അതുകൊണ്ട് തന്നെ ഒരു കൃഷിക്ക് ചെയ്യുന്ന പരിപാലനം മറ്റ് ഒരു കൃഷിയുടെ നാശത്തിന് ഇടവരുത്തുന്നുണ്ടോ എന്ന് പരിശോധിക്കണം. ഉദാ. 1. കുരുമുളക് കൃഷിയിൽ ഇഞ്ചി കൃഷി നടത്തുന്നതുകൊണ്ട് കുരുമുളക് കൃഷിക്ക് ദോഷം ഉണ്ടാവുന്നുണ്ടോ?, 2. റബ്ബർ കൃഷിയിൽ ഇഞ്ചി കൃഷി ചെയ്യുന്നതുകൊണ്ട് റബ്ബറിന് ദോഷം സംഭവിക്കുന്നുണ്ടോ?

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉല്പാദന ക്ഷമത ഇവിടെ കുറവാണ്. (പട്ടിക–3 കാണുക) അതിന്റെ പ്രധാന കാരണങ്ങൾ ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവം, ജലസേചന സൗകര്യം ഇല്ലായ്മ, കാലാവസ്ഥയുടെ താളപ്പിഴകൾ എന്നിവയാണ്. മിക്ക കൃഷിപ്പണികളും ആരംഭിക്കുന്നത്, മെയ്, ജൂൺ മാസത്തിലെ പുതുമഴയോടു കൂടിയാണ്. കാർഷിക ഉപകരണങ്ങൾ വളരെ പരിമിതമാണ്. (പട്ടിക 8ൽ ചേർത്തിരിക്കുന്നു)

ഓരോ കൃഷിയെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ഉല്പാദന കുറവും, രോഗവും, വിപണിയുടെ അപര്യാപ്തതയും മാത്രമാണ് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. മണ്ണ് പരിശോധന നടത്തി മണ്ണിന്റെ ഘടനക്ക് അനുസരിച്ച് കൃഷി നടക്കാറില്ല. മണ്ണ് സംരക്ഷണ പദ്ധതികളും കാര്യമായി നടത്താറില്ല. ശാസ്ത്രീയമായ യാതൊരു കാഴ്ചപ്പാടും മാനദണ്ഡവും പാലിക്കപ്പെടാതെയാണ് രാസവളവും കീടനാശിനികളും ഉപയോഗിക്കുന്നത്. ഇതുകൊണ്ട് മണ്ണിന്റേയും മനുഷ്യന്റേയും കൃഷിയുടേയും നിലനില്പിന് തന്നെ ഭീഷണി ഉണ്ടാകുന്നു.

**കൃഷിഭവൻ**

1987 സെപ്തംബർ 1ന് പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ നിലവിൽ വന്നു. തികച്ചും കാർഷികമേഖ

പട്ടിക–3

കൃഷിഭൂമി വിസ്തീർണ്ണവും, ഉത്പ്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പ്പാദനം | ഉല്പാദനക്ഷമത(ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 394 ഹെ | 1891.2 MT | 4800 kg |
| രണ്ടാംവിള | 200ഹെ | 1040 MT | 5200 kg |
| പയർ | 25ഹെ | 20MT | 800 kg |
| പച്ചക്കറികൾ | 10ഹെ | 10MT | 1000 kg |
| തെങ്ങ് | 600ഹെ | 30,60000 എണ്ണം | 10200എണ്ണം |
| വാഴ | 40ഹെ | 1000MT | 25000 kg |
| കപ്പ | 150ഹെ | 2000MT | 6000 kg |
| കുരുമുളക് | 4000ഹെ | 4200MT | 800 kg |
| റബ്ബർ | 500ഹെ | 500MT | 1000 kg |
| കവുങ്ങ് | 35ഹെ | 22750000 എണ്ണം | 650000എണ്ണം |
| കാപ്പി | 250ഹെ | 150MT | 600 kg |
| ഇഞ്ചി | 900ഹെ | 8100MT | 9000 kg |
| മഞ്ഞൾ | 25ഹെ | 112.5MT | 4500 kg |

(അവലംബം കൃഷിഭവൻ രേഖകൾ)

പട്ടിക 4 - കുരുമുളക് സംരക്ഷണ സമിതികൾ

| ക്രമനമ്പർ | കുരുമുളക് സംരക്ഷണസമിതികളുടെ പേര് | കർഷകരുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | പെരിക്കല്ലൂർ | 392 | 400 |
| 2 | മാടൽ,പട്ടാണിക്കൂപ്പ് | 340 | 387 |
| 3 | മുള്ളൻകൊല്ലി(3-ാം വാർഡ്) | 296 | 346 |
| 4 | മുള്ളൻകൊല്ലി(4-ാം വാർഡ്) | 308 | 250 |
| 5 | ചേലൂർ | 546 | 460 |
| 6 | കബനിഗിരി | 684 | 280 |
| 7 | പാടിച്ചിറ | 577 | 420 |
| 8 | ചണ്ണോത്തുകൊല്ലി | 400 | 370 |
| 9 | ശശിമല | 350 | 240 |
| 10 | പാറക്കടവ് | 352 | 221 |
| 11 | സീതാമൗണ്ട് | 406 | 360 |
| 12 | ഉദയക്കവല(ചെറ്റപ്പാലം) | 428 | 326 |
| | ആകെ | 5079 | 4060 |

ലയായ പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം മുഴുവൻ കർഷകർക്കും ലഭ്യമാക്കേണ്ടതുണ്ട്. കൃഷിക്കാർക്ക് സാങ്കേതിക ഉപദേശനിർദ്ദേശങ്ങൾ നല്കുന്നതിന് ആവശ്യമായ ജീവനക്കാരും വാഹന സൗകര്യവും ഉണ്ടാകണം. കൃഷിഭവന് സ്വന്തമായി ഓഫീസുണ്ടാകണം.

**കാർഷികവികസന സമിതി.**

പഞ്ചായത്തിൽ 40 അംഗങ്ങൾ അടങ്ങുന്ന കാർഷിക വികസന സമിതി ആഗസ്റ്റ് മാസം നിലവിൽ വന്നു.

**കോഫി ലെയ്സൺ ഓഫീസ്**

മുള്ളൻകൊല്ലിയിൽ കോഫീ ബോർഡിന് ഒരു ലെയ്സൺ ഓഫീസുണ്ടെങ്കിലും കാര്യമായ പ്രയോജനം കർഷകർക്കു ലഭിക്കാറില്ല.

**നഴ്സറികൾ**

മുമ്പ് പാടിച്ചിറയിൽ ഒരു സ്വകാര്യവ്യക്തിയുടെ നഴ്സറി ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തിൽ ഇപ്പോൾ നഴ്സറികൾ ഒന്നുമില്ല.

കുരുമുളക് കൃഷി നശിച്ച ഈ മേഖലയിൽ ഇത് പുനരുദ്ധരിക്കാൻ കഴിയുന്നതാണ്. ശാസ്ത്രീയമായ കൃഷി രീതികൾ ആരംഭിക്കുന്നതിന് കൃഷി ഉദ്യോഗസ്ഥന്മാരുടെ സേവനം അത്യന്താപേക്ഷിതമാണ്. ഓരോ പ്രദേശങ്ങളിലും കാലാകാലങ്ങളിൽ മണ്ണുപരിശോധന നടത്തി ജൈവ-രാസവളങ്ങൾ കൃഷിയാരംഭം മുതൽ ഉപയോഗിക്കേണ്ടതാണ്. ദീർഘകാലം നിലനില്ക്കുന്ന താങ്ങുമരങ്ങൾ വെച്ചുപിടിപ്പിക്കേണ്ടതുണ്ട്. കൃഷിഭവൻ, സ്പൈസസ് ബോർഡ് ഉദ്യോഗസ്ഥർ, കാർഷിക ഗവേഷകർ, കുരുമുളക് സംരക്ഷണ സമിതികൾ എന്നിവചേർന്ന് കൃഷിപരിപാലനത്തിനും, രോഗപ്രതിരോധത്തിനും ആവശ്യമായ ഉപദേശങ്ങളും സഹായങ്ങളും നല്കേണ്ടതുണ്ട്. മേഖലകൾ തിരിച്ചു കുരുമുളക് കൃഷിക്കാരുടെ അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി ഒരേ കാലഘട്ടത്തിൽ കൃഷിപരിപാലന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. രോഗപ്രതിരോധശേഷിയുള്ളതും അത്യുത്പ്പാദന ശേഷിയുള്ളതുമായ കുരുമുളക് വള്ളികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന രാസവളം, കീടനാശിനികൾ എന്നിവക്ക് പകരം സഹായം പണമായി കൊടുക്കണമെന്ന അഭിപ്രായവുമുണ്ട്.

**കുരുമുളക് സംരക്ഷണസമിതി**

പഞ്ചായത്തിലെ 12 വാർഡുകളിലും കുരുമുളക് സംരക്ഷണസമിതി നിലവിലുണ്ട്. സമിതികളുടെ

പട്ടിക 5

പാടശേഖര സമിതിയും വിസ്തൃതിയും

| ക്രമനമ്പർ | പാടശേഖരത്തിന്റേ പേര് | വിസ്തൃതി (ഹെക്ടറിൽ) | കൃഷിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പെരിക്കല്ലൂർ | 39.16 | 90 |
| 2 | മുള്ളൻകൊല്ലി | 50.48 | 124 |
| 3 | ശശിമല, ചണ്ണോത്തുകൊല്ലി | 98.76 | 226 |
| 4 | മാടൽ, പട്ടാണിക്കൂപ്പ് | 17.55 | 61 |
| 5 | കൊളവള്ളി | 62.18 | 107 |
| 6 | കബനിഗിരി | 72.84 | 143 |
| 7 | സേവ്യംകൊല്ലി | 13.26 | 34 |
| 8 | വരവൂർ, മൂന്നുപാലം | 34.77 | 91 |
| | ആകെ | 394 | 876 |

പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കഴിയുന്നത്ര കുറ്റമറ്റതാക്കിത്തീർക്കണം.

കുരുമുളക് സംരക്ഷണ സമിതികളുടെ വിവരം പട്ടിക 4-ൽ കൊടുത്തിരിക്കുന്നു.

**തെങ്ങ്**

താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ് കൃഷി കൂടുതൽ നന്നായി നടത്താൻ കഴിയും. തെങ്ങ് കൃഷിക്ക് മറ്റിടങ്ങളിൽ നല്കുന്ന ആനുകൂല്യങ്ങൾ ഇവിടുത്തെ തെങ്ങുകൃഷിക്കാർക്ക് നല്കേണ്ടതുണ്ട്. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ സൗജന്യമായി കൃഷിക്കാർക്ക് നല്കണം. ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹായം നല്കേണ്ടതുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കേര വികസന സമിതി പ്രവർത്തിക്കുന്നു.

**നെല്ല്**

ഇന്നുള്ള നെൽവയലുകൾ എങ്കിലും കൃഷിചെയ്യുന്നതിന് സാധ്യമാകുന്ന വിധത്തിൽ ജലസേചന സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ നെൽകൃഷി മേഖലകളാണ് പെരിക്കല്ലൂർ, മരക്കടവ്, കൊളവള്ളി എന്നിവ കബനി നദിയോട് ചേർന്നു കിടക്കുന്ന ഈ പ്രദേശങ്ങൾ വൈദ്യുതീകരിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ചാൽ ഭൂരിപക്ഷം വയലുകളും രണ്ടാം വിളയും മൂന്നാം വിളയും ലഭിക്കുന്ന നെൽപാടങ്ങളാക്കാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിനാവശ്യമായ നെല്ലുല്പാദനത്തിനും പുറമെ മറ്റു മേഖലകൾക്കും കൂടി പ്രയോജനപ്പെടുത്താൻ കഴിയും. നെൽകൃഷിക്ക് ഇന്നുള്ള സാമ്പത്തിക സഹായം പരിമിതമായതുകൊണ്ട് കൂടുതൽ നല്കേണ്ടതുണ്ട്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ സൗജന്യനിരക്കിൽ നല്കണം. കൃഷിഭവന്റെ നേതൃത്വത്തിൽ എട്ടു പാടശേഖര സമിതികൾ നിലവിലുണ്ട്. പലതും വേണ്ടത്ര ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്. പാടശ്ശേഖരസമിതികളുടെ വിവരങ്ങൾ (പട്ടിക 5)ൽ ചേർത്തിട്ടുണ്ട്.

**റബ്ബർ**

ഉയർന്ന പ്രദേശങ്ങളിൽ പ്രധാനമായും റബ്ബർ കൃഷി ചെയ്യാവുന്നതാണ്. റബ്ബർ ബോർഡിന്റെ ചില കടുത്ത നിബന്ധനകൾ കൃഷിക്ക് തടസ്സമാകുന്നുണ്ട്. റബ്ബർ മരങ്ങളുടെ ഇടയിൽ അത്യാവശ്യം മരങ്ങൾ നിലനിർത്താനുള്ള സൗകര്യം കൃഷിക്കാർക്ക് നല്കണം. അത്യുല്പാദന ശേഷിയുള്ള തൈകളും സാങ്കേതിക ഉപദേശങ്ങളും കൃഷിക്കാർക്ക് ലഭ്യമാക്കണം. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ് പഞ്ചായത്തിൽ തുടങ്ങണം. റബ്ബർ ടാപ്പിംഗിനുള്ള പരിശീലനവും നല്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. പഞ്ചായത്തിൽ പാടിച്ചിറ കേന്ദ്രമാക്കി ഒരു റബ്ബർ സംരക്ഷണസമിതി പ്രവർത്തിക്കുന്നു.

**കവുങ്ങ്**

ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ ഈ കൃഷി നന്നായി ചെയ്യാൻ കഴിയുന്നതാണ്. അത്യുല്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യുന്നതിന് കഴിയണം.

**കാപ്പി**

ദീർഘവിള എന്ന നിലയിലും കൂടുതൽ കാല താമസം കൂടാതെയും വിളവെടുക്കാൻ സാധിക്കുന്ന കൃഷിയാണ് കാപ്പി. മിക്കവാറും എല്ലാ പ്രദേശങ്ങളിലും കൃഷി ചെയ്യാനും കഴിയും. ഈ കൃഷിക്കും ഇന്നത്തെ ജലസേചനത്തിന്റെ അപര്യാപ്തത ഒരു പ്രധാന പ്രശ്ന മാണ്. കൂടുതൽ ജലസേചന സൗകര്യം ഏർപ്പെ ടുത്തി ആധുനിക കൃഷിരീതികൾ അവലംഭിച്ചാൽ നല്ല നിലയിലുള്ള കൃഷി ആക്കിമാറ്റാൻ കഴിയും. കൂടു തൽ ചെറുകിട കൃഷിക്കാർ എന്ന നിലയിൽ ഓരോ പ്രദേശങ്ങളിലെയും കൃഷിക്കാർ ആകെ ചേർന്നുകൊണ്ട് കൃഷിപരിപാലനസൗകര്യം ഏർപ്പെടുത്താവുന്നതാണ്. കോഫി ബോർഡിന്റെ സഹായം ഈ കൃഷിയുടെ വ്യാപനത്തിന് ഉണ്ടാവണം. അത്യുല്പ്പാദന ശേഷിയുള്ള വിത്ത് കൃഷിക്കാർക്ക് കിട്ടത്തക്ക നിലയിൽ വേണ്ടത്ര സൗകര്യം ഇന്നില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നല്കുന്ന വായ്പ ഉദാരമാക്കണം.

**പച്ചക്കറികൃഷി**

ഇടവിളയായി വാഴ, ഇഞ്ചി, ചേന തുടങ്ങിയ കൃഷി നന്നായി നടത്താൻ കഴിയും. മറ്റെല്ലാ തരത്തി ലുമുള്ള പച്ചക്കറികളും കൃഷി ചെയ്യാൻ കഴിയും. ധാരാളം സ്ഥലം ഓരോ വീടിനുചുറ്റും യാതൊരു കൃഷിയുമി ല്ലാതെ നിലവിലുണ്ട്. ഈ സ്ഥലത്ത് ആവശ്യത്തില ധികം പച്ചക്കറികൾ ഉണ്ടാക്കാൻ കഴിയും. ഏകദേശം നാലുലക്ഷത്തിൽപ്പരം രൂപ പച്ചക്കറി വാങ്ങുന്നതിൽ കൂടി ഇവിടുത്തെ ആളുകളിൽ നിന്നും പ്രതിവർഷം ചോർന്നുപോയിക്കൊണ്ടിരിക്കുന്നു. കൃഷിയ്ക്ക് ആവ ശ്യമായ വിത്തും, വളവും നല്കേണ്ടതുണ്ട്.

തേനീച്ച കൃഷി, പുഷ്പകൃഷി, ഔഷധച്ചെടി എന്നിവക്ക് സാധ്യതകൾ ഉണ്ട്.

**വളം, കീടനാശിനി**

സഹകരണമേഖലയിൽ ഒരു ഡിപ്പോയും സ്വകാ ര്യമേഖലയിൽ മൂന്ന് ഡിപ്പോകളും ഉണ്ട്. രാസവളങ്ങളും, കീടനാശിനികളുമാണ് കൂടുതലും ഉപയോഗിക്കുന്നത്. ജൈവവളം കാര്യമായി ഉപയോഗിക്കാറില്ല. പുറമെനി ന്നുള്ള സ്വകാര്യഏജൻസികൾ ജൈവവളം എന്ന പേരിൽ കർഷകരുടെ വീടുകളിൽ എത്തിച്ചുകൊണ്ടി രിക്കുന്നവ തീരെ ഗുണനിലവാരമില്ലാത്തവയാണ്. ഈ പ്രവണത ഒഴിവാക്കേണ്ടതാണ്.

രാസവള കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6

വളത്തിന്റെ ഉപയോഗം

| വർഷം | നൈട്രജൻ | ഫോസ്ഫേറ്റ് | പൊട്ടാഷ് |
|---|---|---|---|
| 93-94 | 600Mt | 340 Mt | 390Mt |
| 94-95 | 550 Mt | 300 Mt | 330Mt |
| 95-96 | 510 Mt | 240 Mt | 290Mt |

പട്ടിക 7

കീടനാശിനികൾ

| വർഷം | ഖരം | ദ്രവം |
|---|---|---|
| 93-94 | 8 ടൺ | 1100Lt |
| 94-95 | 17 ടൺ | 1000 Lt |
| 95-96 | 16 ടൺ | 900 Lt |

**കാർഷികോപകരണങ്ങൾ**

ഈ പഞ്ചായത്തിൽ ആധുനിക കാർഷികോപ കരണങ്ങൾ പരിമിതമാണ്. കൃഷിഭവൻ മുഖേന ശശി മല പാടശ്ശേഖരസമിതിക്കും പെരിക്കല്ലൂർ പാടശേഖര സമിതിക്കും ഓരോ ട്രില്ലർ നല്കിയിട്ടുണ്ട്. കുരുമുളക്, പാടശേഖരം, തെങ്ങ് സമിതികൾ മുഖേന സ്പ്രെയറു കൾ സബ്സിഡി നിരക്കിൽ ആവശ്യാനുസരണം നല്കേണ്ടതാണ്.

പഞ്ചായത്തിലെ കാർഷികോപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക-8)

**കർഷകത്തൊഴിലാളിയും കൂലിനിരക്കും**

കൃഷിപ്പണിയുടെ ആരംഭകാലഘട്ടത്തിൽ ആവ ശ്യത്തിനനുസരിച്ച് തൊഴിലാളികളെ കിട്ടാറില്ല. കർഷ കതൊഴിലാളികൾക്ക് പുരുഷന് ശരാശരി 70രൂപയും സ്ത്രീക്ക് 50 രൂപയും കൂലി കിട്ടുന്നുണ്ട്. ചിലഘട്ടങ്ങ ളിൽ തമിഴ്നാട്ടിൽ നിന്നും തൊഴിലാളികൾ പണിയ്ക്ക് വേണ്ടി എത്താറുണ്ട്.

**ബാങ്ക് വായ്പകൾ**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാപ്പിസെറ്റ് ശാഖ, ഗ്രാമീണ ബാങ്ക് മുള്ളൻകൊല്ലി പാടിച്ചിറ ശാഖകൾ,

പട്ടിക 8

കാർഷികോപകരണങ്ങൾ

| ഉഴവുപകരണങ്ങൾ | | മരുന്നുതളി ഉപകരണങ്ങൾ | | | |
|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | റോക്കർ സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | പവർസ്പ്രെയർ | തെങ്ങുകയറ്റ യന്ത്രം |
| 15 | 5 | 520 | 160 | 2 | 10 |

കനറാ ബാങ്ക് പെരിക്കല്ലൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ബത്തേരി ശാഖ., കാർഷിക വികസന ബാങ്ക് പനമരം, സർവ്വീസ് സഹകരണ ബാങ്ക് പാടിച്ചിറ, പുല്പള്ളി എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നുമാണ് പ്രധാനമായും കൃഷി ആവശ്യത്തിന് വായ്പയെടുത്തുകൊണ്ടിരിക്കുന്നത്. ഈ സ്ഥാപനങ്ങളിൽ കൂടി 7.81 കോടി രൂപ വായ്പ നല്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യഘട്ടങ്ങളിൽ സ്വകാര്യബാങ്കുകളേയും കൃഷിക്കാർ ആശ്രയിക്കുന്നു. ബാങ്ക് വായ്പകൾ കൂടുതൽ ഉദാരമാക്കുകയും പലിശ കുറയ്ക്കുകയും പിഴപ്പലിശ ഒഴിവാക്കുകയും വേണം. കുരുമുളക് കൃഷി നശിച്ചുപോയ കൃഷിക്കാരുടെ വായ്പകളുടെ പലിശ ഇളവു ചെയ്യണം.

**മാർക്കറ്റ്**

കാർഷികോത്പന്നങ്ങൾ കൃഷിക്കാർ വില്ക്കുന്നതിന് പ്രധാനമായും സ്വകാര്യകച്ചവടക്കാരെയാണ് ആശ്രയിക്കുന്നത്. ഇതുകൊണ്ട് തന്നെ ഇടത്തട്ടുകാരുടെ ചൂഷണം ശക്തമാണ്. പഞ്ചായത്തിൽ രണ്ട് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ഉണ്ടെങ്കിലും ഒന്നുമാത്രമാണ് പ്രവർത്തിയ്ക്കുന്നത്. കൂടുതൽ വിപണനസൗകര്യങ്ങൾക്കുവേണ്ടി നിലവിലുള്ള സൊസൈറ്റികളുടെ പ്രവർത്തനത്തിൽ കൂടുതൽ ഗവണ്മെന്റ് സഹായം നല്കി മെച്ചപ്പെടുത്തുകയും, വാർഡടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് സംഭരണ ഡിപ്പോകൾ ആരംഭിക്കുകയും വേണം.

**ഗ്രാമസഭകളിൽ നിന്നുള്ള പരിഹാരനിർദ്ദേശങ്ങൾ**

1. കാലാകാലങ്ങളിൽ മണ്ണ് പരിശോധനകൾ നടത്തുക. പഞ്ചായത്തിൽ ഒരു മൊബൈൽ മണ്ണുപരിശോധന യൂണിറ്റ് ആരംഭിക്കുക.

2. മണ്ണ് സംരക്ഷണത്തിന് ഊർജ്ജിത കയ്യാല പദ്ധതി നടപ്പിലാക്കുക.

3. അത്യുല്പാദനശേഷിയുള്ള വിത്തുകളും, തൈകളും ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിലോ, വാർഡടിസ്ഥാനത്തിലോ നഴ്സറികൾ ആരംഭിക്കുക.

4. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക, കൃഷിവിദഗ്ദന്മാരുടെ സേവനം ലഭ്യമാക്കുക.

5. സ്പൈസസ് ബോർഡ്, കോഫി ബോർഡ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. കുരുമുളക് സംരക്ഷണ സമിതി, പാടശേഖര സമിതി, കേരവികസന സമിതി എന്നിവകളുടെ പ്രവർത്തനം ക്രമീകരിക്കുക. സമിതികൾ മുഖേന ആവശ്യത്തിന് കാർഷികോപകരണങ്ങൾ ജലസേചന പമ്പു സെറ്റുകൾ, ട്രാക്ടറുകൾ, ട്രില്ലറുകൾ, തെങ്ങ് കയറ്റ യന്ത്രം, മെതിയന്ത്രം എന്നിവ ആവശ്യാനുസരണം വിതരണം ചെയ്യുക.

7. പഞ്ചായത്തിൽ ഒരു അഗ്രോ ക്ലിനിക്ക് സെന്റർ ആരംഭിക്കുക.

8. എല്ലാ വിളകൾക്കും, വിള ഇൻഷൂറൻസ് ഏർപ്പെടുത്തുകയും രോഗകീടബാധയ്ക്ക്കൂടി ഇൻഷൂറൻസ് കവറേജ് അനുവദിക്കുകയും ചെയ്യുക.

9. കൃഷിയാവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് മുൻഗണന നല്കി കാലതാമസം ഒഴിവാക്കുക.

10. ജില്ലയിൽ ഒരു കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് ആരംഭിക്കുക

11. വാട്ടർ ഷെഡ് പദ്ധതിയുടെ പ്രവർത്തനം പഞ്ചായത്തിലാകെ വ്യാപിപ്പിക്കുക.

12. വന്യമൃഗങ്ങളുടെ ഭീഷണിയിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിന് വനാതിർത്തിയിൽ വൈദ്യുത കമ്പിവേലികൾ, കിടങ്ങുകൾ എന്നിവ സ്ഥാപിക്കുക. വനാതിർത്തികളിൽ മുളകൾ വെച്ച് പിടിപ്പിക്കുക വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ നഷ്ടപരിഹാരം നല്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക്

അധികാരവും ഫണ്ടും നൽകുക.

13. അർഹതപ്പെട്ട മുഴുവൻ കൃഷിക്കാർക്കും ആനുകൂല്യങ്ങൾ കിട്ടത്തക്ക നിലയിൽ കൃഷിഭവനിൽക്കൂടി നല്കുന്ന സബ്സിഡിയുടെ തോത് വർദ്ധിപ്പിക്കണം.

**ജലസേചനം**

മഴ വളരെ കുറവുള്ള പ്രദേശമാണ് അതനുസരിച്ചുള്ള ജലസേചന പദ്ധതികൾ പഞ്ചായത്തിലില്ല. ജലസേചനസൗകര്യത്തിന്റെ കുറവ് ഇവിടത്തെ എല്ലാ കൃഷിയെയും ഉല്പാദനത്തേയും ബാധിക്കുന്നു. ആവശ്യത്തിന് ജലം ലഭ്യമായാൽ എല്ലാ കൃഷിക്കും യോജിച്ച പ്രദേശമാണിത്.

**തോടുകൾ, കുളങ്ങൾ**

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽകൂടിയാണ് കബനീനദി ഒഴുകുന്നത്. നമ്മുടെ മേഖലയിൽ 6 കിലോമീറ്റർ ദൂരത്തിൽ ഈ നദി ഒഴുകുന്നു. രണ്ടര കിലോ മീറ്റർ മുദ്ദളിത്തോട് ഒഴുകി പഞ്ചായത്തതൃത്തിയിൽകൂടി ഒഴുകുന്ന കന്നാരം പുഴയിൽ ചേർന്ന് കബനിയിലെത്തുന്നു. കടമാൻ തോട് ഏകദേശം അഞ്ചു കിലോമീറ്റർ തെക്ക് വടക്ക് ഒഴുകി കബനിയിൽ ചേരുന്നു. ഈ തോടുകളിലെ ജലം കൃഷിക്ക് ഉപകരിക്കുന്നില്ല. പഞ്ചായത്തിന്റെ പല പ്രദേശത്തും കുളങ്ങൾ മണ്ണ് മൂടി ഉപയോഗശൂന്യമാണ്. കൂടാതെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നീർച്ചാലുകളുണ്ടെങ്കിലും ഇവ സംരക്ഷിക്കാത്ത രീതിയിലാണ് കൃഷിമുറകൾ അനുവർത്തിക്കുന്നത്.

**ചെറുകിട ജലസേചന പദ്ധതികൾ**

പെരിക്കല്ലൂർ, മരക്കടവ്, കൊളവള്ളി എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷനുകൾ പ്രവർത്തിക്കുന്നു. 1982 83 കാലഘട്ടത്തിൽ ആരംഭിച്ചതാണ് ഈ പദ്ധതികൾ. ആലത്തൂർ തടയണ (V.C.B) പദ്ധതി ഈ ഘട്ടത്തിൽ തന്നെ പൂർത്തിയായെങ്കിലും പ്രയോജനമില്ല. ആലത്തൂർ ലിഫ്റ്റിറിഗേഷൻ എന്ന പേരിൽ ചാമപ്പാറയിൽ ലിഫ്റ്റ് ഇറിഗേഷന് പമ്പ് ഹൗസും കനാലും നിർമ്മിച്ച് ലക്ഷങ്ങൾ ചിലവഴിച്ചതിനു ശേഷം ആവശ്യത്തിനു വെള്ളം കിട്ടുകയില്ലെന്ന് വിലയിരുത്തി പദ്ധതി ഉപേക്ഷിച്ചു. പാളക്കൊല്ലിയിലും ചേലൂരും, കടമാൻതോട്ടിൽ തടയണകൾ (V.C.B) നിർമ്മിച്ചെങ്കിലും കാര്യമായ പ്രയോജനമില്ല. പ്രധാനമന്ത്രിയുടെ ഊർജിത നെല്ലുല്പാദന പദ്ധതിയിൽപ്പെടുത്തി വരവൂർ മൂന്നുപാലത്തും, കൃഗന്നൂരും ഓരോ ലിഫ്റ്റ് ഇറിഗേഷനാവശ്യമായ കനാലും പമ്പ് സെറ്റും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ പ്രവർത്തനമാരംഭിച്ചിട്ടില്ല. പ്രദേശത്തിന് ആവശ്യമുള്ള ജലസേചനപദ്ധതികൾ ആരംഭിക്കേണ്ടതുണ്ട്.

ചെറുകിട ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ. (പട്ടികകൾ 9,10,11 ഇവയിൽ ചേർത്തിരിക്കുന്നു)

കൂടാതെ കൃഷിഭവന്റെ സാമൂഹ്യജലസേചന പദ്ധതിപ്രകാരം പാറക്കവലയിൽ 14 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിക്കു വേണ്ടി കുളവും, പമ്പുസെറ്റും, ടാങ്കും നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതികളെല്ലാം പൂർത്തിയായാലും ഇവിടുത്തെ ചെറിയ വിഭാഗത്തിനു മാത്രമേ ജലസേചന സൗകര്യം കിട്ടുകയുള്ളൂ. മുഴുവൻ പ്രദേശങ്ങൾക്കുമാവശ്യമായിട്ടുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

**ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള പരിഹാരനിർദ്ദേശങ്ങൾ**

1. കബനീ നദിയുടെ തീരം ഏകദേശം 8 കി.മി വൈദ്യുതീകരിച്ച് മോട്ടോർ സ്ഥാപിക്കുക.

2. ശശിമല കുന്നിന്റെ ഭാഗത്ത് ടാങ്ക് കെട്ടി കബനീ നദിയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കനാൽ നിർമ്മിച്ച് പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുത്തുക.

3. ഒന്നാം വാർഡിൽ ഒരു കുളവും 4 ടാങ്കും നിർമ്മിക്കുക.

രണ്ടാം വാർഡിൽ 5 കുളവും 1 ടാങ്കും നിർമ്മിക്കുക

മൂന്നാം വാർഡിൽ 2 തടയണ നിർമ്മിക്കുക

അഞ്ചാംവാർഡിൽ 3 കുളം നിർമ്മിക്കുക

ആറാം വാർഡിൽ ഒരു തടയണയും, ഒരു ടാങ്കും നിർമ്മിക്കുക

ഏഴാം വാർഡിൽ 2 തടയണയും, ഒരു ടാങ്കും നിർമ്മിക്കുക

എട്ടാം വാർഡിൽ 2 തടയണയും ഒരു കുളവും നിർമ്മിക്കുക

ഒമ്പതാം വാർഡിൽ ഒരു തടയണയും

പത്താം വാർഡിൽ 4 കുളങ്ങളും നിർമ്മിക്കുക.

പതിനൊന്നാം വാർഡിൽ ഒരു തടയണ 2 കുളം ഒരു ടാങ്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

പട്ടിക. 9

| ജലസേചന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ | | |
|---|---|---|
| പദ്ധതികൾ | ചെലവ് | പദ്ധതിപ്രദേശത്തിന്റെ വിസ്തൃതി |
| കോളവള്ളി L.I.S | 1.87 ലക്ഷം | 151.50 ഏക്ര |
| പെരിക്കല്ലൂർ L.I.S | 1.65 ലക്ഷം | 188.70 ഏക്ര |
| കടമാൻതോട് ബണ്ട് L.I.S | 4. ലക്ഷം | 79.86 ഏക്ര |
| പെരിക്കല്ലൂർ L.I.S പമ്പ് സെറ്റ് നന്നാക്കൽ | 0.34 ലക്ഷം . | – |
| മരക്കടവ് L.I.S | 0.96 ലക്ഷം | 179.82 ഏക്ര |
| മരക്കടവ് L.I.S പമ്പ് ഹൗസ്, കനാൽ | 3.60 ലക്ഷം | – |
| മരക്കടവ് L.I.S | 2 ലക്ഷം കനാൽ | – |
| കൊളവള്ളി L.I.S റിപ്പേർ, പമ്പ് | 0.60 ലക്ഷം | – |
| കബനിഗിരി, കൃഗന്തൂർ P.M സ്കീം (കൃഷിഭവൻ) | 3.32 ലക്ഷം | 50 ഏക്ര |
| വരവൂർ, മൂന്നുപാലം P.M. സ്കീം (കൃഷിഭവൻ) | 3.32 ലക്ഷം | 50 ഏക്ര |

(പട്ടിക–10) പരിഗണനയിലുള്ള ജലസേചന പദ്ധതികൾ

| ക്രമനമ്പർ | പദ്ധതികൾ | വകയിരുത്തിയിരിക്കുന്ന തുക | പദ്ധതി പ്രദേശത്തിന്റെ വിസ്തൃതി |
|---|---|---|---|
| 1 | മുള്ളൻകൊല്ലിതോട് ആഴംകൂട്ടൽ | 4ലക്ഷം | 15 ഏക്ര |
| 2 | ഡിപ്പോ ലിഫ്റ്റ് ഇറിഗേഷൻ L.I.S | 10 ലക്ഷം | 35 ഏക്ര |
| 3 | തെക്കെകൊളവള്ളി ജലസേചന ടാങ്ക് നിർമ്മാണം | 1.70 ലക്ഷം | 6 ഏക്ര |
| 4 | തെക്കെകൊളവള്ളി കമ്മാളം കുന്നത്ത്ബലന്റെസ്ഥലത്ത്ടാങ്ക്നിർമ്മാണം | 3 ലക്ഷം | 10 ഏക്ര |
| 5 | കൃഗനൂർ ലിഫ്റ്റ് ഇറിഗേഷൻ | 8.50 ലക്ഷം | 30ഏക്ര |
| 6 | വരവൂർ. L. I. S | 14 ലക്ഷം | 50 ഏക്ര |
| 7 | കബനിഗിരി ജലസേചനടാങ്ക് | 1.70 ലക്ഷം | 6 ഏക്ര |
| 8 | കാപ്പിസെറ്റ് ടാങ്ക് നിർമ്മാണം | 2.30ലക്ഷം | – |
| 9 | കൊളവള്ളി L.I.S, പുനരുദ്ധാരണം | – | 84.47 ഏക്ര |

(പട്ടിക–11) നടപ്പ് പദ്ധതികൾ

| | | | |
|---|---|---|---|
| 1 | കൊളവള്ളി L.I.S | 9.25 ലക്ഷം | 84.47 ഏക്ര |
| 2 | കൊളവള്ളി L.I.S | 2.85 ലക്ഷം | – |
| 3 | പെരിക്കല്ലൂർ. L.I.S, കനാൽകെട്ടൽ | 2. ലക്ഷം | – |
| 4 | മരക്കടവ്. L.I.S | 0.96ലക്ഷം | – |
| 5 | കൊളവള്ളി L.I.S, മോട്ടോർ, പമ്പ്സെറ്റ് | 0.21 ലക്ഷം | – |

(അവലംബം മൈനർ ഇറിഗേഷൻ വകുപ്പ്)

പന്ത്രണ്ടാം വാർഡിൽ 3 തടയണ 5 കുളം, 1 ടാങ്ക് എന്നിവ നിർമ്മിക്കുക.

വിശദവിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. (പട്ടിക–10)

മഴക്കാലത്ത് ജലവും, മണ്ണും, വളവും ഒഴുകി മണിക്കൂറുകൾകൊണ്ട് കാവേരിയിലടിയുന്നു. ഈ നില എല്ലാ കൃഷിയുടെയും നിലനില്പിന് വലിയ ഭീഷണിയാണ്. ഇതിനെ തടഞ്ഞ് മണ്ണും ജലവും, വളവും സംരക്ഷിക്കുന്നതിന് സാധ്യമായ പ്രദേശങ്ങളിൽ തടയണകൾ നിർമ്മിച്ച് വെള്ളം തടഞ്ഞുനിർത്തുക. ഓരോ സ്ഥലത്തും ഇടവിട്ട് കുഴികളും, ചാലുകളുമുണ്ടാക്കി പരമാവധി വെള്ളം സംഭരിച്ചു നിർത്താൻ കഴിഞ്ഞാൽ കിണറുകളിലെ ജലനിരപ്പുയർത്താനും മണ്ണിലെ ജലാംശം നിലനിർത്താനും സാധിക്കും. കൂടാതെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുള്ള ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന കുളങ്ങൾ ചെളിവാരി സംരക്ഷിച്ചു ജലദൗർലഭ്യം പരിഹരിക്കേണ്ടതാണ്. ഇതിനാവശ്യമായ ബോധവല്ക്കരണം നടത്തി ഭൂവുടമകളെ സജ്ജമാക്കേണ്ടതുണ്ട്. ഒമ്പതാം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ ഇതിനുള്ള പ്രവർത്തനങ്ങൾ നടക്കുമെന്ന് പ്രത്യാശിക്കുന്നു.

(പട്ടിക-12) ജലസേചന പദ്ധതികൾ-വാർഡുതല നിർദ്ദേശങ്ങൾ

| വാർഡ് നമ്പർ | പദ്ധതികളുടെ എണ്ണം | തടയണ പദ്ധതികൾ | കുളം നിർമ്മിക്കൽ | L. I സ്കീമുകൾ | ടാങ്ക് | നിർദ്ദിഷ്ട സ്ഥലങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|
| I | 6 | 1 | 1 | - | 4 | ഭൂദാനം കുന്ന്, മിച്ചഭൂമിക്കുന്ന്, ടാങ്ക്, ചാത്തം കോടവയൽ കുളം, കബനിപ്പുഴയിൽ ബണ്ട്. | ഗ്രാമസഭാ നിർദ്ദേശം പരിശോധിക്കുക |
| II | 6 | - | 5 | - | 1 | ആനക്കല്ലാമലവയൽ, കുടിയാൻമല, പാറക്കൽ വയൽ, പാതിരി ഊരാളിപ്പാടി, പട്ടാണിക്കൂപ്പ്, പാതിരിവേങ്ങത്താനം വയൽ-കുളങ്ങൾ പട്ടാണിക്കൂപ്പിൽ ടാങ്ക്. | " |
| III | 2 | 2 | - | - | - | കാരക്കണ്ടിമൺചിറ, പാലക്കൽ വയലിൽതടയണ, തൈപ്പറമ്പുവരെ ഇരുഭാഗത്തും കനാൽ. | " |
| V | 3 | - | 3 | - | - | തട്ടാം പറമ്പിൽവയൽ, കോക്കാപ്പള്ളിവയൽ, ഇരുപ്പൂട് പെരുക്കൻമൂപ്പൻവയൽ കുളങ്ങൾ 300m കനാൽ | " |
| VI | 2 | 1 | - | - | 1 | കബനിഗിരിപ്പള്ളി പരിസരത്ത് ടാങ്ക് നിർമ്മിച്ച്, കബനിനദിയിൽ നിന്നും വെള്ളം പമ്പുചെയ്ത്. മരക്കടവ് പള്ളിക്കുന്ന്, ഇന്ദിരാനഗർ, കബനിഗിരി, കൃഗനൂർ എന്നിവിടങ്ങളിൽ വെള്ളം എത്തിക്കുക. | " |
| VII | 3 | 2 | 1 | - | 1 | കിഴക്കേഭാഗത്ത് ജോർജിന്റെ കുളം ആഴം വർദ്ധിപ്പിക്കുക. മേപ്പടി കുര്യന്റെ സ്ഥലത്ത് കുളം കുഴിക്കുക പാടിച്ചിറക്കുന്നിൽ ടാങ്ക് നിർമ്മിക്കുക സേവ്യൻകൊല്ലി തോടിൽ തടയണ. | " |
| VIII | 4 | 2 | 2 | | | ചണ്ണോത്തുകൊല്ലി, കുന്നത്തുകവലകുളങ്ങൾ, മുദ്ദള്ളി തോട്, മാടപ്പള്ളിക്കുന്ന്ഭാഗത്ത്, കുഴിയിൽ വയൽ തടയണകൾ | " |
| IX | 1 | 1 | - | | - | മുദ്ദള്ളിത്തോട്ടിൽ പള്ളിത്താഴെ തടയണ | " |
| X | - | - | 4 | | - | വെട്ടുപാറപ്പുറത്ത് വയൽ, കളരിക്കൽ വയൽ, പാറക്കടവ് മാടപ്പള്ളിക്കുന്ന് എന്നിവിടങ്ങളിൽ കുളം | " |
| XI | 5 | 1 | 2 | | 1 | കമ്മാലം കുന്നത്ത് വയൽ, അമ്പത് ഭാഗത്ത് കുളങ്ങൾ, സീതാമൗണ്ട് സ്കൂൾ പരിസരത്ത് ടാങ്ക്, കന്നാരം പുഴയിൽ തടയണ. | " |
| XII | 9 | 3 | 5 | | 1 | ചെറ്റപ്പാലം തോട്ടിലെ ചെക്ക്ഡാമിന്റെ ശേഷി വർദ്ധിപ്പിക്കുക, വെട്ടിക്കവല v.c.b പണിപൂർത്തിയാക്കുക. തൂപ്ര ചെക്ക് ഡാമിലെ വെള്ളം വാർഡിൽ പ്രയോജനപ്പെടുത്താൻ പൈപ്പിടുക, പാറക്കൽ, പുത്തൻപുര ഉണ്ണ്യാപ്പള്ളി, കുളക്കാട്ട്, തച്ചുകുഴി വയലുകളിൽ കുളങ്ങൾകുഴിക്കുക. | " |



വികസന സെമിനാറിനോടനുബന്ധിച്ച്
വാർഡുകളിൽ നിന്ന് ശേഖരിച്ച വിഭവങ്ങൾ സ്വാഗതസംഘം
ചെയർമാൻ ശ്രീ.എം.എം.മത്തച്ചൻ മറ്റു ഭാരവാഹികൾ എന്നിവരിൽ നിന്നും
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോസഫ് തച്ചുപ്പുര ഏറ്റുവാങ്ങുന്നു

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

നമ്മുടെ പഞ്ചായത്ത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് മൃഗസംരക്ഷണ രംഗത്ത് വളരെ മുന്നിട്ടു നില്ക്കുന്നു. കൂടുതലായും ക്ഷീരമേഖലയിലാണ് കർഷകർ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. സജീവമായി പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങളായ മുള്ളൻകൊല്ലി, പെരിക്കല്ലൂർ, കബനിഗിരി, സീതാമാണ്ട്, ചണ്ണോത്തുകൊല്ലി, ശശിമല എന്നീ സംഘങ്ങൾ വഴി പ്രതിദിനം 8000 ലിറ്റർ പാലും മറ്റ് ഏജൻസികൾ (ചായക്കടകൾ) വഴി 2000 ലിറ്റർ പാലും സംഭരിക്കുന്നുണ്ട്. സംഘങ്ങൾ വഴി ശേഖരിക്കുന്ന പാല് വിറ്റ് ഏകദേശം 2.5 കോടി രൂപ നമ്മുടെ പഞ്ചായത്തിൽ എത്തുന്നുണ്ട്. ഇത് നമ്മുടെ പ്രദേശത്തിന്റെ സാമ്പത്തിക മേഖല പുഷ്ടിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. എന്നാൽ മേൽ സഹകരണ സംഘങ്ങൾ വഴി പ്രതിമാസം 50 ടണ്ണോളം കാലിത്തീറ്റയും മറ്റ് ഏജൻസികൾ വഴി, പിണ്ണാക്കും പ്രൈവറ്റ് കാലിത്തീറ്റകളും ഏകദേശം 75 ടണ്ണും വില്പന നടത്തുന്നു. ഇതു വഴി ഏകദേശം 1കോടി രൂപയിലധികം നമ്മുടെ നാട്ടിൽ നിന്നും പുറത്തേക്ക് ഒഴുകുന്നു. ഇത് ഒരു പ്രധാന സാമ്പത്തിക നഷ്ടമാണ്. 2000 ടണ്ണോളം കാലിവളം ഇവിടെ ലഭ്യമാണ്. എന്നാൽ ഇത് ഉപയോഗപ്പെടുത്തി ഗോബർഗ്യാസ് പ്ലാന്റുകൾ പണിത് ഊർജ്ജം ചൂഷണം ചെയ്യുന്നതിന് വലിയ മുന്നേറ്റം ഉണ്ടായിട്ടില്ല. എന്നാൽ ചാണകം കൃഷിക്ക് ഉപയോഗിക്കുക വഴി 1.5 കോടി രൂപയോളം നമുക്ക് ലാഭിക്കാൻ കഴിയുന്നു.

ഇതൊക്കെ ആണെങ്കിലും ശാസ്ത്രീയമായ കൃഷിരീതി ഭൂരിപക്ഷം കർഷകരും അവലംബിച്ചുകാണുന്നില്ല. മുഖ്യമായും കൃഷിയെ ആശ്രയിച്ച് ജീവിതം നയിച്ചിരുന്ന കർഷകർ കൃഷിനാശത്തെ തുടർന്ന് മൃഗസംരക്ഷണ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. ഈ മേഖല ശാസ്ത്രീയമായി മെച്ചപ്പെടുത്തുകയാണെങ്കിൽ നമ്മുടെ കുടുംബങ്ങളുടെയും നാടിന്റേയും സാമ്പത്തിക നില വളരെ ഉയർത്താൻ കഴിയും എന്നത് വ്യക്തമാണ്. മറ്റ് കാർഷിക വിളകൾക്ക് സ്ഥിരമായ വില നിലവാരം ഉറപ്പില്ലാത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും, നമ്മുടെ പഞ്ചായത്തിന്റെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന കബനിപ്പുഴയും, കിഴക്കഭാഗത്തുകൂടി ഒഴുകുന്ന കന്നാരം പുഴയും, ഉൾപ്രദേശത്തുകൂടി ഒഴുകുന്ന കടമാൻതോടും മറ്റു ചെറുതോടുകളും ഉപയോഗപ്പെടുത്തി ജലസേചന സൗകര്യം ചെയ്ത് പുൽക്കൃഷി ചെയ്യുന്നതിന് അനുകൂല സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ആകെയുള്ള മൃഗസമ്പത്ത് ഏകദേശം താഴെ പറയുന്നതാണ്.

| | |
|---|---|
| കറവമാടുകൾ | 7049 |
| കിടാരികൾ | 12574 |
| മൂരികിടാങ്ങൾ | 2126 |
| കാളകൾ | 160 |
| പന്നികൾ | 620 |
| മുയലുകൾ | 516 |
| ആടുകൾ | 3108 |
| കോഴികൾ | 14309 |
| പട്ടികൾ | 5123 |
| ആകെ | 45,585 |

ചികിത്സക്കും ബീജാധാനത്തിനും ഉള്ള സൗകര്യങ്ങൾ താഴെ പറയുന്നവയാണ്.

1. പാടിച്ചിറയിൽ പഞ്ചായത്തുതല വെറ്റിനറി ഡിസ്പൻസറി.

2. മുള്ളൻകൊല്ലി, പെരിക്കല്ലൂർ, കബനിഗിരി, സീതാമൗണ്ട്, ശശിമല എന്നിവിടങ്ങളിലെ I.C.D.P സബ് സെന്ററുകൾ.

ഈ പഞ്ചായത്തിലെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്നവയാണ്.

1. വേനൽക്കാലങ്ങളിൽ പച്ചപ്പുല്ല് ലഭ്യമല്ലാത്തത്–

2. ചെലവിന് ആനുപാതികമായി പാലിന് വില കിട്ടാത്തത്–

3. കാലിത്തീറ്റയുടെയും പിണ്ണാക്കിന്റേയും വില വർദ്ധനവ്–

4. സമയാസമയങ്ങളിൽ പശുക്കൾക്ക് കുത്തിവെയ്പ്പ് നടത്താൻ കഴിയാത്തതും, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും–

5. മികച്ചയിനം പശുക്കളും, കിടാരികളും, പന്നിക്കുഞ്ഞുങ്ങളും ആട്ടിൻകുട്ടികളും, മുട്ടക്കോഴികളും ഇറച്ചിക്കോഴികളും കാടക്കുഞ്ഞുങ്ങളും, താറാവുകളും, മുയൽക്കുഞ്ഞുങ്ങളും കർഷകർക്ക് ലഭ്യമല്ലാത്ത അവസ്ഥ.

6. മൃഗപരിപാലനത്തിന് നിലവിലുള്ള വായ്പകളുടെ അപര്യാപ്തത–

7. മൃഗങ്ങളെ വാങ്ങുന്നതിനും വില്ക്കുന്നതിനും കാലിച്ചന്ത നിലവിൽ ഇല്ലാത്തത്.

8. ഗുണമേന്മയുള്ള മാംസം നമ്മുടെ ഗ്രാമങ്ങളിൽ ലഭ്യമല്ല.

9. ജലസംഭരണികൾ ഇല്ലാത്തതിനാലും മത്സ്യക്കുഞ്ഞുങ്ങളെ കിട്ടാത്തതിനാലും ആ രംഗത്തേക്ക് കർഷകർ തിരിഞ്ഞുനോക്കുന്നില്ല.

**നിർദ്ദേശങ്ങളും സാദ്ധ്യതകളും**

1. പച്ചപ്പുല്ല് സുലഭമായി കിട്ടുന്നതിന് വേണ്ടി തനിവിളയായും, ഇടവിളയായും വൻതോതിൽ പുൽകൃഷി നടത്തുന്നതിന് പുൽവിത്തുകളും പുൽത്തണ്ടുകളും സബ്സിഡി നിരക്കിൽ കർഷകർക്ക് എത്തിച്ചുകൊടുക്കണം. ആവശ്യമായ ലോണുകളും ലഭ്യമാക്കണം. പ്രധാനമായും ജലസേചനസൗകര്യം വർദ്ധിപ്പിക്കണം. ഇതിനായി കബനിപ്പുഴയുടെയും കന്നാരം പുഴയുടെയും കടമാൻ തോടിന്റേയും തീരങ്ങളിൽ താമസിക്കുന്ന കർഷകർക്ക് വൈദ്യുതി എത്തിച്ച് പമ്പുസെറ്റുകൾ നല്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

കർഷകരുടെ ഓരോ ഗ്രൂപ്പുകൾക്ക് ഇത് നല്കുന്നതാണ് ഉത്തമം.

ചെറിയ തോടുകളിൽ ബണ്ടുകൾകെട്ടിയും ജലസേചനസൗകര്യം ഒരുക്കേണ്ടതാണ്.

കബനിപ്പുഴയുടെ സമീപത്തെ ഉയർന്ന പ്രദേശങ്ങളിൽ ടാങ്കുകൾ കെട്ടി കനാൽ തീർത്ത് വൻ ജലസേചന പദ്ധതിക്ക് രൂപം നല്കിയാൽ കർഷകർക്ക് വലിയ ആശ്വാസമായിരിക്കും. എല്ലാ കാർഷിക വിളകളുടേയും ഉല്പാദനം കൂട്ടാൻ ഇത് സഹായകരമായിരിക്കും. ആറാം വാർഡിലെ ഗുണ്ടുവാളിയിലുള്ള പുറമ്പോക്കു ഭൂമി ഏറ്റെടുത്ത് പുൽകൃഷി ചെയ്യുന്നതിന് കർഷകരെ ഏല്പിക്കാവുന്നതാണ്.

2. കാലിത്തീറ്റകളുടെ ക്രമാതീതമായ വിലക്കയറ്റം മുൻനിർത്തി കർഷകർക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ 1 ലിറ്റർ പാലിന് 15 രൂപ എങ്കിലും ആയി ഉയർത്തണം.

3. കാലിത്തീറ്റക്ക് സബ്സിഡി നല്കണം. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 125 ടൺ കാലിത്തീറ്റ പ്രതിമാസം ചിലവാകുന്നുണ്ട്. ഇനിയും ആവശ്യങ്ങൾ കൂടാൻ സാധ്യതയുണ്ട്. അതുകൊണ്ട് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാൻ നല്ല സാദ്ധ്യതയുണ്ട്.ഇതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഇവിടത്തെന്നെ ഉണ്ടാക്കുന്നതിനായി കപ്പ, മുതിര, പയറ്, കടല, ചോളം, നെല്ല് എന്നീ കാർഷിക വിളകളുടെ ഉല്പാദനം കൂട്ടുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ ചെയ്യേണ്ടതാണ്. സ്വന്തമായി ചിലവു കുറഞ്ഞ കാലിത്തീറ്റ ഉണ്ടാക്കുന്നതിന് കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. ഇത് വിലകൂടിയ പിണ്ണാക്കിന്റെ ഉപഭോഗം കുറക്കാൻ സഹായിക്കും.

4. സമയാസമയങ്ങളിൽ പശുക്കൾക്ക് കുത്തിവെപ്പു നടത്താൻ ഇന്നുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ഇതുമൂലം ക്ഷീരോത്പാദനം കുറയാൻ ഇടയായിട്ടുണ്ട്. വ്യാപകമായി കണ്ടുവരുന്ന അകിടുവീക്കത്തിന് യഥാസമയത്ത് ചികിത്സിക്കുന്നതിന് കഴിയാത്തതിനാൽ ഭീമമായ സാമ്പത്തിക നഷ്ടം കർഷകർക്ക് ഉണ്ടാകുന്നു. ഇപ്പോൾ പഞ്ചായത്തിൽ പാടിച്ചിറയിൽ ഒരു മൃഗാശുപത്രി മാത്രമേ ഉള്ളൂ. ഇത് ഒരു പോളിക്ലിനിക്കാക്കുകയും പട്ടാണിക്കൂപ്പിലും ശശിമലയിലും ഓരോ ഡിസ്പൻസറികൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. രോഗപ്രതിരോധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിനും ഒരു മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് പാടിച്ചിറ കേന്ദ്രീകരിച്ച് അനുവദിക്കേണ്ടതാണ്. നിലവിലുള്ള ICDP സബ്സെന്ററുകളിൽ മുഴുവൻ സമയ ഇൻസെമനേറ്റർമാരെ നിയമിക്കേണ്ടതാണ്. പാടിച്ചിറയിൽ മൃഗാശുപത്രിക്ക് സംഭാവനയായി കിട്ടിയ സ്ഥലത്ത് ആശുപത്രിക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കണം. ആവശ്യമായ മരുന്നുകൾ ആശുപത്രികളിലും പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകൾ സബ്സെന്ററുകളിലും സൂക്ഷിക്കേണ്ടതാണ്.

5. നല്ലയിനം പശുക്കിടാങ്ങളെ സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണമിശ്രിതങ്ങളും വിരമരുന്നും നല്കി സംരക്ഷിക്കുന്നതിന് ഇപ്പോൾ നിലവിലുള്ള കന്നുകുട്ടി പരിപാലന പദ്ധതി വിപുലീകരിച്ച് എല്ലാ കാലത്തും നടപ്പിലാക്കണം.

നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ഒരു പന്നി വളർത്തൽ കേന്ദ്രം സ്ഥാപിക്കണം. സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് 3 ആടുകളുള്ള ഒരു യൂണിറ്റ് ഒരു കുടുംബത്തിന് എന്ന ക്രമത്തിൽ ആവശ്യമുള്ളവർക്ക് സബ്സിഡി നിരക്കിൽ ലഭിക്കാൻ പദ്ധതി തയ്യാറാക്കണം.

വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഓരോ മെമ്പർമാർക്കും 10 മുതൽ 15വരെ മുട്ടക്കോഴികളെ വിതരണം ചെയ്ത് മുട്ട സംഭരിച്ച് വിപണനം നടത്താവുന്നതാണ്.

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഹാച്ചറിയൂണിറ്റ് സ്ഥാപിക്കുകയും ഇറച്ചിക്കോഴി, കാട ഇവയെ വളർത്തുന്നതിന് വാർഡടിസ്ഥാനത്തിൽ ചെറുകിട യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

മുയൽ വളർത്തുന്നതിന് നല്ല സാദ്ധ്യതയുള്ള പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്.

പുഴ, തോടുകൾ ഇവയുടെ പരിസരങ്ങളിൽ താറാവുകൃഷി പരീക്ഷിക്കാവുന്നതാണ്.

6. ധനകാര്യ സ്ഥാപനങ്ങൾകുറഞ്ഞ പലിശക്ക് മൃഗസംരക്ഷണത്തിനുള്ള വായ്പകൾ അനുവദിക്കുക, ഡയറി യൂണിറ്റിന് പശുവൊന്നിന് ചുരുങ്ങിയത് 15000 രൂപ ലോൺ അനുവദിക്കുക. വായ്പകൾക്ക് ഗണ്യമായ സബ്സിഡി ഏർപ്പെടുത്തുക.

7. വിപണനരംഗം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഒരു കാലിച്ചന്ത സ്ഥാപിക്കേണ്ടതാണ്.

8. മാംസത്തിനായി മൂരിക്കിടാങ്ങളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നിരക്കിൽ കാലിത്തീറ്റ അനുവദിക്കുക.

9.പശുക്കളുടെ താഴ്ന്ന ഉല്പാദന ക്ഷമത ക്ഷീരകർഷകന് നഷ്ടം വരുത്തുന്നതാകയാൽ അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ ലഭ്യമാക്കിപാലുൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാം. ഒരു ചില്ലിങ് പ്ലാന്റ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചാൽ കറവയുടെ ഇടവേള കൂട്ടാനും തദ്വാരാ ഉച്ചയ്ക്കുശേഷമുള്ള പാലിന്റെ അളവ് വർദ്ധിപ്പിക്കുവാനും കഴിയും. ഇത് കർഷകർക്കും സംഘങ്ങൾക്കും കൂടുതൽ നേട്ടമുണ്ടാക്കും. ഇത് കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുകയും ചെയ്യും.

വൈക്കോൽ കാലിത്തീറ്റയായി ഉപയോഗിക്കുന്നവർക്ക് അനുബന്ധമായി കൂൺകൃഷി വളരെ ആദായകരമായി നടത്താവുന്നതാണ്. വിപപണനം ഉറപ്പാക്കിയാൽ ക്ഷീരകർഷകന് ഇതിൽ നിന്നും ചെറിയ മുതൽ മുടക്കിൽ നല്ല ആദായം ഉണ്ടാക്കുവാൻ കഴിയും. കൂണുല്പാദനത്തിനുശേഷമുള്ള വൈയ്ക്കോൽ പശുവിന് നല്കുന്നതുവഴി പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഉയർന്ന വില ലഭ്യമാക്കുവാനും കഴിയു

ന്നതാണ്.

രണ്ടിലധികം കാലികളെ വളർത്തുന്നവർക്ക് ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് വളത്തിന്റെ ഗുണ മേന്മ വർദ്ധിപ്പിക്കുന്നതിനും, ഊർജ്ജപ്രതിസന്ധി തരണം ചെയ്യുന്നതിനും സാദ്ധ്യതയുണ്ട്.

കന്നുകാലി ഇൻഷ്വറൻസിന്റെ നികുതി പൂർണ്ണ മായും ഒഴിവാക്കി കാലികളെ ഇൻഷൂർ ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

സഹകരണമേഖലയിൽ ആധുനിക സൗകര്യ ങ്ങളോടുകൂടിയ മാംസസംസ്ക്കരണ ശാല സ്ഥാപിക്കു കയും വാർഡുതലത്തിൽ വിപണനകേന്ദ്രങ്ങൾ തുറ ക്കയും ചെയ്യുക. ഇതോടനുബന്ധിച്ച് തുകൽ സംസ്ക്കരണ യൂണിറ്റും അനുബന്ധ വ്യവസായ ങ്ങളും ജില്ലാടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

## മത്സ്യകൃഷി

കടമാൻതോട്ടിൽ അവിടവിടെ തടയണകൾ നിർമ്മിച്ച് മത്സ്യകൃഷി നടത്താവുന്നതാണ്. ഗുണ്ടുവാളിയിൽ ബണ്ട് കെട്ടി വൻതോതിൽ മത്സ്യം വളർത്താൻ സാധിക്കും.

കെഞ്ചൻകോളനിയിലെ ബണ്ട് പുനർ നിർമ്മാണം നടത്തി മത്സ്യം വളർത്തുന്നതിന് ആദി വാസികൾക്ക് ചുമതലയേല്പിക്കാവുന്നതാണ്. ഇതി ലേക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ പഞ്ചായ ത്തിന്റെ ആഭിമുഖ്യത്തിൽ എത്തിച്ചുകൊടുക്കേണ്ടതാണ്.

മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന കർഷകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ, ക്ഷേമ നിധി തുടങ്ങിയവ ഏർപ്പെടുത്തുന്നത് ഈ രംഗത്തിന് കൂടുതൽ പ്രോത്സാഹനം നല്കും.



# വിദ്യാഭ്യാസം

സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനശില വിദ്യാഭ്യാസമാണ്. കാട്ടിനുള്ളിൽ മൃഗങ്ങളെ വേട്ടയാടിയും കായ്കനികൾ ഭക്ഷിച്ചും ജിവിതമാരംഭിച്ച ആദിമമനുഷ്യൻ തീ ഉണ്ടാക്കാനും, ചങ്ങാടം ഉപയോഗിക്കാനും ആയുധങ്ങൾ നിർമ്മിക്കാനും പ്രകൃതിയിൽ നിന്നും പഠിച്ചു. വീടുവെച്ചു താമസിക്കാനും, കൃഷി ചെയ്യാനും, മൃഗങ്ങളെ ഇണക്കി വളർത്താനും വസ്ത്രങ്ങൾ ഉണ്ടാക്കി ഉപയോഗിക്കാനും സാഹചര്യങ്ങളും അനുഭവങ്ങളും അവനെ പ്രാപ്തനാക്കി. ഇങ്ങനെ തലമുറകളിലൂടെ നേടിയെടുത്ത അറിവുകൾ ആദ്യം വാമൊഴിയായും പിന്നീട് വരമൊഴിയായും പിൻഗാമികൾക്ക് കൈമാറി. പുതിയ പുതിയ അറിവുകൾ കൂട്ടിച്ചേർക്കപ്പെട്ടു. അറിവാണ് ശക്തി എന്നറിഞ്ഞ മനുഷ്യൻ മഹാ ശക്തനായി.

വികസിത രാജ്യങ്ങളിലെ വിദ്യാഭ്യാസ മുന്നേറ്റവുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ രാജ്യം വളരെ പിന്നിലാണ്. എഴുപതു ശതമാനത്തോളം ജനങ്ങൾ ഇന്നും അജ്ഞതയുടെ അന്ധകാരത്തിലാണ്. നിരക്ഷരത ഒരു ദേശീയ പ്രശ്നമായി തുടരുന്നു. എന്നാൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ മാത്രമല്ല ഉന്നത വിദ്യാഭ്യാസരംഗത്തും മുൻപിലാണ്. അഞ്ചുവയസ്സ് പൂർത്തിയായ മുഴുവൻ വിദ്യാർത്ഥികളേയും സ്കൂളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗണപരമായ മെച്ചംപോലെ ഗുണപരമായ മെച്ചം ഇല്ലായെന്നത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഒരു വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 31% വിദ്യാഭ്യാസത്തിനായി ചെലവഴിക്കപ്പെടുന്നു. എന്നിട്ടും വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിയാത്തതെന്തുകൊണ്ട്? അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം പെരുകുന്നത് ആശാസ്യമാണോ? ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അസംതൃപ്തരായ അധ്യാപകരേയും, വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ആണ് ഇന്ന് എവിടെയും കാണാൻ കഴിയുന്നത്. വിദ്യാഭ്യാസരംഗത്ത് ഉൾക്കാഴ്ചയോടുകൂടിയ ആസൂത്രണത്തിന്റെ ആഭാവമാണ് ഈ പ്രശ്നങ്ങളുടെ പ്രധാനപ്പെട്ട കാരണം. രാജ്യത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി നിർണ്ണയിച്ച് ഓരോ മേഖലയിലേക്കും ആവശ്യത്തിന് ആളുകളെ പരിശീലിപ്പിക്കണം. തൊഴിലിനോട് ആഭിമുഖ്യം ഉണ്ടാകത്തക്ക വിധം പാഠ്യപദ്ധതി പരിഷ്കരിക്കണം. ഹൈസ്കൂൾ തലം മുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധിതമാക്കണം.

വിദ്യാഭ്യാസത്തിൽ അവസരസമത്വം ഉറപ്പാക്കേണ്ടതാണ്. എന്നാൽ സർക്കാർ, എയിഡഡ്, അൺഎയിഡഡ് ഇംഗ്ലീഷ്മീഡിയം എന്നൊക്കെ സ്കൂളുകളെ തരംതിരിച്ച് വിദ്യാർത്ഥികളെ പല തട്ടുകളിലാക്കിയിരിക്കുന്നു. ദരിദ്രജനവിഭാഗങ്ങളുടെ ആശ്രയമായ പൊതുവിദ്യാഭ്യാസം ഇന്ന് തകർച്ചയുടെ വക്കത്താണ്. ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസം ഇന്നും മരീചികയാകുന്നു.

വയനാട് ജില്ല സംസ്ഥാനത്തെ ഇതര ജില്ലകളെ അപേക്ഷിച്ച് വിദ്യാഭ്യാസരംഗത്തും പിന്നോക്കാവസ്ഥയിലാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ പരിമിതമാണ്. സ്കൂൾ വിദ്യാഭ്യാസ നിലവാരവും മെച്ചമല്ല.

മുള്ളൻകൊല്ലി പഞ്ചായത്തിൽ ഒരു ഹെയർസെക്കന്ററി സ്കൂളും, രണ്ടു ഹൈസ്ക്കൂളുകളും അഞ്ച് യു. പി. സ്കൂളുകളും മൂന്ന് എൽ. പി. സ്കൂളുകളുമാണ് ഉള്ളത്. ആകെയുള്ള 11 സ്കൂളുകളിൽ 8 എണ്ണത്തിൽ എൽ. പി. വിഭാഗവും 6 എണ്ണത്തിൽ യു. പി. വിഭാഗവും മൂന്നിൽ ഹൈസ്കൂൾ വിഭാഗവും ഉണ്ട്. ഒരു പ്രീപ്രൈമറി സ്കൂളും 17 അംഗൻ വാടികളും ഒമ്പത് സ്വകാര്യ നഴ്സറി സ്കൂളുകളും ഉണ്ട്. അംഗീകാരമില്ലാത്ത മൂന്ന്

പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചെറിയ ശതമാനം വിദ്യാർത്ഥികൾക്ക് പ്രൈമറി വിദ്യാലയത്തിലേയ്ക്കു രണ്ട് കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടിവരുന്നുണ്ട്. കളിക്കാനും പഠിക്കാനും സൗകര്യമുള്ളതും പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുള്ളതുമായ പ്രീപ്രൈമറി വിദ്യാലയങ്ങൾ കൂടുതൽ ഉണ്ടാകേണ്ടതുണ്ട്.

കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ കബനി നദിയുടെ തീരത്തു സ്ഥിതി ചെയ്യുന്ന മരക്കടവ് ഗവ.എൽ.പി.സ്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ വിദ്യാലയം. 1954ൽ ഒരു ഷെഡിൽ ഏകാധ്യാപകസ്കൂളായി ആരംഭിച്ച ഈ വിദ്യാലയത്തിന് ഇന്ന് സ്വന്തമായി കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ട്. കുടിവെള്ളക്ഷാമമാണ് ഇപ്പോഴത്തെ രൂക്ഷമായ പ്രശ്നം. ജി.എൽ.പി.സ്കൂൾ പുല്പള്ളി എന്നായിരുന്നു ആദ്യത്തെ പേര്. 1954ൽ തന്നെ ആരംഭിച്ച മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി.സ്കൂൾ ഈ പ്രദേശത്തെ ആദ്യത്തെ സ്വകാര്യ വിദ്യാലയമാണ്. ആദിമ കുടിയേറ്റ മക്കളിൽ അക്ഷരദീപം തെളിയിച്ചത് ഈ രണ്ടു വിദ്യാലയങ്ങളാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ആദ്യകാലങ്ങളിൽ പയ്യമ്പിള്ളി, നടവയൽ ഹൈസ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. തന്മൂലം ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വളരെ കുറച്ചുപേർക്കുമാത്രമേ അവസരം ലഭിച്ചിട്ടുള്ളൂ. പുല്പള്ളി വിജയാ ഹൈസ്കൂൾ ആരംഭിച്ചതോടെ കൂടുതൽ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. മുള്ളൻകൊല്ലി ഹൈസ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ. 1980ൽ പെരിക്കല്ലൂരും 1982ൽ കബനിഗിരിയിലും ഹൈസ്കൂളുകൾ ആരംഭിച്ചു. (പട്ടിക 1 കാണുക) ശശിമല, കാപ്പിസെറ്റ് ഭാഗങ്ങളിൽ നിന്നും കുറച്ചുകുട്ടികൾ ഇപ്പോഴും പുല്പള്ളി വിജയ ഹൈസ്കൂളിൽ പഠിക്കുന്നു. പുല്പള്ളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഇരുനൂറോളം കുട്ടികൾ പഠിക്കുന്നുണ്ട് ഓരോ വർഷവും ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള ഒഴുക്ക് വർദ്ധിച്ചുവരുന്നത് അഭിലഷണീയമായ പ്രവണത അല്ല.

പട്ടിക 1

സ്കൂൾ ആരംഭിച്ച വർഷം

| സ്കൂളിന്റെ പേര് | ആരംഭിച്ച വർഷം |
|---|---|
| 1. ഗവ.എൽ.പി.മരക്കടവ് | 1954 |
| 2. സെന്റ് തോമസ് എൽ.പി. മുള്ളൻകൊല്ലി | 1954 |
| 3. ഗവ.എൽ.പി. പെരിക്കല്ലൂർ | 1957 |
| 4. സെന്റ് സെബാസ്റ്റ്യൻസ് യു. പി. പാടിച്ചിറ | 1967 |
| 5. ഗവ.എൽ.പി.കൊളവള്ളി | 1973 |
| 6. ഗവ. യു. പി. കാപ്പിസെറ്റ് | – |
| 7. സെന്റ് മേരീസ് യു.പി.കബനിഗിരി | 1976 |
| 8. ഗവ. ഉദയ. യു. പി. ശശിമല | – |
| 9. സെന്റ് മേരീസ് ഹൈസ്കൂൾ മുള്ളൻകൊല്ലി | 1976 |
| 11. നിർമ്മല ഹൈസ്കൂൾ കബനിഗിരി | 1982 |

പഞ്ചായത്ത് ഓരോ വർഷവും വിദ്യാഭ്യാസത്തിനായി ചെലവഴിച്ചുകൊണ്ടിരിക്കുന്ന തുക വളരെ കുറവാണ്. ആകെ ചെലവിന്റെ 3.7% മാത്രം. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്കൂളുകൾ ത്രിതല പഞ്ചായത്തുകളെ ഏല്പിച്ചിരിക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന് കൂടുതൽ തുക ചെലവഴിക്കേണ്ടിവരും. മൂന്നുവർഷത്തെ വിദ്യാഭ്യാസ ചെലവ് പട്ടിക 2.ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

വിദ്യാഭ്യാസ ചെലവ്

| വർഷം | വിദ്യാഭ്യാസ ചെലവ് | ആകെചെലവ് | ശതമാനം |
|---|---|---|---|
| 1991–92 | 72926.20 | 1139666.90 | 6.39 |
| 1992–93 | 24198.55 | 1276714.91 | 1.8 |
| 1993–94 | 45471.55 | 1456813.85 | 3.12 |
| | | | ശരാശരി 3.77% |

ലൈബ്രേറിയന്റെ ശമ്പളം, ലൈബ്രറികൾക്കും സ്കൂളുകൾക്കും ധനസഹായം, ദൃശ്യശ്രാവ്യ മാധ്യമങ്ങൾക്കു വന്ന ചെലവ് എന്നിവയാണ് പ്രധാനപ്പെട്ട ചെലവിനങ്ങൾ

## സ്കൂളുകൾ-പൊതുവിവരങ്ങൾ

മുള്ളൻകൊല്ലി പഞ്ചായത്തിൽ ആകെ 185 അദ്ധ്യാപകരും 5355 വിദ്യാർത്ഥികളും ഉണ്ട്. ഇതിൽ സർക്കാർ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ 57ഉം പഠി

പട്ടിക 3

സ്കൂളുകളുടെ പൊതുവിവരങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | സ്ഥിതി ചെയ്യുന്ന വാർഡ് | അധ്യാപകർ | | | | | | | വിദ്യാർത്ഥികൾ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | | | പെൺ | | | ആകെ | ആൺ | | | പെൺ | | | ആകെ |
| | | | | LP | UP | HS | LP | UP | HS | Total | LP | UP | HS | LP | UP | HS | Total |
| 1 | ഗവ.ഹൈസ്കൂൾ പെരിക്കല്ലൂർ | സർക്കാർ | I | 5 | 5 | 6 | 3 | 3 | 4 | 26 | 146 | 110 | 76 | 120 | 115 | 100 | 667 |
| 2 | സെന്റ് മേരീസ് HSS മുള്ളൻകൊല്ലി | എയിഡഡ് | II | | | 15 | | | 9 | 24 | | | 304 | | | 309 | 613 |
| 3 | സെന്റ് തോമസ് യു.പി. മുള്ളൻകൊല്ലി | എയിഡഡ് | III | 3 | 9 | | 8 | 8 | | 28 | 200 | 240 | | 167 | 187 | | 794 |
| 4 | നിർമല HS കബനിഗിരി | എയിഡഡ് | IV | | | 15 | | | 10 | 25 | | | 289 | | | 340 | 629 |
| 5 | സെന്റ് സെബാസ്റ്റ്യൻസ് യു.പി.പാടിച്ചിറ | എയിഡഡ് | V | 3 | 4 | | 6 | 10 | | 23 | 185 | 184 | | 169 | 159 | | 697 |
| 6 | സെന്റ്മേരീസ് യു.പി. കബനിഗിരി | എയിഡഡ് | VI | | 5 | | | 8 | | 13 | | 199 | | | 178 | | 377 |
| 7 | ഉദയ ഗവ.യു.പി.സ്കൂൾ ശശിമല | സർക്കാർ | VII | | 6 | | 3 | 1 | | 10 | 81 | 91 | | 63 | 98 | | 333 |
| 8 | ഗവ.യു.പി. കാപ്പിസെറ്റ് | സർക്കാർ | VIII | | 7 | | | 10 | | 17 | 112 | 175 | | 117 | 130 | | 534 |
| 9 | സെന്റ് തോമസ്എൽ.പി. സ്കൂൾ പെരിക്കല്ലൂർ | അൺ എയിഡഡ് | IX | 3 | | | 2 | | | 5 | 108 | | | 117 | | | 225 |
| 10 | ഗവ.എൽ.പി.സ്കൂൾ മരക്കടവ് | സർക്കാർ | X | 2 | | | 6 | | | 8 | 133 | | | 127 | | | 260 |
| 11 | ഗവ.എൽ.പി.സ്കൂൾ കൊളവള്ളി | സർക്കാർ | XI | 2 | | | 4 | | | 6 | 124 | | | 102 | | | 226 |
| 12 | ആകെ | | | 18 | 36 | 36 | 32 | 40 | 23 | 185 | 1089 | 999 | 669 | 982 | 867 | 749 | 5355 |

ക്കുന്ന വിദ്യാർത്ഥികൾ 2020ഉംആണ്. അധ്യാപകരിൽ 95 പേർ സ്ത്രീകളാണ്.

പട്ടിക 4

LP , UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| | LP | UP | HS | ആകെ |
|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | 2071 | 1866 | 1418 | 5355 |
| പെൺകുട്ടികൾ | 982 | 867 | 749 | 2598 |
| ശതമാനം | 47.4 | 46.4 | 52.8 | 48.5 |

സ്കൂൾ വിദ്യാർത്ഥികളിൽ 48.5 ശതമാനം പെൺകുട്ടികളാണ്. വിദ്യാലയ പ്രവേശനത്തിൽ പെൺകുട്ടികൾക്ക് വിവേചനം ഇല്ലായെന്നത് ശുഭോദർക്കമാണ്. സമൂഹത്തിന്റെ സുസ്ഥിരതയ്ക്കും പുരോഗതിക്കും ഇത് കാരണമാകും. സ്കൂളുകളെ സംബന്ധിച്ച പൊതുവിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

**ഉന്നത വിദ്യാഭ്യാസം**

ഒരു ഹയർസെക്കന്ററി സ്കൂൾ ഒഴികെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിലില്ല. സമീപ പഞ്ചായത്തായ പുല്പള്ളിയിലെ പഴശ്ശിരാജാകോളേജും ഏതാനും പാരലൽ കോളേജുകളും മാത്രമാണ് ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പഴശ്ശിരാജാ കോളേജിൽ സയൻസ് വിഷയങ്ങൾ ഒന്നും ഇല്ല. ആയതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് ബത്തേരി, കണ്ണൂർ, കോഴിക്കോട്, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകേണ്ടിവരുന്നു. ഇക്കാരണത്താൽ സാമ്പത്തികശേഷി കുറഞ്ഞ മിടുക്കരായ വിദ്യാർത്ഥികളുടെ പഠനം S.S.L.Cകൊണ്ട് മതിയാക്കേണ്ടിവരുന്നു. അതുകൊണ്ട് പഴശ്ശിരാജാ കോളേജിൽ സയൻസ് ഡിഗ്രി കോഴ്സുകളും ആർട്ട്സ് വിഷയങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും ഉടൻ ആരംഭിക്കണം. കൂടാതെ എല്ലാ ഹൈസ്കൂളുകളും ഹയർസെക്കന്ററി സ്കൂളുകളായി ഉയർത്തണം. ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഇവിടെ സ്ഥാപിക്കേണ്ടതാണ്.

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠ്യേതര പ്രവർത്തനങ്ങൾക്ക് ജില്ലാ സംസ്ഥാന പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ**

സ്വകാര്യ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ സാമാന്യം തൃപ്തികരമാണ്. എന്നാൽ സർക്കാർ സ്കൂളുകളിൽ കെട്ടിടം, ഫർണിച്ചർ, കുടിവെള്ളം എന്നിവ ആവശ്യത്തിനില്ലാത്ത സ്ഥിതിയാണ്. സ്കൂളുകൾക്ക് സ്ഥിരം കെട്ടിടവും കുടിവെള്ള സൗകര്യവും ഉണ്ടാകണം. ഉപയോഗശൂന്യമായ കക്കൂസുകൾ പുനരുദ്ധരിക്കണം. വൈദ്യുതി എത്താത്ത സ്കൂളുകളിൽ ഉടൻ എത്തിക്കണം. എല്ലാസ്കൂളിനും സ്റ്റാഫ് റൂം അനിവാര്യമാണ്. കക്കൂസ് ഇല്ലാത്ത സ്കൂളിന് അടിയന്തിരമായി കക്കൂസ് നിർമ്മിക്കണം. പല സ്കൂളുകളിലും ഫർണിച്ചറുകൾ ആവശ്യത്തിനില്ല. പാചകമുറി ആവശ്യമുള്ള മൂന്ന് സ്കൂളുകൾ ഉണ്ട്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പട്ടിക 6 കാണുക.

## പഠന നിലവാരം

### S.S.L.C വിജയശതമാനം

കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C വിജയശ

പട്ടിക 5

മുള്ളൻകൊല്ലി ഹയർസെക്കന്ററി സ്കൂളിനെ സംബന്ധിച്ച വിവരങ്ങൾ

ആരംഭിച്ച വർഷം 1991 ആകെ സീറ്റ് 60, അദ്ധ്യാപകർ 8, ഫുൾടൈം 3, പാർട്ട് ടൈം 5

| വർഷം | പ്രവേശിക്കപ്പെട്ടകുട്ടികൾ | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | ശതമാനം |
|---|---|---|---|---|
| 1991–93 | 60 | 57 | 21 | 37 |
| 1992–94 | 60 | 59 | 55 | 93 |
| 1993–95 | 49 | 46 | 27 | 59 |
| 1994–96 | 72 | 70 | 56 | 80 |

ശരാശരി വിജയശതമാനം = 67

## പട്ടിക 6 – സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾഎണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരേസമയത്ത് എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| സെന്റ് സെബാസ്റ്റ്യൻസ് യു.പി പാടിച്ചിറ | 19 | 3 | 3 | ഇല്ല | 4 | 5 | ഇല്ല | ഇല്ല | ഇല്ല | 04 | 10 | 02 | 3 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 25 | 4 | 4 | 2 അലമാര |
| ഗവഎച്ച്എസ്പെരിക്കല്ലൂർ | 15 | 2 | 1 | 1 | 6 | 10 | 4 | 7 | ഉണ്ട് | 03 | 12 | 02 | 4 | 2 | ഉണ്ട് കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 | 50 | 10 | 10 | അലമാര 2 മേശ – 5 കസേര-5 |
| ഗവയു.പി.കാപ്പിസെറ്റ് | 08 | 1 | 1 | 3 | 3 | 4 | 8 | 8 | ഉണ്ട് | 02 | 10 | 02 | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 60 | 30 | 10 | 10 | ആവശ്യത്തിനില്ല |
| ഗവഎൽ.പിമരക്കടവ് | 15 | 1 | 2 | ഇല്ല | 4 | 6 | ഇല്ല | ഇല്ല | ഉണ്ട് | 02 | 10 | 02 | 2 | 2 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 20 | ഇല്ല | 15 | – |
| നിർമ്മല എച്ച്എസ് കബനിഗിരി | 09 | 3 | ഇല്ല | ഇല്ല | 18 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 02 | 08 | 02 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | – | – | – | – | – |
| സെന്റ് മേരീസ് യു.പി. കബനിഗിരി | 13 | 1 | ഇല്ല | ഇല്ല | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 02 | 08 | 01 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – |
| സെന്റ് മേരീസ് ഹയർ സെക്കന്ററി മുള്ളൻകൊല്ലി | 21 | 3 | ഇല്ല | ഇല്ല | 27 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 05 | 60 | ഇല്ല | 5 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | – | – | — | – | – |
| സെന്റ് തോമസ് യു.പി മുള്ളൻകൊല്ലി | 07 | 5 | ഇല്ല | ഇല്ല | 8 | ഇല്ല | ഇല്ല | 20 | ഇല്ല | 04 | 20 | ഇല്ല | 3 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 40 | വേണ്ട | 14 | 20 | അലമാര മേശ കസേര |
| ഗവഎൽ.പികൊളവള്ളി | 05 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 08 | ഉണ്ട് | 01 | 10 | 02 | 1 | 1 | ഉണ്ട് പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | വേണ്ട | 4 | 2 | അലമാര 2 കസേര 4 റാക്ക് 2 ബോർഡ് 4 |
| സെന്റ് തോമസ് എൽ.പി പെരിക്കല്ലൂർ | 10 | 1 | ഇല്ല | – | 5 | – | – | 04 | ഉണ്ട് | 02 | 10 | 01 | 3 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 20 | 20 | 4 | 4 | – |
| ഊദയ ഗവ.യു.പി.ശശിമല | 10 | 3 | ഇല്ല | – | 13 | – | – | – | – | 2 | 30 | – | 2 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | |

തമാനം ജില്ല സംസ്ഥാനശരാശരിയേക്കാൾ ഉയർന്നതാണ് എന്നത് ഈ അവികസിത പ്രദേശത്തിന് അഭിമാനകരമാണ്., വയനാട് ജില്ലയിലെ മികച്ച സ്കൂളുകളിൽ പെട്ടവയാണ് ഈ പഞ്ചായത്തിലെ സ്കൂളുകൾ. പട്ടിക 7 കാണുക.

പട്ടിക 7

S.S.L.C വിജയശതമാനം

| സ്കൂളിന്റേ പേര് | 1991 –92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഗവ.ഹൈസ്കൂൾ പെരിക്കല്ലൂർ | 51 | 39 | 35 | 35 | 21 |
| സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂൾ മുള്ളൻകൊല്ലി | 76 | 61 | 55 | 68 | 59 |
| നിർമ്മല ഹൈസ്കൂൾ കബനിഗിരി | 84 | 82 | 68 | 76 | 71 |
| പഞ്ചായത്ത് ശരാശരി | 70 | 61 | 53 | 60 | 50 |

കബനിഗിരി നിർമ്മലാ ഹൈസ്കൂൾ ആണ് വിജയശതമാനത്തിൽ ഏറ്റവും മുന്നിൽ. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്കാണ് കുട്ടികൾ അധികവും തോല്ക്കുന്നത്. ഡിസ്റ്റിംഗ്ഷൻ വാങ്ങുന്നവരുടെ എണ്ണം പൊതുവേ കുറവാണ് S.S.L.C വിജയശതമാനം ഉയർത്തുന്നതിനും ഉയർന്ന മാർക്കു വാങ്ങുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

**പഠനനിലവാരം മറ്റു ക്ലാസുകളിൽ**

S.S.L.C വിജയശതമാനം ഉയർന്നതാണെങ്കിലും മറ്റു ക്ലാസുകളിലെ പഠന നിലവാരം നമ്മുടെ പ്രതീക്ഷയ്ക്കു മങ്ങലേല്പ്പിക്കുന്നു. ഒന്നാം പാദവാർഷിക പരീക്ഷയിൽ മുപ്പതു ശതമാനത്തിൽ താഴെ മാർക്കു ലഭിച്ചവരാണ്. നാല്പതു ശതമാനം കുട്ടികളും. ഉയർന്ന മാർക്കു വാങ്ങുന്നവർ എട്ടുശതമാനം മാത്രം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ തകർച്ചയാണ് ഇതു കാണിക്കുന്നത്. അധ്യാപനം അതിമധുരവും, പഠനം പാൽപ്പായസവും ആയെങ്കിൽ മാത്രമേ കുട്ടികളുടെ പഠനനി

പട്ടിക 8

പഠന നിലവാരം വിവിധ ക്ലാസുകളിൽ

ഒന്നാം പാദവാർഷിക പരീക്ഷയെ അടിസ്ഥാനമാക്കിയത് 1996

| ക്ലാസ് | 30%ത്തിൽ താഴെ മാർക്കുലഭിച്ച കുട്ടികൾ | 30–40 ശതമാനം മാർക്ക് % | 40–50 ശതമാനം മാർക്ക് % | 50-60 ശതമാനം മാർക്ക് % | 60%ത്തിനു മുകളിൽ |
|---|---|---|---|---|---|
| III | 34 | 30 | 13 | 15 | 14 |
| IV | 40 | 36 | 15 | 20 | 12 |
| L.P ശരാശരി | 37 | 33 | 14 | 18 | 13 |
| V | 32 | 25 | 15 | 20 | 12 |
| VI | 37 | 24 | 16 | 12 | 9 |
| VII | 43 | 20 | 15 | 11 | 11 |
| UP ശരാശരി | 37 | 23 | 15 | 14 | 11 |
| VIII | 59 | 19 | 12 | 5 | 5 |
| IX | 42 | 26 | 18 | 6 | 7 |
| X | 33 | 32 | 16 | 9 | 10 |
| H.S ശരാശരി | 45 | 26 | 15 | 6.5 | 7.5 |

പട്ടിക 9
## അക്കാദമിക് സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് ഇല്ല/പ്രവർത്തിക്കുന്നു,ഇല്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല/പ്രവർത്തിക്കുന്നു, പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ(മാപ്പുകൾ,ചാർട്ടുകൾ,ഗ്ലോബ്) വേണ്ടത്ര ഉണ്ടോ/ഇല്ല | ദൃശ്യശ്രാവ്യ ഉപകരണങ്ങൾ -എണ്ണം | | | | | | | | ബ്ലാക്ക് ബോഡ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ/ വി.സി.പി | സിനിമാപ്രൊജക്ടർ | സൈഡ്പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | ഗവഃഹൈസ്കൂൾ പെരിക്കല്ലൂർ | ഉണ്ട് | ഉണ്ട് | വേണ്ടത്രഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 15 |
| 2 | സെന്റ് മേരീസ് ഹൈസ്കൂൾ മുള്ളൻകൊല്ലി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 21 | 21 |
| 3 | നിർമല ഹൈസ്കൂൾ കബനിഗിരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 15 |
| 4 | സെന്റ് സെബാസ്റ്റ്യൻസ്യു.പി.സ്കൂൾപാടിച്ചിറ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19 | 19 |
| 5 | സെന്റ് മേരീസ് യു.പി.സ്കൂൾ കബനിഗിരി | ഉണ്ട് | ഇല്ല | വേണ്ടത്രഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 9 |
| 6 | ഉദയഗവഃയു.പി.സ്കൂൾ ശശിമല | – | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 12 |
| 7 | ഗവഃയു.പി.സ്കൂൾ കാപ്പിസെറ്റ് | ഉണ്ട് | ഇല്ല | വേണ്ടത്രഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 15 |
| 8 | സെന്റ് തോമസ് യു.പി.സ്കൂൾ മുള്ളൻകൊല്ലി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 5 |
| 9 | സെന്റ് തോമസ് എൽ.പി.സ്കൂൾ പെരിക്കല്ലൂർ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 |
| 10 | ഗവഃഎൽ.പി.സ്കൂൾ മരക്കടവ് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 |
| 11 | ഗവഃഎൽ.പി.സ്കൂൾ കൊളവള്ളി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 7 | 5 |


39

ലവാരം ഉയരുകയുള്ളൂ. പരിഹാരബോധനം, അക്ഷ രവേദി പ്രവർത്തനം തുടങ്ങിയവയിലൂടെ പ്രാഥമിക വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടതാണ്. അതോ ടൊപ്പം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുകയും വേണം. പട്ടിക 8 കാണുക.

ഹൈസ്കൂളിൽ എത്തുമ്പോഴേക്കും നിലവാര ത്തകർച്ച കൂടുന്നതായി കാണുന്നു. എട്ടാംക്ലാസിൽ 59% കുട്ടികൾക്കും 30%ത്തിൽ താഴെ മാർക്കേ ലഭിച്ചി ട്ടുള്ളൂ എന്നത് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. അറു പതു ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്നവ രുടെ എണ്ണവും കുറഞ്ഞുവരുന്നു. വിദ്യാഭ്യാസ നില വാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജി തപ്പെടുത്തേണ്ടതാണെന്ന് എന്ന് ഈ വിവരങ്ങൾ എല്ലാ വരേയും ഓർമ്മിപ്പിക്കുന്നു.

**അക്കാദമിക് സൗകര്യങ്ങൾ**

ലബോറട്ടറി, റീഡിംഗ് റൂം, ദൃശ്യശ്രാവ്യ മാധ്യമ ങ്ങൾ തുടങ്ങിയവ പല സ്കൂളുകളിലും ഇല്ല. യു.പി. സ്കൂളുകളിലും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തേ ണ്ടതാണ്. നിലവിലുള്ള സൗകര്യങ്ങൾ തന്നെ എത്ര മാത്രം ഉപയോഗപ്പെടുത്തുന്നുണ്ട്, എന്ന് പരിശോധി ക്കപ്പെടേണ്ടതാണ്. പല സ്കൂളുകളിലും സർക്കാർ നല്കിയ സയൻസ് സ്റ്റഡി കിറ്റുകൾ തുറന്നുനോക്കി യിട്ടുപോലും ഇല്ലായെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്. പഠന-ബോധന പ്രവർത്തനം കൂടു തൽ ശിശു കേന്ദ്രീകൃതമാക്കണം. പരീക്ഷണങ്ങൾ ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകണം. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ കുട്ടികളേയും മുതിർന്നവരേയും എല്ലാ തരത്തിലും സ്വാധീനിച്ചുകൊ ണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അവ ഉപയോഗിച്ചു കൊണ്ടുള്ള പഠിപ്പിക്കൽ അനിവാര്യമാണ്. എന്നാൽ പഞ്ചായത്തിലെ പല സ്കൂളുകളിലും വൈദ്യുതി കണ ക്ഷൻപോലും ലഭിച്ചിട്ടില്ല എന്നത് അത്യന്തം ശോച നീയമാണ്. സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ പട്ടിക 9ൽ കൊടുത്തിരിക്കുന്നു. സ്കൂളുകളിലെ അക്ക ദമിക് നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണം.

പരീക്ഷണശാല ഇല്ലാത്ത സ്കൂളുകളിൽ അവ ആരംഭിക്കണം. ആവശ്യത്തിനുള്ള പഠനോപകരണ ങ്ങൾ ലഭ്യമാക്കണം.

റീഡിംഗ് റൂമും, ലൈബ്രറിയും എല്ലാ സ്കൂളുകളിലും വേണം. ഇവ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം.

ദൃശ്യശ്രാവ്യ മാധ്യമങ്ങൾ പരമാവധി ലഭ്യമാക്കണം. സ്കൂളുകൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിക്കണം.

കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്ക് കളി സ്ഥലം നിർമ്മിക്കണം.

അക്കാദമിക് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തു ന്നുവെന്ന് ഉറപ്പാക്കണം.

**പാഠ്യേതര പ്രവർത്തനങ്ങളും അംഗീകാരങ്ങളും**

സയൻസ് ക്ലബ്, സ്കൂൾ പാർലിമെന്റ് സാഹി ത്യസമാജം, സ്കൗട്ട്, ഗൈഡ്സ്, റെഡ്ക്രോസ്, ഗണി തശാസ്ത്ര ക്ലബ്, യംഗ് ഫാർമേഴ്സ് ക്ലബ്, ബാലസാ ഹിത്യവേദി തുടങ്ങി വിവിധ പ്രസ്ഥാനങ്ങൾ സ്കൂളു കളിൽ പ്രവർത്തിക്കുന്നുണ്ട്. ഓരോ കുട്ടിയേയും ഇവ യിലൊന്നിലെങ്കിലും ബന്ധിപ്പിക്കുവാൻ കഴിയുന്നില്ല യെന്നത് ഒരു പോരായ്മയാണ്. പാഠ്യേതര പ്രവർത്ത നങ്ങൾക്ക് പലപ്പോഴും സ്കൂളുകളിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോകുന്നു. കലാമേളകളും, കായികമേള കളും നടത്തിതീർക്കുന്ന സ്ഥിതിയാണുള്ളത്. ശാസ്ത്രമേളയും, പ്രവൃത്തിപരിചയമേളയും പൊതുവെ അവഗണിക്കപ്പെടുന്നു. സാഹിത്യസമാജങ്ങളുടെ ഉത്ഘാ ടനം തന്നെ സമാപനവും ആകുന്നു. പരീക്ഷാധിഷ്ഠി തമായ വിദ്യാഭ്യാസ വ്യവസ്ഥയിൽ കുട്ടികളുടെ സർഗ്ഗാ ത്മക കഴിവുകൾക്ക് വേണ്ടത്ര അംഗീകാരവുംപ്രോ ത്സാഹനവും ലഭിക്കാതെ പോകുന്നു. കലാ-കായിക കഴിവുകളും, പാഠ്യേതര പ്രവർത്തനങ്ങളിലെ പങ്കാ ളിത്തവും മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ ഇന്നത്തെ സ്ഥിതിക്ക് വ്യത്യാസം വരുത്തു വാൻ സാധിക്കുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിലെ കുട്ടികൾ വിവിധ മത്സ രങ്ങളിൽ ജില്ല- സംസ്ഥാന-ദേശീയ തലങ്ങളിൽ പങ്കെ ടുക്കുകയും സമ്മാനാർഹരാവുകയും ചെയ്തിട്ടുണ്ട് എന്നത് പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. ഡൽഹിയിൽ നടന്ന കുട്ടികളുടെ ദേശീയ ബാലശാസ്ത്ര കോൺഗ്രസ്, ദേശീയ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പ്, ദക്ഷിണേന്ത്യൻ ശാസ്ത്രമേള, സംസ്ഥാന കലാ-കായിക-ശാസ്ത്ര-ഗണിതശാസ്ത്ര-പ്രവൃത്തി പരിചയ മേളകൾ തുടങ്ങിയവയിൽ മുള്ളൻകൊല്ലി പഞ്ചാ യത്തിലെ വിവിധ സ്കൂളുകളിൽ നിന്നും കുട്ടികൾ പങ്കെടുത്ത് അംഗീകാരം നേടിയിട്ടുണ്ട്.

സമർത്ഥരായ ധാരാളം കുട്ടികൾ നമ്മുടെ സ്കൂളു കളിൽ ഉണ്ട്. പാഠ്യേതര പ്രവർത്തനങ്ങൾ ശക്തിപ്പെ

ടുത്തി പ്രതിഭകളെ കണ്ടെത്തി വിവിധങ്ങളായ കഴിവുകൾ വളർത്തുന്നതിന് കൂടുതൽ അവസരം ലഭ്യമാക്കണം.

പട്ടിക 10

**സ്കോളർഷിപ്പുകളും ഗ്രാന്റുകളും** 1996–97

| | |
|---|---|
| എൽ. എസ്. എസ്/യു. എസ്. എസ് | 19 |
| ലംസം ഗ്രാന്റ് | 1098 |
| മുസ്ലിം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | 70 |
| വികലാംഗ സ്കോളർഷിപ്പ് | 13 |
| മറ്റുള്ളവ | ഇല്ല |

മെരിറ്റ് സ്കോളർഷിപ്പുകൾ ലഭിച്ചവർ വളരെ കുറവാണ്. സ്കോളർഷിപ്പ് കൂടുതൽ കുട്ടികൾക്ക് ലഭിക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കണം.

**അദ്ധ്യയന ദിവസങ്ങൾ**

1995–96ൽ 196 അധ്യയന ദിവസങ്ങൾ ലഭിച്ചു. ഒരു സ്കൂളിലും സമരങ്ങളിലൂടെ അധ്യയന ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ പ്രത്യേക പൊതു അവധികളിലൂടെ ഒൻപത് അധ്യയനദിനങ്ങൾ നഷ്ടപ്പെട്ടു.

**അദ്ധ്യാപകരക്ഷാകർതൃസമിതികളും മാതൃസംഘടനകളും**

അദ്ധ്യാപക രക്ഷാകർതൃസമിതികളും മാതൃസംഘടനകളും എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇവ സജീവമാണെങ്കിലും സ്കൂൾ പ്രവർത്തനത്തിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ക്ലാസ് റൂം P.T.A കൾ ഒരു സ്കൂളിലും പ്രവർത്തിക്കുന്നില്ല. ഇത് രൂപീകരിക്കുന്നതും, രക്ഷിതാക്കൾക്ക് ക്ലാസ് സന്ദർശിക്കുന്നതിനുള്ള അവസരം നല്കുന്നതും ഉചിതമായിരിക്കും.

**ആദിവാസി ദുർബ്ബല വിഭാഗങ്ങളുടെ വിദ്യാഭ്യാസം**

അഞ്ചു വയസ്സിനും പതിനഞ്ചു വയസ്സിനും ഇടയിലുള്ള എല്ലാ ആദിവാസി കുട്ടികളേയും സ്കൂളുകളിൽ എത്തിക്കുന്നതിനും നിലനിർത്തുന്നതിനും സാധിക്കുന്നില്ല. സ്കൂളിൽ ചേർക്കപ്പെടുന്ന ആദിവാസിക്കുട്ടികളിൽ ന്യൂനപക്ഷം മാത്രമേ യു.പി.–ഹൈസ്കൂൾ ക്ലാസുകളിൽ എത്തിപ്പെടുന്നുള്ളൂ. ഈ പഞ്ചായത്തിൽ ആദിവാസി വിഭാഗത്തിൽ വളരെക്കുറച്ചു കുട്ടികൾ മാത്രമേ S.S.L.C പരീക്ഷ എഴുതിയിട്ടുള്ളൂ. പാസ്സായവർ വിരളം. SC/ST കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 11ൽ കൊടുത്തിരിക്കുന്നു.

മുള്ളൻകൊല്ലിയിലും, കാപ്പിസെറ്റിലും ഓരോ ട്രൈബൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മുപ്പതു വീതം കുട്ടികൾക്കാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്. ഈ ഹോസ്റ്റലുകൾ നമ്മുടെ പ്രതീക്ഷയ്ക്കൊത്ത് ഫലം നല്കുന്നില്ല. ട്രൈബൽ റസിഡൻഷ്യൽ സ്കൂളുകളാണ് കടുതൽ ഫലം ചെയ്യുക. ആദിവാസികുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. അവരുടെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഊന്നിക്കൊണ്ടുള്ള പ്രൈമറി വിദ്യാഭ്യാസം നല്കിക്കൊണ്ട് അപ്പർ പ്രൈമറി തലം ആകുമ്പോഴേക്കും മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ കഴിയുന്ന പദ്ധതികളായിരിക്കും കൂടുതൽ ഉചിതം. കുട്ടികൾക്ക് ആഹാരവും വസ്ത്രവും മറ്റു ഭൗതിക സൗകര്യങ്ങളും ലഭ്യമാക്കണം. സാക്ഷരതാ പ്രവർത്തനങ്ങളിലൂടെ രക്ഷിതാക്കളെ ബോധവത്ക്കരിക്കുകയും വേണം.

മറ്റു ദുർബ്ബല വിഭാഗങ്ങളുടേയും പിന്നോക്കാവസ്ഥ പരിഹരിക്കപ്പെട്ടിട്ടില്ല. ഈ കുട്ടികളുടെ പഠന നിലവാരവും വളരെ താഴ്ന്നതാണ്.

**കൊഴിഞ്ഞുപോകൽ**

പ്രമോഷൻ സമ്പ്രദായം വളരെ ഉദാരമാണെങ്കിലും തോറ്റുപഠിക്കുന്ന കുട്ടികൾ അധികവും പഠനം നിർത്തുന്നു. കൊഴിഞ്ഞുപോക്കു സംബന്ധിച്ച് കഴിഞ്ഞ അഞ്ചുവർഷത്തെ വിവരങ്ങൾ ശേഖരിച്ച് പഠനം നടത്തണം.

**ഡിവിഷൻ ഫാൾ**

കുട്ടികൾ കുറയുന്നതുമൂലം നാലു സ്കൂളുകളിൽ ഡിവിഷൻ കുറയുകയും അധ്യാപകരുടെ ജോലി നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട് മുള്ളൻകൊല്ലി യു.പി, ഹൈസ്കൂൾ, പാടിച്ചിറ യു.പി. കബനിഗിരി യുപി എന്നീ എയിഡഡ് സ്കൂളുകളിൽ ഡിവിഷൻ നഷ്ടപ്പെട്ടിട്ടുണ്ട്. സർക്കാർ സ്കൂളുകളിലും ഡിവിഷൻ കുറയുന്നുണ്ട്.

ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങളും സാധ്യതകളും താഴെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

- പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച
- സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ കുറവ്

- സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത
- വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ
- ആദിവാസികുട്ടികൾ മുഴുവനും സ്കൂളിൽ ചേർക്കപ്പെടുന്നില്ല. പ്രൈമറി തലത്തിൽ തന്നെ അധികവും കൊഴിഞ്ഞുപോകുന്നു.
- പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇല്ല.
- ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം തീരെ ഇല്ല.
- അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ ശക്തമല്ല
- ആദിവാസി കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നു
- ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക്.
- തുടർസാക്ഷരതാ പ്രവർത്തനം സജീവമല്ല. ആദിവാസികളുടേയും സ്ത്രീ കളുടേയും നിരക്ഷരത വളരെ കൂടുതലാണ്.
- ബഹുജന വിദ്യാഭ്യാസത്തിന്റെ കുറവ്
- പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യം പരിമിതമാണ്
- ഭൂരിപക്ഷം വീടുകളിൽ വൈദ്യുതി ഇല്ലാത്തത് ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗം പരിമിതപ്പെടുത്തുന്നു.

**സാധ്യതകൾ**

1. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിന് പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കുക, ആദിവാസിവിദ്യാഭ്യാസം, സാക്ഷരതാ, ബഹുജനവിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, പ്രീപ്രൈമറി വിദ്യാഭ്യാസം, ഗ്രന്ഥശാലാ പ്രവർത്തനം എന്നിവയ്ക്ക് സബ്കമ്മിറ്റികളും രൂപീകരിക്കണം.

2. പഞ്ചായത്ത് വിദ്യാഭ്യാസ സമിതികൾ പോലെ വാർഡു വിദ്യാഭ്യാസ സമിതികളും സബ്കമ്മിറ്റികളും രൂപീകരിക്കണം.

3. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക, അക്കാദമിക് നിലവാരം ഉയർത്തുന്നതിന് അധ്യാപക പരിശീലന പരിപാടികൾ, ശില്പശാലകൾ, പഠനോപകരണ നിർമ്മാണം വിദ്യാർത്ഥികൾക്കായുള്ള വിവിധ പരിപാടികൾ തുടങ്ങിയവ സ്കൂൾ കോംപ്ലക്സിലൂടെ നടപ്പാക്കണം.

4. എല്ലാ ഹൈസ്കൂളുകളും കേന്ദ്രീകരിച്ച് ഓരോ

പട്ടിക 11

മുള്ളൻകൊല്ലി പഞ്ചായത്തിലെ SC/ST കുട്ടികൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | SC/ST കുട്ടികൾ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1 | G.H.S പെരിക്കല്ലൂർ | 95 | 102 | 197 |
| 2 | S.M.H.S.S മുള്ളൻകൊല്ലി | 35 | 37 | 72 |
| 3 | N.H.S. കബനിഗിരി | 20 | 42 | 62 |
| 4 | S.S.U.P പാടിച്ചിറ | 79 | 80 | 159 |
| 5 | S.M.U.P കബനിഗിരി | 15 | 20 | 35 |
| 6 | U.U.P. ശശിമല | | | |
| 7 | G.U.P. കാപ്പിസെറ്റ് | 63 | 44 | 107 |
| 8 | S.T.U.P. മുള്ളൻകൊല്ലി | 142 | 103 | 245 |
| 9 | G.L.P. മരക്കടവ് | 35 | 29 | 64 |
| 10 | G.L.P കൊളവള്ളി | 20 | 17 | 37 |
| 11 | S.T.L.P. പെരിക്കല്ലൂർ | 6 | 3 | 9 |
| | ആകെ | 510 | 477 | 987 |

ശതമാനം 17.83%

സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക.

5. സ്കൂളുകളിലെ നിരക്ഷരത ഇല്ലാതാക്കുന്നതിന് സർവ്വേ നടത്തി 50 ദിവസംകൊണ്ട് അക്ഷരം പഠിപ്പിക്കുന്നതിന് തൊഴിൽ രഹിതരുടെ സഹായത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുക.

6. കൊഴിഞ്ഞുപോക്ക് തടയുന്നതിന് കാരണങ്ങൾ കണ്ടെത്തി പരിഹരിക്കണം.

7. പരിഹാരബോധനം ഉറപ്പുവരുത്തണം.

8. അദ്ധ്യാപകരക്ഷാകർതൃസമിതികളെ കൂടുതൽ മേഖലകളിൽ പങ്കാളികളാക്കണം.

9. 30 വയസ്സിൽ താഴെയുള്ള S.S.L.C പാസ്സാകാത്തവർക്കുവേണ്ടി ഹൈസ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക S.S.L.C ക്ലാസ്സുകൾ ആരംഭിക്കണം. സായാഹ്നക്ലാസുകൾ ആകാം.

10. സ്കൂളുകളോടനുബന്ധിച്ച് തയ്യൽ, കംപ്യൂട്ടർ, ടൈപ്പ് റൈറ്റിംഗ് തുടങ്ങിയവ പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. എല്ലാ വാർഡുകളിലും ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ആരംഭിക്കണം.

11. ഒരു ITI പഞ്ചായത്തിൽ സ്ഥാപിക്കണം

12. എല്ലാ ഹൈസ്കൂളുകളും ഹയർസെക്കന്ററി ആക്കണം

13. സ്കൂളുകളുടേയും, അംഗൻവാടികളുടെയും ഗ്രന്ഥശാലകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

14. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകളിൽ തുടങ്ങണം

15. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വ്യാപകമാക്കണം

16. തുടർസാക്ഷരത, ഒന്നാംഘട്ടം പോലെ ജനകീയമാക്കണം

17. സാമ്പത്തിക സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം നല്കണം

18. മന്ദബുദ്ധികൾ, അന്ധർ, ബധിരർ ആയിട്ടുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തണം

19. ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന വിദ്യാഭ്യാസ രീതി വേണം

പഞ്ചായത്തിന്റെ പൊതുപ്രശ്നങ്ങളിൽ പെടാത്തതും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതുമായ പ്രശ്നങ്ങളും സാധ്യതകളും

വാർഡ്–1

സെന്റ് തോമസ് എൽ.പി അപ്ഗ്രേഡ് ആക്കുക

പാതിരി നിലത്തെഴുത്തുകളരിക്ക് ഗ്രാന്റും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുക.

വാർഡ്–2

പാതിരിയിൽ ജനശിക്ഷണനിലയം തുടങ്ങണം

പട്ടാണിക്കൂപ്പിൽ പ്രീപ്രൈമറി–പ്രൈമറി സ്കൂൾ അനുവദിക്കണം.

വാർഡ്–3

പാളക്കൊല്ലിയിൽ എൽ.പി. സ്കൂൾ സ്ഥാപിക്കണം

വാർഡ്–4

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകരണ അടിസ്ഥാനത്തിൽ അനുവദിക്കണം.

വാർഡ്–5

കടമ്പൂരിൽ പ്രാഥമിക വിദ്യാലയം വേണം

മൂന്നുപാലത്ത് അംഗൻവാടി സ്ഥാപിക്കണം

പഞ്ചായത്ത് സ്റ്റേഡിയത്തോടനുബന്ധിച്ച് ഒരു കായിക പരിശീലന കേന്ദ്രം സ്ഥാപിക്കണം

വാർഡ്–6

മരക്കടവ് എൽ.പി. സ്കൂളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കണം.

ആദിവാസിഭൂമിയിൽ ട്രൈബൽ റസിഡൻഷ്യൽ സ്കൂൾ .സ്ഥാപിക്കണം

ഗൗഡ വിഭാഗത്തിലുള്ളവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കണം

പ്രൈമറി തലത്തിൽ കായികാധ്യാപകനെ നിയമിക്കണം. നിർമ്മല ഹൈസ്കൂളിന്റെ ഗ്രൗണ്ട് വികസിപ്പിക്കണം. ശ്രുതി ഗ്രന്ഥശാലയ്ക്ക് അംഗീകാരം നല്കണം.

വാർഡ്–7

പറുദീസയിലെ ശിശുമന്ദിരം, വായനശാല സീതാമൗണ്ടിലെ വായനശാല ഇവ പ്രവർത്തനക്ഷമമാക്കണം. പട്ടികജാതി വിഭാഗത്തിനു വേണ്ടി അംഗൻവാടി കിഴക്കേ കുന്നിൽ സ്ഥാപിക്കണം കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് തടയണം.

വാർഡ്–8

ചണ്ണോത്തുകൊല്ലിയിൽ DPEP സ്കൂൾ അല്ലെ

ങ്കിൽ ഒരു പ്രൈമറി സ്കൂൾ ഉടൻ ആരംഭിക്കണം ശശി മല, സേവ്യംകൊല്ലി എന്നിവിടങ്ങളിൽ പുതിയ അംഗൻവാടി തുടങ്ങണം

ചണ്ണോത്തുകൊല്ലി, തറപ്പത്തു കവല എന്നിവിട ങ്ങളിൽ ജനശിക്ഷണ നിലയം അനുവദിക്കണം

വാർഡ്–9

ശശിമല സ്കൂൾ ഹൈസ്കൂൾ ആക്കണം, യാത്രാ സൗകര്യം വർദ്ധിപ്പിക്കണം

വാർഡ്–10

കാപ്പിസെറ്റ് യു.പി. ഹൈസ്കൂൾ ആക്കണം. വിദ്യാർത്ഥി കളുടെ സൗകര്യത്തിനായി പ്രത്യേക ബസ് സർവ്വീസ് വേണം

വാർഡ്–11

കൊളവള്ളി L.Pസ്കൂൾ U.Pആക്കണം. കായിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നല്കണം.

ഐശ്വര്യകവലയിൽ അംഗൻവാടി ആരംഭി ക്കണം,

സീതാമൗണ്ടിൽ നഴ്സറിസ്കൂളും പ്രീമെട്രിക് സ്കൂളും തുടങ്ങണം

കൊളവള്ളി ജനവിദ്യാകേന്ദ്രത്തിൽ ഗ്രന്ഥശാല തുടങ്ങണം

വാർഡ്–12

സുരഭിക്കവലയിൽ അംഗൻവാടി വേണം

**സംസ്ഥാനതലത്തിൽ വരുത്തേണ്ട നയവ്യതിയാന ങ്ങൾ**

1. സർക്കാർ സ്കൂളുകളിലെ താല്ക്കാലിക നിയ മനം വ്യക്തമായ മാനദണ്ഡങ്ങളോടെ ഗ്രാമപഞ്ചായ ത്തുകളെ ഏല്പിക്കണം. വിവിധ പരീക്ഷകളിലെ മാർക്കു കൾക്ക് നിശ്ചിത വെയിറ്റേജ് നല്കാം. കൂടാതെ തദ്ദേ ശവാസികൾക്ക് പരിഗണന നൽകുകയും വേണം. ഇതിന്റെ ലിസ്റ്റ് മേയ്മാസത്തിൽ തയ്യാറാക്കണം.

2. കലാകായിക പരിശീലനം പ്രൈമറി തലം മുതൽ നിർബന്ധിതമാക്കണം. പരിശീലനം സിദ്ധിച്ച അദ്ധ്യാ പകരെ നിയമിക്കണം.

3. മൂല്യനിർണ്ണയം വിവിധ കഴിവുകൾ കൂടിപരി ശോധിക്കുന്ന വിധത്തിൽ പരിഷ്ക്കരിക്കണം

4. സാർവ്വത്രിക സൗജന്യവിദ്യാഭ്യാസം S.S.L.C വരെ നിർബന്ധിതമാക്കണം

5. ആദിവാസി വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതി രൂപീകരിക്കണം

6. പഠന–ബോധന മാധ്യമം S.S.L.C വരെ മാതൃഭാഷയിലായിരിക്കണം.

7. പ്രീപ്രൈമറി മേഖലയിൽ സർക്കാർ വ്യക്ത മായ നിയന്ത്രണങ്ങൾ കൊണ്ടുവരണം. പ്രീപ്രൈമ റിയിൽ മാതൃഭാഷയല്ലാതെ മറ്റൊരു ഭാഷയും പഠിപ്പി ക്കരുത്. കളികൾക്ക് പ്രാധാന്യം നല്കണം.

8. വിദ്യാഭ്യാസം കൂടുതൽ ജീവിതഗന്ധിയാകും വിധം സിലബസ് പരിഷ്ക്കരിക്കണം.

9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഹൈസ്കൂൾ തലം മുതൽ നിർബന്ധിതമാക്കണം. കൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം നല്കണം.

10. അധ്യാപക–വിദ്യാർത്ഥി അനുപാതം കുറയ്ക്കണം

11. വിവിധ മൂല്യങ്ങൾ പകർന്നുകൊടുക്കത്തക്ക വിധം സന്മാർഗ്ഗ പഠനം നിർബന്ധിതമാക്കണം.

വിദ്യാഭ്യാസത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാ യെങ്കിൽ മാത്രമേ സാമൂഹ്യ പുരോഗതി ഉറപ്പാക്കാൻ കഴിയൂ. വികസന രംഗത്തെ കുതിച്ചുചാട്ടത്തിന് വിദ്യാ ഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി നമുക്കു തയ്യാ റാകാം.

N.B.പട്ടികകൾ തയ്യാറാക്കിയിരിക്കുന്നത് സെക്കന്ററി ഡാറ്റാ അടിസ്ഥാനമാക്കിയാണ്.

# കുടിവെള്ളം പൊതുജനാരോഗ്യം

## കുടിവെള്ളം

ഈ പഞ്ചായത്തിലെ ജനസംഖ്യ 28871ഉം അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന് കാർഷിക ജോലികൾ ചെയ്യുന്ന മറ്റൊരു 4000ത്തോളം ആളുകളും കൂടി 32871 ആണ്.

ഈ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ 65ൽപരം പൊതു കിണറുകളും 22 കുഴൽ കിണറുകളും 570ൽ പരം സ്വകാര്യ കിണറുകളും ആണ്. ഈ കിണറുകളിൽ പലതിലും ആറുമാസത്തോളമേ വെള്ളം ലഭിക്കാറുള്ളൂ. രണ്ടായിരത്തിൽ താഴെ കുടുംബങ്ങൾക്ക് മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പ്രധാന പ്രശ്നം അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ്. സാധാരണ വ്യക്തികൾക്ക് സ്വന്തമായി കിണറുകൾ കുഴിക്കുക അസാധ്യമാണ്. കിണറുകൾ കുഴിക്കണമെങ്കിൽ ഏറ്റവും അടിയിൽ നിന്ന് കരിങ്കല്ലുകൾ കെട്ടിക്കയറുകയോ റിംഗ് വാർത്ത് കുഴിക്കുകയോ വേണം. വയനാട് ഒഴികെയുള്ള മറ്റ് പ്രദേശങ്ങളിൽ 10000 രൂപ മുതൽ 15000 രൂപ വരെ മുതൽ മുടക്കിയാൽ ഒരു കിണർ കുഴിക്കാൻ സാധിക്കും. പക്ഷെ ഇവിടെ ഒരു ലക്ഷം രൂപ മുതൽ ഒന്നരലക്ഷം രൂപ വരെ ചെലവു വരും. 100 അടി വരെ താണിട്ടും വെള്ളം ലഭിക്കാത്ത കിണറും ഉണ്ട്. അതുകൊണ്ട് താഴ്‌വരകളിലെ നീർച്ചാലുകളോടനുബന്ധിച്ച് ചെറിയ കുടിവെള്ളപദ്ധതി ആണ് ഉണ്ടാകേണ്ടത്. പക്ഷേ ഇതിന് പ്രധാന തടസ്സം ഈ നീർച്ചാലുകൾ സ്വകാര്യ വ്യക്തികളുടെ കൈവശം ആണ് എന്നുള്ളതാണ്. സാധാരണക്കാരധികവും താമസിക്കുന്നത് ഉയർന്ന കുന്നിൻ പ്രദേശങ്ങളിലാണ്. പല വീടുകളിലും ഒരാൾ വീതമെങ്കിലും വീട്ടാവശ്യത്തിന് കുടിവെള്ളം സംഭരിക്കാൻ വേണ്ടി ദിവസവും കിലോ മീറ്ററോളം സഞ്ചരിക്കേണ്ടിവരുന്നു. ഇത് സ്ത്രീകളുടെ ആരോഗ്യ പ്രശ്നം, കുട്ടികളുടെ വിദ്യാഭ്യാസം, മറ്റു തൊഴിലുകൾ ചെയ്യുന്നതിനുള്ള സമയം ലഭിക്കായ്ക മുതലായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

ഈ പ്രദേശത്ത് കുഴൽ കിണറുകളിൽ സുഭിക്ഷമായി വെള്ളം ലഭിക്കാറില്ല. ലഭിക്കുന്ന വെള്ളം കുടിക്കാൻ പറ്റുന്നതല്ല.

### 1. പുൽപ്പള്ളി മുള്ളൻകൊല്ലി ശുദ്ധജലവിതരണ പദ്ധതി

പുൽപ്പള്ളി മുള്ളൻകൊല്ലി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി KWA 1985ൽ സുമാർ 76ലക്ഷം രൂപ മതിപ്പുചിലവിൽ 30000 പേർക്ക് കുടിവെള്ളം എത്തിക്കുക എന്ന് ലക്ഷ്യത്തോടെ LICയുടെ സാമ്പത്തിക സഹായത്താൽ 182 ലക്ഷം രൂപ മുടക്കിയിട്ടും 12 വർഷങ്ങൾക്കു ശേഷവും യാതൊരു പ്രയോജനവും ജനങ്ങൾക്ക് ലഭിച്ചിട്ടില്ല. നിരവധി തവണ ഉത്ഘാടനം മാറ്റിവെച്ച ഈ പദ്ധതി 1997 മാർച്ചിൽ ഉത്ഘാടനം ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു.

### 2. ശശിമല ശുദ്ധജല വിതരണ പദ്ധതി

1990ൽ 20ലക്ഷം രൂപ മതിപ്പുചിലവിൽ 3000 പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി KWA വിഭാവനം ചെയ്ത പദ്ധതി 6 വർഷങ്ങൾക്ക് ശേഷവും പണി പൂർത്തിയായിട്ടില്ല.

### 3. സീതാമൗണ്ട് ശുദ്ധജലവിതരണ പദ്ധതി

1996ൽ 6 ലക്ഷം രൂപ മതിപ്പുചിലവിൽ 500 പേർക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി KWA വിഭാവനം ചെയ്തു പണിതുടങ്ങി.

4. സീതാമൗണ്ടിൽ JRY സ്കീമിൽ നിർമ്മിച്ചു പ്രവർത്തിക്കുന്ന പദ്ധതി 60 ഓളം കുടുംബങ്ങൾക്ക്

പ്രയോജനപ്പെടുന്നു.

5. ഒന്നാം വാർഡിൽ ഭൂതാനം കുന്നിൽ 60 കുടുംബങ്ങൾക്ക് ഉപകരിച്ചുകൊണ്ടിരുന്ന പദ്ധതി മുടങ്ങിക്കിടക്കുന്നു.

6. പാടിച്ചിറ സേവ്യം കൊല്ലി പ്രദേശത്ത് JRY സ്കീമിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പദ്ധതിയുടെ വിപുലീകരണം MPഫണ്ട് ഉപയോഗിച്ചു നടന്നുവരുന്നു.

7. കൊളവള്ളി പ്രദേശത്ത് ട്രൈബൽ സ്കീമിൽ ഒരു പദ്ധതി പ്രവർത്തിക്കുന്നു. 90 ഓളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

8. പാടിച്ചിറ കിഴക്കെ കുന്നിൽ JRY സ്കീമിൽ 32 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി പ്രവർത്തിക്കുന്നു.

9. പാടിച്ചിറ പറുദീസ പ്രദേശത്ത് JRY സ്കീമിൽ 75ഓളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതി പൂർത്തിയായി വരുന്നു.

10. കബനിഗിരിയിൽ ആരംഭിച്ച ചെറുകിട പദ്ധതി 1,20,000 രൂപ മുടക്കി എങ്കിലും ഇതുവരേയും കിണർ ഭാഗികമായി മാത്രമേ കുഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ഈ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരമാകേണ്ട മുള്ളൻകൊല്ലി പുൽപ്പള്ളി ശുദ്ധജലവിതരണപദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുക. പദ്ധതിയുടെ പൈപ്പ് ലൈൻ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും നീട്ടി പ്രയോജനപ്പെടുത്തുക.

ശശിമല ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുക. ശശിമലകുന്നിന്റെ മുകളിൽ ഒരു ടാങ്ക് കൂടി നിർമ്മിക്കുക.വേണ്ടിവന്നാൽ കിണറിന്റെ ആഴം കൂട്ടുക. ഈ പ്രദേശത്തെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കും.

ഒന്നാം വാർഡിൽ ഭൂതാനംകുന്നിൽ മുടങ്ങിക്കിടക്കുന്ന പദ്ധതി പ്രവർത്തനക്ഷമമാക്കണം. മൂന്നുപാലം കുന്നിൽ ടാങ്ക് നിർമ്മിച്ച് ബ്ലോക്ക് കിണറിൽ നിന്നും വെള്ളം ശേഖരിച്ച് ചേട്ടൻ കവല പ്രദേശത്ത് വിതരണം നടത്തണം.

പാതിരി, പെരിക്കല്ലൂർ, മിച്ചഭൂമി കോളനി, ഹൈസ്കൂൾ കവല, അങ്ങാടി എന്നിവിടങ്ങളിലും കുടിവെള്ളമെത്തിക്കണം. ഹൈസ്കൂളിന് മേലെ മിച്ചഭൂമി കുന്നിൽ വെള്ളമെത്തിക്കണം.

രണ്ടാംവാർഡിൽ മുസ്ലിം പള്ളിക്ക് സമീപവും സ്റ്റേഡിയം റോഡിന് സമീപവും പട്ടാണിക്കൂപ്പ് അങ്ങാടിയിലും കുടിവെള്ളമെത്തിക്കണം

പാതിരി സൗത്തിൽ MP ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ശുദ്ധജല വിതരണ പദ്ധതിക്ക് തികയാതെ വരുന്ന പണം അനുവദിക്കുക. പാതിരി നോർത്തിലുള്ള പൊതു കിണറിലെ വെള്ളം മോട്ടോർ ഉപയോഗിച്ച് വിതരണം നടത്തുക.

മൂന്നാം വാർഡിൽ പാളക്കൊല്ലിയിൽ കടമാൻതോടിന് സമീപവും കിണ്ണിൻ ചിറ കേന്ദ്രമാക്കിയും ഇരിപ്പൂട് കോളനിയിലും ശുദ്ധജലവിതരണം നടത്തുക.

നാലാം വാർഡിൽ ഇടമലയിൽ MP ഫണ്ടിൽ നിന്ന് അനുവദിച്ച കുടിവെള്ള പദ്ധതിക്ക് തികയാതെ വരുന്ന പണം അനുവദിക്കുക. ഇല്ലത്ത് പ്രദേശം, വാടാനക്കവല LP സ്കൂളിന് സമീപം എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കുക. ആലത്തൂർ കരിമാംകുന്ന് പ്രദേശത്ത് ശുദ്ധജലം എത്തിക്കണം.

അഞ്ചാംവാർഡിൽ മേലേപാടിച്ചിറ, മാടൽ, ചേലൂർകുന്ന്, മൂന്നുപാലം, അറുപത്കവല പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

ആറാംവാർഡിൽപൂർത്തിയാകാത്തകിണർപൂർത്തിയാക്കി കുഴിപ്പള്ളി കുന്നിൽ ടാങ്ക് കെട്ടി പ്രയോജനപ്പെടുത്തുക. അംബേദ്കർ കോളനിയിൽ പാസ്സായിട്ടുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കയും മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുത്തുകയും ചെയ്യുക.

ഡിപ്പോ, മരക്കടവ്, അറുപത് കവല എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

ഏഴാംവാർഡിൽ പാടിച്ചിറ കിഴക്കേ കുന്നിൽ പ്രവർത്തിക്കുന്ന പദ്ധതിയിൽ നിന്നും ബാക്കിയുള്ളവർക്കുകൂടി ജലവിതരണം നടത്തുക.

പടിഞ്ഞാറെ കുന്നിൽ 40ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന പദ്ധതി നടപ്പാക്കണം. കിണറിനും ടാങ്കിനും സ്ഥലം സൗജന്യമായി ലഭിക്കും. ജനപങ്കാളിത്തവും ഉറപ്പിക്കാം. വാഴക്കവല, മേലേ പാടിച്ചിറ, ഇല്ലിമിക്ക് ഈ പ്രദേശത്ത് അറുപത് കുടുംബങ്ങൾക്ക് വേണ്ടി കുടിവെള്ള പദ്ധതി നടപാക്കണം. കിണറിന് സ്ഥലം സൗജന്യമായി ലഭിക്കും.

എട്ടാംവാർഡിൽ ശശിമല, സീതാമൗണ്ട്, സേവ്യംകൊല്ലി എന്നീ ശുദ്ധജലവിതരണ പദ്ധതികൾ

വിപുലീകരിച്ച് വാർഡിൽ മുഴുവൻ പ്രയോജനപ്പെടുത്തണം. കുന്നത്തുകവല താഴെ ഭാഗത്ത് കുടിവെള്ളമെത്തിക്കണം.

ഒമ്പതാം വാർഡിൽ കുന്നത്ത് കവലക്കും ഗാന്ധിറോഡിനും ഇടക്ക് ടാങ്കെട്ടി മുദ്ധള്ളി തോടിന് സമീപം കുളം കുത്തി ശുദ്ധജല വിതരണം നടത്തണം. പള്ളി കിണർ വൃത്തിയാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തണം.

പത്താംവാർഡിൽ മാടപ്പള്ളിക്കുന്ന്, കാപ്പിപ്പാടി കുന്ന് കോട്ടയം കുന്ന് എന്നിവിടങ്ങളിൽ ജലവിതരണം നടത്തണം. പാറക്കടവിൽ ഒരു പൊതു കിണർ കുഴിക്കണം. സ്കൂളിലും സ്കൂളിന്റെ പരിസരത്തും കുടിവെള്ളം എത്തിക്കണം.

പതിനൊന്നാം വാർഡിൽ സീതാമൗണ്ടിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡീസൽ എഞ്ചിൻ മാറ്റി പകരം വൈദ്യുതി മോട്ടോർ ആക്കുക. ഐശ്വര്യക്കവലയിൽ വിഭാവനംചെയ്ത പദ്ധതിക് സാമ്പത്തിക വിഹിതം വർദ്ധിപ്പിക്കുക. കൊളവള്ളി ശുദ്ധജലവിതരണ പദ്ധതി വൈദ്യുതീകരിക്കുക.

പന്ത്രണ്ടാം വാർഡിൽ വെട്ടിക്കക്കുന്ന്, വെട്ടുകാട്ടിൽ കവല, സുരഭിക്കവല, രണ്ടാനിക്കൽ പ്രദേശം, കാട്ടാം കോട്ടിൽ പ്രദേശം, ഉദയക്കവല എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കുക. കിണറിന് അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാണ്. ശശിമല യു.പി.സ്കൂൾ വക കുഴൽ കിണർ നന്നാക്കി വൈദ്യുത മോട്ടോർവെച്ച് വെള്ളം വിതരണം ചെയ്യണം.

നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ ഗുണഭോക്താക്കൾ തന്നെ സംരക്ഷിക്കുകയും ജലസംരക്ഷണ പ്രവർത്തികൾ നടത്തി ശേഷി വർദ്ധിപ്പിക്കുകയും ചെയ്യണം. പുതുതായി തുടങ്ങുന്ന പദ്ധതികളുടെ പ്രവർത്തനത്തിന്റെ എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തവും ഗുണനിലവാരവും ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കണം.

ശുദ്ധജലം ലഭ്യമാക്കുന്നതിന് വൈദ്യുതി മുൻഗണനാക്രമത്തിൽ നല്കണം.

ശുദ്ധജല വിതരണ പദ്ധതികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുക.

പ്രകൃതിയുടേയും മലകളുടേയും വരദാനമായി ലഭിച്ച നീർച്ചാലുകൾ സ്വകാര്യവൽക്കരിക്കാതെ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കണം.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി കമ്പനികളുടേയോ സന്നദ്ധസംഘടനകളുടേയോ സ്പോൺസർഷിപ്പ് പ്രതീക്ഷിക്കുന്നു.

## ആരോഗ്യം

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പ്രധാന ആരോഗ്യ പ്രശ്നം അതിരൂക്ഷമായ ശുദ്ധജല ദൗർലഭ്യമാണ്. അതിനാൽതന്നെ രോഗങ്ങൾ അധികവും പരിസരജന്യമാണ്. ഈ പഞ്ചായത്തിലെ രോഗികളിൽ അധികവും സ്ത്രീകളാണ്.

പഞ്ചായത്തിലെ ആരോഗ്യപരിപാലന രംഗത്തുള്ള പ്രധാന സ്ഥാപനം പാടിച്ചിറ കേന്ദ്രമായി പ്രവർത്തിക്കുന്ന മുള്ളൻകൊല്ലി പ്രാഥമിക ആരോഗ്യകേന്ദ്രമാണ്. 1981ൽ പ്രവർത്തിച്ചുതുടങ്ങിയ ഈ സ്ഥാപനം ആദ്യം പാടിച്ചിറ ടൗണിലും പിന്നീട് പറുദീസ എന്ന സ്ഥലത്തും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയായിരുന്നു. അതിനുശേഷം പാടിച്ചിറയിൽ ശ്രീ.കിഴക്കേഭാഗത്ത് തോമസ് സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്ത് പഞ്ചായത്ത് JRY ഫണ്ട് ഉപയോഗിച്ച് (186000 രൂപ) 1989-ൽ പണി തുടങ്ങുകയും 1991ൽ പൂർത്തീകരിക്കുകയും തുടർന്ന് 1992ൽ പ്രവർത്തനം ആരംഭിക്കുകയും. ചെയ്തു. നിലവിലുള്ള ഡോക്ടറുടെ തസ്തിക പലപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്.

ഈ PHCയുടെ കീഴിൽ പാളകൊല്ലി, പട്ടാണിക്കൂപ്പ്, ചേലൂർ, ക്രിഗനൂർ, ചാമപ്പാറ, ശശിമല, എന്നീ കുടുംബക്ഷേമ കേന്ദ്രങ്ങൾ ഉള്ളതിൽ ചേലൂർ, ക്രികനൂർ എന്നീ കേന്ദ്രങ്ങൾ വാസയോഗ്യമല്ലാത്തതിനാൽ ജൂനിയർ PHNS ഇവിടെ താമസിക്കുന്നില്ല.

മുള്ളൻകൊല്ലി കേന്ദ്രമായി ഹോമിയോ ഡിസ്പെൻസറി നിലവിലുണ്ടെങ്കിലും ഡോക്ടർ ഇല്ലാത്തതിനാൽ ജനങ്ങൾക്ക് പ്രയോജനമില്ല.

സീതാമൗണ്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പൻസറിയിൽ ഡോക്ടറുടെതടക്കമുള്ള സേവനം ലഭ്യമാണെങ്കിലും ആവശ്യമായ മരുന്ന് ഉണ്ടാകാറില്ല. ഈ പ്രദേശത്തേക്കുള്ള യാത്രാ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം.

### സ്വകാര്യസ്ഥാപനങ്ങൾ

മുള്ളൻകൊല്ലി കേന്ദ്രമായി ക്വീൻമേരി ഹോസ്പി

(പട്ടിക -1 ) മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് കുടിവെള്ളം സംബന്ധിച്ച്

| വാർഡ് | വീടുകൾ | പൊതു കിണർ | കുഴൽ കിണർ | സ്വകാര്യ കിണർ | പ്രയോജനം ലഭിക്കുന്നവർ | വെള്ളം ഇല്ലാത്തവർ | നിലവിലുള്ള പദ്ധതികൾ | പണിനടക്കുന്നതും മുടങ്ങിയതുമായ പദ്ധതികൾ | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 490 | 9 | 2 | 47 | 126 | 364 | - | ഭൂതാനം കുന്ന് മുടങ്ങിക്കിടക്കുന്നു | ചേട്ടൻകവല, പാതിരി, പെരിക്കല്ലൂർ, മിച്ചഭൂമി, ഹൈസ്കൂൾകവല, അങ്ങാടി. |
| 2 | 489 | 6 | 2 | 45 | 131 | 358 | - | - | പാതിരി സൗത്ത്, നോർത്ത്, പട്ടാണിക്കൂപ്പ്, മുസ്ലീം പള്ളിക്ക് സമീപം, നാലകത്ത് പ്രദേശം. |
| 3 | 273 | 6 | 2 | 52 | 121 | 152 | - | - | പാളക്കൊല്ലി, കിണ്ണൻചിറ, ഇരിപ്പൂട് |
| 4 | 410 | 3 | 2 | 56 | 179 | 231 | - | - | ഇടമല, ഇല്ലത്ത്, വാടാനക്കവല, ആലത്തൂർ |
| 5 | 651 | 5 | 4 | 42 | 258 | 391 | - | - | മേലേപ്പാടിച്ചിറ, മാടൽ, ചേലൂർക്കുന്ന്, മൂന്ന് പാലം, 60കവല |
| 6 | 688 | 12 | 1 | 49 | 427 | 231 | - | കബനിഗിരി ചെറുകിടപദ്ധതി | അംബേദ്കർ കോളനിപരിസരം, കബനിഗിരി, ശ്രുതിനഗർ, ഡിപ്പോ, മരക്കടവ്, 60കവല |
| 7 | 522 | 5 | 2 | 42 | 296 | 226 | പാടിച്ചിറ കിഴക്കേക്കുന്ന് | പറുദീസക്കുന്ന് | പടിഞ്ഞാറെക്കുന്ന്, മേലേപാടിച്ചിറ, ഇല്ലിമുക്ക്, വാഴക്കവല, മറ്റുഉയർന്നപ്രദേശങ്ങൾ |
| 8 | 548 | 4 | 2 | 46 | 394 | 154 | സേവ്യം കൊല്ലി | ശശിമല, സീതാമൗണ്ട് | പദ്ധതികൾ വിപുലീകരിക്കുക, കുന്നത്ത്കവല |
| 9 | 182 | 2 | - | 48 | 120 | 62 | - | - | വാർഡിന്റെ ഉയർന്നപ്രദേശങ്ങൾ |
| 10 | 505 | 6 | 4 | 50 | 357 | 148 | - | - | മാടപ്പള്ളി, കാപ്പിപ്പാടി, കോട്ടയംകുന്ന് സ്കൂൾപരിസരം. |
| 11 | 478 | 4 | - | 51 | 368 | 110 | സീതാമൗണ്ട്, കൊളവള്ളി | - | ഐശ്വര്യക്കവല, മറ്റുഉയർന്ന പ്രദേശങ്ങൾ |
| 12 | 495 | 3 | 1 | 42 | 362 | 133 | - | - | വെട്ടിക്കക്കുന്ന്, വെട്ടുകാട്ടിൽക്കുന്ന്, സുരഭി രണ്ടാനിക്കൽ, കാട്ടാംകോട്ടിൽ, ഉദയ. |

പുൽപ്പള്ളി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സംയുക്തപദ്ധതി 1985ൽ പണി തുടങ്ങിചിലവ് നാളിതുവരെ 182 ലക്ഷം രൂപ (നൂറ്റി എൺപത്തിരണ്ടുലക്ഷം രൂപ) 30,000 പേർക്ക് പ്രയോജനം ലഭിക്കുന്നതിനു വേണ്ടി അടിയന്തിരമായി കമ്മീഷൻ ചെയ്യണം.

പട്ടിക 2. – മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് ആരോഗ്യരംഗം

| വാർഡ് | വീടുകൾ | sc/st | ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | 490 | 345(Nos) | – |
| 2 | 489 | 63 | IPP സബ്സെന്റർ |
| 3 | 273 | 55 | IPP സബ്സെന്റർ (ഹോമിയോ ഡിസ്പൻസറി) |
| 4 | 410 | 88 | – |
| 5 | 651 | 110 | IPP സബ്ബ്സെന്റർ |
| 6 | 688 | 162 | IPP സബ്ബ്സെന്റർ |
| 7 | 522 | 37 | PHC മുള്ളൻകൊല്ലി |
| 8 | 548 | 80 | – |
| 9 | 182 | – | IPP സബ്ബ്സെന്റർ |
| 10 | 505 | 93 | – |
| 11 | 478 | 120 | IPP സബ്ബ്സെന്റർ, ആയുർവേദ ഡിസ്പൻസറി |
| 12 | 495 | 6 | – |
| | സ്വകാര്യ സാഥാപനം | | |
| 3 | ക്വീൻമേരി ഹോസ്പിറ്റൽ | | |
| 7 | ശ്രീശ ആശുപത്രി | | |

റ്റിലും പാടിച്ചിറ കേന്ദ്രമായി ശ്രീശ ആശുപത്രിയും പ്രവർത്തിക്കുന്നു. പ്രാഥമിക ചികിത്സകൾ മാത്രമേ ഈ ആശുപത്രികളിൽ നിന്നും ലഭിക്കുകയുള്ളൂ. മരക്കടവ് കേന്ദ്രമായി പ്രവർത്തിച്ചുകൊണ്ടിരുന്ന മിഷൻ ആശുപത്രി ഇപ്പോൾ വൃദ്ധമന്ദിരമായി പ്രവർത്തിക്കുന്നു.

**പ്രശ്നങ്ങൾ**

അടുത്തകാലത്തായി ഈ പഞ്ചായത്തിൽ രോഗികളുടെ എണ്ണം വളരെ കൂടുന്നു. ഹൃദയസംബന്ധമായ രോഗങ്ങൾ, കാൻസർ, ഡയബറ്റിക്സ്, ശ്വാസകോശരോഗങ്ങൾ പരിസരജന്യരോഗങ്ങളായ മലമ്പനി, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, പകർച്ചവ്യാധികളായ ത്വക്ക് രോഗങ്ങൾ, വിരരോഗങ്ങൾ, ക്ഷയം, കണ്ണുരോഗങ്ങൾ ഇവകൂടാതെ ആമാശയരോഗങ്ങൾ സ്ത്രീകളുടേതായ അസുഖങ്ങൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. ഈ പ്രദേശത്തെ ജനങ്ങളിൽ 40%ത്തിൽ അധികം പേർ ദന്തരോഗം ബാധിച്ചവരാണ്.

വയനാട് ജില്ലയിലെ ഉദ്യോഗസ്ഥലാവണങ്ങൾ പലതും ശിക്ഷണനടപടികൾക്ക് വേണ്ടിയും പ്രമോഷൻ നിയമനത്തിന് വേണ്ടിയും മാറ്റിവെച്ചിരിക്കുന്നതിനാൽ കൃത്യനിർവഹണകാര്യത്തിൽ യാതൊരു കാര്യക്ഷമതയും ഇല്ല. യാതൊരു ഉത്തരവാദിത്വവും ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് ഇവർ തയ്യാറാകില്ല. ഇവരൊക്കെ തിരികെ നിയമനം ശരിയാക്കുന്നതിനുവേണ്ടിയും ശരിയാകുന്നതുവരെ ശാരീരികമായി ഇവിടെ കഴിച്ചുകൂട്ടുന്നു. സംസ്ഥാനത്തെ മുഴുവൻ ലാവണങ്ങളിലും നിയമനം നടന്നുകഴിഞ്ഞെങ്കിൽ മാത്രമേ വയനാട്ടിലെ ഒഴിവുകൾ നികത്തപ്പെടാറുള്ളൂ.

വയനാട് ജില്ലാ മെഡിക്കൽ ഓഫീസിന്റെ അനാസ്ഥ ഈ പിന്നോക്ക ജില്ലയിലെ വിവിധ കേന്ദ്രങ്ങൾക്കായുള്ള ഫണ്ടുകൾ ലാപ്സാക്കി കളയുന്നുണ്ട്. സ്ഥാപനങ്ങളിൽ നിന്നു തിരിയാനിടമോ അടിസ്ഥാന സൗകര്യങ്ങളോ ലഭിക്കപ്പെടാതെ പോകുന്നു. അതേ സമയം ആരുടെയൊക്കെയോ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ചില കേന്ദ്രങ്ങളിൽ കോടി കണക്കിന് രൂപയുടെ കെട്ടിടങ്ങൾ ഉണ്ടാക്കി വെറുതെ ഇട്ടിരിക്കുന്നു. സുൽത്താൻബത്തേരി, പുൽപ്പള്ളി, മീനങ്ങാടി, മുള്ളൻകൊല്ലി എന്നീ കേന്ദ്രങ്ങൾ ജനോപകാരപ്രദമായ രീതിയിൽ എത്രയും പെട്ടെന്ന്

അടുത്ത തലത്തിൽ വികസനം പൂർത്തിയാക്കണം.

എല്ലാതലത്തിലുള്ള ഉദ്യോഗസ്ഥന്മാരേയും ജില്ലാ തലത്തിൽ തിരഞ്ഞെടുക്കുക. വയനാട്ടുകാർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുക.

ജീവനക്കാർക്ക് പ്രത്യേകിച്ച് വനിതകൾക്ക് താമസസൗകര്യം ലഭ്യമാക്കുക. ജോലിക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യം ലഭ്യമാക്കുക.

വയനാട് ജില്ലയിൽ ആശുപത്രി ഉപകരണങ്ങൾ നന്നാക്കുന്നതിനായി ഒരു മെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തനം ആരംഭിക്കുക.

വയനാട് ജില്ലയിൽ സർക്കാർ തലത്തിലും, സ്വകാര്യ തലത്തിലും പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങണം.

മരുന്നുകളുടെ ഉൽപ്പാദനരംഗത്തുതന്നെ ഗുണനിലവാരം ഉറപ്പുവരുത്തണം. മരുന്നു പുറത്തിറങ്ങി ഉപയോഗിച്ച് ആഴ്ചകൾ കഴിഞ്ഞാണ് ചില ബാച്ച് മരുന്നുകളുടെ ഗുണനിലവാരം കുറവെന്നും പാർശ്വഫലങ്ങൾ ഉണ്ടെന്നും പറഞ്ഞ് മരുന്നു പിൻവലിക്കാനുള്ള നിർദ്ദേശം പത്രത്തിൽ കാണുന്നത്. ഇത് ജനങ്ങളെ പരിഭ്രാന്തരാക്കാനെ ഉപകരിക്കൂ.

നിലവിൽ ടോണിക്കുകൾക്ക് ഉല്പാദനരംഗത്ത് നൽകുന്ന പ്രാധാന്യത്തേക്കാൾ ജീവൻ രക്ഷാ ഔഷധങ്ങളുടെ ഉല്പാദനത്തിന് പ്രാധാന്യം നല്കേണ്ടതാണ്. ഇവ ന്യായവില ഷോപ്പുകൾ മുഖാന്തിരം ആവശ്യക്കാർക്ക് ലഭ്യമാക്കണം.

സ്വകാര്യ ആശുപത്രി തുടങ്ങുമ്പോൾ കിടക്കകൾക്കാനുപാതികമായി അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പുവരുത്തണം. എല്ലാ വിഭാഗത്തിലും യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കണം. സേവനവേതന കാര്യത്തിൽ സ്വകാര്യ ആശുപത്രി മേഖല, ജീവനക്കാർ ചൂഷണം ചെയ്യപ്പെടുന്നു. സേവന മേഖല, മിഷൻ പ്രവർത്തനം, ചാരിറ്റബിൾ സൊസൈറ്റി എന്നീ ലേബലുകളിൽ അർഹമായ ആനുകൂല്യങ്ങൾ നല്കാതിരിക്കുന്നു. ജീവനക്കാർക്ക് താമസ്സിക്കാനും വിശ്രമിക്കാനും സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സേവനത്തിന്റെ ഓരോ പത്തുവർഷത്തിനും ഗ്രേഡ് നല്കി ഇവരെ ജില്ലാതലത്തിൽ റജിസ്റ്റർ ചെയ്തു സേവനസ്ഥിരത ഉറപ്പുവരുത്തുക.

സർകാർതലത്തിൽതന്നെ സ്ത്രീകളോട് വിവേചനം നടക്കുന്ന മേഖലയാണ് ആരോഗ്യരംഗം. സ്വാധീനവും സംഘടനാബലവുമുള്ള പല മേഖലകളിലും ദിവസം 8 മണിക്കൂർ ജോലിചെയ്യുമ്പോൾ ആരോഗ്യരംഗത്ത് സ്റ്റാഫ് നേഴ്സുമാർ ദിവസം 14 മണിക്കൂർ ജോലി ചെയ്യേണ്ടിവരുന്നത് ഒരു വികസ്വര രാജ്യത്തിൽ നടക്കുന്ന വലിയ ക്രൂരതയാണ്. മരുന്നിന്റെ കണക്കെഴുത്ത്, ഉപകരണങ്ങളുടെ ചാർജ്ജ്, ഭക്ഷണത്തിന്റെ കണക്ക്, ചാർജ് ഇവ വേറേയും ഇവർക്ക് നിഷ്കർഷിക്കാത്ത പല ജോലികൾ വേറേയും ചെയ്യേണ്ടിവരുന്നു.

പ്രതാപ്വർമ്മ കമ്മീഷനിലെ ഡോക്ടർമാർക്ക് വേണ്ടിയുള്ള ശുപാർശകൾ ഗവണ്മെന്റ് അംഗീകരിച്ചു നാളിതുവരെയായിട്ടും നേഴ്സുമാരെക്കുറിച്ചുള്ള ശുപാർശകൾ ഗവണ്മെന്റ് അംഗീകരിച്ചിട്ടില്ല. ആശുപത്രികളോടനുബന്ധിച്ച് ഇവർക്ക് ഭക്ഷണം കഴിക്കാനും വിശ്രമിക്കാനും മറ്റു സൗകര്യം ഉണ്ടാക്കണം.

കുടുംബക്ഷേമകേന്ദ്രങ്ങൾ പലേടത്തും നിർമ്മിക്കുന്നത് സൗജന്യമായി ലഭിക്കുന്ന ഒറ്റപ്പെട്ട പ്രദേശത്താകയാലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തിനാലും ജൂനിയർ PHNS ന് വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീരോഗികളുടെ സൗകര്യം പരിഗണിച്ചും ഗൈനക്കോളജിസ്റ്റിനേയും ആവശ്യമായ വനിതാജീവനക്കാരെയും നിയമിക്കണം.

പ്രസവത്തോടനുബന്ധിച്ച് സ്ത്രീകൾക്ക് സ്വകാര്യത ആവശ്യമാണ് ഇതിനാൽ പ്രസവവാർഡിൽ 6 അടി ഉയരത്തിൽ പാർട്ടീഷൻ വാൾ നിർമ്മിക്കണം.

വയനാട്ടിൽ നിലവിലുള്ള ആംബുലൻസ് സർവ്വീസുകൾ യഥാർത്ഥ ആവശ്യക്കാർക്കു പലപ്പോഴും ലഭിക്കുന്നില്ല. ഇവയുടെ ദുരുപയോഗം തടയണം.

ഈ ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് വിദഗ്ദചികിത്സ ലഭിക്കണമെങ്കിൽ ഈ ജില്ലയിൽ ലഭ്യമല്ല. അതിനാൽ സുൽത്താൻ ബത്തേരി താലൂക്കാശുപത്രി എല്ലാ വിധ ആധുനിക സൗകര്യങ്ങളോടും കൂടി മതിയായ സ്പെഷലിസ്റ്റ് വിഭാഗങ്ങളോട് കൂടി പ്രവർത്തിപ്പിക്കണം.

പുൽപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയുടെ പദവിയോടു കൂടി ഉയർത്തി Xray, ECG, Lab തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടി 24 മണിക്കൂറും സേവനം ലഭ്യമാക്കണം. പേപ്പട്ടിവിഷബാധ ചികിത്സ, പാമ്പ് വിഷബാധക്കുള്ള ചികിത്സ എന്നിവ അടിയന്തിരമായി പുൽപ്പ

ള്ളിയിലെങ്കിലും ലഭ്യമാക്കണം. പലരോഗികളും ബത്തേരി കോഴിക്കോട് വഴി മദ്ധ്യേതന്നെ മരണപ്പെടാറുണ്ട്. പുൽപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പോസ്റ്റ് മോർട്ടം സെന്റർ സ്ഥാപിക്കണം. എല്ലാവിധ സൗകര്യങ്ങളോടുംകൂടി പുൽപ്പള്ളി CHCൽ ഒരു ദന്തവിഭാഗം പ്രവർത്തനം ആരംഭിക്കണം. പുൽപ്പള്ളി CHC കേന്ദ്രമാക്കി ഒരു ആംബുലൻസ് സർവ്വീസ് ആരംഭിക്കണം.

ഇപ്പോൾ ഔട്ട് പേഷ്യന്റ് വിഭാഗം മാത്രം പ്രവർത്തിക്കുന്ന മുള്ളൻകൊല്ലി PHC 30 കിടക്കകളോടുകൂടി CHC ആക്കുക. കുട്ടികളുടെ ചികിത്സാ, ഹൃദയസംബന്ധമായ ചികിത്സ, സ്ത്രീരോഗചികിത്സ എന്നിവയുടെ സ്പെഷലിസ്റ്റിനേയും വേണ്ട പാരമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുക. Xray, ECG, Lab എന്നീ സൗകര്യങ്ങളും അടിയന്തിരമായി ക്രമീകരിക്കുക. ജീവനക്കാർക്ക് താമസ്സിക്കാൻ ആവശ്യമായ ക്വാർട്ടേഴ്സുകളും ശുദ്ധജലവും ലഭ്യമാക്കുക. കുടുംബക്ഷേമകേന്ദ്രങ്ങളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ചെക്കപ്പ് നടത്തി മരുന്ന് വിതരണം ചെയ്യുകയും ആവശ്യമായവരെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്യുക.

കുടുംബക്ഷേമ കേന്ദ്രങ്ങൾ ഇല്ലാത്ത 1,4,8,10,11,12 എന്നീ വാർഡുകളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾ തുറക്കുക.

Ph C യുടെ ഓരോ മാസത്തേയും പ്രവർത്തനം മുൻകൂട്ടി Ph Cയിലും ഗ്രാമപഞ്ചായത്തിലും ജനോപകാരപ്രദമായ രീതിയിൽ നോട്ടീസ് ബോർഡിൽ ഇടുകയും ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാരെ അറിയിക്കുകയും ചെയ്യുക.

പ്രത്യേക സ്കൂൾ ആരോഗ്യപരിപാടി നടപ്പിലാക്കി മെഡിക്കൽ ചെക്കപ്പ്, ആരോഗ്യവിദ്യാഭ്യാസ ബോധവല്ക്കരണ ക്ലാസ്സുകൾ, ഹെൽത്ത് കാർഡ് വിതരണം, രക്തഗ്രൂപ്പ് നിർണ്ണയം, അദ്ധ്യാപകർക്ക് പ്രഥമശുശ്രൂഷ പരിശീലനം സ്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിക്കൽ. കുടുംബക്ഷേമപ്രവർത്തനങ്ങൾ, ക്ലബ്ബുകൾ, മഹിളാസമാജം, അംഗനവാടികൾ ഇവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തുകയും മെഡിക്കൽ ക്യാമ്പു നടത്തി ആവശ്യമായവർക്ക് വിദഗ്ദ ചികിത്സ നല്കുകയും ചെയ്യുക.

നേത്രദാനം, രക്തദാനം ഇവയെക്കുറിച്ച് വിപുലമായ ബോധവല്ക്കരണം നടത്തുക. സീതാമൗണ്ട് ആയുർവ്വേദ ഡിസ്പെൻസറി 24 കിടക്കകളോട് കൂടി ആശുപത്രിയായി ഉയർത്തുക. മുള്ളൻകൊല്ലി ഹോമിയോ ഡിസ്പൻസറി ആശുപത്രിയായി ഉയർത്തുക. ഇവയുടെ ആഭിമുഖ്യത്തിൽ മാസം തോറും പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വെച്ച് ക്യാമ്പ് നടത്തി മരുന്നു വിതരണം ചെയ്യുക. മാനസിക ആരോഗ്യബോധവല്ക്കരണം നടത്തുക.

കുട്ടികൾക്കുള്ള രോഗപ്രതിരോധ മരുന്നുകൾ യഥാസമയം നല്കുക, പ്രത്യേകിച്ച് ആദിവാസി മേഖലയിൽ

അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കണം. വളർത്തുമൃഗങ്ങൾക്ക് ലൈസൻസും നൽകണം.

വീട് നിർമ്മിക്കുമ്പോൾ ആവശ്യത്തിന് കാറ്റും വെളിച്ചവും ലഭിക്കുമെന്ന് ഉറപ്പുവരുത്തുക. വീട്ടമ്മമാരുടെ ആരോഗ്യസംരക്ഷണത്തിനായി ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുതലത്തിൽ പ്രവർത്തനം ഏകോപിപ്പിക്കുക.

പ്രധാനമന്ത്രിയുടേയും, മുഖ്യമന്ത്രിയുടേയും ദുരിതാശ്വാസ നിധിയിൽ നിന്ന് അർഹരായവർക്ക് ചികിത്സ സഹായം ലഭ്യമാക്കുക. ഇതുപോലെ ഒരു ചികിത്സാ സഹായ പദ്ധതി ജില്ലാപഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുക.

സാമ്പത്തിക വിഷമം അനുഭവിക്കുന്ന സ്ഥിരം രോഗികൾക്ക് പ്രായഭേദമന്യേ പെൻഷൻ അനുവദിക്കുക.

വയനാട് ജില്ലാ മെഡിക്കൽ ഓഫീസ് കല്പറ്റ സിവിൽ സ്റ്റേഷനിലേക്ക് മാറ്റുക. വയനാട് ജില്ലാ മെഡിക്കൽ സ്റ്റോർ തരിയോട് നിന്ന് മീനങ്ങാടിയിലേക്ക് മാറ്റുക.

ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവ്വേദ ഡിസ്പൻസറി എന്നിവിടങ്ങളിലെ ഡോക്ടർമാർക്കും മറ്റു സ്റ്റാഫിനും സ്ഥലംമാറ്റം കൊടുക്കുമ്പോൾ പകരം ആളുണ്ട് എന്ന് ഉറപ്പുവരുത്തുക. സ്ഥലം മാറ്റം ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും വേണം.

ലബോറട്ടറി, Xray, ECG, സ്കാനിംഗ് തുടങ്ങിയ മേഖലയിലെ കമ്മീഷൻ വ്യവസ്ഥ ഒഴിവാക്കി ഗവണ്മെന്റ് തലത്തിൽ തന്നെ അനുയോജ്യമായ പരിശോധന ഫീസ് നിശ്ചയിക്കുക. പഞ്ചായത്ത് തലത്തിൽ ഇവർക്ക് ലൈസൻസ് നല്കണം.

സ്ഥിരം രോഗികൾ ദീർഘകാല രോഗികൾ എന്നിവരെ താലൂക്കാശുപത്രിയോടനുബന്ധിച്ച് പ്രത്യേക ശര

ണാലയങ്ങൾ ഉണ്ടാക്കി സന്നദ്ധസംഘടനകളുടെ സഹായത്തോടെ ശുശ്രൂഷിക്കുവാൻ സംവിധാനം ഉണ്ടാക്കണം.

മെഡിക്കോ ലീഗൽ കേസ്സുകൾ എത്രയും പെട്ടെന്ന് പോലീസ് നടപടി ക്രമം പൂർത്തീകരിച്ച് താലൂക്ക് ആശുപത്രി തലത്തിൽ മെഡിക്കോ ലീഗൽ വാർഡിൽ അഡ്മിറ്റ് ചെയ്യുക. സാധാരണ ആശുപത്രിയിൽ രണ്ടു വിഭാഗവും കൂടി യഥാർത്ഥ രോഗികൾക്ക് അസൗകര്യം ഉണ്ടാക്കുന്നു.

ആരോഗ്യരംഗത്തെ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ ജില്ലാതലത്തിൽ റിക്രൂട്ടു ചെയ്യുക. ഭാര്യയും ഭർത്താവും സർവ്വീസിൽ ആണ് എങ്കിൽ അടുത്ത സ്ഥാപനങ്ങളിൽ ജോലി നല്കുക.

ആരോഗ്യം എന്ന് കേൾക്കുമ്പോൾതന്നെ മനസ്സിൽ തെളിയുന്ന ടോണിക്ക്, ചികിത്സ, ആശുപത്രി, ഡോക്ടർ എന്ന സങ്കല്പത്തിന് പകരം വ്യായാമം, ശുചിത്വം, സമീകൃതാഹാരം, ആരോഗ്യം എന്ന യാഥാർത്ഥ്യ ബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

സമീകൃതാഹാരം എന്നാൽ വിലകൂടിയ കമ്പോളഭക്ഷ്യവസ്തുക്കൾ എന്നല്ല നമുക്ക് സുലഭമായതും എന്നാൽ കലോറി മൂല്യം ഉള്ളതുമായ വെണ്ണ, തേൻ, മുട്ട, പാൽ, പച്ചക്കറികളായ മുരിങ്ങഇല, ചീര, ചേമ്പില, ഇളവൻ, മത്തൻ, വെള്ളരി, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ ചെറുപ്പത്തിൽതന്നെ കുഞ്ഞുങ്ങൾക്ക് കൊടുത്തു തുടങ്ങണം.

വർഷത്തിൽ മുഴുവനും പഴവും പച്ചക്കറിയും ലഭ്യമാക്കുന്നതിന് വേണ്ടി ഓരോ വിടിനോട് അനുബന്ധിച്ച് വൈവിധ്യമുള്ള പഴം, പച്ചക്കറി തോട്ടങ്ങൾ നട്ടുപിടിപ്പിക്കണം.

മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ പോഷകമൂല്യമുള്ള നാടൻ വിഭവങ്ങൾ വീട്ടമ്മമാരെ പരിചയപ്പെടുത്തണം.

ചികിത്സാരംഗത്ത് കമ്പ്യൂട്ടറിന്റെ സഹായത്തോടെ PHC, CHC താലൂക്കാശുപത്രി, മെഡിക്കൽ കോളേജ് എന്നിവ ചേർത്ത് ഒരു റഫറൽ നെറ്റ് വർക്ക് ഉണ്ടാക്കുക.

സംസ്ഥാനതല സ്ഥാനത്ത് നിന്ന് ഏറ്റവും അകലത്തിലും അത്യത്തിജില്ലയും ആദിവാസി മേഖലയും ചികിത്സാരംഗത്ത് ഏറ്റവും പിന്നോക്കം നില്ക്കുന്നതുമായ ഈ പഞ്ചായത്തിൽ സമഗ്രമായി ആരോഗ്യസർവ്വേ നടത്തി കംമ്പ്യൂട്ടറിന്റെ സഹായത്തോടെ ക്രോഡീകരിച്ച് ആവശ്യസമയത്ത് ചികിത്സക്ക് ഉപകരിക്കുന്ന വിധത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണം. ഇതിനുവേണ്ടി ഗവണ്മെന്റിന്റെയോ സന്നദ്ധസംഘടനകളുടേയോ സ്ഥാപനങ്ങളുടേയോ സ്പോൺസർഷിപ്പ് പ്രതീക്ഷിക്കുന്നു.

ഹൃദ്രോഗം, കേൻസർ, ഡയ്ബറ്റിക്സ്, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവയെക്കുറിച്ച് ശ്രീചിത്തിര തിരുനാൾ ഗവേഷണകേന്ദ്രം പോലുള്ള ആരോഗ്യഗവേഷണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ സർവ്വേ നടത്തി ആരംഭദിശയിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കണം.

എല്ലാ പറമ്പുകളുടേയും അതിരുകളിലും തരിശുഭൂമികളിലും ഔഷധചെടികൾ വെച്ചു പിടിപ്പിക്കുക. ഇങ്ങനെ ഗുണനിലവാരമുള്ള ആയ്യുർവ്വേദ ഔഷധങ്ങൾക്കും ഒറ്റമൂലികൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാകും.

**വികലാംഗർ**

ഈ പഞ്ചായത്തിൽ അഞ്ഞൂറോളം വികലാംഗർ ഉണ്ട്. ഇവർക്ക് ആവശ്യമായ ചികിത്സ നമ്മുടെ ജില്ലയിൽ പോലും ലഭ്യമല്ലാത്തതിനാൽ എല്ലാതരത്തിലുള്ള വികലാംഗരുടെ ചികിത്സക്കുവേണ്ടി സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ സൗകര്യമുണ്ടാക്കണം.

**പട്ടികജാതി/പട്ടികവർഗ്ഗം**

പോഷകാഹാരക്കുറവും പരിസരശുചിത്വമില്ലായ്മയും വിദ്യാഭ്യാസത്തിന്റെ അഭാവവുമാണ് ഇവരുടെ പ്രധാന ആരോഗ്യപ്രശ്നം. മദ്യവും മയക്കുമരുന്നും ഇവരെ കാർന്നുതിന്നുന്നു. നിയമങ്ങൾ കർശനമായി പാലിക്കപ്പെടുകയും ആവശ്യമായ ബോധവല്ക്കരണം നടത്തുകയും വേണം ഈ വിഭാഗത്തിൽ മൊത്തം 18+8= 26 കോളനികളാണ് ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളത് ഇവരിൽ ആദിവാസികളിൽ പണിയരും, നായ്ക്കരും ഇപ്പോഴും ചികിത്സയ്ക്ക് വിമുഖത കാട്ടുന്നു. ഇവർ ഇന്നും പ്രാകൃത ചികിത്സാരീതികൾ തുടരുന്നു. പലരും ആശുപത്രിയിൽ കിടക്കുന്നതിനും, മരുന്നു കഴിക്കുന്നതിനും സഹകരിക്കുന്നില്ല. ഇവരുടെ കോളനികൾ കേന്ദ്രീകരിച്ച് മാസംതോറും സമ്പൂർണ്ണ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മരുന്നു വിതരണം ചെയ്യുകയും ആവശ്യമായവരെ ആശുപത്രിയിൽ എത്തിക്കുകയും ചെയ്യുക. ഇതിനുവേണ്ടി സന്നദ്ധസംഘടനകളുടെ സഹായത്തോടെ

ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ട താണ്. ആദിവാസികളുടെ പാരമ്പര്യ വൈദ്യങ്ങൾ ഒറ്റമൂലി ചികിത്സ ഇവ അറ്റുപോകാതെ കാത്തുസൂക്ഷിക്കുന്നതിനാവശ്യമായ പ്രോത്സാഹനം നല്കുക.

വാഹനം ഇല്ലാത്തതുകൊണ്ട് ആദിവാസിമേഖലയിൽ യഥാസമയം ക്യാമ്പുകൾ നടക്കാറില്ല. രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും കഴിയുന്നില്ല. ഈ പഞ്ചായത്തിൽ കോളനികളിലേക്കും മറ്റും ഗതാഗതസൗകര്യം ഇല്ലാത്തതുകൊണ്ട് PHCയിലേക്ക് അടിയന്തിരമായി ഒരു ഡീസൽ ജീപ്പ് അനുവദിക്കണം.

ആദിവാസി മേഖലയിൽ ഹോമിയോ ആയുർവേദ ചികിത്സാരീതിയോട് കൂടുതൽ സഹകരിക്കുന്നതായി കാണുന്നു. ഇഞ്ചക്ഷൻ ഇല്ല. എന്നതാവാം കാരരണം. അതുകൊണ്ട് കോളനികേന്ദ്രീകരിച്ച് മാസംതോറും ഹോമിയോ ആയുർവേദക്യാമ്പുകൾ സംഘടിപ്പിച്ച് മരുന്നുവിതരണം നടത്തുക. ആദിവാസികളിലെ വർദ്ധിച്ചുവരുന്ന ക്ഷയരോഗത്തിന് അടിയന്തിരനടപടി എടുക്കണം. ആദിവാസികളിൽ വിദ്യാഭ്യാസമുള്ളവരെ ഉപയോഗിച്ച് കോളനികളിൽ ആരോഗ്യബോധവത്ക്കരണം നടത്തണം. ഇതിനുവേണ്ടി ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ പ്രയോജനപ്പെടുത്തണം. ഇവർ സിനിമ കാണുന്നതിൽ ഏറെ തൽപ്പരരാണ്.

ആരോഗ്യപ്രവർത്തകർ നിർബന്ധമായി കോളനികളിൽ ആരോഗ്യവിദ്യാഭ്യാസത്തിന് നേതൃത്വം നല്കണം. മറ്റുള്ള ആദിവാസി വിഭാഗങ്ങൾ പൊതുവെ എല്ലാ ചികിത്സാ രീതിയോടും സഹകരിക്കുന്നു.

## പരിസരശുചിത്വം

രണ്ടായിരമാണ്ടോടെ രാജ്യം കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന ആരോഗ്യലക്ഷ്യം കേരളം കൈവരിച്ചെങ്കിലും ഈ രംഗത്ത് ഒരു മുരടിപ്പും അശാസ്ത്രീയതയും നിലനില്ക്കുന്നതിനാൽ നാം കൈവരിച്ച നേട്ടങ്ങൾ ഏതു നിമിഷവും തകർന്നുപോകുന്ന അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. കഠിനമായ ജലദൗർലഭ്യം വ്യക്തിത്വശുചിത്വത്തേയും പരിസര ശുചിത്വത്തേയും സാരമായി ബാധിക്കുന്നു. ഈ പഞ്ചായത്തിൽ 30% ത്തിൽ താഴെ കുടുംബങ്ങൾക്ക് മാത്രമേ കക്കൂസുള്ളൂ. ബാക്കിയുള്ളവർ തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ചെയ്യുന്നത് പരിസരജന്യരോഗങ്ങൾക്കും പകർച്ചവ്യാധികൾക്കും ഇടയാക്കുന്നു. ഓരോ വീടിനും ഓരോ കക്കൂസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് പൂർണ്ണസബ്സീഡിയും സാമ്പത്തികശേഷിയുള്ളവർക്ക് ആനുപാതികമായ സബ്സിഡിയും നല്കി

പട്ടിക 3 – മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പരിസര ശുചിത്വം.

| വാർഡ് | വീടുകൾ | sc/st | കക്കൂസ് ഉള്ളവർ | കക്കൂസ് ഇല്ലാത്തവർ | |
|---|---|---|---|---|---|
| 1 | 490 | 61 | 163 | 327 | |
| 2 | 489 | 63 | 146 | 343 | |
| 3 | 273 | 55 | 95 | 178 | ഈ പഞ്ചായത്തിൽ വ്യാവസായിക പരിസരമലിനീകരണം |
| 4 | 410 | 88 | 136 | 274 | നിലവിലില്ല. |
| 5 | 651 | 110 | 198 | 453 | ഹോട്ടലുകളിൽ ശുചിത്വക്കുറവുണ്ട്. |
| 6 | 688 | 162 | 212 | 476 | |
| 7 | 522 | 37 | 162 | 360 | |
| 8 | 548 | 80 | 170 | 378 | |
| 9 | 182 | - | 63 | 119 | |
| 10 | 505 | 93 | 120 | 385 | |
| 11 | 478 | 120 | 147 | 331 | |
| 12 | 495 | | 153 | 342 | |

പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കുടിവെള്ളസ്രോതസ്സുകളിൽ സമയാസമയങ്ങളിൽ ക്ലോറിനേഷൻ നടത്തുക. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഓടകൾ നിർമ്മിക്കുകയും വിസർജ്ജ്യ വസ്തുക്കൾ യഥാസമയങ്ങളിൽ നീക്കുകയും ചെയ്യുക. കൊതുക് നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുക. എല്ലാ കക്കൂസിന്റേയും എയർപൈപ്പിനുമുകളിൽ നിർബന്ധമായും വല സ്ഥാപിക്കുക.

കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് പ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഹോട്ടലുകൾ, അറവുശാലകൾ, മത്സ്യമാർക്കറ്റ്, പാൽസംഭരണ വിതരണകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരും ശുചിത്വം ഉറപ്പുവരുത്തുക.

ശുചിത്വബോധവല്ക്കരണത്തിനും നിരീക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് മെമ്പർ ചെയർമാനായി ഒരു വാർഡുതല ആരോഗ്യസമിതിയും പഞ്ചായത്തുതലത്തിൽ ഒരു കമ്മിറ്റിയും രൂപീകരിക്കുക.

എല്ലാ വർഷവും ഗ്രാമത്തിൽ ക്ലബ്ബുകളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ ഗ്രാമശുചീകരണവാരം നടത്തുക.

ആവശ്യമായ സ്ഥലങ്ങളിൽ പൊതുമൂത്രപുരകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കുക.

മലിനജലം അലക്ഷ്യമായി ഒഴുക്കിവിടുന്നത് തടയുക, പ്ലാസ്റ്റിക് വസ്തുക്കൾ വലിച്ചെറിയാതെ സംഭരിച്ച് നശിപ്പിക്കുക. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുക.

ആദിവാസി കോളനികളിൽ ശുചിത്വബോധവല്ക്കരണത്തിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ഉപയോഗിക്കുക.

പഞ്ചായത്ത് വക പൊതുശ്മശാനത്തിന് ചുറ്റും മതിൽകെട്ടി സംരക്ഷിക്കുക.

ആരോഗ്യപ്രവർത്തകർ ഭവനസന്ദർശനം നടത്തുക.

ഈ ഗ്രാമപഞ്ചായത്തിലെ ഒരു വീടിന് ഒരു കക്കൂസ് എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി സ്പോൺസർമാരുടെ സഹായം അഭ്യർത്ഥിക്കുന്നു.



*പുനരർപ്പണ ദിനത്തോടനുബന്ധിച്ച് മുള്ളൻകൊല്ലി-ആലത്തൂർ-പാടിച്ചിറ-കബനിഗിരി-മരക്കടവ് റോഡിന്റെ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജോസഫ് തച്ചുപുര നിർവ്വഹിക്കുന്നു.*

# വ്യവസായം

തികച്ചും കാർഷിക പ്രാധാന്യമുള്ള മുള്ളൻകൊല്ലി പഞ്ചായത്തിൽ ക്ഷീരവ്യവസായ മൊഴികെ എടുത്തുപറയാവുന്ന വ്യവസായ സംരംഭങ്ങളൊന്നും തന്നെയില്ല വ്യവസായ സ്ഥാപനങ്ങളുടെ ഗണത്തിൽ പെടുത്താവുന്നത് ഒരു തടി ഈർച്ചമില്ലും, ഒരു സിമന്റ് ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും, ഒരു ഇൻഡസ്ട്രിയൽ എഞ്ചിനിയറിങ്ങ് സ്ഥാപനവും, ഒരു മോട്ടോർ വാഹന റിപ്പേർ സ്ഥാപനവും മാത്രമാണ്. ഇവയെല്ലാം തന്നെ സ്വകാര്യ വ്യക്തികളുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ആണുതാനും. സ്വയം സംരംഭങ്ങളെന്ന പട്ടികയിൽ പ്പെടുത്താവുന്ന ഈ സ്ഥാപനങ്ങളിൽ നാമമാത്രമായ തൊഴിലാളികളെ ജോലിക്കാരായി ഉള്ളു.

മണ്ണിന്റെ ഫലഭൂയിഷ്ടതയിൽ വരുന്ന വർദ്ധിച്ച മാറ്റവും കുരുമുളകു കൃഷിയുടെ വൻതോതിലുള്ള നാശവും കാർഷികരംഗത്ത് മാത്രം ശ്രദ്ധയൂന്നിയിരുന്ന ഈ പ്രദേശത്തെ ജനങ്ങളിൽ വലിയ ആശങ്ക വളർത്തുന്നുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലക്കും വ്യവസായസംരംഭങ്ങളെക്കുറിച്ചുള്ള ഗൗരവമായ ചിന്ത ഇനിയും വൈകിക്കൂട എന്ന യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ആദിവാസി–പിന്നോക്ക വിഭാഗത്തിൽ പ്പെടുന്ന വലിയ വിഭാഗം ജനങ്ങൾ അധിവസിക്കുന്നപഞ്ചായത്തെന്ന നിലയിൽഅവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനുമുള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇത്തരുണത്തിൽ ആ വിഭാഗം ജനങ്ങളുടെ ഇടയിൽ പണ്ടുനിലവിലുണ്ടായിരുന്ന കുട്ട, മുറം, പായ, പനമ്പുനിർമ്മാണം എന്നീ പരമ്പരാഗത കുടിൽവ്യവസായങ്ങളുടെ പുനരുജ്ജീവനവും ആലോചനാ വിഷയമാക്കാവുന്നതാണ്.

കാർഷിക രംഗത്ത് മാത്രം ശ്രദ്ധയൂന്നി കഴിയുന്ന സമ്പന്നകർഷകരും പുതിയ സംരംഭങ്ങളെക്കുറിച്ച് കാര്യമായി ചിന്തിക്കാറില്ലെന്നു പറയുന്നതാവും ശരി. വ്യവസായിക പിന്നോക്കാവസ്ഥക്ക് കാരണങ്ങളായി പറയാവുന്ന വസ്തുതകളെ ഇപ്രകാരം സംഗ്രഹിക്കാം.

1. പ്രദേശിക സംരംഭസാദ്ധ്യതകൾ, പദ്ധതികൾ എന്നിവയെ സംബന്ധിച്ചുള്ള തികഞ്ഞ അറിവില്ലായ്മ.

2. പദ്ധതികളും പ്രാദേശികമായി യോജിച്ച സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള ഉപദേശ–മാർഗ്ഗനിർദേശങ്ങളുടെ അഭാവം.

3. കാർഷികാഭിവൃദ്ധിയിലൂടെ സാമ്പത്തികമായി ഉയർച്ചപ്രാപിച്ചിട്ടും വ്യാവസായിക സംരംഭങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്നതിനുള്ള ധൈര്യക്കുറവ്.

4. സാങ്കേതിക ജ്ഞാനം, അസംസ്കൃതവസ്തുക്കളുടെയും ആവശ്യവായ യന്ത്രസാമഗ്രികളുടെയും ലഭ്യത, ബാങ്ക് വായ്പ, വിപണന സൗകര്യങ്ങൾ എന്നീ കാര്യങ്ങളിലുള്ള സങ്കീർണ്ണതകളും ആശങ്കയും.

5. വൈദ്യുതി – ഊർജരംഗത്തെ പിന്നോക്കാവസ്ഥ

ഈ അവസ്ഥക്ക് ഒരു മാറ്റം വരുത്തുന്നതിനേക്കുറിച്ച് ഗൗരവമായി ചിന്തിക്കന്നതിനു മുമ്പായി ഈ വിഷയത്തിൽ 12 ഗ്രാമസഭകളിൽ നിന്നും ചർച്ച ചെയ്യപ്പെട്ടു വന്ന നിർദ്ദേശങ്ങളെ പട്ടികപ്പെടുത്തിയത് പരിശോധിക്കാം.

1. ക്ഷീര വ്യവസായ വിപുലീകരണവും കാലിത്തീറ്റ ഫാക്ടറിയും

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

3. കറിപൗഡറുകൾ, കാപ്പിപ്പൊടി, കുരുമുളക്പൊടി, സ്ക്വാഷ്, ജാം തുടങ്ങിയ വിഭവങ്ങൾ

4. സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം

5. പട്ടുനൂൽ വ്യവസായം

6. കുട നിർമ്മാണം, ബുക്ക് ബൈന്റിംഗ്, റെക്സിൻ കൊണ്ടുള്ള ബാഗ് നിർമ്മാണം

7. ഇഞ്ചി സംസ്ക്കരണം, ഇഞ്ചി ഉല്പന്ന വൈവിധ്യവൽക്കരണം

8. കൊപ്ര സംഭരണം - വെളിച്ചെണ്ണ ബോട്ടിലിംഗ്

9. ഹോളോബ്രിക്സ് (സിമന്റ്) ജനൽ, കട്ടിള നിർമ്മാണം

10. ചുടുകട്ട നിർമ്മാണം

11. ആട്, പന്നി, മുയൽ, കോഴിവളർത്തൽ, ഇറച്ചി സംസ്ക്കരണം

12. മുള ഉല്പന്നങ്ങൾ - കുട്ട, മുറം, പനമ്പ് നിർമ്മാണം

13. വെള്ളകുരുമുളക് തയ്യാറാക്കലും, സംഭരണവും

14. റബ്ബർ ചെരുപ്പ് നിർമ്മാണം, മറ്റു റബ്ബർ ഉല്പന്നങ്ങൾ

15. പൂകൃഷി, കൂൺകൃഷി -വാണിജ്യ അടിസ്ഥാനത്തിൽ

16. മിൽക്ക് ചില്ലിംഗ് പ്ലാന്റ്

17. നെല്ല് സംഭരണം, സംസ്ക്കരണം, അരി ഉല്പാദനം

18. വാഴനാർ, ചിരട്ട, കാപ്പിത്തടി - കൗതുക - കരകൗശല വസ്തുക്കളുടെ നിർമ്മാണം

19. കൺസ്യൂമർ സ്റ്റോറുകളുടെ നടത്തിപ്പ്

**സാദ്ധ്യതകൾ**

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണ് മുള്ളൻകൊല്ലി.കർഷകർക്ക് മിതമായ വിലക്ക് ഗുണമേൽമയുള്ള കാലിത്തീറ്റ ലഭിച്ചാൽ മാത്രമേ ഈ വ്യവസായം നിലനിർത്തിക്കൊണ്ടു പോകാൻ കഴിയൂ.

പ്രാദേശികമായി ലഭ്യമാകുന്ന മരച്ചീനി, ചക്കക്കുരു, മാങ്ങയണ്ടി, പുളിങ്കുരു, തവിട് എന്നിവയും അയൽപ്രദേശങ്ങളിൽ നിന്ന് ലഭ്യമാക്കാവുന്ന ചകിരിച്ചോറ്, കരിമ്പിൻ ചണ്ടി, പരുത്തിക്കുരു എന്നിവയും ഉപയോഗിച്ചു കൊണ്ടുള്ള ഒരു സഹകരണ കാലിത്തീറ്റ നിർമ്മാണ ഫാക്ടറിക്കുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

പ്രതീക്ഷിക്കപ്പെടുന്ന രീതിയിൽ നെൽകൃഷി വ്യാപനം കൂടി നടന്നാൽ നെല്ലുസംഭരണവും. സംസ്ക്കരണവും അരി പായ്ക്കറ്റുകളിലാക്കി (അഞ്ചോ, പത്തോ കി.ഗ്രാം വീതം) യുള്ള വില്പനക്കും പ്രദേശിക വിപണിതന്നെ ധാരാളം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതോടനുബന്ധിച്ച് ഏറെ പ്രതീക്ഷിക്കാവുന്ന ഒന്നാണ് കറിപൗഡർ നിർമ്മാണവും, കാപ്പിപ്പൊടി, കുരുമുളക് പൊടി എന്നിവ തയ്യാറാക്കലും ഇവയുടെ വിപണനവും കണ്ണിമാങ്ങ, മുരിങ്ങക്കായ പപ്പായ, നെല്ലിക്ക എന്നിവ ധാരാളമായി വിളയുന്ന ഈ മണ്ണിൽ അവ ഉപയോഗിച്ചുള്ള അച്ചാറുകൾ തയ്യാറാക്കി വിപണി കണ്ടെത്തുന്നതും പ്രതീക്ഷക്ക് വകയുള്ളതാണ് അതുപോലെതന്നെ സീസണിൽ ധാരാളമായി ലഭ്യമാകുന്ന മാങ്ങ, ചക്ക എന്നീ പഴവർഗ്ഗങ്ങളും സംസ്ക്കരിച്ച് അനുയോജ്യ വിഭവങ്ങളാക്കി മാറ്റുന്നതിനേക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

വ്യാപകമായി ഇഞ്ചികൃഷി ഇടങ്ങളിൽ ഇടവിളയായി വറ്റൽമുളക് കൃഷി ചെയ്യുന്ന സമ്പ്രദായം ഇപ്പോൾ തന്നെ നിലവിലുണ്ട്. ഒരുപ്പുവയലുകളിൽ മല്ലികൃഷി വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ, മഞ്ഞൾ കൃഷിക്കും അനുയോജ്യമായ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയൊക്കെ പരിമിതമായ തോതിലെങ്കിലും കറിപ്പൗഡറുകൾ നിർമ്മിക്കുന്നതിനുള്ള അനുകൂലഘടകമാണ്. കൂടാതെ, പപ്പടം, പച്ചമുളക്, പാവയ്ക്ക കൊണ്ടാട്ടം എന്നിവയും നിർമ്മിച്ച് പൊതുവായുള്ള വിപണന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ തുന്നൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം ആളുകളുണ്ട്. അവരിൽ നല്ലൊരുശതമാനം സ്ത്രീകളാണുതാനും, എന്നാൽ ഒരു തൊഴിൽ സംരംഭമെന്ന നിലയിൽ ഇത് വളർന്നുവരണമെങ്കിൽ ഒരു കൂട്ടായ പരിപാടിയിലൂടെ ( Cluster based approach) മാത്രമേ അതിന് സാധിക്കുകയുള്ളൂ. മുള്ളൻകൊല്ലി പഞ്ചായത്തിൽ 6000 ഭവനങ്ങളുണ്ട്. ഇവയിൽ 4000 ഭവനങ്ങളിൽ രണ്ടു സ്ത്രീകൾ വീതം നൈറ്റി ധരിക്കുന്നവരായി ഉണ്ടെന്നുകണക്കാക്കാം. ഒരാൾ ഒരു വർഷം രണ്ടു നൈറ്റി വീതം വാങ്ങി ഉപയോഗിക്കുന്നുണ്ടെന്നു കണക്കാക്കിയാൽ 16,000 നൈറ്റി ചെലവാകും. ഒരു നൈ റ്റിക്ക് ശരാശരി100 രൂപ കണക്കാക്കിയാൽ 16 ലക്ഷം രൂപയുടെ നൈറ്റിമാത്രം ചെലവാകുന്നതായി കാണാൻകഴിയും. ഇതിൽ പകുതിയെങ്കിലും പ്രാദേശികമായി കൂട്ടായ സംരംഭത്തിലൂടെ നിർമ്മിച്ച് വിപണിയിലെത്തിച്ചാൽ വലിയ പ്രതീക്ഷക്ക് വകയുണ്ട്. എന്നാൽ ഫാക്ടറികളിൽ നിന്ന് ഒന്നിച്ച് തുണി എത്തിച്ചുകൊടുത്ത് യൂണിറ്റുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ ഒന്നായി ശേഖരിച്ച് വിപണനം നടത്താൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ പൊതുസംവിധാനം ഉണ്ടാവേണ്ടിയിരിക്കുന്നു. ഇങ്ങിനെയുണ്ടാകുന്ന പൊതുസംവിധാനത്തിൻ കീഴിൽ ഉല്പന്നങ്ങളുടെ ഗുണമേന്മ, നൂതനമായ ഡിസൈൻ എന്നിത്യാദി കാര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യാം.

മുള്ളൻകൊല്ലി പഞ്ചായത്തിൽ തെങ്ങു കൃഷിയുടെ വ്യാപനം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. കൃഷിഭവൻ കണക്കുകൾ പ്രകാരം 51000 കായ്ഫലമുള്ള തെങ്ങുകളും അത്രയുംതന്നെ കായ്ഫലമാകാത്ത തെങ്ങുകളും ഈ പഞ്ചായത്തിലുണ്ട്. ഇത് വരും കാലങ്ങളിൽ കൊപ്രസംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള സാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. പൊതുവേ ജലസേചന സൗകര്യം കുറവായ പ്രദേശമായതുകൊണ്ട് തേങ്ങ വലിപ്പം കുറഞ്ഞവയാണ്. എന്നാൽ നന്നായി എണ്ണയുടെ അംശമുള്ള കൊപ്രയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തേങ്ങയിൽ നിന്നു കിട്ടുന്നത്. ഇത് വെളിച്ചെണ്ണയാക്കി ബോട്ടിൽ ചെയ്ത് വിപണിയിലിറക്കിയാൽ വലിയ വിജയ പ്രതീക്ഷയുള്ള ഒന്നായിരിക്കും.

കോഴിമുട്ട, ഇറച്ചി എന്നിവക്കും വലിയ വിപണിയുള്ള ഒരു പ്രദേശമാണ് മുള്ളൻകൊല്ലി പഞ്ചായത്ത്. എന്നാൽ കോഴിവളർത്തൽ പരിപാടിയിൽ ആരും തന്നെ ഏർപ്പെട്ടിട്ടില്ല. വളരെ വലിയ സാദ്ധ്യതയുള്ള ഒന്നായിരിക്കും. കോഴി, പന്നി, ആട്, മുയൽവളർത്തൽ അതുപോലെത്തന്നെ കാലി മാംസവും ഏറെ വില്പനയുള്ള പ്രദേശമാണിത്. ഇവയുടെ സാദ്ധ്യകൾ പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

രണ്ട് വർഷങ്ങൾക്ക് മുമ്പ് ഈ പഞ്ചായത്തിലെ പെരിക്കല്ലൂരിൽ ഒരു മെഴുകുതിരി നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചിരുന്നു. എന്നാൽ മെഴുകു ലഭ്യമല്ലാതെ വന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. കൂട്ടായ പരിശ്രമവും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള മേൽനോട്ടവും ലഭിച്ചാൽ പുനരാരംഭിക്കാവുന്ന ഒന്നാണ് മെഴുകുതിരി നിർമ്മാണം. കൂടാതെ സോപ്പ്, സോപ്പുൽപ്പന്നങ്ങൾ എന്നിവക്കും ധാരാളം വിപണി കിട്ടാൻ സാദ്ധ്യതയുണ്ട്. അയൽ ജില്ലയായ കോഴിക്കോട് പ്രവർത്തിക്കുന്ന കേരള സോപ്സ് ആന്റ് ഓയിൽസ് പോലെയുള്ള മാതൃസ്ഥാപനങ്ങളുടെ നിർമ്മാണയൂണിറ്റുകളായി പ്രവർത്തിക്കുന്ന ഒരു സമ്പ്രദായമായിരിക്കും ഈ കാര്യത്തിൽ അഭികാമ്യം.

ആദിവാസികളുടെ ഇടയിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഒരു പരമ്പരാഗത തൊഴിലായിരുന്നു മുള ഉല്പന്നങ്ങളായ കുട്ട, മുറം എന്നിവയുടെ നിർമ്മാണം. എന്നാൽ അസംസ്കൃത പദാർത്ഥമായ മുളയുടെ ലഭ്യത കുറഞ്ഞതോടെ ഇത്തരം സാധനങ്ങൾ ജില്ലക്കു വെളിയിൽ നിന്ന് കൊണ്ടുവരികയാണിപ്പോൾ. എന്നാൽ പഞ്ചായത്തതിർത്തിയിലുള്ള സർക്കാർ ഫോറസ്റ്റിൽ നിന്ന് മുള നാമമാത്രമായ വിലക്ക് ലഭ്യമാക്കാവുന്ന സാഹചര്യമുണ്ടായാൽ (ക്വാട്ട സമ്പ്രദായത്തിൽ) ഇത്തരം വസ്തുക്കളുടെ നിർമ്മാണം ആരംഭിക്കാവുന്നതാണ്. എന്നാൽ നിർമ്മിക്കുന്ന വസ്തുക്കൾ ശേഖരിക്കുന്ന ഒരു സംവിധാനത്തേക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ ഉല്പാദനം അനുസ്യൂതമായി നടത്താൻ കഴിയാത്ത സാഹചര്യം സംജാതമാകും. ഇതോടൊന്നിച്ച് ആലോചിക്കാവുന്ന ഒന്നാണ് വാഴനാര്, ചിരട്ട, കാപ്പിത്തടി എന്നിവകൊണ്ടുള്ള കൗതുകകരകൗശല വസ്തുക്കളുടെ നിർമ്മാണവും അവയുടെ പൊതുവിപണനവും

വെള്ളക്കുരുമുളക് ലോകമാർക്കറ്റിൽ തന്നെ വലിയ ഡിമാന്റുള്ള ഉല്പന്നമാണ്. എന്നാൽ ഈ പഞ്ചായത്തിൽ കുരുമുളക്കൃഷി ഏറെയുണ്ടെങ്കിലും വെള്ളക്കുരുമുളകിന്റെ സാദ്ധ്യതകളെക്കുറിച്ച് ആരും തന്നെ ശ്രദ്ധിക്കുന്നതായി കാണുന്നില്ല. ഈ കാര്യത്തിൽ കയറ്റുമതി വ്യാപാരികളും സ്പൈസസ് ബോർഡും മനസ്സുവെച്ചാൽ ഒരു പൊതുസംവിധാനം ആവിഷ്ക്കരിച്ച് വെള്ളക്കുരുമുളകിന്റെ തയ്യാറാക്കലും സംഭരണവും ആലോചിക്കാവുന്നതാണ്.

കെട്ടിട നിർമ്മാണവസ്തുക്കളുടെ ആവശ്യം ഇനിയും ഏറെയുള്ള പ്രദേശമെന്ന നിലയിൽ അതിന്റെ സാദ്ധ്യതകളും പരിശോധനാ വിഷയമാക്കാവുന്നതാണ്. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന കബനി നദിയുടെ തീരത്തെ മണ്ണ് ചൂടുകട്ട നിർമ്മാണത്തിന് അനുയോജ്യമാണ്. കൂടാതെ സിമന്റ് ഹോളോ ബ്രിക്സ്, ജനൽ, കട്ടിള എന്നിവക്കും വരും കാലങ്ങളിൽ ഡിമാന്റ് പ്രതീക്ഷിക്കാവുന്നതാണ്.

വിവിധ നിർമ്മാണയൂണിറ്റുകൾ വഴിയായി ഉല്പാദിപ്പിക്കുന്ന വസ്തുക്കളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും ഒരു വില്പന കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. സത്യസന്ധതയും അർപ്പണബോധവുമുള്ള ജോലിക്കാരെ കണ്ടുപിടിച്ച് സ്ഥാപനത്തിൽ നിയമിക്കുകയും ശക്തമായ ഓഡിറ്റ് സമ്പ്രദായം ആവിഷ്ക്കരിക്കുകയും വേണം. ഇത് തികച്ചും സ്വദേശി വസ്തുക്കളുടെ ഒരു വില്പന കേന്ദ്രമാക്കി വളർത്തികൊണ്ടു വരാവുന്നതാണ്.

മേൽപറഞ്ഞ സാദ്ധ്യതകളേക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതിന് മുന്നോടിയായി താഴെപ്പറയും പ്രകാരമുള്ള ഒരു നയസമീപനം ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വ്യാവസായിക ഉപദേശകസമിതി രൂപീകരിക്കുക.

2. പ്രാദേശിക ഉല്പാദന സാദ്ധ്യതകളെക്കുറിച്ച് വിദഗ്ദരുമായി ആലോചിച്ച് ഒരു രൂപരേഖ തയ്യാറാക്കുക.

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംരംഭക പരിശീലനം ഏർപ്പെടുത്തുകയും വ്യവസായ സംരഭങ്ങളിൽ മുതൽമുടക്കാൻ സംരംഭകരെ പ്രേരിപ്പിക്കുകയും ചെയ്യുക.

4. വ്യാവസായിക ഉപദേശകസമിതി വ്യവസായസംരംഭങ്ങളുടെ ഒരു സ്ഥിരം മോണിറ്ററിംഗ് സെല്ലായി പ്രവർത്തിക്കുക.

5. വ്യവസായത്തിൽ ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിക്കണം.

6. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒതുങ്ങാത്ത വ്യവസായങ്ങൾ, ബ്ലോക്ക്, ജില്ലാ സംസ്ഥാന അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്.

# ഗതാഗതം ഊർജ്ജം

## ഗതാഗതം

വളരെ വിപുലമായ ഗതാഗത ശൃംഖലയുള്ള പഞ്ചായത്താണ് മുള്ളൻകൊല്ലി. റോഡു ഗതാഗതം മാത്രമാണ് ഈ പഞ്ചായത്തിലുള്ള ഗതാഗതസൗകര്യം. ഭൂരിഭാഗം വീടുകളിലും വാഹനം ചെല്ലുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും ഈ പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. പഞ്ചായത്തിലെ ഒറ്ററോഡുപോലും പൂർണ്ണമായി ഗതാഗതയോഗ്യമല്ല. ഗതാഗതത്തിന്റെ കാര്യത്തിൽ മുള്ളൻകൊല്ലി പഞ്ചായത്തിൽ പെരിക്കല്ലൂരിലും മരക്കടവിലും രണ്ട് കടത്ത് സൗകര്യങ്ങളും ഉണ്ട്. കർണ്ണാടകയുമായി ബന്ധപ്പെട്ടുകിടക്കുന്ന പഞ്ചായത്താണ് മുള്ളൻ കൊല്ലി. പഞ്ചായത്തു റോഡുകൾ മോശമായതുകൊണ്ട് ഈ പഞ്ചായത്തിന്റെ ഉൾഗ്രാമങ്ങളായ, കുന്നത്തുകവല, സീതാമൗണ്ട്, കബനിഗിരി, മരക്കടവ്, തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തിയിരുന്ന പല ബസുകളും ഓട്ടം നിർത്തിയിട്ടുണ്ട്. മാടൽ മരക്കടവ്, സീതാമൗണ്ട് കൊളവള്ളി–ചെറ്റപ്പാലം സീതാമൗണ്ട്, കുന്നത്തുകവല, പാതിരി, പെരിക്കല്ലൂർ തുടങ്ങിയ റൂട്ടുകളാണ് ഇവ. ഈ മേഖലയിൽ ജനങ്ങൾക്ക് യാത്രാദുരിതം അനുഭവപ്പെടുന്നുണ്ട്. ദീർഘദൂര സർവ്വീസുകളും, പ്രത്യേകിച്ച് K.S.R.TC സർവ്വീസുകളും നിർത്തിയ സർവ്വീസുകളിൽ പെടുന്നു.

183.75 കി.മി.റോഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 13.5 കി.മി PWD റോഡ് ഒഴികെ ബാക്കി 170.25 കി.മി റോഡും പഞ്ചായത്ത് റോഡാണ്. ഇത്രയധികം റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുക എന്നതും മുള്ളൻകൊല്ലി പോലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിന് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ റോഡുകളും കുടിയേറ്റകാലത്തും അതിനുശേഷവും ജനകീയമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ് എന്നത് എടുത്തുപറയേണ്ട സംഗതിയാണ്. ഇത്തരത്തിലുള്ള ജനകീയ പങ്കാളിത്തം ഇനിയും റോഡുകൾ നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉണ്ടാകും എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഗതാഗതകാര്യത്തിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ

1. കാലാകാലങ്ങളിൽ വന്ന ഗവണ്മെന്റുകൾ ഈ പഞ്ചായത്തിലെ റോഡുകൾക്ക് വേണ്ട പരിഗണന നല്കിയിരുന്നില്ല.

2. മിക്കവാറും റോഡുകൾക്കും മഴവെള്ളം ഒഴുകിപ്പോകുന്നതിനു ഓവുചാലുകളും ആവശ്യമായ സ്ഥലങ്ങളിൽ കലിങ്കുകളും ഇല്ല.

3. റോഡു ടാർ ചെയ്യുന്നതിനു പറ്റിയ വേനൽക്കാലത്ത് ടാർചെയ്യാതെ മഴക്കാലങ്ങളിൽ അവ ടാർ ചെയ്യുന്നതുമൂലം റോഡുകൾ പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞു ഗതാഗതയോഗ്യമല്ലാതാകുന്നു.

4. റോഡുകൾ നിർമ്മിക്കുന്നതിനു അനുവദിക്കുന്ന തുകയും നിർമ്മാണത്തിന്റെ മറ്റുവിവരങ്ങളും കണക്കുകളും മുൻകൂട്ടി ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുള്ള സാഹചര്യം ഇല്ല.

5. റോഡിൽ ഉണ്ടാകുന്ന ചെറിയ കുഴികളും, തകരാറുകളും അപ്പപ്പോൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ റോഡുകൾ പൂർണ്ണമായി നശിക്കുന്നു.

6. റോഡുകൾ നിർമ്മിക്കുന്നതിനു അനുവദിക്കുന്ന എസ്റ്റിമേറ്റ് തുക കോൺട്രാക്ടർ വേണ്ടവിധം റോഡിന്റെ നിർമ്മാണത്തിന് ചെലവഴിക്കാത്തത് റോഡു

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

3. കറിപൗഡറുകൾ, കാപ്പിപ്പൊടി, കുരുമുളക്പൊടി, സ്ക്വാഷ്, ജാം തുടങ്ങിയ വിഭവങ്ങൾ

4 സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം

5. പട്ടുനൂൽ വ്യവസായം

6. കുട നിർമ്മാണം, ബുക്ക് ബൈന്റിംഗ്, റെക്സിൻ കൊണ്ടുള്ള ബാഗ് നിർമ്മാണം

7. ഇഞ്ചി സംസ്ക്കരണം, ഇഞ്ചി ഉല്പന്ന വൈവിധ്യവൽക്കരണം

8. കൊപ്ര സംഭരണം - വെളിച്ചെണ്ണ ബോട്ടിലിംഗ്

9. ഹോളോബ്രിക്സ് (സിമന്റ്) ജനൽ, കട്ടിള നിർമ്മാണം

10. ചുടുകട്ട നിർമ്മാണം

11. ആട്, പന്നി, മുയൽ, കോഴിവളർത്തൽ, ഇറച്ചി സംസ്ക്കരണം

12. മുള ഉല്പന്നങ്ങൾ - കുട്ട, മുറം, പനമ്പ് നിർമ്മാണം

13. വെള്ളകുരുമുളക് തയ്യാറാക്കലും, സംഭരണവും

14. റബ്ബർ ചെരുപ്പ് നിർമ്മാണം, മറ്റു റബ്ബർ ഉല്പന്നങ്ങൾ

15. പൂകൃഷി, കൂൺകൃഷി -വാണിജ്യ അടിസ്ഥാനത്തിൽ

16. മിൽക്ക് ചില്ലിംഗ് പ്ലാന്റ്

17. നെല്ല് സംഭരണം, സംസ്ക്കരണം, അരി ഉല്പാദനം

18. വാഴനാര്, ചിരട്ട, കാപ്പിത്തടി - കൗതുക - കരകൗശല വസ്തുക്കളുടെ നിർമ്മാണം

19. കൺസ്യൂമർ സ്റ്റോറുകളുടെ നടത്തിപ്പ്

**സാദ്ധ്യതകൾ**

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന ഒരു പഞ്ചായത്താണ് മുള്ളൻകൊല്ലി.കർഷകർക്ക് മിതമായ വിലക്ക് ഗുണമേൽമയുള്ള കാലിത്തീറ്റ ലഭിച്ചാൽ മാത്രമേ ഈ വ്യവസായം നിലനിർത്തിക്കൊണ്ടു പോകാൻ കഴിയൂ.

പ്രാദേശികമായി ലഭ്യമാകുന്ന മരച്ചീനി, ചക്കക്കുരു, മാങ്ങയണ്ടി, പുളിങ്കുരു, തവിട് എന്നിവയും അയൽപ്രദേശങ്ങളിൽ നിന്ന് ലഭ്യമാക്കാവുന്ന ചകിരിച്ചോറ്, കരിമ്പിൻ ചണ്ടി, പരുത്തിക്കുരു എന്നിവയും ഉപയോഗിച്ചു കൊണ്ടുള്ള ഒരു സഹകരണ കാലിത്തീറ്റ നിർമ്മാണ ഫാക്ടറിക്കുള്ള സാധ്യതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

പ്രതീക്ഷിക്കപ്പെടുന്ന രീതിയിൽ നെൽകൃഷി വ്യാപനം കൂടി നടന്നാൽ നെല്ലുസംഭരണവും. സംസ്ക്കരണവും അരി പായ്ക്കറ്റുകളിലാക്കി (അഞ്ചോ, പത്തോ കി.ഗ്രാം വീതം) യുള്ള വില്പനക്കും പ്രദേശിക വിപണിതന്നെ ധാരാളം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതോടനുബന്ധിച്ച് ഏറെ പ്രതീക്ഷിക്കാവുന്ന ഒന്നാണ് കറിപൗഡർ നിർമ്മാണവും, കാപ്പിപ്പൊടി, കുരുമുളക് പൊടി എന്നിവ തയ്യാറാക്കലും ഇവയുടെ വിപണനവും കണ്ണിമാങ്ങ, മുരിങ്ങക്കായ പപ്പായ, നെല്ലിക്ക എന്നിവ ധാരാളമായി വിളയുന്ന ഈ മണ്ണിൽ അവ ഉപയോഗിച്ചുള്ള അച്ചാറുകൾ തയ്യാറാക്കി വിപണി കണ്ടെത്താ[illegible] പ്രതീക്ഷക്ക് വകയുള്ളതാണ് അതുപോലെതന്നെ സീസണിൽ ധാരാളമായി ലഭ്യമാകുന്ന [illegible]ങ്ങ, ചക്ക എന്നീ പഴവർഗ്ഗങ്ങളും സംസ്ക്കരിച്ച് അനുയോജ്യ വിഭവങ്ങളാക്കി മാറ്റുന്നതിനേക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

വ്യാപകമായി ഇഞ്ചികൃഷി ഇടങ്ങളിൽ ഇടവിളയായി വറ്റൽമുളക് കൃഷി ചെയ്യുന്ന സമ്പ്രദായം ഇപ്പോൾ തന്നെ നിലവിലുണ്ട്. ഒരുപ്പുവയലുകളിൽ മല്ലികൃഷി വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ, മഞ്ഞൾ കൃഷിക്കും അനുയോജ്യമായ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയൊക്കെ പരിമിതമായ തോതിലെങ്കിലും കറിപ്പൗഡറുകൾ നിർമ്മിക്കുന്നതിനുള്ള അനുകൂലഘടകമാണ്. കൂടാതെ, പപ്പടം, പച്ചമുളക്, പാവയ്ക്ക കൊണ്ടാട്ടം എന്നിവയും നിർമ്മിച്ച് പൊതുവായുള്ള വിപണന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ തുന്നൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം ആളുകളുണ്ട്. അവരിൽ നല്ലൊരുശതമാനം സ്ത്രീകളാണുതാനും, എന്നാൽ ഒരു തൊഴിൽ സംരംഭമെന്ന നിലയിൽ ഇത് വളർന്നുവരണമെങ്കിൽ ഒരു കൂട്ടായ പരിപാടിയിലൂടെ ( Cluster based approach) മാത്രമേ അതിന് സാധിക്കുകയുള്ളു. മുള്ളൻകൊല്ലി പഞ്ചായത്തിൽ 6000 ഭവനങ്ങളുണ്ട്. ഇവയിൽ 4000 ഭവനങ്ങളിൽ രണ്ടു സ്ത്രീകൾ വീതം നൈറ്റി ധരിക്കുന്നവരായി ഉണ്ടെന്നുകണക്കാക്കാം. ഒരാൾ ഒരു വർഷം രണ്ടു നൈറ്റി വീതം വാങ്ങി ഉപയോഗിക്കുന്നുണ്ടെന്നു കണക്കാക്കിയാൽ 16,000 നൈറ്റി ചെലവാകും. ഒരു നൈ റ്റിക്ക് ശരാശരി100 രൂപ കണക്കാക്കിയാൽ 16 ലക്ഷം രൂപയുടെ നൈറ്റിമാത്രം ചെലവാകുന്നതായി കാണാൻകഴിയും. ഇതിൽ പകുതിയെങ്കിലും പ്രാദേശികമായി കൂട്ടായ സംരംഭത്തിലൂടെ നിർമ്മിച്ച് വിപണിയിലെത്തിച്ചാൽ വലിയ പ്രതീക്ഷക്ക് വകയുണ്ട്. എന്നാൽ ഫാക്ടറികളിൽ നിന്ന് ഒന്നിച്ച് തുണി എത്തിച്ചുകൊടുത്ത് യൂണിറ്റുകളിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ ഒന്നായി ശേഖരിച്ച് വിപണനം നടത്താൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ പൊതുസംവിധാനം ഉണ്ടാവേണ്ടിയിരിക്കുന്നു. ഇങ്ങിനെയുണ്ടാകുന്ന പൊതുസംവിധാനത്തിൻ കീഴിൽ ഉല്പന്നങ്ങളുടെ ഗുണമേന്മ, നൂതനമായ ഡിസൈൻ എന്നിത്യാദി കാര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യാം.

മുള്ളൻകൊല്ലി പഞ്ചായത്തിൽ തെങ്ങു കൃഷിയുടെ വ്യാപനം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. കൃഷിഭവൻ കണക്കുകൾ പ്രകാരം 51000 കായ്ഫലമുള്ള തെങ്ങുകളും അത്രയുംതന്നെ കായ്ഫലമാകാത്ത തെങ്ങുകളും ഈ പഞ്ചായത്തിലുണ്ട്. ഇത് വരും കാലങ്ങളിൽ കൊപ്രസംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള സാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. പൊതുവേ ജലസേചന സൗകര്യം കുറവായ പ്രദേശമായതുകൊണ്ട് തേങ്ങ വലിപ്പം കുറഞ്ഞവയാണ്. എന്നാൽ നന്നായി എണ്ണയുടെ അംശമുള്ള കൊപ്രയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തേങ്ങയിൽ നിന്നു കിട്ടുന്നത്. ഇത് വെളിച്ചെണ്ണയാക്കി ബോട്ടിൽ ചെയ്ത് വിപണിയിലിറക്കിയാൽ വലിയ വിജയ പ്രതീക്ഷയുള്ള ഒന്നായിരിക്കും.

കോഴിമുട്ട, ഇറച്ചി എന്നിവക്കും വലിയ വിപണിയുള്ള ഒരു പ്രദേശമാണ് മുള്ളൻകൊല്ലി പഞ്ചായത്ത്. എന്നാൽ കോഴിവളർത്തൽ പരിപാടിയിൽ ആരും തന്നെ ഏർപ്പെട്ടിട്ടില്ല. വളരെ വലിയ സാദ്ധ്യതയുള്ള ഒന്നായിരിക്കും. കോഴി, പന്നി, ആട്, മുയൽവളർത്തൽ അതുപോലെത്തന്നെ കാലി മാംസവും ഏറെ വില്പനയുള്ള പ്രദേശമാണിത്. ഇവയുടെ സാദ്ധ്യകൾ പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

രണ്ട് വർഷങ്ങൾക്ക് മുമ്പ് ഈ പഞ്ചായത്തിലെ പെരിക്കല്ലൂരിൽ ഒരു മെഴുകുതിരി നിർമ്മാണയൂണിറ്റ് പ്രവർത്തിച്ചിരുന്നു. എന്നാൽ മെഴുകു ലഭ്യമല്ലാതെ വന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. കൂട്ടായ പരിശ്രമവും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള മേൽനോട്ടവും ലഭിച്ചാൽ പുനരാരംഭിക്കാവുന്ന ഒന്നാണ് മെഴുകുതിരി നിർമ്മാണം. കൂടാതെ സോപ്പ്, സോപ്പുൽപ്പന്നങ്ങൾ എന്നിവക്കും ധാരാളം വിപണി കിട്ടാൻ സാദ്ധ്യതയുണ്ട്. അയൽ ജില്ലയായ കോഴിക്കോട് പ്രവർത്തിക്കുന്ന കേരള സോപ്സ് ആന്റ് ഓയിൽസ് പോലെയുള്ള മാതൃസ്ഥാപനങ്ങളുടെ നിർമ്മാണയൂണിറ്റുകളായി പ്രവർത്തിക്കുന്ന ഒരു സമ്പ്രദായമായിരിക്കും ഈ കാര്യത്തിൽ അഭികാമ്യം.

ആദിവാസികളുടെ ഇടയിൽ മുമ്പ് നിലവിലുണ്ടായിരുന്ന ഒരു പരമ്പരാഗത തൊഴിലായിരുന്നു മുള ഉല്പന്നങ്ങളായ കുട്ട, മുറം എന്നിവയുടെ നിർമ്മാണം. എന്നാൽ അസംസ്കൃത പദാർത്ഥമായ മുളയുടെ ലഭ്യത കുറഞ്ഞതോടെ ഇത്തരം സാധനങ്ങൾ ജില്ലക്കു വെളിയിൽ നിന്ന് കൊണ്ടുവരികയാണിപ്പോൾ. എന്നാൽ പഞ്ചായത്തതിർത്തിയിലുള്ള സർക്കാർ ഫോറസ്റ്റിൽ നിന്ന് മുള നാമമാത്രമായ വിലക്ക് ലഭ്യമാക്കാവുന്ന സാഹചര്യമുണ്ടായാൽ (ക്വാട്ട സമ്പ്രദായത്തിൽ) ഇത്തരം വസ്തുക്കളുടെ നിർമ്മാണം ആരംഭിക്കാവുന്നതാണ്. എന്നാൽ നിർമ്മിക്കുന്ന വസ്തുക്കൾ ശേഖരിക്കുന്ന ഒരു സംവിധാനത്തേക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ ഉല്പാദനം അനുസ്യൂതമായി നടത്താൻ കഴിയാത്ത സാഹചര്യം സംജാതമാകും. ഇതോടൊന്നിച്ച് ആലോചിക്കാവുന്ന ഒന്നാണ് വാഴനാർ, ചിരട്ട, കാപ്പിത്തടി എന്നിവകൊണ്ടുള്ള കൗതുകകരകൗശല വസ്തുക്കളുടെ നിർമ്മാണവും അവയുടെ പൊതുവിപണനവും

വെള്ളക്കുരുമുളക് ലോകമാർക്കറ്റിൽ തന്നെ വലിയ ഡിമാന്റുള്ള ഉല്പന്നമാണ്. എന്നാൽ ഈ പഞ്ചായത്തിൽ കുരുമുളക്കൃഷി ഏറെയുണ്ടെങ്കിലും വെള്ളക്കുരുമുളകിന്റെ സാദ്ധ്യതകളെക്കുറിച്ച് ആരും തന്നെ ശ്രദ്ധിക്കുന്നതായി കാണുന്നില്ല. ഈ കാര്യത്തിൽ കയറ്റുമതി വ്യാപാരികളും സ്പൈസസ് ബോർഡും മനസ്സുവെച്ചാൽ ഒരു പൊതുസംവിധാനം ആവിഷ്ക്കരിച്ച് വെള്ളക്കുരുമുളകിന്റെ തയ്യാറാക്കലും സംഭരണവും ആലോചിക്കാവുന്നതാണ്.

കെട്ടിട നിർമ്മാണവസ്തുക്കളുടെ ആവശ്യം ഇനിയും ഏറെയുള്ള പ്രദേശമെന്ന നിലയിൽ അതിന്റെ സാദ്ധ്യതകളും പരിശോധനാ വിഷയമാക്കാവുന്നതാണ്. പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന കബനി നദിയുടെ തീരത്തെ മണ്ണ് ചൂടുകട്ട നിർമ്മാണത്തിന് അനുയോജ്യമാണ്. കൂടാതെ സിമന്റ് ഹോളോബ്രിക്സ്, ജനൽ, കട്ടിള എന്നിവക്കും വരും കാലങ്ങളിൽ ഡിമാന്റ് പ്രതീക്ഷിക്കാവുന്നതാണ്.

വിവിധ നിർമ്മാണയൂണിറ്റുകൾ വഴിയായി ഉല്പാദിപ്പിക്കുന്ന വസ്തുക്കളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും ഒരു വില്പന കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. സത്യസന്ധതയും അർപ്പണബോധവുമുള്ള ജോലിക്കാരെ കണ്ടുപിടിച്ച് സ്ഥാപനത്തിൽ നിയമിക്കുകയും ശക്തമായ ഓഡിറ്റ് സമ്പ്രദായം ആവിഷ്ക്കരിക്കുകയും വേണം. ഇത് തികച്ചും സ്വദേശി വസ്തുക്കളുടെ ഒരു വില്പന കേന്ദ്രമാക്കി വളർത്തികൊണ്ടുവരാവുന്നതാണ്.

മേൽപറഞ്ഞ സാദ്ധ്യതകളേക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതിന് മുന്നോടിയായി താഴെപ്പറയും പ്രകാരമുള്ള ഒരു നയസമീപനം ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു വ്യാവസായിക ഉപദേശകസമിതി രൂപീകരിക്കുക.

2. പ്രാദേശിക ഉല്പാദന സാദ്ധ്യതകളെക്കുറിച്ച് വിദഗ്ദരുമായി ആലോചിച്ച് ഒരു രൂപരേഖ തയ്യാറാക്കുക.

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംരംഭക പരിശീലനം ഏർപ്പെടുത്തുകയും വ്യവസായ സംരഭങ്ങളിൽ മുതൽമുടക്കാൻ സംരംഭകരെ പ്രേരിപ്പിക്കുകയും ചെയ്യുക.

4. വ്യാവസായിക ഉപദേശകസമിതി വ്യവസായസംരംഭങ്ങളുടെ ഒരു സ്ഥിരം മോണിറ്ററിംഗ് സെല്ലായി പ്രവർത്തിക്കുക.

5. വ്യവസായത്തിൽ ടൂറിസത്തിനുള്ള സാധ്യതകൾ പരിശോധിക്കണം.

6. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒതുങ്ങാത്ത വ്യവസായങ്ങൾ, ബ്ലോക്ക്, ജില്ലാ സംസ്ഥാന അടിസ്ഥാനത്തിൽ പരിഗണിക്കേണ്ടതാണ്.

# ഗതാഗതം ഊർജ്ജം

## ഗതാഗതം

വളരെ വിപുലമായ ഗതാഗത ശൃംഖലയുള്ള പഞ്ചായത്താണ് മുള്ളൻകൊല്ലി. റോഡു ഗതാഗതം മാത്രമാണ് ഈ പഞ്ചായത്തിലുള്ള ഗതാഗതസൗകര്യം. ഭൂരിഭാഗം വീടുകളിലും വാഹനം ചെല്ലുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും ഈ പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. പഞ്ചായത്തിലെ ഒറ്ററോഡുപോലും പൂർണ്ണമായി ഗതാഗതയോഗ്യമല്ല. ഗതാഗതത്തിന്റെ കാര്യത്തിൽ മുള്ളൻകൊല്ലി പഞ്ചായത്തിൽ പെരിക്കല്ലൂരിലും മരക്കടവിലും രണ്ട് കടത്ത് സൗകര്യങ്ങളും ഉണ്ട്. കർണ്ണാടകയുമായി ബന്ധപ്പെട്ടുകിടക്കുന്ന പഞ്ചായത്താണ് മുള്ളൻ കൊല്ലി. പഞ്ചായത്തു റോഡുകൾ മോശമായതുകൊണ്ട് ഈ പഞ്ചായത്തിന്റെ ഉൾഗ്രാമങ്ങളായ, കുന്നത്തുകവല, സീതാമൗണ്ട്, കബനിഗിരി, മരക്കടവ്, തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തിയിരുന്ന പല ബസുകളും ഓട്ടം നിർത്തിയിട്ടുണ്ട്. മാടൽ മരക്കടവ്, സീതാമൗണ്ട് കൊളവള്ളി–ചെറ്റപ്പാലം സീതാമൗണ്ട്, കുന്നത്തുകവല, പാതിരി, പെരിക്കല്ലൂർ തുടങ്ങിയ റൂട്ടുകളാണ് ഇവ. ഈ മേഖലയിൽ ജനങ്ങൾക്ക് യാത്രാദുരിതം അനുഭവപ്പെടുന്നുണ്ട്. ദീർഘദൂര സർവ്വീസുകളും, പ്രത്യേകിച്ച് K.S.R.TC സർവ്വീസുകളും നിർത്തിയ സർവ്വീസുകളിൽ പെടുന്നു.

183.75 കി.മി.റോഡുകളുള്ള നമ്മുടെ പഞ്ചായത്തിൽ 13.5 കി.മി PWD റോഡ് ഒഴികെ ബാക്കി 170.25 കി.മി റോഡും പഞ്ചായത്ത് റോഡാണ്. ഇത്രയധികം റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുക എന്നതും മുള്ളൻകൊല്ലി പോലുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിന് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ റോഡുകളും കുടിയേറ്റകാലത്തും അതിനുശേഷവും ജനകീയമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ് എന്നത് എടുത്തുപറയേണ്ട സംഗതിയാണ്. ഇത്തരത്തിലുള്ള ജനകീയ പങ്കാളിത്തം ഇനിയും റോഡുകൾ നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉണ്ടാകും എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ഗതാഗതകാര്യത്തിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ

1. കാലാകാലങ്ങളിൽ വന്ന ഗവണ്മെന്റുകൾ ഈ പഞ്ചായത്തിലെ റോഡുകൾക്ക് വേണ്ട പരിഗണന നല്കിയിരുന്നില്ല.

2. മിക്കവാറും റോഡുകൾക്കും മഴവെള്ളം ഒഴുകിപ്പോകുന്നതിനു ഓവുചാലുകളും ആവശ്യമായ സ്ഥലങ്ങളിൽ കലിങ്കുകളും ഇല്ല.

3. റോഡു ടാർ ചെയ്യുന്നതിനു പറ്റിയ വേനൽക്കാലത്ത് ടാർചെയ്യാതെ മഴക്കാലങ്ങളിൽ അവ ടാർ ചെയ്യുന്നതുമൂലം റോഡുകൾ പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞു ഗതാഗതയോഗ്യമല്ലാതാകുന്നു.

4. റോഡുകൾ നിർമ്മിക്കുന്നതിനു അനുവദിക്കുന്ന തുകയും നിർമ്മാണത്തിന്റെ മറ്റുവിവരങ്ങളും കണക്കുകളും മുൻകൂട്ടി ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനുള്ള സാഹചര്യം ഇല്ല.

5. റോഡിൽ ഉണ്ടാകുന്ന ചെറിയ കുഴികളും, തകരാറുകളും അപ്പപ്പോൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ റോഡുകൾ പൂർണ്ണമായി നശിക്കുന്നു.

6. റോഡുകൾ നിർമ്മിക്കുന്നതിനു അനുവദിക്കുന്ന എസ്റ്റിമേറ്റ് തുക കോൺട്രാക്ടർ വേണ്ടവിധം റോഡിന്റെ നിർമ്മാണത്തിന് ചെലവഴിക്കാത്തത് റോഡു

പട്ടിക 1. പഞ്ചായത്തിലെ P.W.D റോഡുകൾ

| നമ്പർ | ഈ പഞ്ചായത്തിലെ P.W.D. റോഡുകളുടെ ലിസ്റ്റ് | ദൂരം | |
|---|---|---|---|
| 1 | വാടാനക്കവല-പെരിക്കല്ലൂർ | 9.000 | ഗതാഗതയോഗ്യം |
| 2 | സുരഭി-മുള്ളൻകൊല്ലി | 1.500 | ഗതാഗതയോഗ്യം-റിപ്പയർ നടന്നുകൊണ്ടിരിക്കുന്നു |
| 3 | കാപ്പിസെറ്റ്-വണ്ടിക്കടവ് | 2.500 | റിപ്പയർ ആവശ്യമുള്ള റോഡ് |
| | | 13.000 | |

കൾ വേഗം തകരുന്നതിന് കാരണമാണ്.

**പ്രശ്നപരിഹാര നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളായ മുള്ളൻകൊല്ലി ആലത്തൂർ പാടിച്ചിറ - മരക്കടവ് 10 കി.മി

പാടിച്ചിറ, സീതാമൗണ്ട് - കൊളവള്ളി 6. കി.മി

പുൽപ്പള്ളി : ചെറ്റപ്പാലം-കുന്നത്തുകവല ചാമപ്പാറ സീതാമൗണ്ട് 12 കി.മി, മാടൽ മരക്കടവ്, കൃഗന്നൂർ-കൊളവള്ളി-ചാമപ്പാറ 15 കി.മി എന്നിവ പഞ്ചായത്തിന്റെ ചുമതലയിൽ നിന്നും മാറ്റി PWD, ജില്ലാപഞ്ചായത്ത് തുടങ്ങിയ ഏജൻസികളെ ഏൽപിക്കുക.

2. റോഡു നിർമ്മാണത്തിൽ വ്യക്തമായ മുൻഗണനാക്രമം പാലിക്കുക. പ്രധാനപ്പെട്ട റോഡുകൾ ആദ്യം ഗതാഗതയോഗ്യം ആക്കുക.

3. പ്രധാനപ്പെട്ട റോഡുകൾക്ക് മതിയായ ഓവുചാലുകളും ആവശ്യമായ സ്ഥലങ്ങളിൽ കലിങ്കുകളും നിർമ്മിക്കുക.

4. വേനൽക്കാലങ്ങളിൽ മാത്രം റോഡുകൾ ടാർചെയ്യുക.

5. റോഡുകളിൽ ഉണ്ടാകുന്ന ചെറിയ കുഴികളും, തകരാറുകളും അപ്പപ്പോൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിലോ അല്ലെങ്കിൽ ഓരോ റോഡിനും പ്രത്യേകമായി വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ കർമ്മസമിതികളോ ഉണ്ടാക്കുക. തകരാറുകൾ നന്നാക്കുന്നതിന് ആവശ്യമായ നിർമ്മാണസാമഗ്രികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സൂക്ഷിക്കുക. ഗ്രാമീണ റോഡുകളുടെ കൈയേറ്റം തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും വാർഡ് തലത്തിലും പഞ്ചായത്തു തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കണം.

6. റോഡു നിർമ്മാണത്തിലെ അഴിമതി അവസാനിപ്പിക്കുകയും റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക. പഞ്ചായത്ത് അടിസ്ഥാനത്തിലോ, ബ്ലോക്ക് ആസ്ഥാനത്തിലോ റോഡു നിർമ്മാണ യൂണിറ്റ് രൂപീകരിക്കുക. റോഡുനിർമ്മാണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

8. റോഡുകളുടെ നിർമ്മാണവിവരങ്ങളും എസ്റ്റിമേറ്റും തുകയും മറ്റുവിവരങ്ങളും ജനങ്ങൾക്ക് മനസ്സിലാകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

9. റോഡുകൾ നിർമ്മിക്കുന്നതിനുള്ള A.Sഉം T.Sഉം പഞ്ചായത്തുകൾ നേരിട്ടോ, അല്ലെങ്കിൽ ജില്ലാ പഞ്ചായത്തോ കൊടുക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുക. അതിനുള്ള അധികാരങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറുക.

10. വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന റോഡു നിർമ്മിക്കുന്ന രീതി മാറ്റി പഞ്ചായത്തുകൾ മുഖേനമാത്രം നിർമ്മിക്കുക (PWD ഒഴിച്ച്)

**പുതുതായി നിർമ്മിക്കേണ്ട ഗതാഗതസൗകര്യങ്ങൾ**

മുള്ളൻകൊല്ലി പഞ്ചായത്തിൽ ഇനി പുതുതായി അധികറോഡുകൾ നിർമ്മിക്കേണ്ടതില്ല എങ്കിലും 12-ാം വാർഡിൽ രണ്ട് ലിങ്ക് റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. ചങ്ങനാമഠത്തികവല-തകിടി കുഴുപ്പിൽ കവല , സുരഭിക്കവല-വെട്ടുകാട്ടിൽ കവല- റോഡുകളുടെ നിർമ്മാണത്തെക്കുറിച്ച് ആലോചിക്കണം.

**ബൈരൻക്കുപ്പ പാലം നിർമ്മാണം**

കേരളവും കർണ്ണാടകവുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ കഴിയുന്ന ബൈരൻക്കുപ്പ പാലത്തിന് തറക്കല്ലിട്ടിട്ടുള്ളതാണ് തറക്കല്ല് ഇട്ടിട്ട് രണ്ട് വർഷം കഴിഞ്ഞെങ്കിലും തുടർനടപടികൾ ഒന്നും ഉണ്ടായിട്ടില്ല. പാലം നിർമ്മാണത്തിലൂടെ മുള്ളൻകൊല്ലി,

പട്ടിക -2

കഴിഞ്ഞ 5 വർഷങ്ങളിൽ പഞ്ചായത്ത് റോഡുനിർമ്മാണത്തിനു വേണ്ടി ചെലവഴിച്ച തുക

| 91– 92 | | 92–93 | | 93–94 | | 94–95 | | 95–96 | |
|---|---|---|---|---|---|---|---|---|---|
| രൂപ | പൈസ | രൂപ | പൈസ | രൂപ | പൈസ | രൂപ | പൈസ | രൂപ | പൈസ |
| 3,41617. | 35 | 5,29,976 | 00 | 6,59,395 | 00 | 7,11,731 | 00 | 10,26,667 | 75 |

പുൽപ്പള്ളി പഞ്ചായത്തുകളിലെ കാർഷിക വ്യാപാര മേഖലകളിൽ വലിയതോതിലുള്ള വളർച്ചയ്ക്കും പുരോഗതിക്കും സാദ്ധ്യതയുണ്ട്. ഈ പദ്ധതിക്ക് ദേശീയ പരിഗണന ആവശ്യമാണ്. സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തുക. കർണ്ണാടകയുമായി വളരെ എളുപ്പത്തിൽ ബന്ധപ്പെടാവുന്ന മറ്റൊരു റോഡാണ് ബേഗൂർ വണ്ടിക്കടവ്– വണ്ടിക്കടവിൽ ഒരു പാലം നിർമ്മിച്ചാൽ ഈ റോഡ് യഥാർത്ഥ്യമാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് എട്ട് മീറ്റർ വീതി വേണമെന്ന് നിഷ്ക്കർഷിക്കുന്നതുകൊണ്ട് വളരെ അധികം കൃഷിഭൂമി നഷ്ടപ്പെടുന്നു. ഈ രീതി മാറ്റുകയും തീർത്തും ഗ്രാമീണ റോഡുകൾ 6 മീറ്റർ വീതിയിലും പ്രധാന റോഡുകൾ 8 മീറ്റർ വീതിയിലും നിർമ്മിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുകയും വേണം.

### ബസ് വെയ്റ്റിംഗ് ഷെഡുകൾ

മുള്ളൻകൊല്ലി പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ഒന്നുംതന്നെ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിച്ചിട്ടില്ല. ബസ് സർവ്വീസ് നടത്തുന്ന പ്രധാന റൂട്ടുകളിലും ആവശ്യമായ സ്ഥലങ്ങളിലും ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കുക. പാടിച്ചിറയിലും, മുള്ളൻകൊല്ലിയിലും കക്കൂസ് മൂത്രപ്പുര എന്നിവയോട് കൂടി ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക. നിന്നുപോയ ബസ് സർവ്വീസുകളും ആവശ്യമായ ബസ് സർവ്വീസുകളും പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കുക. സീതാമൗണ്ട് റൂട്ടിൽ സർവ്വീസ് നടത്തുന്ന മുഴുവൻ ബസുകളും കൊളവള്ളിവരെ സർവ്വീസ് നടത്തുക. പൊതുവെ യാത്രാ പ്രശ്നം രൂക്ഷമായ പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത് റോഡുകൾ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റേയും P.W.D യുടേയും പ്രത്യേക പരിഗണന ഉണ്ടാകേണ്ടിയിരിക്കുന്നു.

പട്ടിക 3

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സ്ഥിതിവിവരം

| വാർഡുകൾ | ആകെദൂരം | ടാർ | മെറ്റൽ | മണ്ണ് |
|---|---|---|---|---|
| I | 25.750 | 2.600 | 10.900 | 12.250 |
| II | 15.000 | 2.500 | 0.400 | 12.100 |
| III | 5.700 | 2.500 | 1.300 | 1.900 |
| IV | 9.000 | 2.000 | 3.500 | 3.500 |
| V | 21.200 | 7.700 | 10.400 | 3.100 |
| VI | 28.850 | 10.000 | 12.000 | 6.850 |
| VII | 16.500 | 5.300 | 3.700 | 7.500 |
| VIII | 14.600 | 4.600 | 7.000 | 3.000 |
| IX | 5.600 | 1.000 | 3.000 | 1.600 |
| X | 11.200 | 3.700 | 2.000 | 5.500 |
| XI | 15.800 | – | 5.500 | 10.300 |
| XII | 14.550 | 2.800 | 9.750 | 2.000 |
| ആകെ. | 183.750 | 44.700 | 69.450 | 69.600 |

### ഊർജ്ജം

പ്രാദേശിക തലത്തിൽ ഊർജ്ജാസൂത്രണത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. വൈദ്യുതോർജ്ജത്തിന്റെ കാര്യത്തിൽ കേരളം അതിഗുരുതരമായ ക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഊർജാസൂത്രണം എന്നു പറഞ്ഞാൽ സാധാരണയായി വൈദ്യുതോർജ്ജത്തിന്റെ ഉല്പാദനത്തെയും വിതരണത്തേയും സംബന്ധിച്ചുള്ള ആസൂത്രണമായി മാത്രം കാണുന്ന പ്രവണത ഇന്ന് നിലനില്ക്കുന്നുണ്ട്. ഇത്

മാറേണ്ടിയിരിക്കുന്നു. പ്രധാനമായും മുള്ളൻകൊല്ലി പഞ്ചായത്തിലെ ജനങ്ങൾ പാചക ആവശ്യത്തിനാണ് ഊർജ്ജം അധികമായി ഉപയോഗിക്കുന്നത് മുഖ്യമായും വിറകാണ് ഈ ആവശ്യത്തിന് ഉപയോഗിക്കുന്ന ഊർജ്ജ രൂപം. ഈ പഞ്ചായത്തിൽ വ്യാപാര കാർഷിക ആവ ശ്യങ്ങൾക്കും പരിമിതമായ തോതിൽ മാത്രമാണ് വൈദ്യു തോർജ്ജം ലഭിക്കുന്നത്.

### വൈദ്യുതി

കാർഷിക, വ്യാവസായിക വളർച്ചക്കും മറ്റു മേഖലകളുടെ പുരോഗതിക്കും വൈദ്യുതിയുടെ ലഭ്യത വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. മുള്ളൻകൊല്ലി പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുക ളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഓരോ വാർഡി ലേയും പരിമിതമായ പ്രദേശങ്ങളിലും വീടുകളിലും മാത്രമാണ് വൈദ്യുതി ലഭിച്ചിട്ടുള്ളത്. (പട്ടിക 1 കാണുക) ഈ പഞ്ചായത്തിലെ SC, ST കോളനിപ്ര ദേശത്തും, മറ്റു പിന്നോക്ക ദുർബല ജനങ്ങൾ അധി വസിക്കുന്ന പ്രദേശങ്ങളിലും വൈദ്യുതി എത്തിയി ട്ടില്ല. ഈ പഞ്ചായത്തിലേക്ക് വൈദ്യുതി എത്തു ന്നത് ബത്തേരി സബ്സ്റ്റേഷൻ വഴിയും കണിയാം മ്പറ്റ സബ്സ്റ്റേഷനിൽ നിന്നും ദാസനക്കര വഴിയു മാണ്. വൈദ്യുതി കണക്ഷനുവേണ്ടി പഞ്ചായ ത്തിലെ പല പ്രദേശങ്ങളിലും മിനിമം ഗ്യാരണ്ടി വെച്ചി ട്ടുണ്ടെങ്കിലും പല കാരണങ്ങളാലും പ്രവർത്തനം തുട ങ്ങുവാൻ കഴിഞ്ഞിട്ടില്ല (പട്ടിക 2) വൈദ്യുതി സംബ ന്ധമായ ആവശ്യങ്ങൾക്ക് ഈ പ്രദേശങ്ങളിലെ ജന ങ്ങൾ 35 കി.മി വരെ അകലെ ബത്തേരി സെക്ഷൻ ഓഫീസുമായി ബന്ധപ്പെടണം. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം.

പട്ടിക 1
വൈദ്യുതീകരിച്ച വീടുകൾ

| വാർഡ് | വൈദ്യുതി ഉള്ളവ | വൈദ്യുതി ഇല്ലാത്തവ | ആകെ |
|---|---|---|---|
| I | 57 | 433 | 490 |
| II | 127 | 362 | 489 |
| III | 141 | 132 | 273 |
| IV | 178 | 241 | 419 |
| V | 163 | 488 | 651 |
| VI | 62 | 526 | 588 |
| VII | 272 | 248 | 520 |
| VIII | 97 | 451 | 548 |
| IX | 92 | 90 | 182 |
| X | 38 | 467 | 505 |
| XI | 22 | 356 | 478 |
| XII | 165 | 330 | 495 |
| ആകെ | 514 | 4124 | 5638 |

വൈദ്യുതിയുടെ പണം അടയ്ക്കുന്നതിനുള്ള സൗകര്യം മാത്രമാണ് പുൽപ്പള്ളിയിൽ ഉള്ളത്. സംസ്ഥാന അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന വിഷയം എന്ന നിലയിൽ ഇന്ന് അനുഭവപ്പെടുന്ന വൈദ്യുതിക്ഷാ മവും, പവ്വർകട്ടും ഈ പഞ്ചായത്തിലെയും ജന ങ്ങളെ ബാധിക്കുന്നുണ്ട്. സംസ്ഥാന അടിസ്ഥാന ത്തിൽ ഊർജ്ജക്ഷാമം പരിഹരിക്കുന്നതിന് അനുയോ ജ്യമായ ഊർജ്ജപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തണം. പലപ്പോഴും അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ഇവിടെ അനുഭവപ്പെടാറുണ്ട്. പൊതുവെ വയനാട് ജില്ലയും അതിൽ മുള്ളൻ കൊല്ലി പഞ്ചായത്തും വൈദ്യുതിയുടെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. ആയതിനാൽ ഈ ജില്ലക്കും, പഞ്ചായത്തിനും സംസ്ഥാനത്തിന്റെ പ്രത്യേക പരിഗ ണന ഉണ്ടാകേണ്ടിയിരിക്കുന്നു കൂടുതൽ ആദിവാ സികൾ ഉൾപ്പെടുന്ന ജില്ലകൂടിയാണ് വയനാട് സംസ്ഥാ ന അടിസ്ഥാനത്തിലാണ് ഇപ്പോൾ മിനിമം ഗ്യാരന്റി യുടെ പ്രയോരിറ്റി നിശ്ചയിക്കുന്നത്. അതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിലെ വൈദ്യുതി അപേക്ഷകർക്ക് വൈദ്യുതി ലഭിക്കുന്നതിന് വളരെ കാലതാമസം നേരി ടുന്നു. വൈദ്യുതി ഉപഭോക്താക്കൾ ചൂഷണത്തിനും അഴിമതിക്കും വിധേയരാകുന്നു.

### പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. പുൽപ്പള്ളി കേന്ദ്രമാക്കി സബ്സ്റ്റേഷൻ സ്ഥാപിച്ച് മുള്ളൻകൊല്ലി പ്രദേശത്തെ മുഴുവൻ അപേ ക്ഷകർക്കും വൈദ്യുതി നല്കുക.

2. പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് സ്ഥാപിച്ച് വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുക.

3. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമ റുകൾ സ്ഥാപിച്ച് മുഴുവൻ അപേക്ഷകർക്കും വൈദ്യുതി നല്കുകയും നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.

4. വൈദ്യുതി ഉപഭോക്താക്കളുടെ താല്പര്യ ങ്ങളും അവകാശങ്ങളും സംരക്ഷിക്കുക-ചൂഷണവും-അഴി മതിയും അവസാനിപ്പിക്കുകയും ചെയ്യുക.

5 . വൈദ്യുതി ലൈനിൽ ഉണ്ടാകുന്ന തടസ ങ്ങൾ ഒഴിവാക്കി പ്രസരണ നഷ്ടം കുറവാക്കുന്നതിന് ട്രാൻസ്ഫോർമർ കേന്ദ്രമാക്കി പ്രത്യേക സ്ക്വാഡു കൾ രൂപീകരിക്കുക.

6. വൈദ്യുതിയുടെ പാഴ്ചെലവ് ഒഴിവാക്കു കയും ഗുണമേന്മകൂടിയ ഉപകരണങ്ങളും ലൈറ്റുകളും ഉപയോഗിച്ച് ഊർജ്ജലാഭം ഉണ്ടാക്കുന്നതിനുള്ള ബോധ വൽക്കരണ നടപടികൾ സ്വീകരിക്കുക.

7. ആഡംബരത്തിനും അനാവശ്യത്തിനും വൈദ്യുതി ഉപയോഗിക്കുന്നത് കർശനമായി തടയുക. ജനങ്ങളെ ബോധവൽക്കരിക്കുക.

8. മിനിമം ഗ്യാരന്റി പദ്ധതിയുടെ മുൻഗണന സംസ്ഥാന അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാറ്റി വയനാട് ജില്ലക്ക് പ്രത്യേക പരിഗണന നല്കിക്കൊണ്ട് ജില്ലാടിസ്ഥാനത്തിൽ പ്രായോരിറ്റി തീരുമാനിക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുക.

**വിറക്-ബയോഗ്യാസ്**

പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും പാചകാവശ്യത്തിന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഊർജ്ജരൂപം വിറകാണ്. പഞ്ചായത്തിന്റെ വലിയൊരു ഭാഗം അതിർത്തി വനങ്ങളായതുകൊണ്ട് വിറകിന് വളരെ അധികം ആളുകൾ ഈ വനങ്ങളെ ആശ്രയിക്കുന്നുണ്ട്. വിറക് വിലകൊടുത്തു വാങ്ങിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ദക്ഷതകൂടിയ പുകയില്ലാത്ത പരിഷത്ത് അടുപ്പ് സ്ഥാപിക്കുക എന്ന പ്രവർത്തനമെങ്കിലും നടപ്പാക്കാൻ കഴിഞ്ഞാൽ സാമ്പത്തികമായി വലിയൊരു നേട്ടം ജനങ്ങൾക്ക് ഉണ്ടാക്കാൻ കഴിയുന്നതോടൊപ്പം വീട്ടമ്മമാരുടെ ആരോഗ്യവും മെച്ചപ്പെടും. വനമേഖലയുടെ മേലുള്ള സമ്മർദ്ദം ഒരു പരിധിവരെ ഒഴിവാക്കുന്നതിനും പുകമൂലമുള്ള പരിസരമലിനീകരണത്തിലും കുറവുണ്ടാകും. അനർട്ടിന്റെ കീഴിലുള്ള IREP പദ്ധതി നമ്മുടെ ബ്ലോക്കിലും- പ്രവർത്തനം ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ 375 രൂപവിലയുള്ള പുകയില്ലാത്ത അടുപ്പ്, ഫിറ്റിംഗ് ചാർജ് ഉൾപ്പെടെ 65 രൂപക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിന് പഞ്ചായത്ത് ഒരു പദ്ധതി ആവിഷ്ക്കരിച്ച് പ്രചരണം കൊടുത്താൽ മതിയാകും. സന്നദ്ധസംഘടനകളെയും തൊഴിൽ രഹിതരായ യുവതീയുവാക്കളെയും കൂട്ടി ചേർത്ത് പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയും. ബഹുഭൂരിപക്ഷം വീടുകളിലും കാലിവളർത്തലും, മൃഗപരിപാലനവും നന്നായി ഉള്ള ഒരു പ്രദേശം എന്ന നിലയിൽ രണ്ട് കാലികളെങ്കിലും ഉള്ള വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. നിലവിൽ തന്നെ പല സന്നദ്ധസംഘടനകളും ഖാദിബോർഡും കൃഷിഭവനും സബ്സിഡികൊടുത്തുകൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചുകൊടുക്കുന്നുണ്ട്. ഇവയെ കോർത്തിണക്കി ആവശ്യത്തിന് പ്രചരണം നല്കി സബ്സിഡി വർദ്ധിപ്പിച്ചാൽ ഊർജ്ജക്ഷാമം കുറെ പരിഹരിക്കുന്നതിനു കഴിയും. ബാങ്ക് വായ്പാ സൗകര്യം മെച്ചപ്പെടുത്തുകയും വേണം.

**സൗരോർജ്ജം, LPG**

സൗരോർജ്ജത്തിന്റെ ഉല്പാദനചെലവ് അധികമായതിനാൽ സാധാരണ ജനങ്ങൾക്ക് ഇത് താങ്ങാവുന്ന ഒരു ഊർജ്ജസ്രോതസ്സ് അല്ല ഇനിയും കൂടുതലായി ഈ മേഖലയിൽ ഗവേഷണം നടത്തുവാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം. ഏതാണ്ട് 500 വീടുകളിലെങ്കിലും ഈ പഞ്ചായത്തിൽ LPG ഉപയോഗിക്കുന്നുണ്ട്. ഗവ. ഉടമസ്ഥതയിലുള്ള ഗ്യാസ് വിതരണ സൗകര്യം ഈ പഞ്ചായത്തിലും ഏർപ്പെടുത്തണം. മുള്ളൻകൊല്ലിയിലും പാടിച്ചിറയിലും വിതരണശാഖ തുടങ്ങണം.

സമഗ്രമായ ഊർജ്ജ സർവ്വേ നടത്തി പദ്ധതി രൂപപ്പെടുത്തണം

പട്ടിക 2

പഞ്ചായത്തിൽ മിനിമം ഗ്യാരണ്ടിവെച്ചിട്ടുള്ള പ്രദേശങ്ങൾ

| | |
|---|---|
| പട്ടാണിക്കൂപ്പ് | 160 വീട് |
| പാതിരി | 85 വീട് |
| ചേലൂർ-കടമ്പൂർ | 245 ട്രൈബൽ കഴിഞ്ഞു |
| സേവ്യംകൊല്ലി | |
| കബനിഗിരി | |
| ശശിമല കുരിശുമല | 283 വീട് |
| ചണ്ണോത്തുകൊല്ലി | IHDP കോളനി24 വീട് |

ഊർജ്ജാസൂത്രണത്തിൽ ഈ പഞ്ചായത്ത് നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തേണ്ടത് സംസ്ഥാനതലത്തിൽ ആയതുകൊണ്ട് നിർദ്ദേശങ്ങൾ പലതും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തണം. കാർഷിക ആവശ്യത്തിന് വൈദ്യുതി എത്തിക്കുന്നതിനും, വന്യജീവികളിൽ നിന്നും കൃഷിയേയും ജനങ്ങളേയും സംരക്ഷിക്കുന്നതിനും പദ്ധതി രൂപപ്പെടുത്തണം. ഇത് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തണം. കോളനി പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് പ്രത്യേകം ഊന്നൽ കൊടുക്കുക. ഈ പഞ്ചായത്തിലെ അത്യാവശ്യ സ്ഥലങ്ങളിലെങ്കിലും തെരുവിളക്ക് സ്ഥാപിക്കുന്നതിനുള്ള പരിപാടി പഞ്ചായത്ത് നടപ്പാക്കണം. ഊർജ്ജാസൂത്രണത്തിൽ നമ്മുടെ ജില്ലക്കും, പഞ്ചായത്തിനും സംസ്ഥാന ഗവണ്മെന്റിന്റെ പരിഗണന ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

കലാകാലങ്ങളിൽ മീറ്റർ റീഡിംഗ് നടത്തുകയും ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ് മാത്രം ഈടാക്കുകയുംചെയ്യുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 5936 വീടുകളിലായി 28871 ആളുകൾ താമസിക്കുന്നു. ഇതിൽ 15534 പുരുഷൻമാരും 13337 സ്ത്രീകളും3917 കുട്ടികളും ആണുള്ളത്.ആകെയുള്ള വീടുകളിൽ809 കോൺക്രീറ്റ് കെട്ടിടങ്ങളും, 2261 ഓടുമേഞ്ഞ വീടുകളും 2442 കുടിലുകളുമാണ്. ഇതിനുപുറമേസ്ഥലവുംവീടുകളുമില്ലാത്ത 424 കുടുംബങ്ങൾ വാടകവീട്ടിലും, പുറമ്പോക്കിലും കുടിലുകൾ കെട്ടി താമസിക്കുന്നു. 5936 വീടുകൾ ഈഗ്രാമപഞ്ചായത്തിൽഉണ്ടെങ്കിലും വൈദ്യുതി ലഭിച്ച വീടുകൾ 1484 മാത്രമാണ്.

കബനീനദിയോടുചേർന്നു കിടക്കുന്ന 1;6,11 വാർഡുകളിൽമാത്രം115 കുടുംബങ്ങൾ പുറമ്പോക്കിൽ താമസിക്കുന്നു. നദിയിൽ വെള്ളമുയരുമ്പോൾ ഈ കുടുംബങ്ങളും നിരാലംബരായി മറ്റ് സ്ഥലങ്ങലിൽ അഭയം പ്രാപിക്കുന്നു. ഇവരെ അടിയന്തിരമായി മാറ്റി പാർപ്പിക്കുന്നതിന് നടപടിസ്വീകരിക്കേണ്ടിയിരിക്കുന്നു.

**ഗ്രാമസഭകളിൽ നിന്നും വന്ന പ്രശ്നങ്ങൾ**

1. സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർ

2. സ്വന്തമായി സ്ഥലമുണ്ട് വീടുവെയ്ക്കാൻ കഴിവില്ലാത്തവർ

3. ഭവനനിർമ്മാണവായ്പ ലഭിച്ചാൽ വീടുവെയ്ക്കാവുന്നവർ

4. കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ

5. ആദിവാസികളുടെ നിലവിലുള്ള ഭവനനിർമ്മാണരീതിയിലുള്ള അപാകത.

6. ഗുണഭോക്താക്കൾ പ്രത്യേകിച്ച് ആദിവാസികൾ സർക്കാർനല്കുന്ന വീടുകൾ നല്ല രീതിയിൽ ഉപയോഗിക്കായ്ക

7. സർക്കാർനിർമ്മിച്ചു നൽകിയ വീടുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തായ്ക.

8. ഭവന നിർമ്മാണത്തിനും ഉപകരണനിർമ്മാണത്തിനും മരങ്ങൾ മില്ലിൽകൊണ്ടുപോയി അറപ്പിക്കുന്നതിന് ഇന്നുള്ള തടസ്സങ്ങൾ.

9. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർല്ലഭ്യം.

10. പ്രകൃതിക്ഷോഭം മൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരം ലഭിക്കുന്നതിനുള്ള ഇന്നത്തെ സാങ്കേതിക തടസ്സങ്ങൾ .

11. വീടുകൾ ഇൻഷ്വർ ചെയ്യാത്ത അവസ്ഥ

12. ഗ്രാമീണ ജനതയ്ക്ക് ഭവന നിർമ്മാണ വായ്പാപദ്ധതികൾ ഇന്നും എളുപ്പത്തിൽ ലഭ്യമല്ല.

**സാദ്ധ്യതകൾ**

1. മുള്ളൻകൊല്ലി പഞ്ചായത്തിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാതെ കുടുംബമായി താമസിച്ചുകൊണ്ടിരിക്കുന്നവർക്ക് പഞ്ചായത്തിൽ എവിടെയെങ്കിലും നാലുസെന്റ് സ്ഥലവും വീടും അനുവദിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. സാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനവിഭാഗങ്ങൾക്ക് മുഴുവൻ ചെലവുകളും നൽകി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വകരിക്കുകയും കുറഞ്ഞത് 30000/- രൂപയെങ്കിലുംവീട് നിർമ്മാണത്തിന് അനുവദിക്കുകയും ചെയ്യുക.

3. ആദിവാസികൾക്കും ദുർബ്ബല വിഭാഗങ്ങൾക്കും മുഴുവൻ ചെലവുകളും നൽകി ഭവന നിർമ്മാണപദ്ധതി നടപ്പിലാക്കണം. ആദിവാസികളുടെ വീടിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ് ഗുണനിലവാരം കുറഞ്ഞ വീട് ഉണ്ടാക്കുവാൻ കാരണം.

4. ആദിവാസികൾക്ക് വീട് നൽകുമ്പോൾ അവർക്ക് ആവശ്യമായ ബോധവൽകരണംകൊടുക്കേണ്ടിയിരിക്കുന്നു. കൂടാതെ അവരുടെ ഇഷ്ടത്തിനനുസരിച്ച് അവരുടേതായ താല്പര്യം കൂടി പരിഗണിച്ച് വീട് നിർമ്മിക്കുകയും ജനകീയ കമ്മറ്റികളുടെ മേൽനോട്ടം

ഉണ്ടായിരിക്കുകയും ചെയ്താൽ ഇന്നത്തെ അവരുടെ മനോഭാവത്തിന് മാറ്റം വരുന്നതാണ്.

5. ഭവനനിർമ്മാണത്തിനാവശ്യമായിവരുന്ന മരങ്ങൾ സ്വന്തമായി ഉണ്ടെങ്കിൽ അവ മില്ലിൽ കൊ ണ്ടുപോയി അറപ്പിക്കുന്നതിന് ഇന്നുള്ളതടസ്സം മാറ്റി പാസ് കൊടുക്കുവാൻ പഞ്ചായത്തിന് അധികാരം കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6. ഗ്രാമപ്രദേശങ്ങളിൽ സാധാരണ ജനങ്ങൾക്ക് വീട് പണിയുന്നതിന് സാമഗ്രികളുടെ ദൗർല്ലഭ്യമാണ് ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രശ്നം.ഇതിന് ഒരു പരിധിവരെ നമ്മുടെ പഞ്ചായത്തിൽ പരിഹാരം കാണുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഇഷ്ടിക നിർമ്മാണം, ഓട് നിർമ്മാണം എന്നിവ നടപ്പിലാക്കാവുന്നതാണ്. കൂടാതെ കരിങ്കൽ പൊടിയും മണലും ധാരാളം ലഭിക്കുന്നതിനാൽ അതുപയോഗിച്ച് ഇഷ്ടിക നിർമ്മിച്ച് വീടുണ്ടാക്കാൻ സാധിക്കും.

7. സഹകരണാടിസ്ഥാനത്തിൽ ഗൃഹനിർമ്മാണയൂണിറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുമ്പോൾ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകൊണ്ട് പ്രസ്തുത സ്ഥാപനം VI-ാം വാർഡിൽ അനുയോജ്യമാണ് കാരണം കൽക്വാറികളിൽ നിന്നുള്ള കൽപ്പൊടിയും യഥേഷ്ടം മണലും വെള്ളവും പുറമ്പോക്കുഭൂമിയും ഈ വാർഡിൽ ലഭ്യമാണ്.

8. പ്രകൃതിക്ഷോഭം മൂലം വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും വീടുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

9. നിർധനരായ കുടുംബങ്ങൾക്ക് കക്കൂസ് സൗജന്യമായി നിർമ്മിച്ചുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക. അല്ലാത്ത ജനവിഭാഗങ്ങൾക്ക് ഗുണഭോക്താവിന്റെ അധ്വാനം കണക്കാക്കിയുള്ള 1000 രൂപ കഴിച്ച് 4000 രൂപ സബ്സിഡി അനുവദിക്കുക.

10. കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ വീടില്ലാത്ത മുഴുവൻ ഗ്രാമീണ ജനതയ്ക്കും ലഭ്യമാക്കണം. ഇതിനായി ഒരു ഭവനനിർമ്മാണ സഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിക്കണം.കൂടാതെ മറ്റ് ബാങ്കുകളിൽനിന്നും വായ്പാസംവിധാനം ലളിതമാക്കുകയും വേണം. ഭവന നിർമ്മാണബോർഡിന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിൽ സ്ഥാപിക്കുകയും വിവിധഭവന നിർമ്മാണഏജൻസികളെസമന്വയിപ്പിച്ച് സാങ്കേതികത്വം ലഘൂകരിച്ച് ഗ്രാമ പഞ്ചായത്തിന്റെകീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്താൽ 1480 കുടിലുകളിൽ താമസിക്കുന്നവരുടെ വീടെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടും. അതുപോലെ പുറംപോക്കിലും വാടകവീട്ടിലും താമസിക്കുന്ന വീടും സ്ഥലവുമില്ലാത്ത 424 കുടുംബങ്ങളുടെയും സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടും.

## സാമൂഹ്യക്ഷേമം

സമൂഹത്തിൽ ഇന്ന് അസന്തുലിതാവസ്ഥ നിലനില്ക്കുന്നുണ്ട്.ബഹുഭൂരിപക്ഷം ജനങ്ങളും ദരിദ്രരാണ്. സമ്പത്ത് ഒരു ന്യൂനപക്ഷത്തിന്റെകയ്യിൽ കേന്ദ്രീകരിക്കുന്നു. സാമൂഹ്യക്ഷേമം ഉറപ്പുവരുത്തണമെങ്കിൽ ഈ അവസ്ഥക്ക് മാറ്റം വരുത്തണം. സമ്പത്ത് നീതിപൂർവ്വം വിതരണം ചെയ്യപ്പെടണം. ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും സമ്പന്നർ കൂടുതൽ സമ്പന്നരാവുകയും ചെയ്യുന്ന ഈ ലോക ക്രമീകരണത്തിന് ജനകീയാസൂത്രണപ്രസ്ഥാനം ചെറിയ തോതിലെങ്കിലും ഒരു മാറ്റമുണ്ടാക്കുമെന്ന് പ്രത്യാശിക്കാം.

മുള്ളൻകൊല്ലി പഞ്ചായത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് കൂടുതലും. നിലവിലുള്ള ക്ഷേമ പദ്ധതികൾ തൊഴിലെടുക്കുന്നവരുടെ ഇടയിൽ ശരിയാംവണ്ണം പ്രയോഗത്തിലില്ലായെന്ന് കാണുന്നുണ്ട്. തൊഴിൽ രഹിതരുടെ എണ്ണം ഈ ഗ്രാമപഞ്ചായത്തിനും ഒരു പ്രശ്നം തന്നെയാണ്. സ്ത്രീകളുടെ തനതായ പ്രശ്നങ്ങൾ അവരുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥക്ക് മാറ്റം വരുന്നതോടുകൂടിയേ മാറൂ. പ്രത്യേകിച്ചും ആദിവാസി ദുർബ്ബല ജനവിഭാഗങ്ങളിലെ സാമൂഹ്യ പിന്നോക്കാവസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 17 അംഗൻവാടികളും, 17വായനശാലകളും 21 ക്ലബുകളും ഒരു വൃദ്ധമന്ദിരവും 1 ശിശുമന്ദിരവുമുണ്ട്. വികലാംഗരായ 500 ആളുകൾ ഇവിടെയുണ്ട്. 10 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന പ്രധാന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

**പ്രശ്നങ്ങൾ**

1. കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ

പെൻഷൻ, തൊഴിലില്ലായ്മാവേതനം തുടങ്ങിയ ക്ഷേമ പദ്ധതികളുടെഗുണം അർഹരായവർക്കെല്ലാം ലഭിക്കുന്നില്ല.

2. പെൻഷനുകൾ ലഭിക്കുന്നവർക്കു തന്നെ അത് കൃത്യമായി ലഭിക്കാതെ വരുന്നു. കൂടാതെ കർഷക തൊഴിലാളിക്ഷേമ നിധി, കെട്ടിട തൊഴിലാളി ക്ഷേമനിധി എന്നിവയിലും തൊഴിലാളികൾക്ക് ചേരാൻ പറ്റാതെ വരുന്നത് ശരിയായ ബോധവല്ക്കരണത്തിന്റെ അഭാവം മൂലമാണ്.

3.പെൻഷൻ തുകകളുടെ കുറവ്

4 അംഗൻവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല.

5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം മെച്ച മല്ല.

6. ഇൻഷ്വറൻസ് പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

7. ജനങ്ങളിൽ സമ്പാദ്യശീലം തീരെയില്ല.

8. വായന ശാലകളിൽവായന അന്യവൽക്കരിക്കപ്പെടുന്നു.

9. സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന്റെ കുറവ്.

10 IRDP സർവ്വേയുടെ പോരായ്മകൾ മൂലം അനർഹകുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

11. പദ്ധതിയുടെ വിവരങ്ങൾ അർഹതപ്പെട്ടവർ അറിയുന്നില്ല.

12. വ്യാജചാരായവും കർണ്ണാടക ചാരായവും ഉയർത്തുന്നപ്രശ്നങ്ങൾ.

13. സ്ത്രീകളും കുഞ്ഞുങ്ങളും, മുലയൂട്ടുന്ന അമ്മമാരും അനുഭവിക്കുന്ന പ്രശ്നങ്ങൾ

**നിർദ്ദേശങ്ങൾ**

വാർഡുതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തണം. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് പോലീസ് സ്റ്റേഷനും എക്സൈസ് ഓഫീസും സ്ഥാപിക്കണം. ആദിവാസി ഹരിജൻ കോളനികളിൽ കക്കൂസുകൾ നിർമ്മിക്കണം. പാളക്കൊല്ലിയിൽ വായനശാലയില്ല. മൂന്നുപാലത്ത് പുതുതായി അംഗൺവാടികൾ സ്ഥാപിക്കണം. കൃഗനൂരിലും ചാമപ്പാറയിലുമുള്ള സബ് സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കണം. മാതൃശിശു സംരക്ഷണ കേന്ദ്രം കബനിഗിരിയിലോ മരക്കടവിലോ സ്ഥാപിക്കണം. മന്ദബുദ്ധികളെ പഠിപ്പിക്കുന്ന പാടിച്ചിറ ജനതാ ഗ്രന്ഥാലയത്തിൽ അതിനുള്ള സൗകര്യം വർദ്ധിപ്പിക്കുക. കൊളവള്ളി അംബേദ്കർ ഗ്രാമത്തിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കണം. ബസ് വെയിറ്റിംഗ് ഷെഡ് പണിയുകയും കവലകളിൽ തെരുവുവിളക്ക് സ്ഥാപിക്കുകയും വേണം.

പാവപ്പെട്ടവർക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന ഇന്നത്തെ പെൻഷൻ തുക അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിക്കേണ്ടതാണ്. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ മഹിളാ സമാജങ്ങൾക്ക് കഴിയും. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും അതിനാവശ്യമായ കെട്ടിടവും ഫർണിച്ചറും അനുവദിക്കുകയും ചെയ്യുക. മഹിളാ സമാജങ്ങൾ മഹിളകളുടെ സാമൂഹ്യപുരോഗതി ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. മഹിളാ സമാജങ്ങളോടനുബന്ധിച്ച് വായനശാലയും ആരംഭിക്കാവുന്നതാണ്.

പുറമ്പോക്കിൽ താമസിക്കുന്നവരുൾപ്പെടെ പഞ്ചായത്തിൽ താമസിക്കുന്നവർക്ക് അടിയന്തിരമായി റേഷൻ കാർഡ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതൊടൊപ്പം സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണം. ഇതിന്റെ തുക ജനങ്ങളിൽ നിന്നു തന്നെ ശേഖരിക്കാവുന്നതാണ്. പഞ്ചായത്തിലെ മുഴുവൻ കുടുംബാംഗങ്ങളേയും ദേശീയ സമ്പാദ്യപദ്ധതിയിൽ ചേർക്കുന്നതിന് പ്രത്യേക പരിപാടി ആസൂത്രണ ചെയ്യണം.

IRDP സ്വയംതൊഴിൽ പദ്ധതികൾ കാര്യക്ഷമമാക്കണം. അനർഹരായവരെ ഒഴിവാക്കുകതന്നെ വേണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. കർണ്ണാടക ചാരായം നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായി തടയുന്നതിന് ജനകീയ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും കള്ളവാറ്റ് തടയുന്നതിന് മേൽകമ്മിറ്റികൾ സഹകരിക്കുകയും വേണം. ഈ കാര്യത്തിൽ പോലീസിന്റേയും എക്സൈസിന്റേയും ശക്തമായ ഇടപെടലുകൾ അത്യാവശ്യമാണ്. ഗവണ്മെന്റിന്റേയും പഞ്ചായത്തിന്റേയും പദ്ധതികൾ വാർഡുക

ളിൽ നടപ്പിലാക്കുമ്പോൾ ജനപങ്കാളിത്തത്തോടെ ആണെങ്കിൽ അതിന്റെ എസ്റ്റിമേറ്റുതുകയിൽ കുറവുവരുത്തുകയും കരാറുകാരുടെ മേൽനോട്ടത്തിൽ ചെയ്യുമ്പോൾ എസ്റ്റിമേറ്റ് തുക കൂട്ടിക്കൊടുക്കുന്ന പ്രവണതയും ഇന്നു നിലനില്ക്കുന്നുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിച്ച് ജനപങ്കാളിത്തത്തിന് മുൻതൂക്കം കൊടുക്കേണ്ടതാണ്. കൂടാതെ കരാറുകാർ നടത്തുന്ന പ്രവൃത്തിയുടെ പൂർണ്ണരൂപം അതാതു പ്രദേശത്തെ ജനകീയ കമ്മിറ്റിക്ക് അറിയാനുള്ള സംവിധാനം ഉണ്ടാക്കണം.

മുള്ളൻകൊല്ലി ഗ്രാപഞ്ചായത്തിലെ മുഴുവൻ പുറമ്പോക്കിലുമുള്ള അനധികൃത കുടിയേറ്റക്കാരെ ഒഴിപ്പിച്ച് പ്രസ്തുത ഭൂമിയിൽ സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പിൽ വരുത്തുകയും ചെയ്യണം. കബനി പുഴയോടു ചേർന്ന കൃഷി ചെയ്യാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി പച്ചക്കറികൃഷി, മത്സ്യകൃഷി എന്നിവ ചെയ്യാവുന്നതാണ്. കർണാടക സംസ്ഥാനത്ത് ചാരായം നിരോധിക്കാത്തതിനാൽ കേരളത്തിൽ നടപ്പിലാക്കിയ നിരോധനം കൊണ്ട് ഈ മേഖലയിൽ പറയത്തക്ക ഗുണമൊന്നും ഇല്ല.

നിലവിലുള്ള പെൻഷൻ പദ്ധതികളെക്കുറിച്ച് ഗ്രാമീണ ജനങ്ങൾക്ക് ശരിയായ ദിശാബോധം നല്കുന്നതിന് പഞ്ചായത്തിൽ ഗൈഡൻസ് സെന്റർ സ്ഥാപിക്കണം. ഒരു സാമൂഹ്യക്ഷേമ സമിതിയുടെ രൂപത്തിലായാൽ നന്ന്.

ചികിത്സാ സഹായവും പെൻഷൻ വിതരണവും ക്ഷേമനിധി പ്രവർത്തനങ്ങളും പഞ്ചായത്തിനെ ഏല്പിക്കണം. വൃദ്ധമന്ദിരവും ബാലമന്ദിരവും പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും കെട്ടിടങ്ങൾ ഇല്ലാത്ത അംഗൺവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള ഫണ്ടു കൂടി അനുവദിച്ചുകൊടുക്കുകയും വേണം. ട്രെയിനിംഗ് കഴിഞ്ഞ വർക്കർമാരെ നിയമിക്കണം. അംഗൻവാടികളിൽ കുട്ടികൾക്ക് കൊടുക്കുന്ന ആഹാരം ഗുണനിലവാരമുള്ളതാണോയെന്ന് പരിശോധിക്കാനുള്ള അധികാരം ജനകീയ കമ്മിറ്റികളെ ഏല്പിക്കണം.

അംഗൻവാടികളുടെ പ്രവർത്തനം പഞ്ചായത്തിന്റെ കീഴിലായിരിക്കണം. മുലയൂട്ടുന്ന പാവപ്പെട്ട അമ്മാരുടെയും കുട്ടികളുടേയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അംഗൻവാടികളിൽകൂടി ഭക്ഷണം വിതരണം ചെയ്യണം.

സ്വന്തമായ സ്ഥലവും കെട്ടിടവും ഉള്ളതും ഗ്രാമീണ ജനതയുടെ കലാകായിക സംസ്കാരിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതുമായ ക്ലബ്ബുകളെ കണ്ടെത്തി അവയ്ക്ക് ദിനപ്പത്രം, ടെലിവിഷൻ, എന്നിവ അനുവദിച്ചുകൊടുക്കേണ്ടതാണ്. വാഗ്ദാനം ചെയ്യപ്പെട്ട മനുഷ്യവിഭവം സ്വരൂപിക്കുന്ന കാര്യത്തിൽ നിലവിലുള്ള ക്ലബ്ബുകളും സന്നദ്ധസംഘടനകളും മുൻകൈ പ്രവർത്തനം നല്കേണ്ടതാണ്.

# സംസ്ക്കാരം

സീതാ ദേവിയുടേയും ലവകുശന്മാരുടേയും പാദസ്പർശങ്ങളേറ്റ് ധന്യമായ പുണ്യഭൂമിയാണ് ഈ പ്രദേശമെന്നാണ് ഐതിഹ്യം. പഴശ്ശിത്തമ്പുരാന്റെ വീരോജ്ജ്വലമായ ജീവിതകഥകൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി ഇന്നും ജനഹൃദയങ്ങളിൽ നിഴലിക്കുന്നു. സാംസ്ക്കാരിക സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവരുടെ സന്ദേശങ്ങൾ ജനമദ്ധ്യത്തിലെത്തിക്കാൻവേണ്ടി രൂപം നല്കുന്ന പദ്ധതികളുടെ തുടക്കം കുറിക്കുന്നത് മാവിലാംതോടിന്റെ തീരത്തു നിന്നാണ്. ഇത് മുള്ളൻകൊല്ലിക്കാർക്ക് ആവേശവും ആത്മാഭിമാനവും നൽകുന്നു.

അരനൂറ്റാണ്ടു മുമ്പ് കോട്ടയം, എറണാകുളം, ജില്ലകളിൽ നിന്ന് കുടിയേറിയവരാണ് ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും. കുടിയേറ്റ ജനതയുടെ ദീർഘനാളത്തെ അദ്ധ്വാനത്തിന്റെയും ത്യാഗത്തിന്റേയും സൃഷ്ടിയാണ് ഇന്നത്തെ മുള്ളൻകൊല്ലി. ആദ്യകാലഘട്ടത്തിൽ കുടിയേറിയ ഏതാനും കുടുംബങ്ങളാണ് ഈ പ്രദേശത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കുവഹിച്ചത്. സായംസന്ധ്യകളിലെ അവരുടെ ചർച്ചകളിൽ രൂപപ്പെട്ട ആശയങ്ങളാണ് ഈ നാടിന്റെ സാംസ്ക്കാരിക പശ്ചാത്തലം. പകലന്തിയോളം പണിയെടുത്ത് തളരുന്ന യുവാക്കളുടെ വൈകുന്നേരങ്ങളിലെ ഒത്തുചേരൽ ഒരു സാംസ്ക്കാരിക പ്രസ്ഥാനമായി രൂപപ്പെട്ടു. 1954ൽ രൂപീകരിച്ച പുല്പള്ളി യുവജന കലാസമിതി അവരുടെ ആവേശവും പ്രതീക്ഷയുമായി വളർന്നു. ശ്രീ.തെക്കനാട്ട് മാത്യുവിന്റെ നേതൃത്വത്തിൽ പൊൻകുന്നം വർക്കിയുടെ പൂജ എന്ന സംഗീത നാടകം ആദ്യമായി ചൈന്തകുന്നിൽ അരങ്ങേറ്റം നടത്തിയപ്പോൾ അതൊരു ചരിത്രസംഭവമായി. യുവജനകലാസമിതി പതിനെട്ടോളം നാടകങ്ങൾ വയനാടിന്റെ പല ഭാഗങ്ങളിൽ അവതരിപ്പിക്കുകയുണ്ടായി. 1953 മുതൽ പ്രവർത്തിച്ചിരുന്ന മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി.സ്കൂൾ കലാസമിതിയുടെ പ്രധാന പ്രവർത്തന കേന്ദ്രമായിത്തീർന്നു. ജീവിതത്തിന്റെ ദുഖങ്ങളും പ്രയാസങ്ങളും നിഴലിച്ചിരുന്ന നാടകങ്ങളിലെ നായകന്മാരും നായികവേഷം കെട്ടിയിരുന്ന കലാകാരന്മാരും ഹാസ്യനടന്മാരും എല്ലാം അവരുടെ ഓർമ്മകൾ അയവിറക്കുമ്പോൾ നമ്മുടെ സാംസ്ക്കാരിക മുന്നേറ്റത്തിന്റെ ചരിത്രമായിത്തീരുന്നു. പുല്പള്ളി യുവജനകലാസമിതി പ്രഭാത് ആർട്സ് ഹോം എന്ന് പേരുമാറ്റി പ്രവർത്തനം തുടർന്നു. ശ്രീ.ജോസ് തോമസ് തെക്കിനാട്ട് രചിച്ച ഇതാണോ നീതി എന്ന സംഗീതനാടകം വയനാടിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിച്ചു.

*"NB: പരിപാടികൾക്ക് ഉച്ചഭാഷിണി ഉണ്ടായിരിക്കുന്നതാണ്."* അരനൂറ്റാണ്ടു മുമ്പുള്ള നോട്ടീസുകളിൽ രേഖപ്പെടുത്തിയിരുന്ന വാചകമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഉച്ചഭാഷിണി വളരെ വിരളമായിരുന്നുവെന്നതിന് തെളിവാണിത്.

അതിപുരാതന കാലത്തും മുള്ളൻകൊല്ലി പ്രദേശത്ത് ജനവാസമുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. പണിയർ, അടിയാന്മാർ, കുറുമർ, നായ്ക്കർ, കുറിച്യർ, ഊരാളികൾ തുടങ്ങിയവർ ഈ മണ്ണിന്റെ മക്കളാണ്. പിന്നീട് കുടിയേറിയ ഗൗഡർ, ചെട്ടിമാർ തുടങ്ങിയവരും ഇവിടെ അധിവസിച്ചിരുന്നു. ജൈനമത വിശ്വാസികളും ബുദ്ധമതവിശ്വാസികളും ഈ പ്രദേശത്ത് കുടിയേറിയിരുന്നു. പണിയവിഭാഗത്തിന്റെ കൂടിയാട്ടം, തുടികൊട്ട്, തുടങ്ങിയ ആദിവാസി കലാരൂപങ്ങൾ ഇന്നും അവരുടെ സംസ്കാരത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. കൊയ്ത്തുകഴിഞ്ഞ് നെൽപ്പാടങ്ങളിൽ പന്തല് കെട്ടി പുറാട്ടുനാടകം നടത്തുകയും കാട്ടിനുള്ളിലെ ദൈവത്തറകളിൽ ദീപംകൊളുത്തി തപ്പുംതുടിയുമായി നൃത്തം ചവിട്ടുകയും ചെയ്യുന്ന ആദിവാസികൾ വയനാടിന്റെ

## പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ സ്ഥിതിവിവരകണക്ക്

| ക്രമ നമ്പർ | ഗ്രന്ഥാലയത്തിന്റെ പേരും വിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള അംഗങ്ങളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തകവിതരണം | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|
| 1 | സുരഭി ആർട്സ് ക്ലബ് സ്പോർട്സ് & റീഡിംഗ്റും, സുരഭിക്കവല, മുള്ളൻകൊല്ലി P.O | 1978 | സ്വന്തം | 120 | 1400 | 300 | വായനശാല | ഉണ്ട് |
| 2 | ജൂലി ആർട്സ് -ലൈബ്രറി ചണ്ണോത്ത് കൊല്ലി, ശശിമല. P.O | 1978 | സ്വന്തം | 110 | 1600 | 200 | വായനശാല | ഉണ്ട് |
| 3 | ഐശ്വര്യ ഗ്രന്ഥശാല ആർട്സ് & സ്പോർട്സ് ക്ലബ്,കന്നാരംപുഴ, സീതാമൗണ്ട് | 1974 | സ്വന്തം | 124 | 1993 | 1050 | വായനശാല | ഉണ്ട് |
| 4 | ജനതാ ഗ്രന്ഥാലയം സ്പോർട്സ് ക്ലബ് പാടിച്ചിറ P.O | 1972 | സ്വന്തം | 249 | 750 | 150 | വായനശാല മന്ദബുദ്ധി പഠനകേന്ദ്രം | ഉണ്ട് |
| 5 | നാഷണൽ ലൈബ്രറി പട്ടാണിക്കൂപ്പ് | 1966 | സ്വന്തം | 140 | 1500 | 300 | വായനശാല | ഉണ്ട് |
| 6 | ജൂബിലി മെമ്മോറിയൽ ലൈബ്രറി, റീഡിംഗ്റൂം മരക്കടവ് P.O | 1970 | വാടക | 80 | 2000 | 250 | വായനശാല | ഉണ്ട് |
| 7 | ഉദയവയനശാല, ഉദയക്കവല, P.O. ചെറ്റപ്പാലം. | 1971 | സ്വന്തം | 388 | 3846 | 300 | വായനശാല നേഴ്സറി | ഉണ്ട് |
| 8 | നാഷണൽ റീഡിംഗ്റൂം പെരിക്കല്ലൂർ. P.O. പെരിക്കല്ലൂർ | 1956 | സ്വന്തം | 70 | 1800 | 200 | വായനശാല ജനശിക്ഷണ നിലയം | ഉണ്ട് |
| 9 | പ്രഭാത് ഗ്രന്ഥശാല ആർട്സ് & സ്പോർട്സ് ക്ലബ്, കാപ്പിസെറ്റ്, ശശിമല P.O. | 1977 | സ്വന്തം | 109 | 1633 | 110 | വായനശാല നേഴ്സറി | ഉണ്ട് |
| 10 | പഞ്ചായത്ത് ലൈബ്രറി മുള്ളൻകൊല്ലി | 1983 | സ്വന്തം | 405 | 6116 | 259 | | |

പ്രത്യേകതയാണ്. ശശിമല ഭാഗത്ത് കാണപ്പെടുന്ന വീരക്കല്ല് പുല്പള്ളി പ്രദേശത്ത് ചേരരാജാക്കന്മാരുടെ ഭരണകാലഘട്ടത്തിന്റെ പ്രതീകമായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു .

കഥാപ്രസംഗരംഗത്ത് വളരെ പ്രശസ്തനായിരുന്ന മാസ്റ്റർപാല എന്ന പേരിലറിയപ്പെട്ടിരുന്ന ശ്രീ. A.T. ഔസേഫ് മുള്ളൻകൊല്ലിയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഭാഗമാണ്. കിസാൻതൊമ്മൻ, PD.മൈക്കിൾ മാസ്റ്റർ, K.J.ജോസഫ് മാസ്റ്റർ, ജോസഫ് വാടാന, T.U. ജേക്കബ് തുടങ്ങിയ പ്രമുഖർ ഈ പ്രദേശത്തിന്റെ വികസനത്തിലും പുരോഗതിയിലും നിർണ്ണായക പങ്കുവഹിച്ച വ്യക്തികളാണ്.

മതമൈത്രിയുടെ പ്രതീകങ്ങളാണ് മുള്ളൻ കൊല്ലി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ തല ഉയർത്തി നില്ക്കുന്ന നിരവധിയായ ദേവാലയങ്ങൾ.

സെന്റ് മേരീസ് ദേവാലയം മുള്ളൻകൊല്ലി, സെന്റ് തോമസ് ചർച്ച് പെരിക്കല്ലൂർ, സെന്റ് ജോസഫ്സ് ചർച്ച് മരക്കടവ്, ഇൻഫന്റ ജീസസ് ചർച്ച് ശശിമല, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാടിച്ചിറ; സെന്റ് മേരീസ് ചർച്ച് കബനിഗിരി, സെന്റ് ജോസഫ്സ് ചർച്ച് സീതാമൗണ്ട്, ലവകുശക്ഷേത്രം ശശിമല സിറാജുദ്ദീൻ ജുമാമസ്ജിദ് പട്ടാണിക്കൂപ്പ്, കബനിഗിരി ശ്രീ. സുബ്രഹ്മണ്യക്ഷേത്രം, ഇരുപ്പൂട് സെന്റ് ആന്റണീസ് ദേവാലയം, സെന്റ് മേരീസ് യാക്കോബായ പള്ളി പട്ടാണിക്കൂപ്പ്, കൊളവള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, മലങ്കര കത്തോലിക്കാ പള്ളി ശശിമല, ചാമപ്പാറ ശിവക്ഷേത്രം, പട്ടാണിക്കൂപ്പ് SNDP ഗുരുമന്ദിരം,SNDP ഗുരുമന്ദിരം പാടിച്ചിറ, പാതിരി പ്രത്യക്ഷരക്ഷാദൈവസഭ, ചാമപ്പാറ ശ്രീ. സുബ്രഹ്മണ്യക്ഷേത്രം.

മുള്ളൻകൊല്ലി സെന്റ് മേരീസ് ചർച്ച് ആണ് ഇവിടുത്തെ ആദ്യത്തെ ക്രിസ്ത്യൻ ആരാധനാലയം ചാമപ്പാറ അമ്പലം ഹൈന്ദവ വിശ്വാസത്തിന്റെ ഭാഗമായി നിലനിൽക്കുന്നു. പുല്പള്ളി പ്രദേശത്തെ ആദ്യത്തെ മുസ്ലിം ദേവാലയം പട്ടാണിക്കൂപ്പിലാണ്. പുല്പള്ളി സീതാദേവി ക്ഷേത്രത്തിലെ ഉത്സവം എല്ലാ മതവിഭാഗങ്ങളുടേയും ഉത്സവമായി കണക്കാകുന്നു.

ഉത്സവാഘോഷത്തിന്റെ ഭാഗമായി ആദിവാസികളുടെ പരമ്പരാഗത ആഭരണങ്ങളും വസ്ത്രങ്ങളുമണിഞ്ഞ് അവർ നൃത്തം ചെയ്യുന്നു. പണിയ സ്ത്രീകൾ കാതിൽ തോടയും നാണയങ്ങൾ കോർത്തുണ്ടാക്കുന്ന മാലയും ആഭരണമായി ഉപയോഗി ച്ചിരുന്നു. കുറുമർ, വയനാടൻ ചെട്ടിമാർ, അവരുടെ ആചാരത്തിന്റെ ഭാഗമായി കാതിൽ കടുക്കൻ ധരിച്ചിരുന്നു. ക്രിസ്ത്യൻ സ്ത്രീകളുടെ ആഭരണമായ കുണുക്ക് തീർത്തും അപ്രത്യക്ഷമായിരിക്കുന്നു.

പെരിക്കല്ലൂർ നാഷണൽ ലൈബ്രറി, നാഷണൽ ലൈബ്രറി പട്ടാണിക്കൂപ്പ്, സുരഭി ലൈബ്രറി , ഉദയാ വായനശാല, ഉദയക്കവല ജനതാ ഗ്രന്ഥാലയം പാടിച്ചിറ, ജൂബിലി മെമ്മോറിയൽ മരക്കടവ്, ഐശ്വര്യ ഗ്രന്ഥാലയം, ചണ്ണോത്തുകൊല്ലി തുടങ്ങിയവ മുള്ളൻകൊല്ലി പഞ്ചായത്തിലെ പ്രധാനപ്പെട്ട സാംസ്ക്കാരികകേന്ദ്രങ്ങളാണെന്ന് പറയാം. സാംസ്ക്കാരിക ഉന്നമനത്തിനായി സജീവമായി പ്രവർത്തിക്കുന്ന അഞ്ച് മഹിളാ സമാജങ്ങൾ ഈ പ്രദേശത്തുണ്ട്.

പ്രശംസനീയമായ കായിക സംസ്ക്കാരമാണ് മുള്ളൻകൊല്ലി പഞ്ചായത്തിന്റേത്. മുഴുവൻ ജനങ്ങളുടേയും പങ്കാളിത്തത്തോടുകൂടി അഖിലേന്ത്യാ വോളിബോൾ മേള രണ്ടുപ്രാവശ്യം ഇവിടെ നടത്തിയിട്ടുണ്ട്. അലക്സ് തോമസ്, ടോമി, മാത്യു തുരുത്തേൽ, ഷാജി പൂഴിപ്പുറം, സാബൂ ലൂയിസ് തുടങ്ങിയ യുവാക്കൾ ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരം നേടിയ ഈ പഞ്ചായത്തിൽ നിന്നുള്ള പ്രതിഭകളാണ്.

**പ്രശ്നങ്ങൾ**

വിവിധ വിനോദപരിപാടികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് അർഹമായ സ്ഥാനം നൽകാൻ സമൂഹം തയ്യാറാകുന്നില്ല. വിദ്യാർത്ഥികളിലും മുതിർന്നവരിലും പൊതുവെ വായനാശീലം കുറഞ്ഞു വരുന്നതായി പഠനങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു. ടി.വി. തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുടെ മുന്നേറ്റം ജനങ്ങളെ പുസ്തകങ്ങളിൽ നിന്ന് അകറ്റിയിരിക്കുന്നു. വിവിധ കലാരൂപങ്ങൾ അഭ്യസിപ്പിക്കുവാൻ ഉതകുന്ന പഠനകേന്ദ്രങ്ങളുടെ അഭാവം കലാപരമായ വളർച്ചയുടെ മുരടിപ്പിന് കാരണമാണ്. രണ്ടാം ഘട്ട സാക്ഷരതാ

പ്രവർത്തനങ്ങൾ കാര്യക്ഷമമായില്ല. ആദിവാസികൾക്കിടയിലെ സാക്ഷരതാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. കോ-ഓർഡിനേറ്റർമാർ ഇൻസ്ട്രക്ടർമാർ തുടങ്ങിയവർക്ക് കൃത്യമായി ശമ്പളവും അലവൻസുകളും നല്കുന്നില്ല. ആദിവാസി കലാരൂപങ്ങൾ പോഷിപ്പിക്കുന്നതിന് പഞ്ചായത്തു തലത്തിൽ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല.

**നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും**

1. വിവിധ കലാരൂപങ്ങളെ പരിപോഷിക്കുന്നതിനായി വിദഗ്ദന്മാരുടെയും അഭ്യസ്തവിദ്യരുടേയും സഹായത്തോടുകൂടി ഒരു സ്ഥിരം പഠനകേന്ദ്രം ആരംഭിക്കുക. ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ ജനപങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കുവാൻ ജനപ്രതിനിധികൾ നേതൃത്വം നല്കുക.

2. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ അതിപ്രസരം മൂലം വായനാശീലം വളരെയധികം കുറഞ്ഞു വരുന്നതായി കാണുന്ന സാഹചര്യത്തിൽ എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക. കൂടുതൽ ജനങ്ങളെ വായനയിലേക്ക് തിരികെ കൊണ്ടുവന്ന് അവരുടെ അറിവിന്റെ അതിരുകൾ വികസിപ്പിക്കാൻ സാധിക്കും.

3. എല്ലാവിധ വിനോദ ഇനങ്ങളും സ്റ്റേഡിയത്തിൽ നടത്താൻ പറ്റുന്ന തരത്തിൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കുകയും പഞ്ചായത്തുതലത്തിൽ കായികമേളകൾ വർഷംതോറും നടത്തുകയും ചെയ്യുക.

4. വിദ്യാർത്ഥികളിലെ വായനാശീലം പോഷിപ്പിക്കുവാൻ സ്കൂളുകളിൽ റീഡേഴ്സ് ക്ളബുകൾ രൂപീകരിച്ച് പ്രവർത്തനം സജീവമാക്കുക.

5. കായികരംഗത്ത് മികവ് കാണിക്കുന്ന വിദ്യാർത്ഥികളെ ചെറുപ്പത്തിലേ കണ്ടെത്തി പരിശീലനം നല്കുക.

6. സ്കൂളുകളിലെ കലാകായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യനിർണ്ണയം നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

7. തുടികൊട്ട്, ഉടുക്ക് തുടങ്ങിയ ആദിവാസി കലകൾ നില നിർത്തുവാൻ ഉതകുന്ന പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുക. ആദിവാസികൾക്കുവേണ്ടി പ്രത്യേക ബോധവത്ക്കരണ, പരിപാടികൾ നടത്തുക.

8. ആദിവാസികൾ ഉൾപ്പെടെയുള്ള പഞ്ചായത്തിലെ വ്യത്യസ്ഥ ജനവിഭാഗങ്ങളുടെ സഹകരണവും കൂട്ടായ്മയും വളർത്തുന്നതിന് സാംസ്കാരിക ഉത്സവങ്ങൾ, കലാമേളകൾ തുടങ്ങിയവ സംഘടിപ്പിക്കുക.

9. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ ആവശ്യമുള്ള അഭ്യസ്തവിദ്യരെ കണ്ടെത്തുക. പഠിതാക്കൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക. സാക്ഷരതാ പ്രവർത്തകരായ കോ-ഓർഡിനേറ്റർമാർ, ഇൻസ്ട്രക്ടർമാർ തുടങ്ങിയവർക്ക് മാസംതോറും കൃത്യമായി ശമ്പളം നല്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

10. കഴിവുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി ഒരു പ്രൊഫഷണൽ കലാസംഘടനയ്ക്ക് രൂപം നല്കുക.

11. പഞ്ചായത്ത് ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിന് ഒരു ഉപദേശക സമിതി ആരംഭിച്ച് പ്രവർത്തനം വിപുലപ്പെടുത്തുക.

# വനിതാക്ഷേമം

ഇന്ത്യയുടെ ജനാധിപത്യപ്രക്രിയയുടെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകളുടെ പങ്കാളിത്തക്കുറവാണ്. പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ളതും വിദ്യാഭ്യാസ, ആരോഗ്യ പുരോഗതിയിൽ പുരുഷന്മാരോടൊപ്പം തുല്യത കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ കേരളീയ സ്ത്രീയുടെ പൊതു സാമൂഹ്യപദവി ഇന്നും വളരെ അധമമായി തുടരുന്നു. വിദ്യാഭ്യാസം, തൊഴിൽ, കൂലി, എന്നിങ്ങനെ പല കാര്യങ്ങളിലും സ്ത്രീ–പുരുഷ വിവേചനം കാണാൻ കഴിയും.

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുകയാണെങ്കിലും മുള്ളൻകൊല്ലി പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും ഇതൊന്നുമറിയാതെ സ്വന്തം വീടുകളിൽ ഒതുങ്ങിക്കഴിയുകയാണ്. ഒറ്റപ്പെട്ട ചില വനിതാ സാമൂഹ്യസാംസ്ക്കാരിക സംഘടനകളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലും നിലവിലുണ്ട്. മിൽമയുടെ മേൽനോട്ടത്തിൽ വ നിതാ നേതൃത്വവികസന പരിപാടി എന്ന സംഘടന പ്രവർത്തിക്കുവാൻ തുടങ്ങിയതിൽ പിന്നെ കൂടുതൽ സ്ത്രീകൾ സാമൂഹ്യരംഗത്തേക്കു പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. പലവാർഡുകളിലും മഹിളാസമാജം പോലുള്ള സംഘടനകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ രംഗത്ത് ആദ്യകാലങ്ങളിൽ ആൺകുട്ടികൾക്ക് നൽകിയിരുന്ന പ്രാധാന്യം പെൺകുട്ടികൾക്ക് നൽകിയിരുന്നില്ല. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും ഉള്ള സ്ത്രീകൾ എണ്ണത്തിൽ കുറവാണ്. അദ്ധ്യാപന രംഗത്ത് മാത്രമാണ് കുറച്ചെങ്കിലും സ്ത്രീപ്രാതിനിധ്യം കാണാൻ കഴിയുക. നല്ലൊരുഭാഗം സ്ത്രീകളും കൂലിപ്പണി ചെയ്തു ജീവിക്കുന്നവരാണ്.

തൊഴിൽ പ്രശ്നങ്ങൾ, ദാരിദ്ര്യം, കടം, സ്ത്രീധനം, ലൈംഗിക പീഢനം, ഇവയൊക്കെ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്നത, സ്ത്രീകൾക്കെതിരായിട്ടാണ് മതമൗലികവാദം, തീവ്രവാദം, ഫ്യൂഡൽ ആധിപത്യം, മതപരമായ പീഢനങ്ങൾ തുടങ്ങിയ സാമൂഹ്യപ്രശ്നങ്ങൽക്ക് ആദ്യം ഇരയാകുന്നത് സ്ത്രീകളാണ്. ഇത്തരം പ്രശ്നങ്ങളുടെ ലക്ഷ്യംതന്നെ സ്ത്രീകളുടെ സാമൂഹ്യപദവി തകർക്കുക എന്നതാണ്. ഇവയെ എതിർക്കുവാൻ സ്ത്രീകളുടെ സംഘടിത പ്രവർത്തനങ്ങളിൽ കൂടിയേ കഴിയൂ. ഇത് സാധ്യമാകുന്നതിന് സംവരണോപാധികൾ അത്യാവശ്യമാണ്. കേവല പ്രാതിനിധ്യത്തിനുവേണ്ടി മാത്രം സ്ത്രീകളെ നേതൃകമ്മിറ്റികളിലും മറ്റും ഉൾപ്പെടുത്തുന്ന രീതിയാണ് ഇന്നുള്ളത്. തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ യഥാർത്ഥ ഭരണപങ്കാളിത്തം ഉറപ്പാക്കിയാൽ കുറെയൊക്കെ നിലമെച്ചപ്പെടുത്താൻ കഴിയും. രാഷ്ട്രീയ പാർട്ടികളും സാമൂഹ്യപ്രവർത്തകരും, സംഘടനകളും എല്ലാം ഇതേപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ചില നിർദ്ദേശങ്ങൾ ഇതിനുവേണ്ടി വെക്കാവുന്നതാണ്.

1. തെരഞ്ഞെടുക്കപ്പെടുന്ന വനിതാ പ്രതിനിധികൾക്ക് ഭരണമേഖലയിൽ പ്രവർത്തിച്ചുപരിചയമില്ലാത്തതിനാൽ സ്ത്രീകൾക്കായി പ്രത്യേകം ഭരണനേതൃത്വ പരിശീലനങ്ങൾ സർക്കാരും രാഷ്ട്രീയ പാർട്ടികളും വനിതാ സംഘടനകളും നടപ്പാക്കുക.

2. സ്ത്രീകളുടെ ഭരണപങ്കാളിത്തം ഉറപ്പാക്കുവാൻ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനശൈലിയിൽ മാറ്റങ്ങൾ ഉണ്ടാകണം. ഉദാഹരണത്തിന് യോഗങ്ങളും മറ്റും പകൽസമയത്ത് തീരത്തക്കവിധത്തിൽ സംവിധാനം ചെയ്യുക. ഓഫീസുകളിലും പൊതുരംഗത്തും പുരുഷന്മാരുടെ പെരുമാറ്റം സ്ത്രീകൾക്ക് ആത്മവിശ്വാസം നൽകുന്ന തരത്തിലാകുവാൻ വേണ്ടി

ആശയപരവും പ്രായോഗീകവുമായ പ്രചരണം നടത്തുക. സ്ത്രീവിമോചനത്തേക്കുറിച്ച് സ്ത്രീകളേയും പുരുഷന്മാരേയും ബോധവല്ക്കരിക്കുക.

3. പഞ്ചായത്തിന്റെ ബഹുജന ആലോചനായോഗങ്ങളിലും. ചർച്ചകളിലും, സന്നദ്ധ പ്രവർത്തനങ്ങളിലും, പരമാവധി സ്ത്രീകളെ പങ്കെടുപ്പിക്കുക.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും ഒറ്റപ്പെട്ട സ്ത്രീപീഢന കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും സാദ്ധ്യതകളും താഴെ ചേർക്കുന്നു.

**കുടിവെള്ളം**

നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള ക്ഷാമം നേരിടുന്നു. വീട്ടിലെ ഒരു സ്ത്രീയുടെ മുഴുവൻ പ്രവൃത്തി ദിവസം കുടിവെള്ളം ശേഖരിക്കുന്നതിലേക്കായി നീക്കിവെക്കേണ്ടിയിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമമുള്ള എല്ലാ പ്രദേശങ്ങളുടേയും 50 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കണം. നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കിക്കൊണ്ടും ആരംഭിക്കാനുള്ള പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തിക്കൊണ്ടും ഇത് സാധ്യമാക്കാം. പദ്ധതികളുടെ ഗുണം എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ച് ജലം ലഭ്യമാക്കേണ്ടതാണ്.

**തൊഴിൽ**

പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീകളും സ്വന്തമായി വരുമാനമുള്ള തൊഴിൽ ചെയ്യുന്നില്ല. ബുക്ക് ബൈന്റിംഗ്, റെഡിമെയ്ഡ് വസ്ത്രം, മസാലപ്പൊടി, പപ്പടം, പലഹാരം, കാപ്പിപ്പൊടി എന്നിവയുടെ നിർമ്മാണവും വിപണനവും, ബേക്കിംഗ് പരിശീലനം ബേക്കറി നടത്തിപ്പ്, കൺസ്യൂമർ സ്റ്റോർ എന്നിവ സ്ത്രീകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നടപ്പാക്കാവുന്നതാണ്. പശുവളർത്തൽ കോഴിഫാം, പന്നിഫാം എന്നിവയും യൂണിറ്റടിസ്ഥാനത്തിൽ നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വ്യാവസായിക പരിശീലനങ്ങൾ നല്കി വനിതകളെ തൊഴിൽ രംഗത്ത് കൊണ്ടുവരേണ്ടതാണ്.

സ്കൂൾ ബാഗ്, വാനിറ്റിബാഗ് നിർമ്മാണം റബ്ബർ ചെരിപ്പ്, റബ്ബർബാന്റ് നിർമ്മാണം തുടങ്ങിയ റബറധിഷ്ടിത തൊഴിൽ സാധ്യതകളും ഉണ്ടാക്കാവുന്നതാണ്. സോപ്പ്, സോപ്പുപൊടി നിർമ്മാണം, പഴവർഗ്ഗ സംസ്ക്കരണം, പച്ചക്കറി ഉല്പാദനവും വിപണനവും, വാച്ച്, ടി.വി. മറ്റ് ഇലക്ട്രോണിക്സ് ഉപകരണ റിപ്പയർ തുടങ്ങി എല്ലാ മേഖലകളിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ശിശു പരിപാലനം സ്ത്രീകൾക്ക് ഒഴിച്ചുകൂട്ടാൻ പാടില്ലാത്ത യാഥാർത്ഥ്യമാകയാലും, വനിതാവികസനം ഇന്നും പൂർണമാകാത്തതിനാലും പട്ടികജാതി പട്ടിക വർഗ്ഗത്തിനു തൊഴിൽ കാര്യങ്ങളിൽ നല്കുന്ന സംവരണവും, വയസ് ഇളവ് ആനുകൂല്യവും എല്ലാ വിഭാഗം സ്ത്രീകൾക്കും നല്കേണ്ടിയിരിക്കുന്നു.

**ആരോഗ്യം**

നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ഉറപ്പുവരുത്തണം. എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനവും മാസത്തിലൊരിക്കലെങ്കിലും ശിശുരോഗ വിദഗ്ദർ, ഗൈനക്കോളജിസ്റ്റ് എന്നിവരുടെ സേവനവും ലഭ്യമാക്കണം. പാടിച്ചിറയിലുള്ള പബ്ലിക്ക് ഹെൽത്ത് സെന്ററിനെ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക, പെരിക്കല്ലൂർ ആസ്ഥാനമായി ഒരു PHC ആരംഭിക്കുക, തുടങ്ങിയ ആവശ്യങ്ങളും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടണ്ട്. ആദിവാസി കോളനികളിൽ പകർച്ചവ്യാധി തടയുന്നതിനും ശുചിത്വത്തിൽ ബോധവൽക്കരണം നടത്തുന്നതിനും മൊബൈൽ ആശുപത്രി സംവിധാനവും ഉണ്ടാക്കണം.

**വിദ്യാഭ്യാസം, സംസ്ക്കാരം**

നമ്മുടെ പഞ്ചായത്തിലെ എല്ലാ പെൺകുട്ടികൾക്കും 10ാം ക്ലാസുവരെ നിർബ്ബന്ധിത വിദ്യാഭ്യാസം നൽകേണ്ടിയിരിക്കുന്നു. ഓരോ വാർഡിലേയും ഏറ്റവും കൂടുതൽ മാർക്കുനേടുന്ന പെൺകുട്ടിക്ക് വാർഡടിസ്ഥാനത്തിൽ പ്രോത്സാഹന സമ്മാനവും നല്കണം. 10ാം ക്ലാസിനുശേഷം തൊഴിൽ ചെയ്തു ജീവിക്കുവാൻ താൽപര്യമുള്ള എല്ലാ പെൺകുട്ടികൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും, വയോജന വിദ്യാഭ്യാസവും നല്കണം നവസാക്ഷരർക്ക് തുടർസാക്ഷരതാ പരിപാടികളും ആരംഭിക്കണം. ഇത് അംഗൻവാടികൾ, വനിതാ സംഘടനകൾ എന്നിവയിൽക്കൂടി നടപ്പാക്കാവുന്നതാണ്. അംഗൻവാടികളെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളായി ഉയർത്താവുന്നതാണ്. സ്ത്രീക

ളുടെ സാംസ്ക്കാരികമായ വികസനത്തിനും പൊതു കാഴ്ചപ്പാട് വളർത്തുന്നതിനും മനശാസ്ത്രജ്ഞന്മാർ, നിയമപണ്ഡിതർ, പോലീസ് ഉദ്യോഗസ്ഥർ, എന്നിവരുടെ ഉപദേശങ്ങളും ക്ലാസുകളും ലഭ്യമാക്കുക. സ്ത്രീകളുടെ മേൽനോട്ടത്തിലും പങ്കാളിത്തത്തോടുംകൂടിയും ഗ്രന്ഥശാല, വായനശാല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. വായിച്ചു വളരുവാൻ അതുകൊണ്ട് സാധിക്കും. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത വനിതാ സംഘടനകൾക്കും അംഗൻവാടികൾക്കും അത് ലഭ്യമാക്കാൻ സഹായിക്കുക. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആദിവാസി പെൺകുട്ടികളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുവാൻ പെൺകുട്ടികൾക്കും ട്രൈബൽ റസിഡൻഷ്യൽ സ്കൂൾ സൗകര്യം ഏർപ്പെടുത്തണം.

വനിതാ സംഘടനകൾ താൽപ്പര്യമെടുത്തു പെൺകുട്ടികൾക്ക് കായികവിദ്യാഭ്യാസം, യോഗാഭ്യാസം, കളരിപ്പയറ്റ്, കരാട്ടേ, തുടങ്ങിയവയിൽ പരിശീലനം നല്കി അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാവുന്നതാണ്. ഇതിന് പഞ്ചായത്ത് സഹായം ചെയ്യേണ്ടതാണ്. വനിതാ സാംസ്ക്കാരിക മേളകളും സംഘടിപ്പിക്കേണ്ടതാണ്.

**വൈദ്യുതി**

വനിതകളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിന് ആവശ്യഘടകമാകയാൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കേണ്ടതാണ്. കുടിൽ വ്യവസായം, ചെറുകിട വ്യവസായം, കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തൽ വനിതാ വ്യവസായസംരംഭം ഏർപ്പെടുത്തൽ, എന്നിവയ്ക്ക് വൈദ്യുതി കൂടിയേ തീരൂ. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനും വൈദ്യുതി ആവശ്യമാണ്. ആയതിനാൽ എല്ലാ സ്ഥലത്തും വൈദ്യുതി എത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.

**സാമൂഹ്യക്ഷേമം**

വിധവകളായ കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്ക് തൊഴിൽ സാഹചര്യം സൃഷ്ടിക്കുക, വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് പഞ്ചായത്തിൽ നിന്നും സഹായം അനുവദിക്കുക, വർഷത്തിലൊരിക്കൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സമൂഹവിവാഹം സംഘടിപ്പിക്കുക, പാർപ്പിടമില്ലാത്ത സ്ത്രീകൾക്ക് പാർപ്പിടം അനുവദിച്ചുകൊടുക്കുക, അവിവാഹിതരായ അമ്മമാരെ പുനരധിവസിപ്പിക്കുക, നിരാലംബരായ വൃദ്ധകളെ സംരക്ഷിക്കാൻ ഏർപ്പാടുകൾ ഉണ്ടാക്കുക. സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിന് ബോധവൽക്കരണം നടത്തുക. കർഷകത്തൊഴിലാളി സ്ത്രീകൾക്ക് ക്ഷേമനിധിയിൽ നിന്ന് പ്രസവാനുകൂല്യം നല്കുക. ആശുപത്രിയിൽ ജോലി ചെയ്യുന്നവർക്ക് ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുക. പുകയില ഉപയോഗം, മദ്യപാനം, സ്ത്രീധന സമ്പ്രദായം, സ്ത്രീപീഢനം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ പ്രതികരിക്കുവാനും ജനങ്ങളെ അതിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കുവാനും ബോധവൽക്കരിക്കുവാനും സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിലെ ബസ് സർവ്വീസുള്ള എല്ലാ പ്രധാന കവലകളിലും വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര, കക്കൂസ് എന്നിവ സ്ഥാപിക്കുക. വാർത്താ മാധ്യമങ്ങളിൽ കൂടിയും മതനേതാക്കന്മാർ മുഖേനയും സാംസ്ക്കാരിക സംഘടനകൾ വഴിയും സ്ത്രീകൾക്കു സമൂഹത്തിൽ സ്ഥാനവും മാന്യതയും ഉയർത്തേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതാണ്. വനിതകളെ ശരിയായ ബോധവൽക്കരണം നല്കി പൊതുവേദികളിലും സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെടുത്തേണ്ടത് ഓരോ സഹോദരന്റേയും ഭർത്താവിന്റേയും അച്ഛന്റേയും കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചാൽ വനിതാ വികസനം ഒരു യഥാർത്ഥ്യമായിത്തീരും.

മേൽപ്പറഞ്ഞ വനിതാ ക്ഷേമപ്രവർത്തനങ്ങൾക്ക് വികസന ഫണ്ടിന്റെ 15% നീക്കിവെക്കേണ്ടതാണ്. ബാക്കിവരുന്ന ചെലവ് ജനപങ്കാളിത്തത്തിലൂടെ ആവിഷ്ക്കരിക്കേണ്ടതാണ്.

വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഇതിന്റെ ഗുണങ്ങൾ ലഭിക്കാറില്ല. അതുകൊണ്ട് സ്ത്രീകൾ നേരിടുന്ന സ്ത്രീധനപീഢനമടക്കമുള്ള പല പ്രശ്നങ്ങൾക്കും അറുതി വരുത്തുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിതാ വികസന സമിതി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# സഹകരണ മേഖല

മുള്ളൻകൊല്ലി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ചത് മുള്ളൻകൊല്ലി ക്ഷീരസഹകരണ സംഘം (1980) ആണ്. ഈ സ്ഥാപനം ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ഇപ്പോൾ ആറ് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം ആനന്ദ് മാതൃകയിലുള്ളവയാണ്.

മുള്ളൻകൊല്ലി റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി മുള്ളൻകൊല്ലിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. മരക്കടവിൽ പട്ടികജാതി പട്ടികവർഗ്ഗ കൺസ്യൂമർ മാർക്കറ്റിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ അടിസ്ഥാനത്തിൽ കബനിഗിരിയിൽ മെറ്റൽ നിർമ്മാണ സഹകരണസംഘം തുടങ്ങിയെങ്കിലും ഇപ്പോൾ സജീവമല്ല ആയതു പ്രവർത്തനക്ഷമമാക്കിയാൽ ആദിവാസി, ഹരിജൻ മേഖലയിൽ തൊഴിൽ സാധ്യത കൂടും.

ക്രെഡിറ്റ് വിഭാഗത്തിൽ മുള്ളൻകൊല്ലി സർവ്വീസ് സഹകരണബാങ്ക് പാടിച്ചിറയിൽ 1984 മുതൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന്റെ വളർച്ചക്ക് തടസ്സം നില്ക്കുന്ന ചില പ്രശ്നങ്ങളുണ്ട്. ഈ ബാങ്ക് പരിധിയിലെ മെമ്പർമാർ അധികവും പുല്പള്ളി സർവ്വീസ് സഹ.ബാങ്കിലും അംഗങ്ങളാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ മെമ്പർഷിപ്പ് പരിമിതപ്പെടുത്തിയാലേ ഇതിനു പരിഹാരം ആകൂ . ഒരേ സ്വഭാവമുള്ള രണ്ടു സ്ഥാപനങ്ങളിലേക്കും ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതിൽ പങ്കാളികൾ ആകുന്നത് തുടർന്നുകൊണ്ടിരിക്കുന്ന ഈ സംവിധാനം മാറണം.

മുള്ളൻകൊല്ലി ബാങ്കിന്റേയും ക്ഷീരസഹകരണ സംഘങ്ങളുടേയും മാർക്കറ്റിംഗ് സൊസൈറ്റിയുടെയും വിവരം ചുവടെ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷീരസഹകരണസംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു എന്നിരുന്നാലും കാലിത്തീറ്റ വിലവർദ്ധനവും മറ്റുല്പാദന ചിലവുകളുടെ വർദ്ധനവും പരിശോധിച്ചാൽ പാലിന് ഇന്നു ലഭിക്കുന്ന വില വളരെ കുറവാണ്. സഹകരണ മേഖലക്ക് ഈ പ്രദേശത്ത് ഇനിയും ഒട്ടനവധി സാധ്യതകൾ ഉണ്ട്. അതും മുൻഗണനാക്രമത്തിൽ സൂചിപ്പിക്കട്ടെ.

1. പഞ്ചായത്ത് തലത്തിൽ സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ വളരെയധികം സാധ്യതകൾ ഉണ്ട്.

2. വനിതാ സ്വയംതൊഴിൽ സാദ്ധ്യതകൾ ഏറെയുള്ളതും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലനില്ക്കുന്നതുമായ ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിക്കുന്നതിലൂടെ ഒട്ടനവധി സ്ത്രീജനങ്ങൾക്കു തൊഴിൽ ലഭിക്കുകയും പഞ്ചായത്ത് സമ്പന്നമാവുകയും ചെയ്യും

3. സഹകരണമേഖലയിൽ ഒരു ബുക്ക് സ്റ്റാൾ, പ്രിന്റിംഗ് പ്രസ്സ്, ഇവ ആരംഭിക്കുന്നതായാൽ സാംസ്ക്കാരിക മുന്നേറ്റത്തിന് ഏറെ സഹായകമാകും.

4. മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്കിനു കീഴിലോ പുതിയ സഹകരണ മേഖലയിലോ ഒരു വളം ഡിപ്പോ ഈ പ്രദേശത്ത് ആവശ്യമാണ്.

5. ഒന്നാംവാർഡ് കേന്ദ്രമായി ഒരു ഇറച്ചി സംസ്ക്കരണഫാക്ടറി ആരംഭിക്കുവാൻ ഏറെ സാധ്യതകൾ ഉണ്ട്.

6. രണ്ടാംവാർഡ് കേന്ദ്രമായി സഹകരണ അടിസ്ഥാനത്തിൽ ഒരു പൊതുവിതരണ കേന്ദ്രം അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

7. തേൻ, നെല്ലിക്ക, ചീനിക്കായ തുടങ്ങിയവയുടെ സംഭരണത്തിനും വിതരണത്തിനും ഉതകുന്ന വിധത്തിൽ 3,5,11 എന്നീ വാർഡുകളിൽ ഓരോ ഗിരിജൻ സൊസൈറ്റി രൂപീകരിക്കേണ്ടതാണ്.

8. മുള്ളൻകൊല്ലി കേന്ദ്രമായി പച്ചക്കറി പഴം എന്നിവയുടെ സംഭരണം,സംസ്ക്കരണം, വിതരണം ഇവയ്ക്കായി ജില്ലാ തലത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

9. അഞ്ചാം വാർഡിൽ ചേലൂർ കേന്ദ്രമായി ഒരു ക്ഷീരോത്പാദക സഹ.സംഘം ആരംഭിക്കുന്നതിനു സാധ്യതയുണ്ട്.

10. 6ാം വാർഡിൽ പ്രവർത്തനരഹിതമായിട്ടുള്ള മെറ്റൽ നിർമ്മാണ സഹകരണ സംഘം പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായാൽ ഒട്ടനവധി തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് സാധ്യതയുണ്ട്. അനുബന്ധ യൂണിറ്റായി ഹോളോബ്രിക്സ് നിർമ്മാണവും ആരംഭിക്കുവാൻ സാധ്യതയുണ്ട്.

11. 6,9,10 എന്നീ വാർഡുകളിൽ വിവിധതരം കാർഷിക നഴ്സറികൾ ആരംഭിക്കുവാൻ സാധ്യതയുണ്ട്.

12. സഹകരണാടിസ്ഥാനത്തിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുവാനുള്ള ഒരു സംഘം രൂപീകരിക്കാവുന്നതാണ്.

13. ആദിവാസികളുടെ പരമ്പരാഗത തൊഴിലായിരുന്ന കുട്ട, മുറം, പരമ്പ് എന്നിവയുടെ നിർമ്മാണം ഇന്ന് തകർച്ചയിലാണ്. ആദിവാസികൾക്കാവശ്യമായ മുളകൾ വിതരണം ചെയ്യുന്നതിനും അവരുടെ ഉല്പന്നങ്ങൾ സംഭരിച്ചു വിതരണം ചെയ്യുന്നതിനും ആവശ്യമായ സഹ.സംഘങ്ങൾ വനം മേഖലയോട് ചേർന്നു കിടക്കുന്ന 1,2,3, 10,11 എന്നീ വാർഡുകളിൽ ആരംഭിക്കേണ്ടതാണ്.

14. 11-ാം വാർഡ് സീതാമൗണ്ടിൽ ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. 9, 12 എന്നീ വാർഡുകളിൽ ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു വനിതാ വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

16. 12ാം വാർഡിൽ സഹ.മേഖലയിൽ പൊതുവിതരണ കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സ്ഥാപനത്തിന്റെ പേര്:
മുള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്ക് No. W.25 പാടിച്ചിറ, പി.ഒ.,
2. പ്രവർത്തനപരിധി : മുള്ളൻകൊല്ലി പഞ്ചായത്ത്
3. ക്രെഡിറ്റ്/നോൺ ക്രഡിറ്റ് : ക്രെഡിറ്റ്
4. പ്രവർത്തനം ആരംഭിച്ച വർഷം : 1984
5. ആകെ അംഗങ്ങൾ : 6483
6. ഒരു ഓഹരിയുടെ വില : 10രൂപ
7.അംഗീകൃത ഓഹരി മൂലധനം : 45,00,000/
8. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം : 2,10332
9. സർക്കാർ ഓഹരി ഉണ്ടോ : ഇല്ല
10 ഉണ്ടെങ്കിൽ ലഭിച്ച തുക : ഇല്ല
11. പരമാവധി കടമെടുക്കാവുന്ന തുക : 225000000

**പൊതുജനങ്ങളിൽ നിന്നും ശേഖരിച്ച നിക്ഷേപങ്ങൾ**
1. സ്ഥിരം : 23,68800/
2. ഹൃസ്വകാലം : 622000
നല്കിയിട്ടുള്ള വായ്പകൾ:
കാർഷിക വായ്പകൾ : 20,00,000
ഹ്രസ്വകാല കാർഷികവായ്പകൾ :20,00,000

മറ്റു വായ്പകൾ
സ്വർണ്ണ പണയ വായ്പകൾ : 12,75,000
പ്രത്യേക വായ്പകൾ : ഇല്ല
സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ
സ്ഥാപനം : വയനാട് ജില്ലാ സഹ.ബാങ്ക്
സ്വഭാവം : ഹ്രസ്വകാലകാർഷികവായ്പ
തുക : 19,97,800

**പനമരം കാർഷികവികസനബാങ്ക്**
ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത്
ഹ്രസ്വകാലം, ദീർഘകാലം, സ്വയംതൊഴിൽ, എന്നീ ഇനങ്ങളിലായി 118 അപേക്ഷകർക്ക് 21,00,000 രൂപ വിതരണം ചെയ്തിട്ടുണ്ട്

**സുൽത്താൻ ബത്തേരി ഹൗസിംഗ് സഹ.സംഘം**
ഭവനനിർമ്മാണ രംഗത്ത് 45 അപേക്ഷകർക്കായി 30,00,000 രൂ വിതരണം നടത്തി..

**സ്കൂൾ സഹ.സംഘങ്ങൾ**
1. മുള്ളൻകൊല്ലി ഹൈസ്കൂൾ സഹ.സംഘം
2. പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻ യു.പി.സ്കൂൾ സഹ.സംഘം
3. നിർമ്മല ഹൈസ്കൂൾ സഹ.സംഘം കബനിഗിരി
4. മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി.സ്കൂൾ സഹ.സംഘം, മുള്ളൻകൊല്ലി

മുള്ളൻകൊല്ലി റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി Reg. No. 184
പ്രവർത്തനപരിധി: സുൽത്താൻ ബത്തേരി താലൂക്ക്
ക്രഡിറ്റ്/നോൺക്രഡിറ്റ് : ക്രഡിറ്റ്
പ്രവർത്തനം ആരംഭിച്ച വർഷം : 1995
ആകെ അംഗങ്ങൾ : 631
ഓഹരി വില : 100 രൂ
പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം ; 1,29,700 രൂപ
സർക്കാർ ഓഹരി : 1,00,000 രൂപ
പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ : ഇല്ല
സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ : വയനാട് ജില്ലാ സർവ്വീസ് സഹ.സംഘത്തിൽ നിന്നും ക്യാഷ് ക്രെഡിറ്റ് മാർജിനിൽ 1,00,000 രൂപ
മരക്കടവ് പട്ടികജാതി പട്ടികവർഗ്ഗ കൺസ്യൂമർ മാർക്കറ്റിംഗ് സഹ.സംഘം Reg. No. W; 135 കബനിഗിരി
പ്രവർത്തനപരിധി ; മുള്ളൻകൊല്ലി പഞ്ചായത്ത്
ക്രഡിറ്റ് / നോൺക്രഡിറ്റ് : നോൺക്രഡിറ്റ്
പ്രവർത്തനം ആരംഭിച്ചവർഷം : 1996
അംഗങ്ങളുടെ എണ്ണം : 30
ഒരു ഓഹരിയുടെ വില : 20 രൂപ
അംഗീകൃത ഓഹരി മൂലധനം : 1200 രൂപ

## ക്ഷീരസഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | സംഘത്തിന്റെ പേര് | തുടങ്ങിയ വർഷം | ആകെ മെമ്പർമാർ | സ്ഥിരംജീവനക്കാർ | ദിവസകൂലിക്കാർ | ദിവസം അളക്കുന്നപാൽ | പ്രാദേശിക വിൽപ്പന | അയക്കുന്ന പാൽ | ശരാശരി മാസ വരുമാനം | ഒരു മാസം വിൽക്കുന്ന കാലിതീറ്റ |
|---|---|---|---|---|---|---|---|---|---|---|
| 1 | മുള്ളൻകൊല്ലി ക്ഷീരസഹകരണ സംഘം | 1980 | 524 | ഒന്ന് | അഞ്ച് | 1750ലി. | 40. ലി | 1710.ലി | 367000 | 50ക്വിന്റൽ |
| 2 | സീതാമൗണ്ട് ക്ഷീരസഹകരണ സംഘം | 1990 | 220 | മൂന്ന് | രണ്ട് | 1400.ലി. | 90.ലി | 1310.ലി | 320000 | 40ക്വി. |
| 3 | കബനിഗിരി ക്ഷീരസഹകരണ സംഘം | 1991 | 504 | രണ്ട് | ഒന്ന് | 640. ലി | 60. ലി | 580. ലി | 165000 | 34ക്വി |
| 4 | ശശിമല ക്ഷീരസഹകരണ സംഘം | 1992 | 591 | മൂന്ന് | എട്ട് | 2700.ലി. | 100. ലി | 2600. ലി | 655000 | 100ക്വി. |
| 5 | ക്ഷീരസഹകരണസംഘം പെരിക്കല്ലൂർ | 1983 | 455 | രണ്ട് | മൂന്ന് | 1800. ലി. | 70. ലി | 1730. ലി | 378000 | 25ക്വി. |
| 6 | ചണ്ണോത്തുകൊല്ലി ക്ഷീരസഹകരണ സംഘം | 1996 | 138 | രണ്ട് | ഒന്ന് | 350.ലി. | 20.ലി | 330.ലി | 12000 | 20ക്വി |
| | ആകെ | | 2432 | 13 | 20 | 8640.ലി. | 380. ലി | 8260.ലി | 16,97,000 | 269ക്വി |

അവലംബം: സെക്കന്ററി ഡാറ്റാ

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികൾ താമസിക്കുന്ന ജില്ലയാണ് വയനാട്. ഒരു കാലത്ത് വയനാടൻ കാടുകളുടെ സ്പന്ദനമായിരുന്ന ആദിവാസികൾക്ക് സന്തോഷവും ഉന്മേഷപരവുമായ ഒരു കാലമുണ്ടായിരുന്നു. ഒരു കുടിയേറ്റ മേഖലയാവും മുൻപ് വയനാടൻ കാടുകൾക്ക് ശബ്ദം നൽകിയത് അവരായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ധീരമായി പടപൊരുതിയ കോട്ടയം കേരളവർമ്മ പഴശ്ശി രാജാവിന്റെ പോരാളികളിൽ ഭൂരിഭാഗവും വയനാട്ടിലെ കുറിച്ച്യർ എന്ന ആദിവാസി വിഭാഗമായിരുന്നു. പിന്നീട് വയനാട്ടിന്റെ ഈ മക്കളുടെ ജീവിതരീതിക്കും സംസ്ക്കാരത്തിനും മാറ്റമുണ്ടായത് കുടിയേറ്റക്കാരുടെ ആഗമനത്തോടെയാണ്. ആദിവാസി വിഭാഗത്തിൽ ഭൂരിഭാഗവും ഇന്നും അപരിഷ്കൃതരും ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവരുമാണ്.

മുള്ളൻ കൊല്ലി പഞ്ചായത്തിലെ ആദിവാസികളുടെയും മറ്റ് പിന്നോക്ക വിഭാഗത്തിന്റെയും അവസ്ഥയും മേൽ പറഞ്ഞതിൽ നിന്ന് വ്യത്യസ്ഥമല്ല. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ നല്ലൊരു ശതമാനം പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണ്. ( പട്ടിക അന്യത്ര ചേർത്തിരിക്കുന്നു) ഈ വിഭാഗങ്ങൾ ഇന്ന് പലവിധ പ്രശ്നങ്ങളും നേരിടുന്നു. പൊതുവെ വിദ്യഭ്യാസം കുറവായ ആദിവാസികൾക്ക് ഒരു പൗരന്റെ അവകാശങ്ങളെപ്പറ്റിയോ അവർക്ക് ലഭിക്കേണ്ട സാമൂഹ്യനീതിയെ പറ്റിയോ അറിയില്ല. അക്ഷരങ്ങൾ പകരുന്ന അറിവ് അപാരവും അമൂല്യവുമാണെന്നറിയാതെ പലരും അതിനെ അവഗണിക്കുകയാണ്. പല ആദിവാസികളും സ്കൂളിൽ പോകുവാനോ മാതാപിതാക്കൾ കുട്ടികളെ സ്കൂളിൽ വിടുവാനോ തയ്യാറാവുന്നില്ല. ഉയർന്ന സാംസ്കാരിക ജീവിതം നയിക്കുന്നവരുടെയിടയിൽ അവർ ഇപ്പോഴും അകലെ തന്നെയാണ്. ആദിവാസികളും, തങ്ങൾ എല്ലാമൗലീകാവകാശങ്ങൾക്കും അർഹരാണെന്ന് മനസ്സിലാക്കുന്ന ഒരു സാഹചര്യത്തിൽ മാത്രമേ ഇവരുടെ ഇന്നത്തെ അവസ്ഥക്ക് മാറ്റമുണ്ടാകുകയുള്ളു. ബോധവൽക്കരണവും, വിദ്യഭ്യാസവും നിർബന്ധമാക്കുകയെന്നുള്ളത് മാത്രമാണ് ഇതിനുള്ള മാർഗ്ഗം. വിദ്യാഭ്യാസത്തിന്റെ മഹനീയത ആദിവാസികളെ മനസ്സിലാക്കുകയും കുട്ടികളെ സ്കൂളിലയക്കേണ്ടതിന്റെ ആവശ്യകതയെപറ്റി മാതാപിതാക്കളെ ബോധവൽക്കരിക്കുകയും ചെയ്യണം. ആദിവാസി വിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസവും സംസ്കാരവും ഉണ്ടെങ്കിലും തൊഴിൽ മേഖലയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കാത്തത് ഈ വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു.

**ഗ്രാമസഭകളിലൂടെ ചർച്ച ചെയ്യപ്പെട്ടു വന്ന നിർദ്ദേശങ്ങൾ**

1. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകൾ വാസ യോഗ്യമാക്കുകയും വീടില്ലാത്തവർക്ക് ധനസഹായം നൽകുകയും വേണം. ഭവന നിർമ്മാണത്തിനുള്ള തുക 30,000രൂപയായി ഉയർത്തുക. എല്ലാവീടുകളും വൈദ്യുതികരിക്കുകയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എർപ്പെടുത്തുകയും ചെയ്യണം. കോളനികളിലൂടെ കടന്നു പോകുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കണം

2. കോളനികളിൽ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണക്ലാസുകളും സംഘടിപ്പിച്ച് ആരോഗ്യപരിപാലനവും ശുചിത്വവും നിലനിർത്തുക. ഇതോടനുബന്ധിച്ച് സാത്ക്ഷരതാ പരിപാടി സജീവമാക്കുക. ദൃശ്യ ശ്രാവ്യമാധ്യമങ്ങളുടെ പ്രധാന്യം കണക്കിലെടുത്ത് T.V സെന്ററുകളും ജനശിക്ഷണ നിലയങ്ങളുംസ്ഥാപിക്കുക.

3. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ തടയാൻ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുകയും പഠനചിലവിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യണം. ട്രൈബൽ വോളന്റിയർമാർ നിരന്തരമായി കോളനികൾ സന്ദർശിച്ച് കുട്ടികൾ കൃത്യമായി സ്കൂളിൽ വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

4 പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായി തൊഴിൽ വായ്പകൾ ഉദാരമാക്കുകയും തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുകയും ചെയ്യണം. പരമ്പരാഗതതൊഴിൽ, കുടിൽവ്യവസായം, എന്നിവ തുടങ്ങുവാൻ പ്രേരിപ്പിച്ച് ജീവിതനിലവാരം ഉയർത്താൻ സഹായിക്കുക.

5. വാർഡ് മെമ്പർമാർ ഉൾപ്പെട്ട ജനകീയ കമ്മറ്റി രൂപീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുക. ഓരോ ആദിവാസികുടുംബങ്ങൾക്കും ഒരേക്കർ വീതം കൃഷിഭൂമി നൽകണം. ആദിവാസി വിഭാഗത്തിന്റെ വൈവാഹിക ജീവിതം നിയമം മൂലം ഉറപ്പുവരുത്തുക.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ആരോഗ്യ പ്രവർത്തകർ കോളനി സന്ദർശിക്കുന്നതിനും ഗതാഗതസൗകര്യമില്ലാത്ത ഈ പഞ്ചായത്തിലെ മുള്ളൻകൊല്ലി PHC -ക്ക് അടിയന്തിരമായി ഒരു വാഹനം ലഭ്യമാക്കണം.

7. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിക്കുന്ന തുക പൂർണ്ണമായും ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായിത്തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

**പരിഹാരമാർഗ്ഗങ്ങൾ**

ഈ വിഭാഗങ്ങളുടെ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾതേടേണ്ടത് അത്യാവശ്യമാണ്. അടിസ്ഥാനപരമായി ഇതിനുള്ള മാർഗ്ഗം വിദ്യാഭ്യാസം എല്ലാകുട്ടികൾക്കും നൽകുകയെന്നതാണ്. അതിനായി ട്രൈബൽ ഹോസ്റ്റലുകൾ ആരംഭിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം കൂടുതലായി ഒരുക്കികൊടുക്കുകയും പഠനത്തിനുള്ള കുട്ടികളുടെ ചിലവ് ഗവൺമെന്റ് വഹിക്കുകയും മാതാപിതാക്കളെബോധവൽക്കരിക്കുകയും വേണം.

**ഭവന നിർമ്മാണം**

പല ആദിവാസി കുടുംബങ്ങളും ഭവന രഹിതരോ വൃത്തിയും വെടിപ്പുമില്ലാത്തഭവനങ്ങളിൽ വസനക്കുന്നവരോ ആണ്. ഭവനങ്ങൾ നിർമ്മിക്കുവാനും അവ വൈദ്യുതീകരിച്ച് മറ്റ് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് ധനസഹായം നൽകണം. നിലവിലുള്ള വീടുകൾ അറ്റകുറ്റ പണികൾ ചെയ്തു നൽകുന്നതോടൊപ്പം ഇവ വൃത്തിയായി സൂക്ഷിക്കുന്നതിന് നിർദ്ദേശവും നല്കണം.

**ആരോഗ്യവും ശുചിത്വവും**

വൃത്തിഹീനമായ സ്ഥലത്തുനിന്നും കുടിക്കുവാനും കുളിക്കുവാനും ഉപയോഗിക്കുന്ന വെള്ളം പല രോഗങ്ങൾക്കും കാരണമാവുന്നു. ആയതിനാൽ കുടിവെള്ള പ്രശ്നം പരിഹരിക്കണം. ശുചിത്വത്തിന്റെ ആവശ്യകതയെപ്പറ്റി മനസ്സിലാക്കുകയും ഇവരുടെ ആരോഗ്യാവസ്ഥയെ കണക്കിലെടുത്ത് പ്രത്യേകമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ നിർമ്മിക്കുകയും ക്യാമ്പുകൾ നടത്തുകയും ചെയ്യണം.

**തൊഴിൽ**

വിദ്യാസമ്പന്നരായ പട്ടികജാതി സമുദായത്തിലെ യുവ ജനങ്ങൾക്ക് യോഗ്യതക്കനുസരിച്ച് തൊഴിൽ നൽകണം. കുടിൽ വ്യവസായങ്ങളും ജീവിതമാർഗ്ഗത്തിനുള്ള മറ്റ് ഉപാധികളും ആരംഭിക്കുവാനും അതുകൊണ്ടുള്ള ഗുണങ്ങളെപ്പറ്റി മനസ്സിലാക്കാനുള്ള അവസരം നൽകുക. എല്ലാതൊഴിൽ മേഖലകളിലും ആദിവാസികൾക്കും പട്ടികജാതിക്കാർക്കും പരിശീലനവും നിയമനവും നൽകണം. ഗവൺമെന്റ് തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ വയനാടുജില്ലക്ക് പ്രത്യേക പരിഗണന നൽകണം.

ആദിവാസികളുടെയും പിന്നോക്കവിഭാഗങ്ങളുടെയും പരമ്പരാഗത കൈതൊഴിലുകൾ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുകയും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും ഉല്പന്നങ്ങൾ സംഭരിക്കുകയും ആവശ്യമായ വിപണി കണ്ടെത്തുകയും വേണം. ഈ മേഖലയിൽ ബാംബൂ കോർപ്പറേഷൻപോലുള്ള ഏജൻസികളുടെ സഹകരണം ഉറപ്പുവരുത്തണം.

**വാർഡ് തിരിച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ**

1-ാം-വാർഡ്: ഈ വാർഡിലെ 5 ആദിവാസി കോളനികളിലായി 27 കുടുംബങ്ങളും 2 ഹരിജൻ കോളനികളിലായി 32 കുടുംബങ്ങളുമാണ് ഉള്ളത്. ഇവിടെ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ആദിവാസികളുടെ ഈ കുറവ് പരിഹരിക്കണം. സർക്കാരിന്റെ വികസനപ്രവർത്തനങ്ങളും ആരോഗ്യ സംഘടനകളുടെ സേവനവും ഇവിടെ ലഭ്യമാക്കണം.

2-ാം-വാർഡ്: ഈ വാർഡിലെ രണ്ട് ആദിവാസികോളനികളിലും ഒരു ഹരിജൻ കോളനിയിലുമായി 74 കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഇത് പരിഹരിക്കണം. പട്ടാണിക്കൂപ്പിലുള്ള ഹെൽത്ത് സെന്ററിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. പട്ടാണിക്കൂപ്പ് നടപ്പാത മെറ്റൽ ചെയ്ത് ഗതാഗതയോഗ്യമാക്കണം. പാതിരിക്കോളനിയിലെ ഹരിജനങ്ങളുടെ 15 വീടുകൾ വാസയോഗ്യമാക്കണം. ഒരു LP സ്ക്കൂൾ ആരംഭിക്കണം.

3-ാം വാർഡ്: ഈ വാർഡിൽ 6 കോളനികളിലായി 107 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെ വീടില്ലാത്തവർക്ക് 30.000/- രൂപ വീതം അനുവദിച്ച് ജനകീയ കമ്മറ്റി മുഖേന വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ചെയ്തു കൊടുക്കണം. സ്ക്കൂളിൽ പോകാതെ നിൽക്കുന്ന കുട്ടികളെ സ്ക്കൂളിലെത്തിക്കാനുള്ള നടപടി വേണം. തൊഴിൽ മേഖല പരിപോഷിപ്പിക്കണം.

4-ാം വാർഡ് : ഇവിടെ 3 കോളനികളിലായി 66 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. 20 വീടുകൾ പണിതുകൊടുക്കാനുണ്ട്. ഇതിനായി 30,000/- രൂപ വീതം അനുവദിക്കണം. കക്കൂസ് നിർമ്മിക്കുന്നതിനുള്ള തുക വർദ്ധിപ്പിക്കണം. ബസവൻ മൂല കോളനിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കണം. കോളനിയിൽ സാക്ഷരതാ പരിപാടി സജീവമാക്കണം. ജനശിക്ഷണ നിലയം സ്ഥാപിക്കണം. റേഷൻ കാർഡ് ഇല്ലാത്തവർക്ക്

കാർഡ് നൽകണം. മുള്ളൻകൊല്ലിയിലെ ട്രൈബൽ ഹോസ്റ്റൽ കൂടുതൽ സൗകര്യമുള്ളതാക്കുകയും, പെൺകുട്ടികൾക്ക് പ്രത്യേക ഹോസ്റ്റൽ ആരംഭിക്കുകയും ചെയ്യുക. ബസവൻ മൂലയിലേക്ക് റോഡ് നിർമ്മിക്കണം.

5-ാംവാർഡ്: ഇവിടെയുള്ള 6 കോളനികളിലായി 56 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെയുള്ള ആദിവാസിക്കുട്ടികൾ ഭൂരിഭാഗവും സ്ക്കൂളിൽ പോകാറില്ല. 25 പേർ സ്വന്തമായി വീടില്ലാത്തവരാണ്. ഇവർക്ക് വീട് നിർമ്മിച്ചുകൊടുക്കണം. ആദിവാസി സംസ്ക്കാരത്തിനു ചേർന്ന റസിഡൻഷ്യൻ സ്ക്കൂൾ നിർമ്മിക്കണം. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആനുകൂല്യം ലഭ്യമാക്കണം.

6-ാംവാർഡ്: ഇവിടെ പട്ടികവർഗ്ഗ കോളനികളിലും ഒരു പട്ടികജാതികോളനിയിലും കൂടി 130 കുടുംബങ്ങൾ താമസിക്കുന്നു. കോളനിയിലെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മുമ്പ് പണിത വീടുകൾക്ക് അറ്റകുറ്റ പണികൾ നടത്തേണ്ടിയിരിക്കുന്നു. വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കണം. വിദ്യാഭ്യാസത്തിനനുസരിച്ചു അർഹമായ തൊഴിൽ നൽകണം. തൊഴിൽ മേഖലയിൽ മുടങ്ങിക്കിടക്കുന്ന സ്റ്റോൺ ക്രഷർ പ്രവർത്തനയോഗ്യമാക്കണം. കെഞ്ചൻപാടി കോളനിയിൽ ഒരു കിണർ നിർമ്മിക്കണം.

7-ാംവാർഡ് : ഇവിടെയുള്ള 2 പട്ടികജാതി, ഒരു പട്ടികവർഗ്ഗകോളനികളിലായി 23 കുടുംബങ്ങൾ താമസിക്കുന്നു. ഈ വാർഡിലെ പറുദീസ മുതൽ കബനിഗിരി വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കണം. പാടിച്ചിറ PHC-യിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ചെയ്യണം. ആദിവാസി സ്ത്രീ പീഠനത്തിനെതിരെ കർശനമായ നിയമ നടപടികൾക്ക് ശുപാർശ ചെയ്യുന്നതിന് ജനകീയ കമ്മറ്റി രൂപീകരിക്കണം.

8-ാംവാർഡ്: ഈ വാർഡിലെ 2 ഹരിജൻ കോളനികളിലും ഒരു പട്ടിക വർഗ്ഗകോളനിയിലും കൂടി 80 കുടുംബങ്ങൾ താമസിക്കുന്നു. മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷനും, കുടിവെള്ളവും ലഭ്യമാക്കണം. വാർഡിലെ നിർദ്ദിഷ്ട DPEP സ്ക്കൂൾ ആരംഭിക്കണം. കുന്നത്ത്കവല-ചണ്ണോത്തുകൊല്ലി സീതാമൗണ്ട് റോഡ് ഗതാഗതയോഗ്യമാക്കണം. ബസ് സർവ്വീസ് പുനരാരംഭിക്കണം. ചണ്ണോത്തുകൊല്ലിയിലെ ശുദ്ധജല വിതരണ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.ചണ്ണോത്തുകൊല്ലി-താഴെ കവല മുതൽ കന്നാരം പുഴ വരെയുള്ള റോഡ് 600m കൂടി നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം. IHDP കോളനിയിൽ ഒരു TV സെന്റർ ആരംഭിക്കണം.

9-ാം-വാർഡ് : ഈ വാർഡിലെ പട്ടികജാതി കുടുംബങ്ങൾക്ക് വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം.

10-ാം വാർഡ്: ഈ വാർഡിലുള്ള 4 കോളനികളിലായി 83 കുടുംബങ്ങൾ താമസിക്കുന്നു. പാറക്കടവിലും മാടപ്പള്ളിക്കുന്നിലുമുള്ള കിണറുകൾ ഉപയോഗയോഗ്യമാക്കുക. പരമ്പരാഗത തൊഴിൽ പരിശീലനം നൽകി അവരെ സാമ്പത്തികമായി സഹായിക്കണം. പാറക്കടവിൽ T.V. സെന്റർ സ്ഥാപിക്കണം.

11-ാംവാർഡ് : ഇവിടെയുള്ള ഹരിജന ഗിരിജന കോളനികളിലായി 76 കുടുംബങ്ങൾ താമസിക്കുന്നു. ചാമപ്പാറയിൽ സഹകരണാടിസ്ഥാനത്തിൽ ഇഷ്ടിക നിർമ്മാണ യൂണിറ്റ് തുടങ്ങണം. ആദിവാസികൾക്കും ഹരിജനങ്ങൾക്കും ഇതുമൂലം തൊഴിൽ ലഭിക്കും. ചാമപ്പാറയിലെ സബ്ബ് സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

12-ാംവാർഡ് : ആദിവാസി വിഭാഗങ്ങൾ അധികമുള്ള സ്ക്കൂളിനോടനുബന്ധിച്ച് ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കണം. ഇതോടനുബന്ധിച്ച് T.V സെന്റർ തുടങ്ങണം. ആദിവാസികളെ ബോധവൽക്കരിക്കണം. പച്ചക്കറി കൃഷി തുടങ്ങുന്നതിന് സ്ഥലവും പരിശീലനവും നൽകുക. പിന്നോക്ക വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.

മേൽപ്പറഞ്ഞ പദ്ധതികൾ വാർഡുതലത്തിൽ നടപ്പിലാക്കുന്നതോടൊപ്പം വയനാട്ടിലെ പിന്നോക്ക സമുദായങ്ങൾക്കായി ജില്ലയിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കണം. വ്യവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്ടിൽ ഈ മേഖനലയിലെ ന്യൂനത പരിഹരിക്കുകയും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യണം. ഇതിലൂടെ വയനാട്ടിലെ പിന്നോക്ക വിഭാഗങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക പിന്നോക്കാവസ്ഥ ഇല്ലായ്മ ചെയ്യാനും സാധിക്കും. സാമ്പത്തിക ഘടനയിൽ മനുഷ്യ വിഭവത്തിന് സുപ്രധാന പങ്കുള്ളതിനാൽ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സേവനവും രാജ്യതാൽപര്യത്തിനായി പരമാവധി പ്രയോജനപ്പെടുത്തണം.

ട്രൈബൽ വോളണ്ടിയർമാർക്ക് മതിയായ വേതനം നൽകി അവരുടെസഹായത്തോടെ ആദിവാസി കുട്ടികളെ സ്ക്കൂളിൽ എത്തിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ കോളനിയിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടത്തണം.

60 വയസ്സ് പൂർത്തിയായ എല്ലാ ഹരിജന -ഗിരിജനങ്ങൾക്കും പെൻഷൻ അനുവദിക്കുക.

## മുള്ളൻകൊല്ലി പഞ്ചായത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ

| വാർഡ് | കോളനിയുടെ പേര് | ആകെ കുടുംബങ്ങൾ | പണിയർ | കാട്ടു നായ്ക്കർ | ഊരാളി | കുറുമർ | അടിയർ | പുരുഷൻ | സ്ത്രീ | ആകെ ജനസംഖ്യ | ഓട് | ഷീറ്റ് | കുടിൽ | വീട് ഇല്ലാത്തവർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| I | 1 മുന്ന് പാലം | 4 | - | 4 | - | - | - | 13 | 10 | 23 | 2 | - | 2 | - | |
| | 2 പെരിക്കല്ലൂർ | 9 | - | 9 | - | - | - | 20 | 16 | 36 | 6 | - | - | 3 | |
| | 3 പെരിക്കല്ലൂർ മിച്ച ഭൂമി | 3 | - | 3 | - | - | - | 5 | 8 | 13 | 3 | | | | |
| | 4 പാതിരി വെള്ളിപ്പാടി | 5 | 5 | - | - | - | - | 10 | 9 | 19 | 4 | - | - | - | |
| | 5 പാതിരിക്കോളനി | 6 | - | 15 | - | - | 11 | 9 | 20 | 4 | - | 2 | - | | |
| II | 1 പാതിരിക്കോളനി | 30 | - | 23 | 7 | - | - | 57 | 58 | 115 | 17 | - | 1 | | |
| | 2 കുടിയാമല ഒപ്പാളിപ്പാടി | 8 | - | 8 | - | - | - | 17 | 14 | 31 | - | 7 | - | 1 | |
| III | 1 പാളക്കൊല്ലി | 23 | 23 | - | - | - | - | 46 | 41 | 87 | 15 | - | 3 | 5 | |
| | 2 ഉദയക്കര പണിയക്കോളനി | 14 | 14 | - | - | - | - | 37 | 22 | 59 | 10 | - | 3 | 1 | |
| | 3 ഉദയക്കര കാട്ടുനായ്ക്ക കോളനി | 33 | - | 33 | - | - | - | 63 | 66 | 129 | 22 | - | 4 | 7 | |
| | 4 കാരക്കണ്ടി പണിയക്കോളനി | 10 | 10 | - | - | - | - | 18 | 22 | 40 | 6 | - | 3 | 1 | |
| | 5 കാരക്കണ്ടി കാട്ടുനായ്ക്ക കോളനി | 7 | - | 7 | - | - | - | 20 | 15 | 35 | 5 | - | - | 2 | |
| | 6 ഇരുപ്പൂട്ട് ദണ്ഡുക്കൻ പാടി | 20 | - | 20 | - | - | - | 31 | 36 | 67 | - | 7 | 7 | 6 | |
| IV | 1 ഇരുപ്പൂട് | 26 | - | 26 | - | - | - | 53 | 57 | 110 | 24 | - | 1 | 1 | |
| | 2 ബസവൻമൂല | 25 | 3 | 22 | - | - | - | 40 | 44 | 84 | 18 | 1 | - | 6 | |
| V | 1 V- വാർഡ് കോളനി | 9 | 9 | - | - | - | - | 17 | 21 | 38 | 9 | - | - | - | |
| | 2 ഇടമല കാട്ടുനായ്ക്ക കോളനി | 11 | - | 11 | - | - | - | 20 | 24 | 44 | 5 | - | 6 | - | |
| | 3 ചേലൂർ കുറുമ കോളനി | 6 | - | - | - | 6 | - | 12 | 9 | 21 | 9 | 5 | 9 | 1 | |
| | 4 ഇടമല പണിയക്കോളനി | 5 | 5 | - | - | - | - | 11 | 13 | 24 | 5 | - | - | - | |
| | 5 ഇരുപ്പൂട് പണിയക്കോളനി | 10 | - | - | - | 10 | - | 25 | 18 | 43 | 7 | 2 | 1 | - | |
| | 6 ചേലൂർ കാട്ടുനായ്ക്ക കോളനി | 15 | - | 15 | - | - | - | 28 | 28 | 56 | 11 | - | - | 4 | |
| VI | 1 മരക്കടവ് ഡിപ്പോ കോളനി | 67 | 29 | 12 | - | - | 26 | 181 | 159 | 340 | 67 | - | - | - | |
| | 2 കെഞ്ചൻപാടി | 11 | - | 11 | - | - | - | 29 | 26 | 55 | 5 | - | 6 | - | |
| VII | 1 പറുദീസ പണിയക്കോളനി | 5 | 5 | - | - | - | - | 10 | 13 | 23 | 5 | - | - | - | |
| VIII | 1 ചാമപ്പാറ | 6 | 5 | - | 1 | - | - | 9 | 14 | 23 | 6 | - | - | - | |
| IX | 1 മടപ്പള്ളിക്കുന്ന് | 8 | 3 | 5 | - | - | - | 15 | 10 | 31 | 8 | - | - | - | |
| | 2 കാപ്പിപ്പാടി നായ്ക്ക കോളനി | 16 | - | 16 | - | - | - | 46 | 31 | 77 | 10 | 1 | 3 | | |
| | 3 ശശിമലപ്പാടി | 7 | - | - | 1 | 6 | - | 14 | 14 | 28 | 1 | - | 6 | - | |
| | 4 കാപ്പിസെറ്റ് കോളനി | 52 | - | - | 52 | - | - | 139 | 97 | 236 | 35 | 2 | 15 | - | |
| X | 1 കൊളവള്ളി | 51 | 49 | - | - | - | 2 | 113 | 100 | 213 | 47 | - | - | - | |
| ആകെ | 30 | 502 | 160 | 226 | 66 | 22 | 28 | 28 | 1010 | 2110 | 357 | 25 | 71 | 43 | |

### (പട്ടിക 2) പട്ടികജാതി-കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1 | വരവൂർ ഭൂതാനം | 13 വീടുകൾ | വാർഡ് നമ്പർ 1 | ദാരിദ്ര രേഖക്കു താഴെയുള്ള SC/ST | സാമ്പത്തിക സഹായം ലഭിച്ച SC/ST |
| 2 | ചാമപ്പാറ | 25 " | 11 | 56 | 23 |
| 3 | ഇന്ദിരാ നഗർ അംബേദ്കർ | 25 " | 6 | 48 | 10 |
| 4 | ചണ്ണോത്ത്കൊല്ലി | 29 " | 8 | 42 | 5 |
| 5 | ഇല്ലിമുക്ക് സേവ്യംകൊല്ലി | 13 " | 7 | 60 | 6 |
| 6 | പാതിരി സൗത്ത് | 19 " | 2 | 83 | 2 |
| 7 | പാതിരി നോർത്ത് | 31 " | 2 | 11 | 8 |
| 8 | പറുദീസ | 11 " | 7 | 10 | 5 |
| | ആകെ | 166 " | | 310 | 59 |

അവലംബം: സെക്കന്ററി ഡാറ്റാ

# വിഭവസമാഹരണം

പഞ്ചായത്തിന്റെ വരുമാനം അവലോകനം ചെയ്യുന്നതിന് സഹായകമായ വിധത്തിൽ തയ്യാറാക്കിയിരിക്കുന്ന പട്ടിക പരിശോധിച്ചാൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ശരാശരി ഒന്നരലക്ഷത്തിനുമേൽ രൂപയുടെ വാർഷിക വരുമാന വർദ്ധനവ് വ്യക്തമാണ്.91-92 സാമ്പത്തിക വർഷം 1168846 രൂപ വരുമാനമുണ്ടായിരുന്നത്95-96ൽ1827063 രൂപയായി വർദ്ധിച്ചിരിക്കുന്നു. എന്നാൽ അവസാന വർഷം തലേവർഷത്തേതിൽ നിന്നും സുമാർ എണ്ണായിരം രൂപയുടെ കുറവ് കാണുന്നു എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്

**തനതുനികുതി**

കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നീ ഇനങ്ങളിൽ സുമാർ 35000 രൂപയുടെ വാർഷിക വർദ്ധനവു കാണുന്നു. എന്നാൽ 95- 96ൽ ഒന്നരലക്ഷം രൂപയുടെ കുറവാണ് കാണുന്നത്. നികുതി സാദ്ധ്യതക്കനുസരിച്ച് വരുമാനം ഉയർന്നിട്ടില്ല., എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. കാരണം പഞ്ചായത്ത് ജീവനക്കാരുടെ കുറവാണ്.

**നികുതി ഇതരവരുമാനം**

നികുതിയേതര വരുമാനം രണ്ടരലക്ഷം രൂപയിൽ നിന്ന് 4.37 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്, വാർഷികമായി സുമാർ 44000 രൂപയുടെ വർദ്ധനവാണിത്.

**അൺടൈഡ് ഫണ്ട്**

അവലോകന വർഷങ്ങളിൽ മൂന്ന് പ്രാവശ്യം മാത്രമാണ് അൺടൈഡ് ഫണ്ട് ലഭിച്ചിരിക്കുന്നത്.യഥാക്രമം 20225, 248000, 351000 എന്നിങ്ങനെയാണ് ഈ ഇനത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ വരുമാനം. വാർഷികമായി സുമാർ 1 $^1/_4$ലക്ഷം രൂപവരുമിത്

**ചെലവിനങ്ങൾ**

എസ്റ്റാബ്ലിഷ് മെന്റ് ചെലവുകളാണ് അവലോകന വർഷങ്ങളിൽ ചെലവിനത്തിന്റെ 30% വരുന്നത്. വാർഷികമായി ശരാശരി 30000 രൂപയുടെ വർദ്ധനവോടെ 4 ലക്ഷം മുതൽ 581000വരെയാണ് ചെലവു കാണുന്നത്.

**പൊതുമരാമത്ത്**

പഞ്ചായത്തു ചെലവുകളുടെ 31% മുതൽ 53% വരെ വരുന്ന പൊതുമരാമത്തു വിഭാഗത്തിൽ വരുന്നു. 341617 മുതൽ 1026667 രൂപവരെ ചെലവു വന്നിരിക്കുന്നു. മരാമത്തുപണികൾ കോൺട്രാക്ടർ വഴിയും നോമിനി വഴിയും കമ്മിറ്റികളുടെ നേതൃത്വത്തിലു മാണ് നടത്തപ്പെടുന്നത്.

പ്രത്യക്ഷ ഉൽപ്പാദന മേഖലകളികളിൽ സമീപകാലത്ത് പഞ്ചായത്ത് പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല. കടം തിരച്ചടവിനുവേണ്ടി 102000, 235000, 2,24000 എന്നിങ്ങനെ സുമാർ 9% ചെലവഴിച്ചു കൊണ്ടിരിക്കുന്നു എന്നാണ് അവലോകന വർഷങ്ങളിൽ കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് ഈ വായ്പ എടുത്തിരിക്കുന്നത് ഇതിൽ നിന്ന് നാമമാത്രമായ വരുമാനം മാത്രം ലഭിക്കുന്ന സ്ഥിതി വിശേഷമാണ് നിലവിൽ ഉള്ളത്. രണ്ടു മുറിയൊഴിച്ച് ഈ വലിയ കെട്ടിടം ശൂന്യമാണെന്നതു തന്നെ കാരണം.

**ധനകാര്യ സ്ഥാപനങ്ങൾ**

കാനറ ബാങ്ക്, പെരിക്കല്ലൂർ, സൗത്ത് മലബാർ ഗ്രമീണ ബാങ്ക്, പാടിച്ചിറ,മുള്ളൻകൊല്ലി, ശാഖകൾ മിള്ളൻകൊല്ലി സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാപ്പിസെറ്റ്, പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക് പനമരം, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ബത്തേരി എന്നീ ധനകാര്യ സ്ഥാപനങ്ങളെയാണ് ഈ പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും പണമിടപാടുകൾക്ക് ആശ്രയിക്കുന്നത്. സുമാർ പത്തു കോടി രൂപയാണ് ഈ സ്ഥാപനങ്ങളിൽ നിന്നും ഈ പഞ്ചായത്ത് നിവാസികൾ വായ്പ എടുത്തിരിക്കുന്നത്. ഇതിൽ ഏഴേകാൽ കോടി കാർഷിക വായ്പയും രണ്ടേമുക്കാൽ കോടിയോളം കാർഷികേതര വായ്പയുമാണ്. സുമാർ മൂന്നു കോടിയോളം രൂപ ഈ സ്ഥാപനങ്ങളിൽ ഈ നാട്ടുകാർ വായ്പ കുടിശിഖ വരുത്തിയിരിക്കുന്നു. ആളൊന്നുക്ക് ശരാശരി മൂവായിരത്തി നാനൂറിനുമേൽ രൂപ കടത്തിലാണ്, ഈ പഞ്ചായത്തിലെ ജനങ്ങൾ വിഭവ വിനിയോഗത്തിലെ കെടുകാര്യസ്ഥതയുടെ മകുടോദാഹരണമാണ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഈ സ്ഥിതി വിവര കണക്കുകൾ.ഇവിടുത്തുകാരുടെമൊത്തം നിക്ഷേപം മൂന്നേമുക്കാൽ കോടി രൂപയാണ്.

പുൽപ്പള്ളിയിലുള്ള ഫൈനാൻസ് സ്ഥാപനങ്ങ

1991-92 മുതൽ 1995-96 വരെയുള്ള വരവ് സ്റ്റേറ്റ്മെന്റ്

| വർഷം | കെട്ടിടനികുതി | | | തൊഴിൽ നികുതി | | | വിനോദനികുതി | സ്റ്റാമ്പ് ഡ്യൂട്ടി | അൺടൈഡ് ഫണ്ട് | ഗ്രാന്റ് | നികുതി ഇതരം | കുടിശ്ശിക |
|---|---|---|---|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | | | | | | |
| 199-192 | 398856.28 | 294809.25 | 104047.00 | 184104.50 | 138053.00 | 146051.50 | 37987.50 | 232609.00 | 202225.00 | 2250.00 | 260912.25 | 157950.00 |
| 1992-93 | 371506.00 | 184074.85 | 187431.15 | 181199.00 | 103653.00 | 77546.00 | 37526.25 | —— | – | 912164.00 | 213141.20 | 271154.15 |
| 1993-94 | 495432.15 | 285478.75 | 209953.40 | 194235.00 | 105699.00 | 88536.00 | 40395.25 | 280020.00 | 24800.00 | 172180.00 | 360325.00 | 304831.15 |
| 1994-95 | 665193.85 | 529858.35 | 136535.50 | 254720.00 | 195429.00 | 59291.00 | 42920.30 | 303118.00 | – | 51775.00 | 712453.70 | 198772.50 |
| 1995-96 | 566384.00 | 419087.45 | 147296.55 | 169437.00 | 148893.00 | 20544.00 | 33212.00 | 1650415.00 | 357000.00 | 107026.00 | 437429.75 | 301622.40 |
| ആകെ | 2497372.20 | 1713308.60 | 78426160 | 983695 | 691727 | 291968.5 | 192041.30 | 2466162 | 396025 | 1245395 | 1984262.60 | 1234330.20 |
| വർദ്ധന വാർഷികശരാശരി | — 3500 | — | — | — | 2710 | — | — | — | — | — | 44000 | 36000 |

(പട്ടിക – 2) 1991-92 മുതൽ 95-96 വരെയുള്ള ചെലവ് സ്റ്റേറ്റ്മെന്റ്

| വർഷം ഇനം | 91-92 | 92-93 | 93-94 | 94 - 95 | 95-96 | % of total |
|---|---|---|---|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 414754.95 | 440914.71 | 512954.05 | 508819.50 | 581132.70 | 30 |
| വികസനം | 165359.65 | 76750.85 | 155825.80 | 113040.70 | 38742 | 2 |
| മരാമത്ത് | 341617.35 | 529976.00 | 659395.00 | 711731.00 | 1026667.75 | 53 |
| കടം തിരിച്ചടപ്പ് | 102508.00 | - | - | 235038.00 | 224000 | 90 |
| പലവക | 115427.00 | 129073.40 | 1287639.00 | 163666.90 | 96855.45 | 6 |
| ആകെ | 1139666.90 | 1276714.91 | 1456813.85 | 1732396.10 | 1937109.90 | |

ളെയും സ്വകാര്യ വ്യക്തികളെയളെയും വായ്പാ രംഗത്ത് ഈ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നു. വളരെ ഉയർന്ന പലിശ നിരക്ക് ഇവർ ഈടാക്കുന്നുണ്ട്.

55 ആളുകൾ വിദേശ നാടുകളിൽ ജോലി ചെയ്യുന്നവരായി ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഗണ്യമായ വിഭവ സമാഹരണത്തിന് ഈ മേഖലയിൽ സാധ്യത കാണുന്നില്ല.

**സംഭാവനകൾ, സന്നദ്ധ പ്രവർത്തനങ്ങൾ**

കുടിയേറ്റ മേഖലയായ ഈ പഞ്ചായത്തിൽഎന്തെങ്കിലും പുരോഗതി ഉണ്ടെങ്കിൽ അതിന് അടിത്തറയിട്ടിരിക്കുന്നത് ജനങ്ങളുടെ ഉദാരമായ സംഭാവനകളുടെയും സന്നദ്ധപ്രവർത്തനങ്ങളുടെയും മേലാണെന്നതിന് യാതൊരു സംശയവും ഇല്ല.

പഞ്ചായത്തിലെ ഒട്ടുമുക്കാൽ റോഡുകളുടെയും പൊതുസ്ഥാപനങ്ങളുടെയും നിർമ്മിതിയിൽ കുടിയേറ്റ ജനതയുടെ ഉദാരമായ സന്നദ്ധ സേവനം ഗണ്യമായ പങ്കുവഹിച്ചിട്ടുമുണ്ട്.

സ്പെഷ്യൽ ഗ്രാമസഭകളിലും പിന്നീടുനടന്ന വിവരശേഖരണത്തിലുമായി 7754പേരുടെ മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങൾക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതേസമയം ആവശ്യത്തിനനുസരിച്ച് കൂടുതൽ സഹകരണം പ്രതീക്ഷിക്കാവുന്നതാണെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

**സന്നദ്ധസംഘടനകൾ**

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ്, തുടങ്ങിയ സന്നദ്ധ സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘടനകൾ ദേശീയവും അന്തർദേശീയവുമായ വികസന ഏജൻസികളുമായി ബന്ധമുള്ളവയും അവരുടെ സഹകരണത്തോടെ ധാരാളം വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുന്നവയുമാണ്.

**പ്രശ്നങ്ങൾ**

പഞ്ചായത്തിന്റെ വരുമാനസാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു പ്രധാന പ്രശ്നം തന്നെയാണ്. നികുതി കുടിശ്ശിക ഇനത്തിൽ തന്നെ നല്ല ഒരു തുക നഷ്ടമാകുന്നു. ഒന്നരലക്ഷം മുതൽ മൂന്നുലക്ഷം രൂപവരെയാണ് ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്.

പഞ്ചായത്ത് ഷോപ്പിംങ് കോംപ്ലക്സ് ശൂന്യമായിക്കിടക്കുന്നത് വരുമാനം നഷ്ടപ്പെടുന്നതും അധികബാധ്യത വരുത്തുന്നതുമായ ഒരു ഇരട്ടനഷ്ടം തന്നെയാകുന്നു.

ഭരണച്ചെലവ് സുമാർ നാല്പതിനായിരം രൂപ കണ്ട് വാർഷികമായി വർദ്ധനവ് കാണിക്കുന്നുണ്ട്.

കോൺട്രാക്ടർമാരുടെ അമിതലാഭക്കൊതി വികസന പ്രവർത്തനങ്ങളുടെ മൂല്യം കുറയാനിടയാക്കുന്നു.

ധനകാര്യസ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രാദേശികമായ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുകയോ അതനുസരിച്ച് വായ്പാ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

വായ്പകളുടെ ലക്ഷ്യംവച്ചിട്ടുള്ള വിനിയോഗം സാമ്പത്തിക ബാദ്ധ്യത വർദ്ധിക്കുന്നതിനിടയാക്കിയിരിക്കുന്നു.

സന്നദ്ധ പ്രവർത്തനങ്ങൾ സമാഹരിക്കുന്നതിൽ വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ വരുമാനത്തേയും ചെലവിനങ്ങളെയും കുറിച്ചുള്ള ജനങ്ങളുടെ അജ്ഞതയും വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നു.

**സാദ്ധ്യതകൾ**

നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തിലെ ജീവനക്കാരുടെ കുറവ് നികത്തുക. നികുതിദായകരുമായി നേരിട്ട് ബന്ധപ്പെടുകയും വെട്ടിപ്പിന്റെ സാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്യുക.

സന്നദ്ധ സംഘടനകളുടെയോ മറ്റോ നേതൃത്വത്തിൽ മനുഷ്യവിഭവസമാഹരണത്തിലൂടെ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുക.

വിദ്യാഭ്യാസം, ക്ഷേമപ്രവർത്തനങ്ങൾ, എന്നിവയ്ക്കായി പ്രത്യേകമായി പഞ്ചായത്തു തലത്തിൽ നിധികൾ സ്വരൂപിക്കുക.

ധനകാര്യസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് പ്രാദേശികാവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

പ്രത്യുത്പാദനപരമായ രംഗത്ത് പ്രവർത്തിക്കുവാൻ പഞ്ചായത്തു തലത്തിൽ ഒരു സംരംഭകസംഘത്തെ വളർത്തിയെടുക്കുകയും വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക.

സ്വാശ്രയ നിധി സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

പഞ്ചായത്തിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിനുവേണ്ടി വരവുചെലവു കണക്കുകളുടെ പ്രസിദ്ധീകരണം നടത്തുക.

സന്നദ്ധസംഘടനകൾക്കായുള്ള ധനസഹായപദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനായി ഒരു പഞ്ചായത്ത് വികസന സമിതി രജിസ്റ്റർ ചെയ്യുക.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. ചരിത്രം
ശ്രീ. ടി.വി.ജോസഫ്
1. ശ്രീ.എം.ടി. ദേവസ്യമാസ്റ്റർ
2. ശ്രീ.ലൂക്കോസ്, തൈപ്പറമ്പിൽ
4. ശ്രീ.ബിജു, പുലക്കുഴിയിൽ
5. ശ്രീ.മാർക്കോസ്, പാറശ്ശേരി

2.കൃഷി ജലസേചനം
എം.എം.മത്തച്ചൻ
1. ശ്രീ.കെ.എൻ.സുബ്രമണ്യൻ
2.ശ്രീ.അലക്സാണ്ടർതളികപറമ്പിൽ
3. ശ്രീ.മാത്യു മരോട്ടിമൂട്ടിൽ
4. ശ്രീ.ജോസഫ് വടക്കേൽ
5. ശിവരാമൻ പാറക്കുഴി

3. മൃഗസംരക്ഷണം,
മത്സ്യബന്ധനം
ശ്രീമതി.സിസിലി ചെറിയാൻ
1.ശ്രീ.പി.കെ.രാജൻ
2. ശ്രീ.പി.എം.കുമാരൻ
3. ശ്രീ.പി.ജെ.പൗലോസ്
4. ശ്രീ.സണ്ണി, അയ്യാനിക്കാട്
5. ശ്രീ.റജി തോമസ്, കൊളറാത്ത്

4. കുടിവെള്ളം,
പൊതുജനാരോഗ്യം
ശ്രീ.കുട്ടികൃഷ്ണൻ
1.ശ്രീ.അലക്സാണ്ടർ, കളത്തിൽ
2. ശ്രീ.പി.എൻ.ശിവാനന്ദൻ
3. ശ്രീ.രാജീവ്J.H.I, PHC പാടിച്ചിറ
4. ശ്രീ.എ.സി.ഉണ്ണികൃഷ്ണൻ
5.ശ്രീ.കെ.ജെ.ജോസ്, കണ്ടംതുരുത്തി.

5. വിദ്യാഭ്യാസം
ശ്രീമതി.മേരി ചെറിയാൻ
1.ശ്രീ.എം.എം.ടോമി
2. ശ്രീ.പി.എൻ.കേശവൻ
3. ശ്രീ.സണ്ണി തോമസ്
4. ശ്രീ. സി.വി.ജോർജ് ചെമ്പനാൽ
5. ശ്രീ. ടി.ജെ.ജോയി

6. വ്യവസായം
ശ്രീ.എ.കെ.ഖാദർ
1. ശ്രീ.പി.സി.മാത്യു
2. ശ്രീ. ടി.എൻ.സുന്ദരേശൻ
3. ശ്രീ.എൻ.എം.പോൾ,നെല്ലിമലയിൽ
4. ശ്രീ. ജോർജ് തട്ടാംപറമ്പിൽ

7. ഗതാഗതം, ഊർജ്ജം
ശ്രീമതി.വിലാസിനി രാജൻ
1.ശ്രീ. അജയകുമാർ.പി.ആർ
2. ശ്രീ. സി.എം.ഫ്രാൻസിസ്
3. ശ്രീ. കെ.സി. കുഞ്ഞിരാമൻ
4. ശ്രീ. ജോസ്, കുന്നത്ത്
5. ശ്രീ. അലൻ അലക്സ്

8. പാർപ്പിടം
സാമൂഹ്യക്ഷേമം
ശ്രീമതി.ഗ്രേസി ജോസഫ്
1. ശ്രീ. പി.വി.സെബാസ്റ്റ്യൻ
2. ശ്രീ. ജോണി പി.എം
3. ശ്രീ. മോഹനൻ, പി.ടി
4. ജോസഫ്, പന്നന്താനം
5. ബിജി മാത്യു

9.സംസ്ക്കാരം
ശ്രീ.ദേവസ്യാ വേമ്പേനി
1.ശ്രീ. വി.എസ്.ചാക്കോ
2. ശ്രീ. സണ്ണി,വെട്ടുകാട്ടിൽ
3. ശ്രീ. കെ.കുഞ്ഞൂട്ടി
4. ശ്രീ. പി.പി.ദാമോദരൻ
5. കുമാരി.സക്കീന.കെ.എ.
6. ശ്രീ. മനോജ്. കെ.മാത്യു

10. വനിത
ശ്രീമതി ബ്രിജിത്ത
സെബാസ്റ്റ്യൻ
1. ശ്രീമതി.നിർമ്മല ലൂക്കോസ്
2. " സതി വിശ്വംഭരൻ
3. " തങ്കമണി.സി.എം
4. ശ്രീ. ജോയി, വാഴയിൽ
5. ശ്രീ. ഭാസി മാസ്റ്റർ
6. ശ്രീ. ജോൺസൺ പുലിക്കുത്തി.

11. സഹകരണം
ശ്രീ. ടോം തോമസ്
1. ശ്രീ. എം.യു.മത്തായി
2. ശ്രീ. പി.സി.തോമസ്
3. ശ്രീമതി.ഷാലി ജോൺസൺ
4. ശ്രീ. ഷാജി.വി.ജേക്കബ്
5. ബൈജു, മൈലോത്ത്
6. ചെല്ലപ്പൻ, കെ.പി.
7. എ.കെ.മാത്യു, എളയച്ചാനിയിൽ

12. പട്ടികജാതി
പട്ടികവർഗം
ശ്രീ.രാമചന്ദ്രൻ മ്യാലിൽ
പുത്തൻ പുര
1.ശ്രീ. വി.സി.രാജപ്പൻ
2.ശ്രീ സതീശൻ പീടികയിൽ
3. ശ്രീ ചന്ദ്രൻ കെ.എം.കൊളാശ്ശേരി
4. ശ്രീ.വിൻസന്റ്, ചൂനാട്ട്
5. ശ്രീ എൻ.റ്റി.മത്തച്ചൻ
6. ശ്രീ ബാലകൃഷ്ണൻ

13. വിഭവസമാഹരണം
ശ്രീ. സണ്ണി കണ്ടം തുരുത്തി
1. ശ്രീ.തോമസ് റ്റി.എ. തറയിൽ
2. ശ്രീ.എ.റ്റി.ജോസഫ്
3. ശ്രീ. ഐസക്, കടുപ്പിൽ
4. ശ്രീ. കെ.കെ.അബ്രഹാം
5. ശ്രീ. ചെറിയാൻ റ്റി.കെ.
6. ശ്രീ. എം.പി.അനിരുദ്ധൻ

---

**വികസനറിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച വിവിധ വകുപ്പ് ഉദ്യോഗസ്ഥർ**

1. ശ്രീ. പി.എൻ.രാമദാസ്, (സെക്രട്ടറി)
2. ശ്രീ. ജി.ബാബുരാജ് (കൃഷി ഓഫീസർ)
3. ശ്രീ. Dr. കെ.എസ് പ്രേമൻ (വെറ്ററിനറി ഡോക്ടർ)
4. ശ്രീ. പി.പ്രകാശൻ
5. ശ്രീ. എം.പി.നാരായണൻനായർ
6. ശ്രീ. സി.കെ.രാജൻ
7. ശ്രീ. പി.കെ.ശ്രീധരൻ
8. ശ്രീമതി.എം.ലീല

(4–8: പഞ്ചായത്ത് ജീവനക്കാർ)

